## Talking Point- 1

### കുതിക്കുന്ന വിലക്കയറ്റം

പണപ്പെരുപ്പം കുറയ്ക്കാനായെന്ന് മോദി സർക്കാർ വീമ്പടിക്കുന്നതല്ലാതെ ഫലത്തിൽ സർക്കാരിന്റെ കഴിഞ്ഞ നാലുവർഷത്തെ ഭരണത്തിൽ രാജ്യത്ത് ഒരു മാറ്റവുമുണ്ടായിട്ടില്ല. ഔദ്യോഗിക വിവരങ്ങളിൽ നിന്നു ലഭ്യമാകുന്ന മൊത്തവ്യാപാര സൂചിക ഇത് ശരിവെയ്ക്കുന്നു. സർക്കാർ നൽകിയ മറ്റ് പല വാഗ്ദാനങ്ങൾ പോലെ തന്നെ ഇതും പാഴായെന്നു വേണം കരുതാൻ. കാരണം പണപ്പെരുപ്പം വർദ്ധിച്ചതുകൊണ്ട് രാജ്യത്തുണ്ടായിരിക്കുന്ന വിലക്കയറ്റം മൂലം രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ജനങ്ങൾ അങ്ങേയറ്റം കഠിനാദ്ധ്വാനം ചെയ്യേണ്ടിവരുന്നുണ്ട്.. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 2014 മെയ് മുതൽ 2018 ഏപ്രിൽ വരെയുള്ള ഔദ്യോഗിക വില സൂചിക ശ്രദ്ധിച്ചാൽ ഗ്രാമപ്രദേശങ്ങളിൽ ഏകദേശം 21 % എന്ന നിലയിലാണ് വിലക്കയറ്റമുണ്ടായിരിക്കുന്നത്. നഗരങ്ങളിലെ കണക്കെടുത്താൽ ഇത് 17 % ത്തോളം വരും.. പണപ്പെരുപ്പം കുറയ്ക്കാനായെന്ന് സർക്കാർ ഊതിപ്പെരുപ്പിച്ച് കാണിക്കുന്ന കണക്കുകളിൽ റിസർവ്വ് ബാങ്കിനുപോലും സംശയമുണ്ടായിരിക്കുന്നു.

ഔദ്യോഗിക വിലസൂചിക മുഖവിലയ്ക്കെടുക്കുമ്പോൾ പോലും, ഒരു കാലയളവിനുള്ളിൽ ശരാശരി വിലനിയന്ത്രണം പരമാവധി പിടിച്ചു നിർത്താൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. ഈ നാലുവർഷം കൊണ്ട് ചില നിർദ്ദിഷ്ഠ സാധനങ്ങളുടെ വില കുതിച്ചുയർന്നിരിക്കുന്നു. ഉദാഹരണമായി പറഞ്ഞാൽ ചിലതരം പരിപ്പുകളുടെ വില 2015 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ കിലോഗ്രാമിന് 200 രൂപ കടന്നിരുന്നു. 2017 ന്റെ ആദ്യ പാദത്തിൽ പഞ്ചസാരവില 50 രൂപയ്ക്കു മുകളിലെത്തിയിരുന്നു. ഉള്ളിയുടെ വിലയാകട്ടെ, ഈ സർക്കാർ അധികാരത്തിലെത്തിയ ആദ്യമാസം മുതൽ ഉയർന്നിരുന്നു, അത് കഴിഞ്ഞ നാലുവർഷമായി മാറ്റമില്ലാതെ തുടരുകയാണ്. കടുക് എണ്ണയുടെ വിലയാകട്ടെ 2015 ൽ 150 നു മുകളിൽ പോയി.

മോദി സർക്കാരിന്റെ പിന്തുണക്കുന്ന വിഭാഗത്തിന് ഒരു പക്ഷെ വിലക്കയറ്റം ഒരു താൽക്കാലിക പ്രതിസന്ധി മാത്രമായിരിക്കാം. എന്നാൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന് ഈ പ്രതിസന്ധിയിൽ നിന്നു രക്ഷപെടാൻ ഭക്ഷണംകഴിക്കുന്നതും ഭക്ഷ്യോൽപന്നങ്ങൾ വാങ്ങുന്നതും കുറയ്ക്കുക എന്നൊരു പോംവഴി മാത്രമേയുള്ളു.

യഥാർത്ഥത്തിൽ തൊഴിലാളി വർഗത്തോട് മോദി സർക്കാർ ഏതെങ്കിലും തരത്തിൽ അനുഭാവം പ്രകടിപ്പിക്കുന്നുണ്ടോ? വിലക്കയറ്റം തടയാൻ സർക്കാരിനു മുന്നിൽ ധാരാളം വഴികളുണ്ട്. എന്നാൽ ആ വഴികളൊന്നും മോദി തിരഞ്ഞെടുക്കുന്നില്ല. അതുകൊണ്ട് തന്നെ വിപണിയിലെ വമ്പൻമാർ കളിക്കുന്നു. അവരുടെ കളിയിൽ പാവപ്പെട്ടവൻ കൂടുതൽ വില നൽകേണ്ടി വരുന്നു.

ഭക്ഷ്യോൽപന്നങ്ങൾക്ക് വിലവർദ്ധിച്ചത് കർഷകർക്ക് നേട്ടമുണ്ടാക്കിയതായി പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ ഭക്ഷ്യോൽപന്നങ്ങളുടെ വില റോക്കറ്റു പോലെ കുതിച്ചുയർന്നിട്ടും അതിന്റെ ഫലം കർഷകരിലേക്കെത്തിയിട്ടില്ല. അതിലുപരി വേണ്ടത്ര വില ലഭ്യമാകാത്തതിനാൽ കർഷകർ നിരന്തരമായി റോഡുപരോധിച്ച് സമരം നടത്തുകയും അവരുടെ ഉൽപന്നങ്ങൾ നശിപ്പിച്ചുകളയുകയും ചെയ്യുന്നതായി തുടർച്ചയായി റിപ്പോർട്ടുകൾ വരുന്നു. കാരണം കൃഷിക്കാവശ്യമായ വളത്തിനും കീടനാശിനിയ്ക്കും ഡീസലിനും മറ്റും കർഷകർ നൽകേണ്ടി വരുന്ന വില വളരെ കൂടുതലാണെന്നു മാത്രമല്ല അത് ഒഴിച്ചുകൂടാനാകാത്തതുമാണ്. എന്നാൽ കാർഷിക ഉൽപന്നങ്ങൾ വിപണിയിലെത്തുമ്പോൾ അവർക്ക് ലഭ്യമാകുന്ന വിലയും കൃഷിയ്ക്കാവശ്യമായ ഉൽപന്നങ്ങളുടെ വിലകൂടി കണക്കാക്കുമ്പോൾ കർഷകർക്ക് യാതൊരു ലാഭവും കിട്ടുന്നില്ല. 2015–16 നും 2016–17 നും ഇടയ്ക്കുള്ള ഒരു വർഷക്കാലത്തിൽ ജലസേചനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മോട്ടോർ പമ്പുകളിലെ ഡീസലിന് കഴിഞ്ഞ വർഷങ്ങളിലേതിൽ നിന്നും 23.7 % വില വർദ്ധിച്ചിരുന്നു. കാലിത്തീറ്റയ്ക്ക് 11% ത്തോളം വില വർദ്ധിച്ചിരുന്നു. മോദി ഭരണത്തിൽ എല്ലാത്തിനും വില വർദ്ധിക്കുന്നത്

കർഷകരെ ദുരിതത്തിലേയ്ക്ക് തള്ളിയിടുന്നു. കർഷകരോ ഉപഭോക്താക്കളോ ആരുമാകട്ടെ, കർഷകരും ഉപഭോക്താവാണ്. അതുകൊണ്ടു തന്നെ പൊതുവായി പറഞ്ഞാൽ മനുഷ്യന്റെ നിലനിൽപിന് ആവശ്യമായ എല്ലാ ഉൽപന്നങ്ങളുടേയും വിലക്കയറ്റം ജനജീവിതം ദുസഹമാക്കുന്നു.

നിലവിലെ സ്ഥിതിയിൽ കർഷകർക്കോ, മറ്റ് ഭക്ഷ്യോൽപാദകർക്കോ അവരുടെ ഉൽപന്നങ്ങൾക്ക് അർഹമായ വില ലഭ്യമാകുന്നില്ല. മാത്രമല്ല, ഇവരുടെ ഉൽപന്നങ്ങൾ പൊതുവിപണിയിലെത്തിയാൽ ഈ കർഷകർ തന്നെ അവരുടെ ഉൽപന്നങ്ങൾ വിപണിയിലെത്തുമ്പോൾ അന്യായ വില നൽകേണ്ടി വരുന്നു. ഉയർന്ന വിലകളിലൂടെ ലഭ്യമാകുന്ന ഈ പണം ആരുടെ കൈകളിലേക്കാണ് പോകുന്നത്? വിലക്കയറ്റം മൂലമുണ്ടാകുന്ന ഈ കൊള്ളലാഭം കൊണ്ട് യഥാർത്ഥത്തിൽ നേട്ടമുണ്ടാകുന്നത് വിപണി നിയന്ത്രിക്കുന്ന വൻകിട കുത്തകകൾക്കും കച്ചവടക്കാർക്കും മാത്രമാണ്. നാട്ടിലെ ഇടത്തര മധ്യ വർഗ കർഷക തൊഴിലാളികളിലെ മൂന്നിൽ ഒരു ഭാഗവും ബാങ്കുകളിൽ നിന്നും വൻകിടകുത്തകകൾ നടത്തിവരുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മറ്റും കൃഷി ആവശ്യങ്ങൾക്കായി വസ്തുവകകൾ പണയപ്പെടുത്തി വായ്പയെടുക്കുന്നു. എന്നാൽ വിരോധാഭാസമെന്നു പറയട്ടെ ഈ വൻകിട സ്ഥാപനങ്ങൾ തന്നെ തുച്ഛമായ വിലയിൽ കർഷകരുടെ പക്കൽ നിന്നും ഉൽപന്നങ്ങൾ വാങ്ങുന്നു. ഈ കുത്തകകൾ തന്നെയാണ് വിപണി നിയന്ത്രിക്കുന്നതും ഊഹക്കച്ചവടങ്ങൾ നിയന്ത്രിക്കുന്നതും അതു തന്നെയാണ് വിലക്കയറ്റത്തിന്റെ പ്രധാന കാരണവും. എന്നാൽ വില നിയന്ത്രിക്കാൻ സർക്കാർ ഒരുക്കമല്ല. വിലക്കയറ്റം മൂലം പൊതുജനത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ സർക്കാർ അർഹിക്കുന്ന പ്രാധാന്യത്തോടെ കാണുന്നുമില്ല.

നല്ല ആരോഗ്യവും മികച്ച വിദ്യാഭ്യാസവുമില്ലാതെ മനുഷ്യരാശിയുടെ നിലനില്പ് സാധ്യമല്ല. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഈ രണ്ട് അവശ്യഘടകങ്ങളിലും സ്വകാര്യമേഖലയുടെ പങ്കാളിത്തം ദിനംപ്രതി വർദ്ധിച്ചുവരുന്നു. അതുകൊണ്ടു തന്നെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ചെലവ് കുതിച്ചുയർന്നിരിക്കുന്നു.. ഹൃദയാഘാതത്തെ തുടർന്ന് ഘടിപ്പിക്കുന്ന സ്റ്റെന്റുകളുടെയും ഓർത്തോപീഡിക് ഉപകരണങ്ങളുടെയും വില കുറയ്ക്കാൻ മോദി സർക്കാർ ഉൽസാഹം കാണിക്കുന്നുണ്ട്. അതേസമയം സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ആരോഗ്യനയം പാവപ്പെട്ടവരെ മാത്രമല്ല മധ്യവർഗത്തിനെയും കൂടുതൽ പ്രതിസന്ധികളിൽപെടുത്തും. എന്നാൽ ആരോഗ്യരംഗത്ത് കൊണ്ടുവരേണ്ട പൊതുവ്യവസ്ഥയേക്കാൾ മോദി സർക്കാർ വിശ്വസിക്കുന്നത് വിശ്വാസയോഗ്യമല്ലാത്ത പൊതു-സ്വകാര്യ പങ്കാളിത്തത്തിലാണ്. ആരോഗ്യ രംഗത്തെ ഈ ഒറ്റമൂലിയുടെ ഉൽഭവം നീതി-ആയോഗിൽ നിന്നാണെന്ന കാര്യത്തിൽ സംശയമില്ല. നിലവിലെ സാഹചര്യത്തിൽ തന്നെ ജനത്തിനു താങ്ങാനാകുന്നില്ല. ഇനി വരാനിരിക്കുന്നത് അതിലേറെ ദുരിതവും

അന്താരാഷ്ട്രാ വിപണിയിൽ എണ്ണയ്ക്ക് വിലയിടിഞ്ഞിട്ടും ഇവിടുത്തെ സർക്കാർ എണ്ണ വിലയിലോ അതിൻമേൽ ചുമത്തുന്ന നികുതിയിൻമേലോ യാതൊരു കുറവും വരുത്താതെ ജനങ്ങളെ ക്രൂരമായി വഞ്ചിക്കുകയായിരുന്നു. ഈ വർഷം ജൂൺ 7 കണക്കാക്കി ചിന്തിക്കുമ്പോൾ ഡൽഹിയിൽ ഡീസൽവില ലിറ്ററിന് 68.73 രൂപയും പെട്രോളിന് 77.63 രൂപയുമായിരുന്നു. ഈ രണ്ടു ചരക്കുകളിലും ഈ വർഷത്തെ ഏറ്റവും ഉയർന്ന വിലയാണ് ഈ വർഷം മെയ്മാസത്തോടെ രേഖപ്പെടുത്തിയത്. പിന്നീട് വിലയിൽ ചില്ലറ കുറവു വന്നു.ചില്ലറ മാറ്റമൊഴിച്ചാൽ മറ്റു സംസ്ഥാനങ്ങളിലും നഗരങ്ങളിലും എണ്ണ വില കൂടുതലായി തന്നെ തുടർന്നു.എന്തുകൊണ്ടാണ് വില ഇത്രയും കൂടുതലായി തുടരുന്നത്? നിലവിൽ എണ്ണക്കമ്പനികൾക്കാണ് ദിവസേനയുള്ള എണ്ണവില നിശ്ചയിക്കാനുള്ള അധികാരം നൽകിയിരിക്കുന്നത്. ഇനി അഥവാ എണ്ണവില നിയന്ത്രിച്ച് എണ്ണ കമ്പനികൾക്ക് നഷ്ടമുണ്ടായാൽ സർക്കാർ അത് താങ്ങേണ്ടി വരുമെന്നാണ് വാദം. അധികാരത്തിന്റെ ആർത്തി മൂത്ത കേന്ദ്ര സർക്കാർ കർണാടക പ്രചരണ കാലത്തെ മൂന്ന് ആഴ്ചകളിൽ എണ്ണവില നിയന്ത്രിക്കണമെന്ന് എണ്ണ കമ്പനികൾക്ക് നിർദേശം കൊടുത്തിരുന്നു. കർണാടകയിലെ ജനത്തെ കൈയിലെടുത്ത് അധികാരത്തിലേറുകയായിരുന്നു ലക്ഷ്യം. ആ ദിവസങ്ങളിൽ എണ്ണവില ഉയർന്നതേയില്ല. വോട്ടെടുപ്പിന്റെ പിറ്റേ ദിവസം മുതൽ എണ്ണ വില ഉയർന്നു തുടങ്ങി. അങ്ങനെയെങ്കിൽ സർക്കാർ വിചാരിച്ചാൽ എണ്ണവില പിടിച്ചുനിർത്താൻ കഴിയുന്നതല്ലേയുള്ളൂ. പക്ഷെ ചെയ്യില്ല. കാരണം എണ്ണ

കമ്പനികൾ നിയന്ത്രിക്കുന്ന കുത്തക ഭീമൻമാരോടുള്ള മോഡി സർക്കാരിന്റെ അമിത വിധേയത്വം തന്നെ.

എന്നാൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമെന്താണെന്നുവെച്ചാൽ പെട്രോൾ വാങ്ങുന്നതിന്റെ പകുതി വിലയുടെ 48 % വും എണ്ണക്കമ്പനികൾക്കാണ് ലഭിക്കുന്നത്, ഡീസലിന്റെ കാര്യത്തിലാകട്ടെ ഈ അനുപാതം 59% വും. ബാക്കി നികുതിയിനത്തിലാണ് ഈടാക്കപ്പെടുന്ന്ത്. സർക്കാരിന്റെ ഡാറ്റാ അനുസരിച്ച് പെട്രോളിയം ക്രൂഡ് ഓയിൽ വില്പന ഇനത്തിൽ 2014 –15 കാലയളവിൽ ലഭ്യമായ നികുതി 1.26 ലക്ഷം കോടി രൂപയാണ്. അതിൽ നിന്ന് 2016–17 ആയപ്പോഴേക്കും 2.73 ലക്ഷം കോ ടി രൂപ ക്രൂഡ് ഓയിൽ നികുതി ഇനത്തിൽ മാത്രം ലഭ്യമായിരിക്കുന്നു. അതായത് ശരാശരി ഇൻ ഡ്യൻ കുടുബത്തിന് ഈ രണ്ട് വർഷത്തിനുള്ളിൽ 6000 രൂപ നികുതി ഇനത്തിൽ മാത്രം വർദ്ധന വ് ഉണ്ടായിരിക്കുന്നു. കേരളത്തിലെ ഇടതുസർക്കാർ ചെയ്തതു പോലെ ക്രൂഡ് ഓയിൽ വില്പന യിൽ നിന്നു ലഭ്യമാകുന്ന നികുതിയിൽ ഇളവ് വരുത്തിയാൽ ജനങ്ങൾക്ക് അതൊരു ആശ്വാസമാ കും.പക്ഷെ അതു ചെയ്യാൻ മോദിസർക്കാർ മടിക്കുന്നു. കേന്ദ്രത്തിൽ തുടർച്ചയായി വരുന്ന സർ ക്കാരുകൾ ,ജനങ്ങളെ കൊള്ളയടിക്കാനുള്ള ഒരു മാർഗമായി ഇതിനെ കാണുന്നു.അതുകൊണ്ടാ ണ് പ്രധാനമായും ക്രൂഡ് ഓയിലിന്റെ വില ഭരണതലത്തിൽ നിന്നും നിയന്ത്രിക്കപ്പെടുന്നതിൽ പ രാജയമാവുന്നത്.

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞപ്പോഴും രാജ്യത്തെ പെട്രോൾ , ഡീസൽ വിലകൾ ഉയർന്നുതന്നെ നിന്നു. അതിന്റെ പ്രധാന കാരണം എണ്ണക്ക് സർക്കാർ ചുമ ത്തുന്ന നിക ുതി വീണ്ടും കൂട്ടിയതാണ്. അതുകൊണ്ടു തന്നെ ആഗോളതലത്തിലുണ്ടായ വിലയി ടിവ് ഇവിടെ പ്രതിഫലിച്ചില്ല. എണ്ണവില കുറയ്ക്കാതെ സർക്കാർ മുന്നോട്ടു പോയി. വിലക്കയറ്റം രൂക്ഷമായി തന്നെ തുടർന്നു. അമിത വിലക്കയറ്റത്തിലൂടെ വിപണിയിലെത്തുന്ന പണം കൊണ്ട് ആഗോള കുത്തക ഭീമന്മാരുടെ പോക്കറ്റ് നിറഞ്ഞു. അവരുടെ സന്തോഷം നിലനിർത്താൻ സർക്കാർ തലത്തിലെ ഗൂഢാലോചനയുടെ ബാക്കി പ്ത്രമാണ് വിലക്കയറ്റം മുലം ജനം അനുഭവിക്കുന്നത ദുരിതം. നവ– ലിബറൽ നയങ്ങളുടെയും അതിന്റെ സേവകരുടെയും യഥാർത്ഥ മുഖമാണിത്.

**വിലക്കയറ്റം എങ്ങനെ നിയന്ത്രിക്കാം**

- *ഭക്ഷ്യവസ്തുക്കളുടെ ഊഹക്കച്ചവടത്തെ നിരോധിച്ചു കൊണ്ട് വില്പനയും നിയന്ത്രിക്കാം.*
- *പൊതുവിതരണശൃംഖല ശക്തിപ്പെടുത്തുക. മാത്രമല്ല പ്രധാനപ്പെട്ട 14 ഉൽപന്നങ്ങളെ പൊതു വിതരണ ശൃംഖലയിൽ കൊണ്ടുവരിക*
- *പെട്രോൾ,ഡീസൽ എന്നിവയുടെ നികുതി കുറയ്ക്കുകയും പെട്രോൾ ഉൽപന്നങ്ങളുടെ യ ഥാർത്ഥചിലവും ന്യായവിലയും അടിസ്ഥാനമാക്കിയുള്ള വില നിർണയിക്കുകയും ചെയ്താൽ ഇറക്കുമതിയിലൂടെ ഉണ്ടാകുന്ന നഷ്ടത്തിന് തുല്യത പാലിക്കാനാകും*
- *വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും സർക്കാർ കൂടുതൽ മുതൽമുടക്കുക. അർഹരായ വർക്ക് സർക്കാർ സ്ഥാപനങ്ങൾ വഴി സൗജന്യ വിദ്യാഭ്യാസവും ചികിൽസാ സൗകര്യവും നട പ്പാക്കുക.*

**വിലക്കയറ്റ നിയന്ത്രണം പിടിച്ചുനിർത്താൻ ഏകീകൃത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ മു ന്നോട്ടു വെക്കുന്ന നിർദ്ദേശങ്ങൾ ഇവയാണ്.**

നവലിബറൽ മുതലാളിത്ത അജണ്ടയിൽ നിലനിൽക്കുന്ന സർക്കാർ ജനങ്ങളെ കൊള്ളയടി ക്കുന്ന രീതി മാറ്റാൻ ഉദ്ദേശിക്കുന്നില്ല. കാരണം പൊതുജനത്തെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന ന യം മൂലം മുതലാളിമാരുടെ താൽപര്യങ്ങളിൽ മുറിവുണ്ടാക്കൻ സർക്കാർ ആഗ്രഹിക്കുന്നില്ല.

സെപ്റ്റംബർ 5 ന് മുൻപ് പാർലമെന്റിനു മുന്നിൽ നടക്കുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലിയിൽ ഈ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടും

## Talking Point- 2

### മിനിമം കൂലി 18000 രൂപയായി നിജപ്പെടുത്തുക

സാമ്പ്രദായിക തൊഴിലാളികൾ ഉൾപ്പടെയുള്ളവരെ ഇതിലേയ്ക്ക് ഉൾപ്പെടുത്തുക

മിനിമം കൂലി ഉപഭോക്തൃ വിലസൂചികയുമായി ബന്ധിപ്പിക്കുക

തുടരുന്ന വിലക്കയറ്റം മൂലം രാജ്യത്തുടനീളമുള്ള തൊഴിലാളികളുടെ കുടുംബ ബജറ്റ് താറുമാറായിരിക്കുകയാണ്. തൊഴിലാളികളുടെ അധ്വാനത്തിന്റെ മുക്കാൽ പങ്കും മുതലാളിമാരുടെ കീശയിൽ തന്നെ തിരികെയെത്തുകയാണ്.

സംഘടിതവും അസംഘടിതവുമായ തൊഴിൽ മേഖലകളിലെ ലക്ഷോപലക്ഷം വരുന്ന കരാർ തൊഴിലാളികളുടെയും താൽക്കാലിക ജീവനക്കാരുടെയും കാര്യങ്ങൾ കൂടുതൽ പ്രതിസന്ധിയിലായിരിക്കുന്നു. അവരുടെ വേതനം ഉപഭോക്തൃ വില സൂചികകയുമായി ബന്ധിപ്പിച്ചിട്ടില്ലെന്നത് മറ്റൊരു വീഴ്ചയാണ്. മിക്ക തൊഴിലിടങ്ങളിലും തൊഴിലാളികൾ പല ജോലികളും ചെയ്യേണ്ടി വരുന്നത് അവരെ അസംതൃപ്തരാക്കുന്നു. കുറഞ്ഞ കൂലിയ്ക്ക് 10 മുതൽ 12 മണിക്കൂർ വരെ തൊഴിലെടുക്കാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. എന്നാൽ ഓവർടൈം കൂലി നൽകാൻ മുതലാളിമാർ തയ്യാറാകുന്നില്ല. ഇത്തരം പരുഷമായ ചൂഷണം മൂലം എട്ടുമണിക്കൂർ മാത്രം ജോലി എന്ന ആശയം രാജ്യത്ത് നടപ്പാക്കാൻ സാധിക്കുന്നില്ല.

മറുവശത്ത്, രാജ്യത്തകത്തും പുറത്തുമുള്ള കുത്തകകൾ നിരന്തരമായി അമിതലാഭം കൊയ്യുന്നു. കരാർ തൊഴിലാളിയെന്ന കാരണത്താൽ തൊഴിലാളികളുടെ ശമ്പളം വെട്ടിച്ചുരുക്കിയും, അവരെ പിരിച്ചുവിട്ടും, അമിതഭാരം നൽകിയും, വേതനം വെട്ടിക്കുറച്ചും മരവിപ്പിച്ചും ലാഭം കൊയ്യുന്നത് കുത്തകകളുടെ രീതിയാണ്. തൊഴിലാളികളെ സംരക്ഷിക്കാതെ വൻകിട കുത്തക ഭീമൻമാരായ അമ്പാനി, അദാനി, റ്റാറ്റാ, ബിർലാ തുടങ്ങിയവരുടെ താളത്തിനൊത്തു തുള്ളുകയാണ് സർക്കാർ. കുത്തകകൾ ഒരിക്കലും തൊഴിലാളികളുടെ പ്രതിനിധികളെ അഭിമുഖീകരിക്കാൻ തയ്യാറാകുന്നില്ല.മറിച്ച് ദ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് (സിഐഐ), ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇൻഡ്യ (എഎസ്എസ്ഒസിഎച്ച്എഎം) തുടങ്ങിയ വ്യവസായ ഘടകങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു.

കുറഞ്ഞ മാസവേതനം 18000 മായി നിജപ്പെടുത്തണമെന്ന് 2016 മുതൽ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. കുറഞ്ഞ വേതനം ഉപഭോക്തൃ വിലസൂചികയുമായി ബന്ധിപ്പിക്കണമെന്നും ഇവർ ആവശ്യപ്പെട്ടിരുന്നു.

ഇതെങ്ങനെ നീതീകരിക്കപ്പെടും? ബിജെപി സർക്കാർ നിയോഗിച്ച കേന്ദ്ര സർക്കാർ ജീവനക്കാർക്ക വേണ്ടിയുള്ള ഏഴാം ശമ്പളകമ്മീഷൻ 18000 രൂപ കുറഞ്ഞമാസ വേതനമായി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏഴാം ശമ്പളക്കമ്മീഷനനുസരിച്ച് മിനിമം വേതനം എന്നതിലേയ്ക്കെത്തുന്നത് പതിനഞ്ചാം ഇൻഡ്യാ തൊഴിൽ സമ്മേളനം ഏകകണ്ഠമായി സ്വീകരിച്ച ഫോർമുല അടിസ്ഥാനമാക്കിയായിരുന്നു. മാത്രമല്ല മിനിമം വേതനവുമായി ബന്ധപ്പെട്ടുണ്ടായ രാപ്തകോസ് ആൻഡ് ബ്രെറ്റ് കേസിൽ സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾ 2012 ൽ നടന്ന 44ാമത് ഇൻഡ്യാ തൊഴിൽ സമ്മേളനവും 2015 ൽ നടന്ന 46-ാമത് തൊഴിൽ സമ്മേളനവും അംഗീകരിച്ചിരുന്നു.

മിനിമം വേതനം ഉറപ്പാക്കുന്നതിന് 15ാമത് ഇൻഡ്യാ തൊഴിൽ സമ്മേളനം രൂപവൽക്കരിച്ച ഫോർമുലയും സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു

1. *രണ്ട് മുതിർന്നവരും രണ്ട് കുട്ടികളുമടക്കം മൂന്ന് യൂണിറ്റുള്ള തൊഴിലാളി കുടുംബങ്ങളുടെ പ്രതിശീർഷ ഭക്ഷ്യ ധാന്യ ഉപഭോഗം കുറഞ്ഞത് 2700 കലോറിയെങ്കിലുമാക്കുക*

2. *പ്രതിവർഷം 18 യാർഡ് ഉടുവസ്ത്ര ലഭ്യതയെങ്കിലും തൊഴിലാളി കുടുംബങ്ങൾക്ക് ഉറപ്പാക്കുക.*

3. *താഴ്ന്ന വരുമാനക്കാർക്കായി വ്യാവസായിക പാർപ്പിട പദ്ധതി പ്രകാരം കുറഞ്ഞ വാടക നിരക്കിൽ വീടുകൾ ഉറപ്പാക്കുക.*

4. *ആകെ മിനിമം വേതനത്തിന്റെ 20 %മെങ്കിലും ഇന്ധനം, വൈദ്യുതി ,മറ്റ് ചിലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുക*

5. *1992 ലെ സുപ്രീം കോടതി വിധി അനുസരിച്ച് മിനിമം വേതനം നിശ്ചയിക്കുമ്പോൾ വിദ്യാഭ്യാസത്തിനും, ചികിൽസാ ചെലവുകൾക്കും,വിനോദത്തിനും, വാർദ്ധക്യകാലത്തെ ആവശ്യത്തിനും, വിവാഹാവശ്യങ്ങൾക്കുമുൾപ്പടെയുള്ള തുക 25 % അധികമായി തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കണം*

എന്നാൽ ഈ ശുപാർശകളെല്ലാം നിലനിൽക്കെ തന്നെ മിനിമം വേതനം 2015 ലെ ഇൻഡ്യാ തൊഴിൽ സമ്മേളനത്തെയും 2015 ലെ വിലക്കയറ്റ നിരക്കിനെ സംബന്ധിച്ച് സുപ്രീം കോടതിയുടെ നിർദ്ദേശവും അടിസ്ഥാനമാക്കി 26000 മായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ ജീവനക്കാരുടെയും തൊഴിലാളികളുടെയും സംഘടന ആവശ്യപ്പെട്ടിരുന്നു.

ഏഴാം ശമ്പളക്കമ്മീഷൻ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയും കേന്ദ്ര സർക്കാർ ജീവനക്കാരുടെ കുറഞ്ഞ വേതനം 18000 രൂപയായി നിജപ്പെടുത്തിയിരിക്കുകയുമാണ്.

ഭക്ഷ്യധാന്യങ്ങളുടെ വില എല്ലാവർക്കും ഒരേപോലെയായതിനാൽ എല്ലാ തൊഴിലാളികൾക്കും ജീവനക്കാർക്കും കുറഞ്ഞമാസവേതനം 18000 രൂപയാക്കണമെന്ന് ഇൻഡ്യാ തൊഴിൽ സമ്മേളനവും 2015 ലെ സുപ്രീംകോടതി നിർദ്ദേശിക്കുന്നുണ്ട്.. എന്നാൽ 2015 ൽ നിന്നും 2018 ലെത്തിയപ്പോഴേയ്ക്കും കാര്യങ്ങളുടെ ഗതിമാറി. അവശ്യ വസ്തുക്കളുടെ വില കുതിച്ചുയർന്നു. പ്രത്യേകിച്ച് ഭക്ഷണം, വസ്ത്രം, ഗതാഗതം, മരുന്നുകൾ തുടങ്ങിയവയുടേത്.

അതുകൊണ്ടു തന്നെ 18000 രൂപ മിനിമം വേതനമെന്നത് തികച്ചും ന്യായമായ ആവശ്യമാണ്. തൊഴിലാളികളുടെ ഈ ആവശ്യം വളരെ പെട്ടെന്നു തന്നെ അംഗീകരിക്കുക.

**എന്നാൽ സർക്കാർ ചെയ്തതെന്താണ്?**

തൊഴിലാളികളുടെ ന്യായമായ ആവശ്യം അംഗീകരിക്കുന്നതിനു പകരം സർക്കാർ നിലവിലുണ്ടായിരുന്ന മിനിമം കൂലി നിയമം ഭേദഗതി ചെയ്തു. കൂടാതെ മിനിമം കൂലി നിയമം, വേതന നിയമം, ബോണസ് ആക്റ്റ്, തുല്യ വേതന നിയമം തുടങ്ങീ എല്ലാ തൊഴിൽ നിയമങ്ങളും സംയോജിപ്പിച്ച് ലോക്സഭയിൽ പുതിയ കോഡ് അവതരിപ്പിച്ചു. എന്നാൽ നിലവിലെ വേതന നിയമങ്ങളിലെ മിനിമം വേതനം ഉറപ്പാക്കുന്ന രീതി തടയാനുള്ള നീക്കമാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത്.

പുതിയ വേതന കോഡ് ബിൽ നിയമമാകുന്നതോടെ മിനിമം വേതനമുറപ്പാക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവേചനാധികാരം എടുത്തുകളയപ്പെടുകയാണ്. തുടർന്ന് മിനിമം കൂലി നടപ്പാക്കാനുള്ള അധികാരം മിനിമം വേതന ബോർഡിന്റെ ഭരണഘടനയിൽ ഉൾപ്പെടുത്തും. എന്നാൽ ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാരുമായി ബന്ധമുണ്ടാകില്ല.

വേതന കോഡ് ബില്ലിൽ ഇൻഡ്യൻ തൊഴിൽ സമ്മേളനം ഏകകണ്ഠമായി നിർദ്ദേശിച്ച തീരുമാനങ്ങളും മിനിമം വേതനം ഉറപ്പാക്കുന്നതിൽ സുപ്രീംകോടതി നൽകിയിരിക്കുന്ന മാനദണ്ഡങ്ങളും പാലിക്കപ്പെട്ടിട്ടില്ല. പണിമുടക്ക് നിയമവിരുദ്ധമെന്ന് പ്രഖ്യാപിച്ചാൽ, ഒരു ദിവസത്തെ പണിമുടക്കിന് എട്ടുദിവസത്തെ കൂലി വെട്ടിക്കുറച്ചു കൊണ്ടുള്ള ക്രൂരത വീണ്ടും ആവർത്തിക്കും. നിലവിലുള്ള തൊഴിലാളി നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് ബിൽ നിയമമായാൽ അത് മറ്റൊരു ക്രൂരതയാകും തൊഴിലാളികളോട് കാട്ടുന്നത്. അതായത് ഈ കരട് ബില്ലാകുന്നതോടെ എല്ലാ തൊഴിലാളി സമരങ്ങളും നിയമവിരുദ്ധമാകും.

പതിവ് വേതനമുൾപ്പടെയുയുള്ള മിനിമം വേതനം പ്രാബല്യത്തിൽ വരുന്നതോടെ നിലവിലുള്ള മറ്റെല്ലാ നിബന്ധനകളും അർത്ഥശൂന്യമാകും. മിനിമം കൂലി നിയമം, തുല്യശമ്പള നിയമം, ബോണസ് ആക്ട് തുടങ്ങീ വേതന നിയമങ്ങളെല്ലാം കൂടി ലയിപ്പച്ച് ലേബർ കോഡ് ആക്കുന്നത് തൊഴിൽദാതാക്കൾക്ക് അവരുടെ ഇഷ്ടംപോലെ നിയമം നടപ്പാക്കാനുള്ള വഴിയാകും പുതിയ തൊഴിൽ നിയമം.

ഇൻഡ്യൻ തൊഴിൽ സമ്മേളനം ഏകകണ്ഠമായി പാസാക്കിയ മിനിമം വേതന ഫോർമുല എന്തുകൊണ്ട് വേതന കോഡ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് മോദിയുടെ നിയന്ത്രണത്തിലുള്ള ബിജെപി സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തോട് ചോദിച്ച ചോദ്യത്തിന് വെറും നാണം കെട്ട മറുപടിയാണ് ലഭ്യമായത്. വഴക്കവും അനുയോജ്യവുമായ നിരവധി ഘടങ്ങളുടെ ആവശ്യങ്ങൾക്കായി പ്രവർത്തിക്കാനുമാണ് ഇത് ചെയ്തതെന്നായിരുന്നു മറുപടി. സർക്കാർ പ്രവർത്തിക്കുന്നത് തൊഴിലുടമകൾക്കു വേണ്ടിയാണോ തൊഴിലാളികൾക്കു വേണ്ടിയാണോ എന്നു മനസിലാക്കാൻ മറ്റൊരു രേഖയുടെയും ആവശ്യമില്ലെന്ന് ഈ ഉത്തരത്തിൽ നിന്നു വ്യക്തമാണ്.

തൊഴിലാളികളെ കുത്തിപ്പിഴിഞ്ഞ് സമ്പത്ത് വർദ്ധിപ്പിക്കാൻ വിദേശികളും സ്വദേശികളുമായ ഭീമൻ കുത്തകകൾക്കായി കഴിഞ്ഞ 25 വർഷക്കാലമായി മാറിമാറി വരുന്ന സർക്കാരുകൾ നടപ്പാക്കിക്കൊിരിക്കുന്ന നവലിബറൽ അജണ്ട തന്നെയാണ് ബിജെപി സർക്കാരും അനുവർത്തിക്കുന്നത്.മോദി നേതൃത്വം നൽകുന്ന ബിജെപി സർക്കാർ ഈ ദുരന്ത നയത്തെ കൂടുതൽ വേഗത്തിൽ നടപ്പാക്കുകയും ചെയ്തു.

സെപ്റ്റംബർ 5 ന് സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ പാർലമെന്റിലേക്ക് നടക്കുന്ന മാർച്ചിൽ 'മസ്ദൂർ കിസാൻ സംഘർഷ് റാലിയിൽ അവർ മുന്നോട്ടു വെയ്ക്കുന്ന ആവശ്യങ്ങൾ ഇവയാണ് ഫാക്ടറികളിലും ഓഫീസുകളിലും ഖനികളിലും, കൃഷിപ്പണികളിലും വനത്തിനുള്ളിലും തൊഴിലെടുക്കുന്നത് എവിടെയുമാകട്ടെ. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക.വൻകിട കുത്തക ഭീമൻമാർക്കു വേണ്ടി അഹോരാത്രം പണിയെടുക്കുന്ന തൊഴിലാളികളെ പട്ടിണിക്കിടുന്ന നയം പിൻവലിക്കുക..

## Talking Point- 3

### തൊഴിൽ

അധികാരത്തിലെത്തിയാൽ എല്ലാവർഷവും രണ്ടു കോടി തൊഴിൽ പുതുതായി സൃഷ്ടിക്കുമെന്നായിരുന്നു കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായിരുന്ന നരേന്ദ്ര മോദിയുടെ പ്രധാന വാഗ്ദാനം. പത്തു വർഷത്തെ യുപിഎ സർക്കാരിന്റെ ഭരണത്തിൽ തൊഴിലില്ലായ്മ മൂലം പൊറുതിമുട്ടിയ ജനം മോദിയുടെ മോഹന വാഗ്ദാനങ്ങളിൽ വീണു.പക്ഷെ അധികാരത്തിന്റെ നാലാം വർഷത്തിലെത്തിയിട്ടും മുൻ സർക്കാരുകളെ പോലെ മോദിയ്ക്കും തന്റെ വാഗ്ദാനം പാലിക്കാനായില്ല.മുൻസർക്കാരുകൾ പിൻതുടർന്നുവന്നിരുന്ന വികലമായ നയങ്ങളെ മോദി സർക്കാരും അനുവർത്തിച്ചതുകൊണ്ടാണ് തൊഴിലെന്ന വാഗ്ദനം നിറവേറ്റാനാകാതെ പോയത്.

പുതിയ തൊഴിലുകൾ സൃഷ്ടിക്കപ്പെട്ടില്ല എന്ന മാത്രമല്ല, പലർക്കും തൊഴിൽ നഷ്ടപ്പെട്ടു. തൊഴിൽ നഷ്ട വളർച്ചയാണ് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നത്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പഠനമനുസരിച്ച് മോദി സർക്കാരിന്റെ ആദ്യ രണ്ടു വർഷത്തിനുള്ളിൽ തന്നെ പത്തു ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. കാര്യങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്നു.

രാജ്യത്തെ മൊത്തം ജനസംഖ്യയിൽ 15 വയസിനു മുകളിലുള്ളവരുടെ എണ്ണത്തിന്റെ 43 % പേരും 2016 ൽ തൊഴിൽ ചെയ്തിരുന്നതെങ്കിൽ 2018 ആയപ്പോഴേയ്ക്കും ആ ശതമാനം 40 % മായി കുറഞ്ഞു. അതിനർത്ഥം 1.43 കോടി ജനങ്ങൾ തൊഴിൽ രഹിതരായി എന്നാണ്. ലേബർ ബ്യൂറോയുടെ കണക്കു പ്രകാരം പതിനഞ്ചു വയസിനു മുകളിൽ പ്രായമുള്ള തൊഴിൽ ചെയ്യുന്ന സ്ത്രീകൾ 22 % പേർ മാത്രമാണ് ഇൻഡ്യയിലുള്ളതെന്നാണ്. ആഗോള നിലവാരമനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിൽ ഇൻഡ്യ വളരെ പിന്നിലാണ്.

ലേബർ ബ്യൂറോയുടെ മേൽ നോട്ടത്തിൽ എട്ടു പ്രധാന വ്യവസായ രംഗത്തെ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി 2016 ഏപ്രിൽ തുടങ്ങി 2017 ഒക്ടോബറിൽ അവസാനിച്ച ഒരു ത്രൈമാസാധിഷ്ഠിത സർവ്വെയിൽ, ഈ പതിനെട്ടു മാസത്തിനുള്ളിൽ ആകെ 5.56 ലക്ഷം തൊഴിലുകൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതായത് ഈ എട്ടു തൊഴിൽ മേഖലകളിൽ പ്രതിവർഷം 1.8% മോ അല്ലെങ്കിൽ നാലു ലക്ഷം തൊഴിലുകളോ മാത്രമേ സൃഷ്ടക്കപ്പെടുന്നുള്ളു. മറ്റ് മേഖലകളിലാകട്ടെ വർഷാവർഷം തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ ഇക്കണോമി(സിഎംഐഇ)യുടെ കണക്കു പ്രകാരം 5% പേർ തൊഴിൽ രഹിതരായി തുടരുകയാണ്. ഏകദേശം രണ്ടുകോടിയോളം ആളുകൾ. കൂടാതെ ഗവർണമെന്റ് ലേബർ ബ്യൂറോ 2016 ൽ പുറത്തുവിട്ട കണക്കു പ്രകാരം ആകെ തൊഴിലാളികളിലെ 35 % മാനത്തിനും വർഷം മുഴുവൻ ജോലികണ്ടെത്താനാകുന്നില്ലാ എന്നു മാത്രമല്ല വളരെ കുറഞ്ഞ കൂലിയുള്ള മേഖലകളിൽ പ്രവർത്തിക്കാൻ നിർബന്ധിതരാകുന്നു. ഏതാണ്ട് 13 കോടിയോളം വരും ഇത്. ഇൻഡ്യൻ റെയിൽവേയുടെ ഒരു ലക്ഷം ഒഴിവുകളിലേയ്ക്ക് 2.5 കോടി ആളുകളും ഉത്തർപ്രദേശ് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഒഴിവുള്ള 368 പീയൂൺ തസ്തികകളിലേയ്ക്ക് 23 ലക്ഷം തൊഴിൽ രഹിതരും, വെറും 9 ഒഴിവുകൾ മാത്രമുള്ള ഒരു തസ്തികയിലേയ്ക്ക് ഹരിയാനയിൽ 18,000 ആളുകളും, രാജസ്ഥാനിലെ സർക്കാർ സെക്രട്ടറിയേറ്റിൽ ഒഴിവുള്ള 18 പോസ്റ്റിലേയ്ക്ക് 12,000 പേരും അപേക്ഷിച്ചിരിക്കുന്നു

**തൊഴിൽ ഇല്ലാതാക്കുന്ന സർക്കാർ**

ഇൻഡ്യയിൽ ആകെ തൊഴിലുകളുടെ എണ്ണത്തിൽ വളരെ കുറച്ചു മാത്രമേ സർക്കാരിലോ പൊതുമേഖലയിലോ സൃഷ്ടിക്കപ്പെടുന്നുള്ളു. എന്നാൽ നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലേ തൊഴിലിന്റെ എണ്ണത്തിൽ പ്രകടമായ കുറവനുഭവപ്പെടുന്നത്, മോദി സർക്കാരിന്റെ കെടുകാര്യസ്ഥതയെയാണ് ചൂണ്ടിക്കാട്ടുന്നത്. തൊഴിൽ സൃഷ്ടിക്കുന്നതിനേക്കാൾ ഇല്ലാതാക്കുന്നതിനാണ് ഈ സർക്കാർ വ്യഗ്രത കാട്ടുന്നത്.

2014 ൽ മോദി അധികാരത്തിലെത്തിയ ശേഷമുള്ള വർഷങ്ങളിൽ റെയിൽവേ, മിനിസ്ടീരിയൽ വിഭാഗം, പോസ്റ്റൽ വകുപ്പ്, പൊലീസ് തുടങ്ങി കേന്ദ്രസർക്കാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പല വകുപ്പുകളിലും തൊഴിൽ സൃഷ്ടിക്കുന്നതിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. ബിജെപി നേതൃത്വ സർക്കാർ അധികാരത്തിലെത്തിയ 2014 ൽ കേന്ദ്ര സർക്കാർ ജീവനക്കാരുടെ എണ്ണം 33.28 ആയിരുന്നു. 2015 ആയപ്പോഴേയ്ക്കും അത് 33.06 % മായി കുറഞ്ഞു. 2016 ലിത് 32.85 % വും, 2017 ൽ 32.53 %വുമായി കുറഞ്ഞു. കേന്ദ്ര സർക്കാരിന്റെ വാർഷിക ബജറ്റിലെ കണക്കുകളാണിത്.2017 ൽ 75,000 ത്തോളം തസ്തികകൾ അപ്രത്യക്ഷമായി, ആ ട്രെൻഡ് ഇപ്പോഴും തുടരുന്നു.

അതുകൂടാതെ ഖനികൾ, സ്റ്റീൽ, എണ്ണക്കമ്പനികൾ, വലുതും ഇടത്തരവുമായ എൻജിനീയറിംഗ് മേഖലകൾ, രാസവസ്തു നിർമ്മാണ മേഖലകൾ ഉൾപ്പടെ 330 കേന്ദ്ര പൊതുമേഖലയുടെ

നിയന്ത്രണത്തിലുള്ള വകുപ്പുകളിൽ 2014 ൽ ഏതാണ്ട് 16.91 ലക്ഷം പേരായിരുന്നു തൊഴിൽ ചെയ് തിരുന്നത്. 2017 ആയപ്പോഴേയ്ക്കും 15.24 ലക്ഷം തൊഴിലാകൾ മാത്രമേ ഈ മേഖലകളിലാകമാനം പണിയെടുക്കുന്നുള്ളു. അതായത് മോദി ഭരണത്തിന്റെ മൂന്നു വർഷത്തിനുള്ളിൽ 167000 പേർക്ക് തൊഴിൽ നഷ്ടമായി. എക്സിക്യൂട്ടീവുകളേക്കാൾ വിദഗ്ധ തൊഴിലാളികളുടേതും സാധാരണ തൊഴിലാളികളുടേതുമാണ് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നത്. 1.11 ലക്ഷം വിദഗ്ധ തൊഴിലാളികളുടെയും 7700 ത്തോളം വരുന്ന അവിദഗ്ധ തൊഴിലാളികളുടെയും തൊഴിൽ നഷ്ടമായി. സർക്കാർ കണക്കനുസരിച്ച് 2014 ൽ 3.4 ലക്ഷം താൽക്കാലിക കരാർ ജീവനക്കാരേയാണ് ഭാഗീകമായി മാറ്റിയിരുന്നതെങ്കിൽ 2014 എത്തിയപ്പോഴേയ്ക്കും 3.93 ലക്ഷമായി ഇതുയർന്നു. പൊതുമേഖലയിലെ വളരെ കുറഞ്ഞതും ക്രമരഹിതവുമായ തൊഴിൽ, മോദി സർക്കാർ രാജ്യത്തിനു നൽകിയ സംഭാവനയാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കണക്ക് പ്രകാരം ബാങ്കിംഗ് മേഖലയിൽ 2014 ൽ 7.25 ലക്ഷം തൊഴിൽ സൃഷ്ടിക്കപ്പെട്ടിരുന്നു. തൊട്ടടുത്ത വർഷം അത് 9.47 ലക്ഷമായി ഉയർന്നു. എന്നാൽ പിന്നീട് മോദി സർക്കാർ ഇതിലിടപെടാൻ തുടങ്ങി. അടുത്ത രണ്ടു വർഷങ്ങളിൽ 35000 പേർക്ക് തൊഴിൽ നഷ്ടമായി.ബാങ്കിംഗ് മേഖലയിലെ മൊത്തം തൊഴിലവസരങ്ങൾ 9.12 ലക്ഷമായി കുറഞ്ഞു.

### വ്യവസായിക നിർമ്മാണ മേഖലകളിലെ പ്രതിസന്ധി

വ്യവസായ നിർമ്മാണ മേഖലകളിൽ തൊഴിൽ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. 21ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് എല്ലാവർഷവും 10%ത്തിലധികം വളർച്ച വ്യവസായ നിർമ്മാണ മേഖലകളിലുായിരുന്നു. എന്നാൽ ബിജെപി സർക്കാരിന്റെ നാലുവർഷങ്ങൾകൊണ്ട് ഈ രണ്ടു മേഖലകളിലും വളർച്ചാ നിരക്ക് കീഴ്പ്പോട്ടായി. അതായത് പ്രതിവർഷം 4 % ത്തിൽ താഴെ മാത്രം. നേരത്തേ തന്നെ ദുരിതക്കയത്തിൽപെട്ട കർഷകർ ഏറ്റെടുത്ത വ്യവസായ നിർമ്മാണ മേഖലകളിലെയും തൊഴിൽ നാടകീയമായി കുറഞ്ഞിരിക്കുന്നു.

ഈ ദശകത്തിന്റെ ആദ്യകാലത്തു തന്നെ വ്യാവസായിക വളർച്ച ഗണ്യമായി കുറഞ്ഞിരുന്നു. എന്നാൽ ഈ മേഖലയെ ഉത്തേജിപ്പിക്കാൻ മോദി സർക്കാർ ഒന്നും ചെയ്തില്ല. വ്യാവസായിക ഉൽപാദന സൂചികയനുസരിച്ച് വ്യാവസായിക വളർച്ചാ നിരക്ക് ഏറിയും കുറഞ്ഞുമിരിക്കുന്നു. 2014–15 ലെ 3.8 % വ്യാവസായിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015–16 ൽ 2.8 % മായി കുറഞ്ഞു. 2017–18 ൽ4.5 % മായി ഉയർന്നു.

നോട്ടസാധുവാക്കലും ചരക്കുസേവന നികുതിയും മൂലം അടുത്ത രണ്ടു വർഷം കൂടി സാമ്പത്തിക രംഗത്ത് അനിശ്ചിതത്വം വർദ്ധിക്കും. കാര്യങ്ങൾ കൂടുതൽ വഷളാകും. അസംഘടിത നിർമ്മാണ മേഖലകളെയാണ് ഈ രണ്ടു പരിഷ്ക്കാരങ്ങളും ഏറെ ബാധിക്കുക. നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ വിഭാഗം കൂടുതൽ നാശോന്മുഖമാകും. മുൻപത്തേതുപോലെ തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല,

അദ്ഭുതമെന്നു പറയട്ടെ, വൈദഗ്ധ്യ തൊഴിലുകളെ പ്രോൽസാഹിപ്പിക്കുന്നതിനായി തുടങ്ങിയ സ്കിൽ ഇൻഡ്യാ പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന തീർത്തും പരാജയമായി .ഈ പദ്ധതിയിൽ പരിശീലനം ലഭിച്ച 41.3 ലക്ഷം പേരിൽ നിന്നും 6.15 ലക്ഷം പേർക്കാണ് ആകെ തൊഴിൽ നേടാനായത്. അതായത് ആകെ 15 % ത്തിനു മാത്രം. ബാക്കിയുള്ളവർക്ക് തൊഴിൽ ലഭിക്കാക്കത് തൊഴിൽ ഇല്ലാത്തതുകൊണ്ടു തന്നെ. അതുപോലെ ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ബാങ്കുകളുമായി സഹകരിച്ച് സർക്കാർ കൊട്ടിഘോഷിച്ചു നടപ്പാക്കിയ പ്രധാനമന്ത്രി മുദ്രാ ലോൺ പദ്ധതിയും എങ്ങുമെത്തിയില്ല. 10.38 ലക്ഷം പേർക്ക് 4.6 ലക്ഷം കോടി രൂപ മുദ്രാ ലോൺ വഴി നൽകിയതായി സർക്കാർ പറയുന്നു. എന്നാൽ കേവലം 44000 രൂപ മാത്രം ആവശ്യമുള്ള പക്കോഡാ ഷോപ്പുകളോ പേവ്മെന്റ് ഷോപ്പുകളോ മാത്രമേ മുദ്ര വഴി ഉണ്ടായിട്ടുള്ളു. അതും മോദി നിർദ്ദേശിച്ച ചില കാര്യങ്ങൾ മാത്രം. അതിനപ്പുറം ഒന്നും സംഭവിച്ചില്ല.

**കടുത്ത കാർഷിക പ്രതിസന്ധി: തൊഴിലില്ലായ്മയുടെ ഹൃദയം**

ഇൻഡ്യയിൽ ഏറ്റവുമധികം തൊഴിൽ സൃഷ്ടിക്കപ്പെടുന്നത് കാർഷികമേഖലയിലൂടെയാണ്, സ്വയം തൊഴിലും കൂലിവേലയുമൊക്ക ഇതിലുൾപ്പെടും. കൃഷിയുടെ സ്ഥിരത നഷ്ടപ്പെടുകയും കർഷകർക്കവരുടെ കൃഷിഭൂമി നഷ്ടമാകുകയും ചെയ്തതോടെ കൃഷിക്കാരും കാർഷിക ജോലി കളിലെ സഹായികളായ കൂലിപ്പണിക്കാരും കൃഷി ഉപേക്ഷിച്ച് മറ്റ് ജോലികൾ തേടിപ്പോകാൻ തുടങ്ങി.എന്നാൽ കൃഷിയിൽ നിന്ന് കർഷകന് ഇരട്ടിലാഭവും കാർഷിക മേഖലയിലെ ജോലിസ്ഥിരതയും ബി ജെപി സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. കാർഷിക വരുമാനം കുറയുകയും ഗ്രാമീണ തൊഴിൽ മേഖല സ്തംഭനാവസ്ഥയിലാകുകയും ചെയ്തതോടെ കൂടുതൽ പേർ തൊഴിൽരഹിതരുടെ പട്ടികയിലേയ്ക്കെത്തി. കടുത്ത കാർഷിക പ്രതിസന്ധിയുടെ ആഘാതം കാർഷികരംഗത്തു മാത്രമല്ല പുറത്തും പ്രകടമാണ്. അതുകൊണ്ടു തന്നെ തൊഴിലന്വേഷകർ വർദ്ധിക്കുകയും തൊഴിൽദാതാക്കൾ ഇതിൽ നിന്നു മുതലെടുക്കുകയും ചെയ്യുന്നു. അവർ വേതനത്തിൽ വൻകുറവു വരുത്തുകയും ചെയ്യുന്നു

വരുമാനത്തിൽ ഗണ്യമായ കുറവു വരികയും കാർഷിക പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തതോടെ തൊഴിലാളികൾ വിപണിയിൽ നിന്നു സാധനങ്ങൾ വാങ്ങുന്നതിൽ ഗണ്യമായ കുറവു വരുത്തി, അതുവഴി സമ്പദ് വ്യവ്യവസ്ഥ താറുമാറാകുകയും തൊഴിൽ വളർച്ച കുറയുകയും ചെയ്തു.ഇതോടെ തൊഴിലില്ലാതായതോടെ വരുമാനം കുറയുകയും വിപണിയിലേയ്ക്കുള്ള പണമൊഴുക്ക് കുറയുകയും ചെയ്തു.. ഇതോടെ ഉൽപാദനം കുറഞ്ഞു. തൊഴിൽ കുറഞ്ഞു. ബിജെപി സർക്കാർ സമ്പദ് വ്യവസ്ഥയെ പ്രതിസന്ധിയിലേക്ക് തള്ളിയിടുന്ന ക്രൂരമായ രീതി ഇതാണ്.

'മേക്ക് ഇൻ ഇൻഡ്യ' (ഇൻഡ്യയിൽ നിർമ്മിക്കുക) പദ്ധതി വഴി ഉൽപാദനം വർദ്ധിപ്പിക്കാമെന്നും കയറ്റുമതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്നും സർക്കാർ ചിന്തിച്ചു.എന്നാൽ എണ്ണ ഇതര ഉൽപന്നങ്ങളുടെ കയറ്റുമതി സ്തംഭനാവസ്ഥയിൽ തന്നെ തുടർന്നത് കഴിഞ്ഞ നാലു വർഷമായി സർക്കാരിന് തിരിച്ചടിയായി. ഉല്പാദന രംഗം മങ്ങുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാതെ ആകുകയും ചെയ്തു. മറുവശത്ത് ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങളും സ്വദേശി വസ്തുക്കളും തമ്മിൽ മൽസരസ്വഭാവത്തിലേയ്ക്കു കടന്നതിനാൽ പ്രാദേശിക നിർമ്മാണരംഗം താറുമാറാകുകയും കൂടുതൽ പേർ തൊഴിൽരഹിതരാകുകയും ചെയ്തു.

**തൊഴിൽ പ്രശ്നങ്ങൾ തുടരുന്നത് എന്തുകൊണ്ടാണ്?**

വൻകിട കുത്തകകൾക്ക് അവരുടെ വളർച്ചയും ലാഭവും പ്രോൽസാഹിപ്പിക്കുന്നതിനായി മോദി സർക്കാർ ശക്തമായി പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെ പൊതുമേഖല പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കാതെ വളരെ പതിയെ അവയെ ഇല്ലാതാക്കുകകയാണ്. പക്ഷെ നാശം സംഭവിക്കുക തന്നെ ചെയ്യും. കുത്തകകൾക്കും മുതലാളിമാർക്ക് നികുതിയിളവുകൾ നൽകിക്കൊണ്ട് പൊതു ചെലവുകൾ വർദ്ധിപ്പിക്കുന്നു. പകരം സ്വകാര്യ മേഖല തൊഴിൽ സൃഷ്ടിക്കുമെന്നു വിശ്വസിക്കുകയും അത്തരം തൊഴിലുകൾ ലഭിക്കാത്തവർ സ്വയം തൊഴിലിൽ കണ്ടെത്തുമെന്ന് വിശ്വസിക്കുന്നു. എന്നിരുന്നാലും സർക്കാർ വേണ്ടത്ര പണം ചിലവഴിക്കാൻ തയ്യാറാകാത്തതുകൊണ്ട് സ്വകാര്യ മേഖലയിൽ വേണ്ടത്ര ഡിമാൻഡ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പകരം സർക്കാരിന് ചില നയങ്ങളുണ്ട്

a. കാർഷിക പ്രതിസന്ധി രൂക്ഷമായി

b. സ്വകാര്യവൽക്കരണം മൂലം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും തൊഴിലവസരങ്ങളുടെ വളർച്ച തടസ്സപ്പെട്ടു. സ്വകാര്യ മേഖലയിലെ ഏതെങ്കിലും ഇൻഷുറൻസ് കമ്പനികളുടെ പോക്കറ്റ് നിറയ്ക്കാനായി അവരിൽ നിന്ന് ഇൻഷുറൻസ് പോളിസികളെടുക്കുകയോ അല്ലെങ്കിൽ മേക്ക് ഇൻ ഇൻഡ്യാ, സ്കിൽ ഇൻഡ്യാ തുടങ്ങിയ ഏതെങ്കിലും പദ്ധതികളിൽ പണം നിക്ഷേപി

ക്കുകയോ ചെയ്യുക. കഴിഞ്ഞ നാലുവർഷത്തിനിടയിൽ ലാഭകരമായ തൊഴിലുകൾ പോലും തകർച്ചയുടെ വക്കിലാണ്

ഒരു വലിയ ജനവിഭാഗത്തിന്റെ ചിലവഴിക്കാനുള്ള ശക്തിയും ഉൽപാദനവും ക്ഷയിപ്പിക്കുകയും ഉൽപാദന രംഗത്ത് മാന്ദ്യമുണ്ടാക്കുകയും തൊഴിലവസരങ്ങൾ കുറയ്ക്കുകയും ഉള്ളത് നഷ്ടപ്പെടുത്തുകയും ചെയ്യുന്ന സർക്കാരിന്റെ വഞ്ചനാപരമായ നയങ്ങൾക്കെതിരേയാണ് മസ്ദൂർ കിസാൻ സംഘർഷ് റാലി സെപ്റ്റംബർ 5 ന് പാർലമെന്റിനു മുന്നിലേയ്ക്ക് നടക്കുന്നത്. സ്വദേശ-വിദേശ കുത്തുകകൾക്ക് മാത്രം പ്രയോജനം ചെയ്യുകയും അദ്ധ്വാനിക്കുന്ന ഒരു വലിയ വിഭാഗത്തേ പാടേ അവഗണിക്കുന്നതാണ് മോദി സർക്കാരിന്റെ നയം. ഈ നയങ്ങളിൽ മാറ്റം വരുത്തി നമ്മുടെ യുവാക്കൾക്ക് മാന്യമായ തൊഴിൽ നേടിയെടുക്കാനുള്ള അശ്രാന്ത പരിശ്രമമാണ് വേണ്ടത്.

## Talking Point- 4

### സ്ഥിരവും സ്ഥിരസ്വഭാവമുള്ളതുമായ തൊഴിലുകൾ കരാർ തൊഴിലാക്കി മാറ്റാതിരിക്കുക, ഒരേ സ്വഭാവമുള്ള ജോലിയ്ക്ക് ഒരേ വേതനവും ആനുകൂല്യങ്ങളും നൽകുക

നവലിബറൽ ഭരണകൂടത്തിന്റെ കീഴിൽ സ്വകാര്യ മേഖലയിൽ മാത്രമല്ല, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന പൊതുമേഖലയിലും കരാർ തൊഴിലുകളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കരാർ തൊഴിലുകൾ ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുന്നു.

മൾട്ടി നാഷണൽ കമ്പനികൾ ഉൾപ്പടെയുള്ള സ്വകാര്യ തൊഴിൽ മേഖലകളിൽ കമ്പനിയുമായി തൊഴിലാളിക്ക് ഔപചാരികമായ തൊഴിൽ ബന്ധം മാത്രമാണുള്ളത്. അതുകൊണ്ട് അവരാരും സ്ഥിരനിയമനക്കാരല്ല. കരാർ തൊഴിലാളികൾ, താൽക്കാലിക ജീവനക്കാർ, പാർട് ടൈം ജോലിക്കാർ, അപ്രന്റിസുകൾ, പരിശീലനത്തിനെത്തുന്ന ജീവനക്കാർ, നിശ്ചിതസമയ തൊഴിലാളികൾ എന്നിങ്ങനെ അവരെ തരം തിരിക്കാം. സ്ഥിരം തൊഴിലാളികളുടെ ഇരട്ടിയിലധികം വരും ഇത്തരം ജീവനക്കാരും തൊഴിലാളികളും. സർക്കാരും സ്വകാര്യമേഖല അനുവർത്തിക്കുന്ന അതേ രീതിയിൽ കരാർ ജീവനക്കാരേ നിയമിക്കുകയോ, പുറംകരാർ ഏൽപിക്കുകയോ ചെയ്യുന്നതിലേയ്ക്ക് കാര്യങ്ങൾ മാറുന്നു. 15.6 % ജീവനക്കാരും ഇന്ന് കരാറടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. പൊതുമേഖലയിൽ ആകെ തൊഴിലാളികളുടെ 50 % വും സ്വകാര്യമേഖലയിൽ ആകെ തൊഴിലാളികളുടെ 70 % വും കരാർ ജീവനക്കാരാണ്.

തൊഴിൽദാതാക്കൾ അവരുടെ ലാഭം വർദ്ധിപ്പിക്കാൻ സ്ഥിരം നിയമനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുകയും അതേ ജോലി തന്നെ കരാറടിസ്ഥാനത്തിൽ നൽകുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ തൊഴിലുടമ സ്വീകരിച്ചിരിക്കുന്ന കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ അപകടകരാമയ തൊഴിൽ ബന്ധമാണ്. എന്താണെന്നുവെച്ചാൽ, എപ്പോൾ വേണമെങ്കിലും പിരിച്ചുവിടപ്പെടാമെന്നുള്ളതുകൊണ്ട് തൊഴിലാളികൾ അത്യദ്ധ്വാനം ചെയ്യേണ്ടി വരും. ഒരേ ജോലി ചെയ്യുന്ന കരാറുകാരനും സ്ഥിര ജോലിക്കാരനും നൽകുന്ന ശമ്പളത്തിലും വലിയ വ്യത്യാസമാണുള്ളത്. ഉദാഹരണമായി പറഞ്ഞാൽ കാർ നിർമ്മാതാക്കളായ ഹ്യൂണ്ടായ് മോട്ടോഴ്സ് ഇൻഡ്യയുടെ ചെന്നൈയിലെ യൂണിറ്റിൽ 2300 സ്ഥിരം തൊഴിലാളികളും കരാർ വ്യവസ്ഥയിലും അപ്രന്റീസ്, അപ്രന്റീസ് ട്രയിനികളുമായി ജോലി ചെയ്യുന്ന 8000 ത്തോളം തൊഴിലാളികളുമാണുമുള്ളത്. ഇതിൽ സ്ഥിരം നിയമനക്കാർക്ക് ആനുകൂല്യങ്ങളെല്ലാം ഉൾപ്പടെ 35000 ത്തോളം രൂപ ശമ്പളമായി ലഭിക്കുമ്പോൾ 6000 മുതൽ 12000 രൂപ വരെ മാത്രമേ മറ്റ് കരാർ ജീവനക്കാർക്കും, അപ്രന്റിസുകൾക്കും ലഭിക്കൂ.

നിയമമപരമായി സ്ഥിരം ജീവനക്കാർക്ക് മിനിമം വേതനവും സാമൂഹ്യ സുരക്ഷിതത്വവും ഉൾപ്പടെയുള്ള എല്ലാ ആനുകൂല്യത്തിനും അർഹരായിരിക്കെ തന്നെ എല്ലാ ആനുകൂല്യവും കരാർ

തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുകയാണ്. എപ്പോൾ വേണമെങ്കിലും പിരിച്ചുവിടുമെന്ന ഭീഷണിയുമുണ്ട്. അവരുടെ തൊഴിൽ എപ്പോഴും തൊഴിൽ ദാതാവിന്റെയും മുഖ്യകരാറുകാരിന്റെയും ഭീഷണിയിലാണ്. കരാർ തൊഴിൽ നിയമത്തിലെ വ്യവസ്ഥയനുസരിച്ചും സുപ്രീംകോടതി നിർദ്ദേശമനുസരിച്ചും ഒരേ തൊഴിലിന് ഒരേ വേതനവും ആനുകൂല്യങ്ങളും നൽകി കരാർ തൊഴിലാളികളെ പരിരക്ഷിക്കണമെന്ന് പറയുന്നുണ്ടെങ്കിലും നിലവിലെ സ്ഥിതി തുടരുകയാണ്. എസ് സി /എസ് ടി വിഭാഗങ്ങൾക്കും കരാർ നിയമനത്തിൽ അർഹമായ പരിഗണന ലഭിക്കുന്നില്ല

രണ്ടു തരത്തിലുള്ള തൊഴിലാളികൾ ഒരേ കൂരയ്ക്കു കീഴിൽ ഒരേ ജോലി ചെയ്യാമ്പോൾ തന്നെ, ജോലിയുടെ കാര്യത്തിൽ വ്യത്യസ്തമായ സാഹചര്യങ്ങളുണ്ട്. ഇതുമൂലം ഇത്തരം തൊഴിലിടങ്ങളിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ട്.

ഈ അവസ്ഥ ദീർഘകാലം തുടർന്നാൽ സേവനവ്യവസ്ഥകൾക്കും, സ്ഥിരം തൊഴിലാളികളുടെ വിലപേശൽ ശേഷിയ്ക്കും ഭീഷണിയാകും. സ്ഥിരം തൊഴിലാളികളുടെ വേതനവും ജോലിയുടെ അവസ്ഥയും പരിതാപകരമാകും. നിലവിൽ പല സ്വകാര്യ സ്ഥാപനങ്ങളിലും ഈ സാഹചര്യം വന്നുകഴിഞ്ഞു.തൊഴിലാളി യൂണിയനുകൾ പലപ്പോഴും തൊഴിലാളികളുടെ വേതന വർദ്ധനവ് ഉൾപ്പടെയുള്ള ആവശ്യങ്ങളുന്നയിക്കുമ്പോഴും തൊഴിൽദാതാക്കൾ അവരുടെ ആവശ്യങ്ങൾ പറഞ്ഞ് അതിനെ എതിർക്കുകയും, അല്ലെങ്കിൽ ആദ്യം അവരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയും ചെയ്യും. കൂലിയും മറ്റ് ആനുകൂല്യങ്ങളും കുറയ്ക്കാനാവശ്യപ്പെടുകയും ഉൽപാദനക്ഷമതാ ലക്ഷ്യങ്ങൾ പറഞ്ഞ് ജോലി ഭാരം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. ഇവിടെ തൊഴിൽ ദാതാവിന് ലാഭമുണ്ടാകുകയും തൊഴിലാളികൾക്ക് അർഹമായ കൂലി പോലും ഇല്ലാതാകുകയും ചെയ്യുന്നു.

കരാർ നിയമനം വഴി തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരെ സിഐറ്റിയു നിരന്തരമായി സമരം ചെയ്യുകയാണ്.സ്ഥിരം ജീവനക്കാരുമായി ചേർന്ന് അവരവരുടെ തൊഴിലിടങ്ങളിലെ കരാർ ജീവനക്കാരേ ഏകോപിപ്പിക്കാനും അവരുടെ ആവശ്യങ്ങളെന്താണെന്നറിയാനും അതാത് ജോലിസ്ഥലങ്ങളിലെ ട്രേഡ് യൂണിയനുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.വിവിധ തൊഴിൽമേഖലകളിലെ സിഐറ്റിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന യൂണിയനുകൾ ഇതിനോടകം തന്നെ കരാർ ജീവനക്കാരേ ഏകോപിപ്പിക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. നിരവധി സ്ഥാപനങ്ങളിലെ കരാർ ജീവനക്കാർ ട്രേഡ് യൂണിയനുകളിൽ സംഘടിക്കാറുണ്ട്. ഇതിനോടകം തന്നെ കരാർ ജീവനക്കാരുടെ യൂണിയനുകൾ ആവശ്യങ്ങളുന്നയിച്ച് സമരം നടത്തുകയും ആവശ്യങ്ങൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ആയിരങ്ങൾക്ക് അവരുടെ ശമ്പളത്തിൽ വർദ്ധനവുണ്ടാകുകയും വേതനം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കരാർ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുമ്പോൾ അവരെ ഒരുമിപ്പിക്കാൻ കുറച്ചുകൂടി വലിയ രീതിയിൽ പ്രവർത്തിക്കേണ്ടതായി വരും.

1970 ലെ കരാർതൊഴിൽ ആക്ട് (റെഗുലേഷൻ ആൻഡ് അബോളിഷൻ) അനുസരിച്ച് സ്ഥിരം തൊഴിലാളികൾക്ക് നൽകുന്ന വേതനവും ആനുകൂല്യങ്ങളും കരാർ തൊഴിലാളികൾക്കും ലഭ്യമാക്കണമെന്നു 2010 ൽ നടന്ന ഇൻഡ്യാ തൊഴിൽ സമ്മേളനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ഇതിന് അനുകൂലമായ തീരുമാനങ്ങളൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഇതു വ്യക്തമാക്കുന്നത് തൊഴിൽ ദാതാക്കളോട് സർക്കാരിനുള്ള അചഞ്ചലമായ സമർപ്പണത്തിന്റെ ഉദാഹരണമാണ്.

നിലവിലെ ബിജെപി സർക്കാർ തൊഴിൽദാതാക്കൾക്ക് അനുകൂലമായ രീതിയിൽ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുന്ന പലകാര്യങ്ങളും ചെയ്തു. കരാർ തൊഴിൽ നിയമത്തിന്റെ പരിധിയിൽ പെടാത്ത തൊഴിൽ നയങ്ങളിൽ ചില ഭേദഗതികൾ വരുത്തുകയും അതിലൂടെ അപകടകരമായ സാഹചര്യങ്ങളിലേയ്ക്ക് തൊഴിലാളികളെ തള്ളി വിടുകയും ചെയ്യുന്ന രീതിയാണ് സർക്കാർ അവലംബിച്ചിരിക്കുന്നത്.

**നിലവിലെ തൊഴിൽ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ ഇവയാണ്**

1. *സ്ഥിരവും ശാശതവുമായ തൊഴിൽ എന്ന ആശയം ഉപേക്ഷിക്കപ്പെടും. സ്ഥിരം തൊഴിലിലേയ്ക്ക് കരാർ തൊഴിലാളികളെ യാതൊരു തടസവും കൂടാതെ നിയമിക്കാനാവും*
2. *50 തൊഴിലാളികളിൽ താഴെ മാത്രമുള്ള കരാറുകാരൻ ലൈസൻസ് എടുക്കണമെന്ന് നിർബന്ധമില്ല; ഇതു മൂലം ഭൂരിഭാഗം കോൺട്രാക്ടർമാർക്കുമുള്ള ലേബർ വകുപ്പിന്റെ നിയന്ത്രണവും പരിശോധനയും ഒഴിവാക്കിയിട്ടുണ്ട്. ഇതോടെ മിക്കവാറുമുള്ള കരാറുകാർ തൊഴിൽ നിയമത്തിന്റെ പരിധിയിൽ നിന്നു പുറത്താകും.*
3. *പ്രധാന തൊഴിൽദാതാവിന്റെ കൈവശമുള്ള കരാർ തൊഴിലാളികൾ പുറം പണിക്കാരായി മറ്റൊരു കരാറുകാരന്റെ തൊഴിലിൽ നിയമിക്കപ്പെടുമ്പോൾ പ്രധാന തൊഴിൽദാതാവ് ഇവർക്ക് വേണ്ട ഒരു നിയമപരിരക്ഷയും നൽകേണ്ടതില്ല. എന്നുമാത്രമല്ല ഒരേ തൊഴിലിന് ഒരേ കൂലി നൽകേണ്ടതുമില്ല.*
4. *മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാഭേദഗതികളും കണക്കാക്കുമ്പോൾ കരാർ തൊഴിലാളികളെ അടിമകളാക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്*

**എന്താണ് നമുക്ക് വേണ്ടത്?**

മാന്യമായ തൊഴിലാണ് നമ്മുടെ ആവശ്യം.

1. *സ്ഥിരവും ശാശതവുമായ തൊഴിലിൽ കരാറുകാരേ നിയമിക്കാൻ പാടില്ല*
2. *ഒരേ തൊഴിൽ ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് ഒരേ വേതനവും ആനുകൂല്യങ്ങളും നൽകുക*
3. *സ്ഥിരം ജോലികളിൽ നിയമിതരായിരിക്കുന്ന കരാറുകാരേ പ്രസ്തുത സ്ഥാപനം സ്ഥിരമാക്കുക*
4. *കരാർ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ വേണ്ടന്നുവെയ്ക്കുക*

നവലിബറൽ നയങ്ങളിലൂടെ തൊഴിൽമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കരാർ നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും പരാജയപ്പെടുത്തിക്കൊണ്ടു വേണം നമ്മുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ. സ്ഥിരം തൊഴിലാളികളും കരാർ തൊഴിലാളികളുടെ അവകാശങ്ങൾക്കായി പോരാടണം. കാരണം സ്ഥിരം തൊഴിലിൽ കുറഞ്ഞ വേതനത്തിന് കരാർതൊഴിലാളികളെ നിയമിക്കുന്നതോടെ സ്ഥിരം തൊഴിലാളികളുടെ നിലനില്പ് തന്നെ ഭീഷണിയാകും.

സർക്കാർ നവലിബറൽ നയങ്ങളിൽ നിന്നു പിൻതിരിയുകയും കരാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുകയും ചെയ്യുന്നതിനായി സെപ്റ്റംബർ 5 ന് മസ്ദൂർ കിസാൻ സംഘം പാർലമെന്റിനു മുന്നിലേയ്ക്ക് മാർച്ച് നടത്തുന്നു.

## Talking Point- 5

### തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമായ ഭരണഘടനാഭേദഗതികൾ നിർത്തലാക്കുക

ഒരു തരത്തിലുള്ള ഒഴിവാക്കലുകളോ ഇളവുകളോ കൂടാതെ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുക

എന്തുകൊണ്ടാണ് തൊഴിൽദാതാക്കൾ തൊഴിൽ നിയമങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നത്. ഉത്തരം ലളിതം. അവരുടെ ലാഭം വർദ്ധിപ്പിക്കുക മാത്രമാണ് ഉദ്ദേശം.

എന്തുകൊാണ് സർക്കാരും തൊഴിൽ നിയമങ്ങൽ നടപ്പാക്കാൻ കർശനമായി ശുപാർശ ചെയ്യാത്തത്. സാധാരക്കാരനായ ഒരു മനുഷ്യൻ ഏതെങ്കിലും തരത്തിൽ നിയമത്തിനെതിരായി എന്തെങ്കിലും ചെയ്താൽ വളരെ വേഗത്തിൽ നടപടിയെടുക്കുന്നതിന് സർക്കാർ ഏജൻസികൾ തയ്യാറാകും. എന്തുകൊണ്ട് തൊഴിൽ നിയമം കർശനമായി നടപ്പാക്കാൻ കഴിയാത്തവരോട് മര്യാദയോടെ പെരുമാറാൻ കഴിയുന്നു. ഏതെങ്കിലും തൊഴിലാളി തൊഴിൽ നിയമങ്ങൾ നടപ്പാക്കണമെന്ന് കർശമായി ആവശ്യപ്പെട്ടാൽ അയാൾ തെറ്റായ കേസിൽ ശിക്ഷിക്കപ്പെടും.എന്നാൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കാതെ നിയമം ലംഘിച്ച ഏതെങ്കിലും തൊഴിൽ ദാതാക്കൾ രാജ്യത്തൊരിടത്തും ശിക്ഷിക്കപ്പെട്ടതായി കേട്ടിട്ടേയില്ല.

തൊഴിലാളികളെ പരിഗണിക്കാതെ തൊഴിൽദാതാക്കൾക്കു വേണ്ടി മാത്രം തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചതെന്തുകൊണ്ട്?

അർഹമായ രീതിയിൽ പരിഗണിക്കപ്പെടേ ഒരു വിഷയമാണിത്.

ഇന്ന് തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും കാലങ്ങൾ നീണ്ട സഹനസമരത്തിലൂടെ തൊഴിലാളി വർഗസംഘടനകൾ നേടിയെടുത്തതാണ്. അതായത് ഒരു ദിവസം എട്ടുമണിക്കൂർ ജോലി, മിനിമം കൂലി, തുല്യവേതനം, സാമൂഹ്യ സുരക്ഷിതത്വ ആനൂകൂല്യങ്ങളായപിഎഫ്, ഇഎസ്ഐ, പ്രസവാനന്തര ആനുകൂല്യങ്ങൾ, ബോണസ് തുടങ്ങിയവ. ഏതെങ്കിലും തൊഴിൽദാതാക്കളുടെയോ സർക്കാരിന്റെയോ ഔദാര്യമല്ല ഈ ആനുകൂല്യങ്ങളൊന്നും.

എന്നാൽ ഇതൊന്നും കൃത്യമായി കൊടുക്കാൻ തയ്യാറാകാത്ത കുത്തകകൾ തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാരിന് സമ്മർദ്ദമുണ്ടാക്കിക്കൊിരിക്കുന്നു. ഈ സമ്മർദ്ദങ്ങൾക്കു വഴങ്ങി പലമാർഗ്ഗങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും തൊഴിൽ നിയമങ്ങളെ ഭേദഗതി വരുത്താൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികൾ സംഘടിക്കുന്നത് തടയുന്നതിനായി ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യുന്ന നിയമങ്ങളിൽ കഴിഞ്ഞ കോൺഗ്രസ് സർക്കാർ ശക്തമായ മാറ്റങ്ങൾ വരുത്തി. എന്നാൽ സർക്കാരിന്റെ ആ നയത്തെ മറികടക്കാൻ രാജ്യത്താകമാനം ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുകയും സർക്കാരിന്റെ ഇത്തരം പല നീക്കങ്ങളെയും മറികടക്കാൻ കഴിയുകയും ചെയ്തു.

എന്നാൽ കേവലഭൂരിപക്ഷത്തോടെ ഭരിക്കുന്ന ബിജെപി സർക്കാർ അവരുടെ അധികാരമുപയോഗിച്ച് ഊറ്റംകൊള്ളുകയാണ്. തൊഴിലാളി സമരങ്ങൾ അടിച്ചമർത്താനും അവഗണിക്കാനും എന്തും ചെയ്യാനാകുമെന്ന് അവർ കരുതുന്നു. മുൻപുള്ള സർക്കാരുകൾക്ക് ചെയ്യാനാകാത്തതെന്തും ചെയ്യാൻ കഴിയുമെന്ന് മോദി സർക്കാർ കരുതുന്നു. തൊഴിൽനിയമങ്ങളിൽ അടിമുടി മാറ്റങ്ങൾ വരുത്തി തൊഴിലാളികളെ അപ്രസക്തരാക്കി തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തുടർന്ന് സ്വദേശികളും വിദേശികളുമായ കുത്തകകൾക്ക് വേണ്ടി അടിമപ്പണി ചെയ്ത് അവരുടെ ലാഭം കൂട്ടാനുള്ള ഉപാധികളാക്കി തൊഴിലാളികളെ മാറ്റാനാണ് ബിജെപി സർക്കാർ ആത്യന്തികമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

44 പ്രധാന തൊഴിൽ നിയമങ്ങളെ നാല് തൊഴിൽ കോഡാക്കി മാറ്റി തൊഴിലാളികളുടെ അവകാശങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്താനാണ് സർക്കാർ ശ്രമം. മിനിമം കൂലി ആക്റ്റ്, ബോണസ് ആക്റ്റ്, തുല്യവേതന ആക്റ്റ് തുടങ്ങിയവ വേതനമടിസ്ഥാനപ്പെടുത്തിയുള്ള ലേബർ കോഡിലുൾപ്പെടുത്തും.

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട് ആക്റ്റ (വ്യവസായ തർക്ക നിയമം), ട്രേഡ് യൂണിയൻ ആക്റ്റ്, വ്യാവസായിക തൊഴിൽ നിയമം എന്നുവ സംയോജിപ്പിച്ച് വ്യവസായ ബന്ധങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ലേബർ കോഡിലുൾപ്പെടുത്തും. സാമൂഹ്യ സുരക്ഷിതത്വം അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിൽ കോഡിലേയ്ക്ക് ഇഎസ്ഐ ആക്റ്റ്, ഇപിഎഫ്, പ്രസവാനന്തര ആനുകൂല്യങ്ങൾ,

അപകടാനന്തര ആനുകൂല്യങ്ങൾ, അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ നിയമം, നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം, ബീഡി തൊഴിലാളി ക്ഷേമ നിധി നിയമം എന്നിവ സംയോജിപ്പിയ്ക്കും

ലോക്സഭയിൽ വേതനബിൽ കോഡ് അവതരിപ്പിച്ചു കഴിഞ്ഞു. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് പാർലമെന്റിൽ അവതരിപ്പിക്കാൻ തയ്യാറായി കഴിഞ്ഞു.സാമൂഹ്യ സുരക്ഷിതത്വ കോഡ് പൊതുതാൽപര്യമറിയാനായി സമർപ്പിച്ചിരിക്കുന്നു. ഇതൊക്കെ നിയമമാകുന്നതോടെ എന്ത് പ്രത്യാഘാതങ്ങളാണുണ്ടാകുന്നത്. വരാൻ പോകുന്നത് വിനാശകാലമാണ്. വളരെ കഠിനാധ്വാനം ചെയ്ത് തൊഴിലാളികൾ നേടിയ അവകാശങ്ങൾ ഇല്ലായ്മ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

തൊഴിൽ നിയമത്തിൻമേൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളെ വിമർശിച്ചുകൊണ്ട് സിഐറ്റിയു തയ്യാറാക്കിയ ബുക്ക്ലെറ്റിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ കൊടുക്കുന്നു

* 1 സുപ്രീംകോടതിയിലെ റാപ്തകോസ്, ബ്രെറ്റ് കേസ് വിധിയെ അടിസ്ഥാനപ്പെടുത്തി 15ാമത് ഇൻഡ്യൻ തൊഴിലാളി കോൺഫറൻസിൽ ഏകകണ്ഠമായി നിർദ്ദേശിക്കുകയും 44 ഉം 46 ഉം തൊഴിലാളി കോൺഫറൻസിൽ ആവർത്തിക്കുകയും ചെയ്തിരിക്കുന്ന മിനിമം വേതനം ഉറപ്പാക്കലിനെ കുറിച്ച് നിർദ്ദിഷ്ഠ തൊഴിൽ കോഡ് നിശബ്ദമാണ്. മാത്രമല്ല തൊഴിലാളികൾക്ക് ശമ്പളം നൽകുന്നത് ഏതു മാർഗത്തിലൂടെയെന്ന് കൃത്യമായി നിർവ്വചിച്ചിട്ടില്ല. പരിശോധനാ സംവിധാനം ഉൾപ്പടെയുള്ള നിർവ്വഹണ വ്യവസ്ഥകൾ തൊഴിലുടമകൾക്ക് അനുകുലമായി മാറ്റി. തൊഴിലാളികളെയും അവരുടെ അവകാശങ്ങളെയും ചൂഷണം ചെയ്യാൻ തൊഴിലുടമകൾക്ക് എളുപ്പമാകുന്ന രീതിയിൽ അവരുടെ തൊഴിലിനെയും അവകാശങ്ങളെയും നിർവ്വചിച്ചു.

* വ്യാവസായിക ബന്ധങ്ങൾ സംബന്ധിച്ചുള്ള കോഡ് തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് എതിരാണ്. മാത്രമല്ല 300 വരെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവരുടെ എണ്ണം കുറയ്ക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങേണ്ടിയിരുന്നത് ഒഴിവാക്കി. ഇതിനോടൊപ്പം ജോലിയ്ക്കെടുത്തയുടനെ പിരിച്ചുവിടാനുള്ള അവകാശവും തൊഴിൽദാതാക്കൾക്ക് ലഭ്യമാക്കി. ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനോ അവരുടെ യഥാർത്ഥ അവകാശങ്ങൾക്കു വേണ്ടി പോരാടാനോ സാധിക്കാത്ത രീതിയിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തു. ഫലത്തിൽ സമരം സംഘടിപ്പിക്കുകയോ പങ്കാളികളാകുയോ ചെയ്താൽ തൊഴിലാളികളിൽ നിന്നും കനത്ത പിഴ ഈടാക്കിക്കൊണ്ട് തൊഴിൽ സമരങ്ങൾ അടിച്ചമർത്തി. തൊഴിലാളി സമരങ്ങളെ അനുകൂലിക്കുന്നവർക്ക് കനത്തപിഴയും ജയിൽവാസവും ചുമത്തും. എന്നാൽ തൊഴിൽ കോഡിലെ തൊഴിലാളി അനുകൂല നിയമങ്ങൾ കാറ്റിൽ പറത്തുന്ന തൊഴിൽ ദാതാക്കൾക്ക് ഒരു ശിക്ഷയും ലഭിക്കില്ല

* സാമൂഹ്യസുരക്ഷാ കോഡിലൂടെ സാർവ്വത്രിക സാമൂഹ്യ സുരക്ഷ ഉറപ്പാകുമെന്ന സർക്കാരിന്റെ വാദങ്ങൾ തികച്ചും വഞ്ചനാപരവും കപടവുമാണ്. നിർദ്ദിഷ്ഠ കോഡിൽ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന ഒരൊറ്റ നിർദ്ദേശങ്ങളില്ല. ഇപിഎഫ്, ഇഎസ്ഐ, നിർമ്മാണ തൊഴിലാളി ക്ഷേമ സെസ് ആക്റ്റ് തുടങ്ങിയവയെല്ലാം സംയോജിപ്പിച്ച് പ്രധാനമന്ത്രി അധ്യക്ഷനായ ദേശീയ ഉപദേശക സമിതിയുടെ കീഴിലാക്കിയിരിക്കുന്നത്. ഇതിന്റെ ഉദ്ദേശം എന്താണെന്നു വെച്ചാൽ സാമൂഹ്യ സുരക്ഷാ പദ്ധതികളിലൂടെ തൊഴിലാളികൾ നിക്ഷേപിക്കുന്ന കോടിക്കണക്കിനു തുക ഓഹരി വിപണിയിലെത്തും.

ഇതു മാത്രമല്ല നിയുക്ത സാമൂഹ്യ സുരക്ഷാ കോഡ് 'നിയമനിർമ്മാണത്തിലെ ചരിത്രപരവും വിപ്ലവകരവുമായത്' എന്നാണ് ബിജെപി അനുകൂല തൊഴിലാളി സംഘടനയായ ബിഎംഎസ് പറഞ്ഞിരിക്കുന്നത്. തൊഴിലാളികളോട് എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഒരു തൊഴിൽ സംഘടനയെന്ന നിലയിൽ ഇത്ര വിചിത്രവും പരിഹാസ്യവും അപകടകരവുമായ വാദം ഉന്നയിക്കുമോ?

എന്താണ് ഈ സർക്കാർ ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നത്? മോദി സർക്കാർ പ്രവർത്തിക്കുന്നത് സ്വദേശികളും വിദേശികളുമായ കുത്തകകളുടേയും വ്യവസായ ഭീമൻമാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനും ലാഭമുണ്ടാക്കി കൊടുക്കാനുമാണ്. ഇൻഡ്യയിലെ തൊഴിൽ നിയമങ്ങൾ തൊഴിൽദാതാക്കളുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് എതിരാണെന്നും അതുകൊണ്ട് മുന്നറിയിപ്പില്ലാതെ തൊഴിലാളികളെ പിരിച്ചുവിടാനും ഫാക്ടറികൾ പൂട്ടാനുമുള്ള അവകാശം അവർക്ക് ലഭ്യമാക്കണമെന്നും അവർ ആവശ്യപ്പെടുന്നു. ട്രേഡ് യൂണിയനുകളില്ലാത്ത സമരങ്ങൾ നടത്താത്ത തൊഴിലിടങ്ങളാണ് കുത്തകകൾ ലക്ഷ്യമാക്കുന്നത്. തൊഴിലാളി ക്ഷേമത്തിന് കുത്തകകൾ പ്രാധാന്യം നൽകുന്നില്ല, അവരുടെ ലക്ഷ്യം ലാഭം മാത്രം

നമ്മുടെ രാജ്യത്തെ തൊഴിലാളികളിൽ 90 %മാനവും തൊഴിൽ നിയമങ്ങളുടെ കീഴിൽ വരുന്നില്ല.സംഘടിത സ്ഥാപനങ്ങളിലെ 50 ശതമാനത്തിലധികം തൊഴിലാളികളും കരാറടിസ്ഥാനത്തിലാണ് തൊഴിലെടുക്കുന്നത്. അസംഘടിത- സ്വകാര്യ മേഖലയിലെത്തുമ്പോൾ കരാർ തൊഴിലാളികളുടെ എണ്ണം 70 ശതമനാത്തിലധികം വരും. അവർ തൊഴിൽ നിയമത്തിന്റെ പരിധിയിൽ വരുന്നതേയില്ല. ചെറുകിട തൊഴിലാളികൾ ഉൾപ്പടെയുള്ളവർ തൊഴിൽ നിയമത്തിന്റെ പരിധിയിൽ വരുമെങ്കിലും കൃത്യമായ കാര്യനിർവ്വഹണശേഷിയില്ലാത്തു മൂലം കൃത്യമായി നടപ്പാക്കാൻ സാധിക്കുന്നില്ല. 'ശ്രമേവ ജയതേ' എന്ന പദ്ധതിയിലൂടെ ചെറുകിട തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ കീഴിൽ എത്തിക്കുന്നത് സർക്കാർ തടഞ്ഞു. അതിനു വേണ്ടി നിരന്തരമായി കമ്പ്യൂട്ടർ അധിഷ്ഠിത പരിശോധന നടത്തി അവരെ അശക്തരാക്കി. എങ്കിലും തൊഴിൽ ദാതാക്കൾ അസംപ്തൃപ്തരാണ്. തൊഴിലാളികളെ കൂടുതൽ ഞെക്കിപ്പിഴിഞ്ഞ് ലാഭമുണ്ടാക്കാൻ അവരാഗ്രഹിക്കുന്നു

ഇതിലൂടെയൊക്കെ ബിജെപി സർക്കാർ കുത്തക മുതലാളിമാരേ സന്തോഷിപ്പിക്കുന്നു.

അപ്രന്റീസ് ആക്റ്റും ഭേദഗതി വരുത്താൻ അവർ ആലോചിക്കുന്നുണ്ട്. അപ്രന്റിസുകൾ വർഷങ്ങളോളും ഒരു തൊഴിൽശാലയിൽ കഴിഞ്ഞാലും അഹർതപ്പെട്ട വേതനമോ ആനുകൂല്യങ്ങളോ ലഭിക്കില്ല. അതുകൊണ്ടു തന്നെ കുത്തകകളെ സന്തോഷിപ്പിക്കാൻ അപ്രൻഡീസ് ആക്റ്റ് ഭേദഗതി ചെയ്ത് കരാർ, ദിവസവേതന തൊഴിലാളികളെ അതിലുൾപ്പെടുത്താനാണ് നീക്കം. അങ്ങനെ തൊഴിൽ ദാതാക്കൾ തങ്ങളുടെ തൊഴിലാളികളിൽ 30 % പേരേ അപ്രന്റിസുകളാക്കിയാൽ പേരിനു മാത്രം ശമ്പളം നൽകി തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാൻ അവർക്കാകും

അപ്രൻഡീസ് നിയമ ഭേദഗതിയ്ക്കു ശേഷം ദേശീയ തൊഴിൽവൈദഗ്ധ്യ പദ്ധതിയിലൂടെ (നീം) സ്ഥിരം തൊഴിലാളികൾക്കു പകരം ട്രെയിനികളേയോ അപ്രന്റീസുകളേയോ തൊഴിൽശാലകളിൽ നിയമിക്കാനുള്ള പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നു. 'നീം' 2017 പദ്ധതിയിലൂടെ സ്ഥിരം തൊഴിലാളികളെ പിരിച്ചു വിട്ട് പകരം മൂന്നു വർഷത്തേയ്ക്ക് നിശ്ചിത തുക ശമ്പളം മാത്രം നൽകി, മറ്റാനുകൂല്യങ്ങൾ നൽകാതെ ട്രെയിനികളായി നിലനിർത്തനാണ് സർക്കാരിന്റെ ശ്രമം. നോയിഡയിലെ മൾട്ടി നാഷണൽ കമ്പനികളിലും യു പിയിലെ ഓട്ടോ സ്പെയർ പാർട് കമ്പനിയിലും 400 ട്രെയിനികളെ നിയമിക്കുകയും 450 പേരേ പിരിച്ചുവിടുകയും ചെയ്തു. എം/എസ് ചെം പ്ലാസ്റ്റിന്റെ തമിഴ്നാട്ടിലേയും പുതുച്ചേരിയിലേയും ഫാക്ടറികളിൽ അവരുടെ സ്ഥിരം, കരാർ തൊഴിലാളികളെ കൊണ്ട് വി ആർ എസ് എടുപ്പിച്ച് നീം ട്രെയിനികളെ നിയമിച്ചിരിന്നു. ബിജെപി, ബിജെപി സഖ്യ സർക്കാർ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ തൊഴിൽ മന്ത്രാലയങ്ങൾ നീതിയുക്തമല്ലാത്ത ഈ പരീക്ഷണം നടപ്പാക്കുന്നുണ്ട്.

ബിജെപി സർക്കാർ ഭേദഗതികളോടെ അവതരിപ്പിച്ച് തൊഴിൽ നിയമമനുസരിച്ച് ഏതെങ്കിലും സ്ഥാപനത്തിൽ 19 നും 40 നും ഇടയിൽ തൊഴിലാളികളുണ്ടെങ്കിൽ അവരെ ചെറുകിട തൊഴിൽ സ്ഥാപനമായി കണക്കാക്കും. വളരെ ലളിതമായ തൊഴിൽ നിയമങ്ങളിൽ നിന്നു വ്യത്യസ്തമായി ഭേദഗതി ചെയത 16 പ്രധാന തൊഴിൽ നിയമങ്ങളായ ഫാക്ടറീസ് ആക്റ്റ്, പേമെന്റ് ഓഫ് വേജ് ആക്റ്റ്, മിനിമം കൂലി ആക്റ്റ്, വീക്ക്ലീ ഹോളീഡേയ്സ് ആക്റ്റ്, കരാർ തൊഴിലാളി നിയമം, നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം, ബോണസ് ആക്റ്റ്, പ്ലാന്റേഷൻ ലേബർ ആക്റ്റ്, ഈകൽ റെ

മ്യൂണറേഷൻ ആക്റ്റ് എന്നിവ അനുസരിച്ച് പ്രവർത്തിക്കുകയും നികുതി റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുകയും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുകയും വേണം. സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തോടെ മിക്കവാറും സ്ഥാപനങ്ങൾക്ക് വലിയ നിക്ഷേപങ്ങളും വലിയ ലാഭവുമാണുള്ളത്.ഇവിടങ്ങളിൽ 40 പേരിൽ താഴെ ജീവനക്കാർ മാത്രമേ കാണൂ. മാത്രമല്ല രാജ്യത്തെ 72 % ത്തിലധികം ഫാക്ടറികൾക്കും വളരെ എളുപ്പത്തിൽ ഈ 16 തൊഴിലാളി നിയമങ്ങളും കാറ്റിൽ പറത്താനാകും

നിലവിലെ ബിജെപി സർക്കാർ ഭേദഗതികളോടെ പകുതി പാസാക്കിയ ഫാക്ടറി ആക്റ്റ് അനുസരിച്ച് 40 തൊഴിലാളികൾ താഴെയുള്ള ഫാക്ടറികളും (അതായത് പവർ ഇല്ലാതെ പ്രവർത്തിക്കുന്നത്)20 തൊഴിലാളികളിൽ താഴെയുള്ള ഫാക്ടറികളും (പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്നത്) ഫാക്ടറി ആക്റ്റിനു പുറത്തുപോകും. അതോടെ ഇത്തരം ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽസമയത്തിലും അധികസമയവേതനത്തിലും അധികസമയത്തിലും, തൊഴിലിടത്തിലെ സുരക്ഷയ്ക്കുമൊന്നും യാതൊരു മാനദണ്ഡവും ഇല്ലാതാകും

അടിസ്ഥാന തൊഴിലുടമ ഒരു കരാറുകാരനിൽ നിന്നും ഏറ്റെടുത്തിരിക്കുന്ന തൊഴിലാളികളെ കരാർ തൊഴിലാളികളായി കണക്കാക്കില്ല. മാത്രമല്ല ഇവർ നിയമത്തിന് പുറത്താണു താനും. 50 തൊഴിലാളികളിൽ താഴെ മാത്രം താഴെയുള്ള തൊഴിൽശാലകൾക്ക് ലൈസൻസ് എടുക്കേണ്ടതില്ല. അങ്ങനെ തൊഴിൽദാതാവ് എല്ലാത്തരത്തിലുമുള്ള പരിശോധനകളിൽ നിന്നും നിയമങ്ങളിൽ നിന്നും രക്ഷപെടും. ഈ നിയമം പാസായാൽ എല്ലാത്തരത്തിലുമുള്ള സ്ഥിരം ജോലികളും ഇല്ലാതാകും.

അതിനുശേഷം ഘട്ടംഘട്ടമായി സ്ഥിരം തൊഴിലെന്ന സങ്കല്പം തന്നെ തൊഴിലിടങ്ങളിൽ നിന്നു മാറ്റിക്കളയാനുള്ള ശ്രമത്തിലാണ് കേന്ദ്ര സർക്കാർ. ഇതിനായി ഒരു എക്സിക്യൂട്ടീവ് ഓർഡർ വഴി കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലുള്ള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്ററാൻഡിംഗ് ഓർഡർ ആക്റ്റ് എടുത്തു കളയും. എല്ലാ തൊഴിലിടങ്ങളിലും നിശ്ചിത കാലത്തേക്കുള്ള തൊഴിലിന് അനുമതി നൽകും. ഇത്തരം തൊഴിലാളികളെ പിരിച്ചുവിടുന്നതിന് എന്തെങ്കിലും തരത്തിലുള്ള നോട്ടീസോ നഷ്ടപരിഹാരമോ നൽകേണ്ടി വരില്ല. നിലവിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരം ജീവനക്കാരുണ്ട്. ഈ പ്രതിഭാസം താമസിയാതെ മറ്റ് തൊഴിലിടങ്ങളിലേയ്ക്കും വ്യാപിയ്ക്കും ,ഇത് സ്ഥിരം തൊഴിലാളികളെ ബാധിക്കുകയും ചെയ്യും.

തൊഴിൽ നിയമത്തിൽ അടിമുടി മാറ്റങ്ങൾ വരുത്തുമ്പോൾ മിക്കവാറും തൊഴിലാളികൾ നിയമങ്ങൾക്കു പുറത്തു പോകും. അപ്രന്റീസ് ആക്റ്റ്, കോൺട്രാക്ട് ലേബർ ആക്റ്റ്, തുടങ്ങിയവ ഭേദഗതി വരുത്തിക്കഴിയുമ്പോൾ തൊഴിൽശാലകളിലെ തൊഴിലാളികൾ താൽക്കാലികവും സുരക്ഷിതത്വ മില്ലാത്തവരുമായി മാറും. ട്രേഡ് യൂണിയൻ അവകാശങ്ങൾ ഇല്ലാതാകും. സർക്കാരുമായി അടുപ്പം സൂക്ഷിക്കുന്ന കുത്തക ഭീമൻമാർക്ക് അവരുടെ ബിസിനസുകൾ എളുപ്പത്തിൽ ചെയ്യാനാകും. അതുകൊണ്ട് തന്നെ തൊഴിലാളികൾ അവരുടെ യഥാർത്ഥ ശത്രുക്കളെ തിരിച്ചറിയണം.

ബിജെപി ഭരിക്കുന്ന രാജസ്ഥാനിൽ ഭേദഗതികളോടെ അവതരിപ്പിച്ച തൊഴിൽ നയം പിൻതുടരാൻ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മധ്യപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഹരിയാനാ സർക്കാരുകൾ രാജസ്ഥാനെ പിൻതുടർന്ന് കേന്ദ്രസർക്കാരിന്റെ ഈ നിർദ്ദേശങ്ങൾ സന്തോഷത്തോടെ നടപ്പാക്കുന്നു. ഹിമാചൽ പ്രദേശും ഉത്തർപ്രദേശും ഇതേ രീതി പിൻതുടരാൻ ആഗ്രഹിക്കുന്നു.

തെരഞ്ഞെടുപ്പ് കാലത്ത് പണം കൊണ്ടും തുടർന്ന് മാധ്യമങ്ങളെ ഉപയോഗിച്ചും ബിജെപിയെ സഹായിച്ച സ്വദേശികളും വിദേശികളുമായ കുത്തകകൾക്ക് തിരിച്ചു സഹായം ചെയ്യുകയാണ് നിലവിൽ ബിജെപി സർക്കാർ.

തൊഴിൽ നിയമം ഭേദഗതി ചെയ്യുന്നത് നിക്ഷേപകരെ ആകർഷിക്കാനും പുതിയ തൊഴിൽ

സൃഷ്ടിക്കാനുമാണെന്ന് പറയുന്നത് വെറുംവഞ്ചനയാണെന്ന് ലോക തൊഴിലാളി സംഘടന വ്യക്തമാക്കുന്നു.

മാത്രമല്ല തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾ ഹനിച്ചുകൊണ്ട് തൊഴിലാളികളെ അടിമ വേലയിലേയ്ക്ക് തള്ളിവിടുന്ന സർക്കാരിന്റെ നയങ്ങളെ ശക്തമായി എതിർത്തുകൊണ് സെപ്റ്റംബർ അഞ്ചിനു പാർലമെന്റിനു മുന്നിലേക്ക് മസ്ദൂർ കിസാൻ സംഗർഷ് റാലി സംഘടിപ്പിച്ചിരിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരായ നയങ്ങളെ അംഗീകരിക്കാൻ കഴിയില്ല. അടിമപ്പണി ഒരിക്കലും നടപ്പാകില്ല തുടങ്ങീകാര്യങ്ങൾ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിന് ബോധ്യപ്പെടുത്തണം

99.9 ശതമാനം ജനങ്ങളെയും അവഗണിച്ച് 0.1 ശതമാനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സർക്കാരിനെതിരേ ഒന്നിക്കൂ, പോരാടൂ

## Talking Point- 6.

## സ്വകാര്യവൽക്കരണം

ദേശസ്നേഹവും ദേശീയതയും പറഞ്ഞുനടക്കുന്ന നരേന്ദ്ര മോദി സർക്കാർ നാലു വർഷത്തെ അവരുടെ ഭരണത്തിനിടയിൽ രാജ്യത്തിന്റെ പൊതു ആസ്തികളിൽ പലതും സ്വകാര്യ കുത്തകകൾക്ക് തീറെഴുതിക്കൊടുത്തു. രാജ്യത്തെ പൊതു മേഖലാ സ്ഥാപനങ്ങളിൽ പലതിന്റെയും ഓഹരി പങ്കാളിത്തം സ്വകാര്യമേഖലയിലേയ്ക്ക് വ്യാപിപ്പിച്ചു. സർക്കാർ കണക്കനുസരിച്ച് 1.96 ലക്ഷം കോടി രൂപയുടെ പൊതു ആസ്തിയാണ് സ്വകാര്യ മേഖലയ്ക്ക് കൈമാറിയിരിക്കുന്നത്.

ഇതുകൊണ്ടൊന്നുമായില്ല. രാജ്യത്തെ ധാതുവിഭവങ്ങൾ, തടാകങ്ങൾ, നദികൾ, കരപ്രദേശങ്ങൾ, വനഭൂമി, സർക്കാർ സ്കൂളുകൾ, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കമ്പനികൾ ഇവയെല്ലാം വില്ക്കാനാണ് സർക്കാരിന്റെ ശ്രമം. പ്രതിരോധ മേഖലയിൽ മുതൽ എണ്ണ ഉൽപാദനം രംഗംവരെ, മരുന്നുല്പാദനം മുതൽ സ്കൂളുകൾ വരെ കൊള്ളലാഭം കൊയ്യുന്ന സംരഭങ്ങളായി തീരുന്നത് എത്ര പെട്ടന്നാണ്. പുതുക്കി നിർമ്മാണം എന്ന പേരിൽ ചരിത്ര സ്മാരകങ്ങൾ വരെ സ്വകാര്യ കുത്തകകൾക്ക് കൈമാറിക്കൊണ്ട് സർക്കാർ അവരോട് കാണിക്കുന്ന പ്രതിബദ്ധത നാണിപ്പിക്കുന്നതാണ്.

ദേശിയതയെയും മാതൃഭൂമിയെയും കുറിച്ച് ഇത്രയധികം ചർച്ചകൾ നടത്തിയിട്ട്,അതേ മാതൃരാജ്യത്തെ സ്വദേശത്തും വിദേശത്തുമുള്ള കുത്തകഭീമൻമാർക്ക് തീറെഴുതിക്കൊടുത്ത നാണംകെട്ട രാജ്യസ്നേഹം മുൻപ് മറ്റൊരു രാജ്യത്തും ഉായിട്ടുാവില്ല.

’മേക്ക് ഇൻ ഇൻഡ്യാ’, പദ്ധതിയുടെ മറവിൽ ലോകത്താകമാനം സന്ദർശനം നടത്തിക്കൊ് മോദിയും അദ്ദേഹത്തിന്റെ മന്ത്രിമാരും ഇൻഡ്യയെ വിൽക്കുകയാണ്. ഈ പദ്ധതിയുടെ മറവിൽ ആഗോളകുത്തക ഭീമൻമാർക്ക് നമ്മുടെ രാജ്യത്ത് തൊഴിൽശാലകൾ തുടങ്ങാനും, വളരെ കുറഞ്ഞ വേതനത്തിൽ ഇവിടുത്തെ പാവപ്പെട്ട തൊഴിലാളികളെക്കൊണ്ട് അറവുമാടുകളെ പോലെ പണിയെടുപ്പിച്ച് അവർക്ക് ലാഭം കൊയ്യാനും മോദി അവസരമൊരുക്കുന്നു

**പൊതുമേഖലയുടെ വില്പന**

പൊതുമേഖലയുടെ ചില വിഭാഗങ്ങളെ സ്വകാര്യകുത്തകകൾക്ക് തീറെഴുതുന്ന നയമാണ് നവലിബറൽ ഭരണകൂടങ്ങൾ അവലംബിച്ചിരിക്കുന്നത്. കോൺഗ്രസ് ന്നേതൃത്വത്തിലുള്ള യുപിഎ സർക്കാർ അവരുടെ പത്തുവർഷത്തെ ഭരണകാലയളവിൽ 1.08 ലക്ഷം കോടി വിലമതിക്കുന്ന പൊതുസ്വത്താണ് കുത്തകകൾക്കു വേണ്ടി സ്വകാര്യവൽക്കരിച്ചത്. എന്നാൽ യുപിഎ സർക്കാരിന്റെ ഈ നയങ്ങൾ മോദി സർക്കാർ പുതിയ രീതിയിൽ അവതരിപ്പിച്ചു. കോൺഗ്രസ് പത്തുവർഷം കൊണ്ട് വിറ്റുകളഞ്ഞതിന്റെ ഇരട്ടി മോദി സർക്കാർ നാലു വർഷം കൊണ്ട് തീറെഴുതിക്കൊടുത്തു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ആസ്തി ഏതാണ്ട് രണ്ട് ലക്ഷം കോടിയിലധികവും, ആകെ തൊഴിലാളികളുടെ എണ്ണം 12.3 ലക്ഷത്തിലധികവും വരും. സർക്കാർ കണക്കനുസരിച്ച് ആകെ ഓഹരി മൂല്യം 7095 കോടി രൂപയും. ഈ പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിന്റെ സ്വയംപര്യാപ്ത സമ്പദ് വ്യവസ്ഥയ്ക്കൊരു രക്ഷകനാണ്. ഈ കമ്പനികൾ നൽകുന്ന ലാഭം സർക്കാർ രാജ്യത്തിന്റെ പൊതുവായുള്ള വളർച്ചയ്ക്കായി ഉപയോഗിക്കുന്നു. ഒരിക്കൽ ഇവ സ്വകാര്യവൽക്കരിക്കുന്നതോടെ ഈ ലാഭം മുഴുവൻ കുത്തകകളുടെ പോക്കറ്റുകളിലേയ്ക്ക് നിർലോഭം പ്രവഹിക്കും.

ഈ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല, പതിനഞ്ച് ലക്ഷത്തോളം ജീവനക്കാരോളം തൊഴിലെടുക്കുന്ന ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളിലെ ഓഹരികൾ സർക്കാർ വിൽക്കുകയാണ്. ഇത്തരം ലയനങ്ങളിലൂടെയോ ഓഹരി പങ്കാളിത്തത്തിലൂടെയോ വിദേശ കുത്തകകൾ ഈ കമ്പനികളിൽ നിന്നും ലാഭം മത്രമെടുത്തു തിരികെ പോകില്ല. ഇത് തൊഴിൽ നഷ്ടങ്ങൾക്കും ഇടയാക്കും. യുപിഎ സർക്കാരിന്റെ കാലത്തു തന്നെ രാജ്യത്ത് പ്രവർത്തനമാരംഭിച്ച സ്വദേശികളും വിദേശികളുമായ സ്വകാര്യ ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും കൂടി നേരത്തേ തന്നെ പൊതുമേഖലാ ബാങ്കുകളുടെയും ഇൻഷുറൻസ് കമ്പനികളുടെയും കടയ്ക്കൽ കത്തിവെച്ചിരുന്നു.

പൊതുമേഖലാ കമ്പനികളുടെ ഓഹരി വില്പന രാജ്യത്തെ ജനങ്ങളെ കാര്യമായി ബാധിക്കും. സ്വകാര്യ കുത്തകകളെ സംബന്ധിച്ച് അവർ ആർജ്ജിച്ചെടുത്ത വ്യാവസായിക യൂണിറ്റുകളിലെ ലാഭം അവരൂറ്റിയെടുക്കും. ഇന്നുവരെ രാജ്യത്തിന്റെ വളർച്ചയ്ക്കു വേണ്ടി സംഭാവന ചെയ്തവരാണിവർ. അതുകൊണ്ടു തന്നെ പണം മുടക്കി ഓഹരിയെടുത്താലും ഒന്നും ചെയ്യാതെ പണം പോക്കറ്റിലെത്തുമെന്ന് സ്വകാര്യ കുത്തകകൾക്ക് നന്നായി അറിയാം.

പൊതുമേഖലയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് മറ്റ് ചില പ്രധാനപ്പെട്ട കാര്യം കൂടി ഓർക്കേണ്ടതുണ്ട്. രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കപ്പെടാൻ തന്ത്രപ്രധാന മേഖലകളിൽ സ്വകാര്യവൽക്കരണം അനുവദിക്കരുത്. പ്രതിരോധമേഖല പോലെ തന്ത്രപ്രധാന വിഭാഗങ്ങളിൽ വിദേശ പങ്കാളിത്തത്തോടെ റിലയൻസ് പോലെയുള്ള കമ്പനികൾക്ക് ഓഹരി നൽകിയാൽ രാജ്യത്തിന്റെ സുരക്ഷ തന്നെ ചോദ്യം ചെയ്യപ്പെടും. ഇത് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെയും സ്വാശ്രയത്തെയും അപകടപ്പെടുത്തുകയല്ലേ?

പൊതുമേഖലയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് മറ്റ് ചില ചോദ്യങ്ങളും ഉയർന്നു വന്നിട്ടു്.തൊഴിലവസരങ്ങളും പൊതുനയവുമായി ബന്ധപ്പെട്ട ചിലതാണത്. ഒരു വലിയ വിഭാഗത്തിന് വെറുതെ തൊഴിൽ നൽകുന്നതു മാത്രമല്ല പൊതുമേഖലാ സ്ഥാപനങ്ങൾ ചെയ്തുകൊണ്ടേിരിക്കുന്ന പ്രവർത്തനം. അവർക്ക് നല്ല ശമ്പളവും ആനുകൂല്യങ്ങളും, സാമൂഹ്യസുരക്ഷയും വാഗ്ദാനം ചെയ്യുന്നു. എന്നാൽ സ്വകാര്യ മേഖല ജീവനക്കാർക്ക് അർഹതപ്പെട്ടതൊന്നും ശരിയായ രീതിയിൽ നൽകുന്നില്ല. ഭരണഘടന ഉറപ്പു നൽകുന്ന എസ് സി /എസ് ടി സംവരണ ആനുകൂല്യങ്ങളൊന്നും സ്വകാര്യമേഖല വാഗ്ദാനം ചെയ്യുന്നില്ല. മാത്രമല്ല . ഒരിക്കൽ സ്വകാര്യവൽക്കരിച്ചു കഴിഞ്ഞാൽ പിന്നെ ഒരു തിരിച്ചുവരവ് അസാധ്യമാണ്.

പൊതുമേഖല കമ്പനികളുടെ ഓഹരിവിറ്റഴിക്കാൻ യഥാർത്ഥത്തിൽ സാമ്പത്തിക പ്രശ്നങ്ങളോ അല്ലെങ്കിൽ ഭരണപരമായ പ്രശ്നങ്ങളോ ഉണ്ടായിട്ടില്ല. പിന്നെന്തു കൊണ്ട് മോദി സർക്കാർ പൊതുമേഖല സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുന്നു.

ആരോഗ്യകരമായ വ്യാവസായിക വളർച്ച നേടുന്നതിനോ തൊഴിൽ സൃഷ്ടിക്കുന്നതിനോ സർക്കാരിന് കഴിഞ്ഞിട്ടില്ല, മാത്രമല്ല കാർഷികരംഗം തകർച്ചയുടെ വക്കിലാണ്. ഇതൊക്കെ മറയ്ക്കാൻ സർക്കാർ നടത്തുന്ന ഗൂഢാലോചനയുടെ ഫലമാണ് പൊതുമേഖലയുടെ ഓഹരിവിറ്റഴിക്കൽ. ഇതിലൂടെ ഖജനാവ് നിറയ്ക്കാനാവുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. നോട്ടസാധുവാക്കലും ചരക്കു സേവന നികുതിയും സർക്കാരിനെ വെട്ടിലാക്കി. ഈ പ്രതിസന്ധികളെ തരണം ചെയ്യാൻ മോ

ദി സർക്കാർ കണ്ടെത്തിയ എളുപ്പമാർഗ്ഗമാണ് പൊതുമേഖലയുടെ സ്വകാര്യവൽക്കരണം.

മാത്രമല്ല സ്വദേശത്തും വിദേശത്തുമുള്ള വൻകിട കുത്തകകളോട് മോദി സർക്കാർ കാണിക്കുന്ന ലജ്ജയില്ലാത്ത വിധേയത്വവും ഈ സ്വകാര്യവൽക്കരണത്തിന് കാരണമാണ്. പാവപ്പെട്ടവന്റെ ക്ഷേമത്തേക്കുറിച്ച് എല്ലായ്പ്പോഴും മോദി വാചാലനാകുന്നു. എന്നാൽ പാവപ്പെട്ടവനെ കുത്തകകളുടെ അടിമകളാക്കുന്ന പ്രവർത്തനമാണ് മോദി സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. പൊതു പണമുപയോഗിച്ച് പടുത്തുയർത്തിയ രാജ്യത്തെ ജനങ്ങളുടെ സമ്പാദ്യം കുത്തകകൾക്ക് അവരുടെ സാമ്രാജ്യം വ്യാപിപ്പിക്കുന്നതിനായി തീറെഴുതിക്കൊടുക്കുന്നു. ദേശീയബോധത്തിന്റെയും രാജ്യസ്നേഹത്തിന്റെയും തിമിരം ബാധിച്ചവർക്ക് സർക്കാർ സൃഷ്ടിക്കുന്ന ദുരിതങ്ങളെ കാണാനാകുന്നില്ല.

**പ്രകൃതി വിഭവങ്ങൾ**

രാജ്യത്തെ പൊതുമേഖല മാത്രമല്ല സ്വകാര്യവൽക്കരിക്കപ്പെടുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള എന്തും കുത്തകകൾക്ക് തീറെഴുതിക്കൊടുക്കകയാണെന്ന് ചുറ്റും വെറുതെയൊന്നു കണ്ണടച്ചാൽ ഇത് കാണാനാകും. നദികളിലെ ജലം, ധാതു വിഭവങ്ങൾ, റോഡുകൾ, പാലങ്ങൾ, തുറമുഖങ്ങൾ, കപ്പലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നു വേണ്ട സകലതും സ്വകാര്യവൽക്കരിക്കപ്പെടുന്നു.

രാജ്യത്തെ പ്രകൃതി വിഭവങ്ങൾ പോലും സ്വകാര്യവൽക്കരണത്തിലൂടെ ചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണ് മോദി സർക്കാർ. ഇരുമ്പയിരുകൾ അടങ്ങിയതും അടങ്ങാത്തുമായ ധാതുക്കൾ, കൽക്കരി, എണ്ണ, പ്രകൃതി വാതകം, വനം, ജലസമ്പത്ത്, ഹൈഡ്രോ പവർ പദ്ധതികൾ എന്നു വേണ്ട സകലതും തീറെഴുതുന്നു. കോൾ ഇൻഡ്യയും നാഷണൽ ഹൈഡ്രോ പവർ കോർപറേഷൻ ഉൾപ്പടെയുള്ള വലിയ ലാഭം സർക്കാരിനുാക്കിക്കൊടുക്കുന്ന സ്ഥാപനങ്ങൾ പോലും സ്വകാര്യവൽക്കരണത്തിന്റെ പാതയിലാണ്.

കൽക്കരി ഖനികൾ സ്വകാര്യ കമ്പനികൾക്ക് സ്വന്തമായി ചൂഷണം ചെയ്യാനും അമിതലാഭം കൊയ്യാനും അനുവദിക്കപ്പെട്ടിരിക്കുന്നു. ഖനികളിലെ സ്ഥിരം തൊഴിലുകൾ കരാർ തൊഴിലോ,താൽക്കാലിക ജോലിയോ ആക്കി മാറ്റിയിട്ടുണ്ട്. മാത്രമല്ല സകല പരിസ്ഥിതി നിയമങ്ങളും കാറ്റിൽ പറത്തിയാണ് ഇവ പ്രവർത്തിക്കുന്നത്. ഇവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ വകതിരിവില്ലാതെ പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു.

എണ്ണ-വാതക ഖനനം റിലയൻസ് തുടങ്ങിയ കുത്തകകൾക്ക് വളരെ നേരത്തേ തീറെഴുതിയതാണ്. മോദി സർക്കാർ ദേശവിരുദ്ധമായ ഈ നിലപാടുകൾ തുടരുകയാണ്. പ്രമുഖ പൊതുമേഖലാ സ്ഥാപനമായിരുന്ന ഒഎൻജിസിയുടെ 18 % ഓഹരികൾ വിറ്റഴിക്കുമെന്നും ഇതിലൂടെ 41000 കോടിരൂപ ലഭ്യമാകുനെന്നും സർക്കാർ കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു.

രാജ്യത്തെ 56,069.37 ഹെക്ടർ വനഭൂമി പല പദ്ധതികൾക്കുമെന്ന പേരിൽ സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. പുതിയ വനനയമനുസരിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വന മേഖല വികസിപ്പിക്കുക എന്ന ആശയമാണ് സർക്കാർ മുന്നോട്ടുവെച്ചിരിക്കുന്നത്. എന്നാൽ അടിസ്ഥാനപരമായി പറഞ്ഞാൽ ഈ നയത്തിന്റെ മറവിൽ സ്വകാര്യ കരാറുകാരും റിയൽ എസ്റ്റേറ്റുകാരും വന ഭൂമി കൈക്കലാക്കും. സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി നദികളും തടാകങ്ങളും കുളങ്ങളുമുൾപ്പടെയുള്ള പ്രകൃതി വിഭവങ്ങൾ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാനുള്ള ചില ശ്രമങ്ങളും നടന്നുവരുന്നു.

**സ്കൂളുകളും ആശുപത്രികളും**

സർക്കാർ ഫണ്ടുകളുടെ അപര്യാപ്തത മൂലം പൊതുവിദ്യാഭ്യാസം താറുമാറായി. അധ്യാപക

രെ നിയമിക്കാനാകുന്നില്ല. പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം താഴേക്കു പോയി. വിവിധ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ഒരു ലക്ഷത്തോളം സ്കൂളുകൾ പൂട്ടി. അതോടെ സ്വകാര്യസ്കൂളുകൾ തഴച്ചു വളർന്നു. 2010-11 നും 2015-16 നും ഇടയിലുള്ള അഞ്ചു വർഷക്കാലത്തിനുള്ളിൽ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുായി. ഇതു മുതലെടുത്തത് സ്വകാര്യ സ്കൂളുകളാണ്. ഇവിടെ 26 % ത്തോളം കുട്ടികൾ അധികമായെത്തി. സ്വകാര്യ സ്കൂളുകളിലെ ഫീസ് പിടിച്ചാൽ കിട്ടാതെയായി. എന്നാൽവിദ്യാഭ്യാസ നിലവാരത്തിൽ സ്വകാര്യ സ്കൂളുകൾ മുന്നിലാണെന്ന ധാരണയിൽ രക്ഷിതാക്കൾ കുട്ടികളെ സ്വകാര്യ സ്കൂളുകളിലേക്ക് അയച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് 2010-11 കാലയളവിൽ 61 % വിദ്യാർത്ഥികളായിരുന്നു പഠിച്ചിരുന്നതെങ്കിൽ 2015-16 ആയപ്പോഴേയ്ക്കും അത് 67 % മായി ഉയർന്നു.

ആരോഗ്യ മേഖലയുടെ കാര്യവും വ്യത്യാസമല്ല. സേവനമേഖലയായ ആരോഗ്യ രംഗവും സ്വകാര്യവൽക്കരിക്കപ്പെട്ടു. മെഡിക്കൽ പരിശോധനകൾക്കായി സർക്കാർ ആശുപത്രികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കാൻ തുടങ്ങി. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പടെയുള്ള മരുന്നുകളും വില കൂടുതലുള്ള മരുന്നുകൾക്കുമായി രോഗികൾക്ക് സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടായി വന്നു. അടിസ്ഥാന സൗകര്യമില്ലായ്മയും, ഡോക്ടർമാരുടെയും ഉപകരണങ്ങളുടെയും അഭാവം മൂലവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും താലൂക്കാശുപത്രികളുടെയും പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായി. ഇതോടെ സ്വകാര്യ ആശുപത്രികൾ തഴച്ചു വളർന്നു. ഭരണകൂടത്തെ കൈയ്യിലെടുത്ത് നിസാര വിലയ്ക്ക് ഭുമി വാങ്ങി അവിടെ സകല വിധ സൗകര്യങ്ങളോടും കൂടി ആശുപത്രി കെട്ടിടങ്ങൾ പടുത്തുയർത്തുന്നു. ഇതോടെ മികച്ച പഠനത്തിനായി സ്വകാര്യ സ്കൂളുകളെ ആശ്രയിക്കുന്നതു പോലെ മികച്ച ചികിൽസയ്ക്കായി ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ തുടങ്ങി. അവർ ജനങ്ങളെ കൊള്ളയടിക്കാനും. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും സ്റ്റാഫുകളുടെ കുറവും സ്വകാര്യ ആശുപത്രികൾ രാജ്യത്ത് തഴച്ചു വളരാൻ കാരണമാകുന്നു.

സ്വകാര്യ ആശുപത്രികൾ ജനങ്ങളെ കൊള്ളയടിക്കുന്നത് ഒഴിവാക്കാനായി സമഗ്രവും സൗജന്യവുമായി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകി. പക്ഷെ സർക്കാരിന്റെ ഈ പദ്ധതിയും പൊളിഞ്ഞു. ഈ പദ്ധതിയുടെ മറവിൽ ഇൻഡ്യയിലെത്തിയ സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ കോടികൾ ലാഭം കൊയ്തു. അവിടെയും പൊതുജനങ്ങൾ വഞ്ചിക്കപ്പെട്ടു . ഇതാണ് സ്വകാര്യവൽക്കരണത്തിന്റെ യഥാർത്ഥ മുഖം.

**റെയിൽവേ മുതൽ ചെങ്കോട്ട വരെ**

മോദിസർക്കാരിനു വേണ്ടി പ്രവർത്തിക്കുന്ന കുബുദ്ധിക്കാരായ ഉപദേശകർ എങ്ങനെ സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കാമെന്ന ആലോചനയിലാണ്. 23 പ്രധാന റെയിൽവേ സ്റേറഷനുകൾ സ്വകാര്യവൽക്കരിച്ചു കഴിഞ്ഞു. ഈ സ്റ്റേഷനുകൾ ഏറ്റെടുക്കുന്നതിലൂടെ സ്വകാര്യ കമ്പനികൾക്ക് ലഭിക്കുന്നത് അവിടുത്തെ മുഴുവൻ സ്ഥലങ്ങളും തങ്ങളുടെ കമ്പനികളുടെ പരസ്യങ്ങൾക്കും പ്രചാരത്തിനായും ഷോപ്പുകൾ വാടകയ്ക്കു നൽകാനും മറ്റും ഉപയോഗിക്കാനാകും എന്നതാണ്. റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദേശ പ്രത്യക്ഷ നിക്ഷേപ (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്) ത്തിന് സർക്കാർ അനുമതി നൽകി കഴിഞ്ഞു.

സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിരിക്കുന്ന മറ്റൊരു പ്രധാന കൈമാറ്റമാണ് താജ്മഹലിന്റേതും ചെങ്കോട്ടയുടേതും. ഈ ചരിത്രസ്മാരകങ്ങളുടെ സംരക്ഷണവും നടത്തിപ്പും ഇപ്പോൾ തന്നെ സ്വകാര്യ കമ്പനികളെ ഏൽപിച്ചു കഴിഞ്ഞു. ചരിത്രകാരൻമാരുടെയും ചരിത്രഗവേഷകരുടെയും എതിർപ്പുകൾ വകവെയ്ക്കാതെയാണ് ചെങ്കോട്ടയും തെലങ്കാനയിലെ ചരിത്ര സ്മാരകമായ ഗൊൽക്കൊയും ബിസിനസ് രംഗത്തെ അതികായരായ ഡാൽമിയ ഗ്രൂപ്പിന് കൈമാറിയിരിക്കുന്നത്. ഒന്നാം സ്വാതന്ത്ര്യ സമരത്തെ അനുസ്മരിപ്പിക്കുന്ന, എല്ലാ വർഷവും സ്വാ

തന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി തന്നെ പതാക ഉയർത്തുന്ന ചെങ്കോട്ടയെ സംരക്ഷിക്കാൻ, ദേശീയതയെ കുറിച്ച് തുറന്നു പറഞ്ഞുകൊണ്ട് ചോദിക്കട്ടെ, അത് സർക്കാരിന്റേതായി നിലനിർത്താൻ കഴിയില്ലേ?

നവലിബറൽ നയങ്ങളുടെ ബാക്കിപത്രമാണ് ഇവയൊക്കെ. നവലിബറലിസമാണ് നമ്മെ നയിക്കുന്നത്. ഇത് തുടരാനാവില്ല. ഇത് അവസാനിപ്പിക്കാം. തൊഴിലാളി വർഗം, അധ്വാനിക്കുന്ന മറ്റു വിഭാഗങ്ങളുമായി കൂടി ചേർന്നു മാത്രമേ ഇതവസാനിപ്പിക്കാൻ കഴിയൂ

നമുക്ക് സർക്കാരിനോട് ആവശ്യപ്പെടാം

* *സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക;പൊതുമേഖല ശക്തിപ്പെടുത്തുക; സ്വയം പര്യാപ്തമായ സമ്പദ് വ്യവസ്ഥ കെട്ടിപ്പെടുക്കുക*

* *പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുക; പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക*

* *പൊതു ആരോഗ്യരംഗം മെച്ചപ്പെടുത്തുക; അടിസ്ഥാന സൗകര്യം വികസിപ്പിക്കുക പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്യൂണിറ്റി സെന്ററുകളിലും അവശ്യ ഉപകരണങ്ങൾ, ആവശ്യത്തിന് ജീവനക്കാർ, ഡോക്ടർമാർ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക. ആദിവാസികൾക്കും ഉൾപ്രദേശങ്ങളിലുള്ള മറ്റ് വിഭാഗത്തിനും ഫലപ്രദവും സമയബന്ധിതവുമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക*

* *എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും ആവശ്യത്തിന് അധ്യാപകരെ നിയമിക്കുക.*

ഇതു സാധ്യമാകും. ഇതിന് ആവശ്യത്തിനുള്ള മനുഷ്യസാമ്പത്തിക വിഭവശേഷി നമുക്കുണ്ട്. എന്നാൽ കുത്തകകളാണോ ജനങ്ങളാണോ വലുതെന്ന് സർക്കാർ തീരുമാനിക്കണം. വൻകിട കുത്തകകൾക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും എടുത്തു കളയണം. മാത്രമല്ല വലിയ തുക നികുതി ഇനത്തിൽ ഇവർക്ക് ചുമത്തുകയും ചെയ്യുക. പന്ത്രണ്ട് കോടിയിലധികം ബാങ്ക് വായ്പ എടുത്ത് തിരിച്ചടയ്ക്കാത്ത വൻകിടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

നവലിബറൽ നയങ്ങളോട് ആഭിമുഖ്യമുള്ള സർക്കാരുകൾ രാജ്യത്തെ പൊതുജനത്തിന്റെ നന്മയ്ക്കു വേണ്ടി പ്രാവർത്തികമാക്കേണ്ട നവലിബറലിസത്തിനു പകരമുള്ള നയങ്ങൾ സ്വീകരിക്കാൻ വിമുഖത കാട്ടുന്നു.ഇതിനു വേണ്ടി പോരാടുന്നതും നിരന്തരം സമരങ്ങൾ നടത്തുന്നതും അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതും, ഇടത് പാർട്ടികൾ മാത്രമാണ്. പത്യേകിച്ച് ഇവർ ഭരിക്കുന്ന സംസ്ഥാനങ്ങൾ മാത്രമാണ്.

നവലിബറൽ ഭരണകൂടങ്ങളെ ഇല്ലായ്മ ചെയ്ത് രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനും സാധാരണ ജനങ്ങൾക്കും സുഖജീവിതം പ്രധാനം ചെയ്യുന്ന നയങ്ങൾ നടപ്പാക്കാനാണ് ഇടത് സംഘടനകൾ ശ്രമിക്കുന്നത്. നവലിബറൽ നയങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടി കൂടിയാണ് സെപ്റ്റംബർ അഞ്ചിന് ഇടതുപാർട്ടികളുടെ നേതൃത്വത്തിൽ പാർലമെന്റിലേയ്ക്ക് മസ്ദൂർ കിസാൻ സംഘർഷ് റാലി സംഘടിപ്പിച്ചിരിക്കുന്നത്

## Talking Point-7.

### വർഗീയത

നരേന്ദ്രമോദി സർക്കാരിന്റെ ഭരണത്തിലും അവർ പിൻതുടരുന്ന നയങ്ങളിലും, രാജ്യത്താകമാനമുള്ള തൊഴിലാളികളും സാധാരണജനങ്ങളും പൊറുതിമുട്ടിയിരിക്കുന്നു. വിലക്കയറ്റം,തൊഴി

ലില്ലായ്മ, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ്, വേതനസ്തംഭനം, ഉയർന്ന പഠന ചിലവുകൾ, ഉയർന്ന ആശുപത്രി ചിലവുകൾ ഇവയെല്ലാം രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. മോദി സർക്കാർ വാഗ്ദാനം ചെയ്ത നല്ല ദിനങ്ങൾ (അച്ഛാ ദിൻ) എവിടെ? സർക്കാരിന്റെ ഈ കടുത്ത വഞ്ചനക്കെതിരെ 2015 ലും2016 ലും ഇടത് തൊഴിലാളി സംഘടനകളുടെ ആഭിമുഖ്യത്തിൽ വമ്പിച്ച സമരങ്ങൾ നടത്തിയിരുന്നു. തുടർന്ന് 2017 ൽ ഡൽഹി കിട്ടുള്ളതിൽ വെച്ചേറ്റവും വലിയ ധർണ ജന്ദർമന്ദിറിൽ നടന്നു.

മാത്രമല്ല തുടർന്നും ഖനി, ഉരുക്ക്, തുറമുഖ- കപ്പൽശാലകൾ, ബാങ്ക്, ടെലികോം, തോട്ടങ്ങൾ, സർക്കാർ തുടങ്ങീ എല്ലാ മേഖലകളിലെയും തൊഴിലാളികൾ നിരന്തരമായ സമരപരിപാടികൾ സംഘടിപ്പിച്ചു. പൊലീസിന്റെ ബുള്ളറ്റുകളെ വകവെയ്ക്കാതെ കർഷകർ തെരുവിലിറങ്ങി സമരം നടത്തി. തങ്ങളുടെ അവകാശങ്ങൾക്കായി പോരാടുന്നവരുടെ ഐക്യത്തിന്റെ കടയ്ക്കൽ കത്തി വെയ്ക്കുന്ന വർഗീയത ഈ സമരത്തിനും ഐക്യത്തിനും വലിയ ഭീഷണിയായി മാറിയിരിക്കുന്നു.

സർക്കാരിനു തന്നെ ഭീഷണിയായിരിക്കുന്ന ഈ സമരക്കാരേ ഭിന്നിപ്പിക്കാൻ ബിജെപിയും ആർഎസ്എസും ചേർന്ന് വർഗീയത എന്ന വിഷം കുത്തി നിറയ്ക്കുന്നു.

ഈ സർക്കാർ അധികാരത്തിലേറിയ ശേഷം വർഗീയകലാപങ്ങൾ വർദ്ധിച്ചു. 2014 നും 17 നുമിടയിൽ 28% മാണ് ഇത്തരം കലാപങ്ങളിൽ വർദ്ധനവുണ്ടായിരിക്കുന്നത്. മൂന്നു വർഷത്തിനുള്ളിൽ 3000 ത്തോളം കലാപങ്ങളിൽ 400 പേരുടെ ജീവൻ പൊലിയുകയും 9000 ത്തിലധികം പേർ കലാപങ്ങളിൽ പരിക്കേറ്റ് ദുരന്ത സ്മാരകങ്ങളായി ജീവിക്കുകയും ചെയ്യുന്നു. 2014 ൽ366 കലാപങ്ങളാണ് നടന്നതെങ്കിൽ 2017 ആയപ്പോഴേയ്ക്കും കലാപങ്ങളുടെ എണ്ണം 41 % ത്തിലധികം വർദ്ധിച്ച് 475 ആയി.

രാജ്യത്തിന്റെ പലഭാഗങ്ങളിലും തങ്ങളുടെ അവകാശങ്ങൾക്കും ജീവനുവേണ്ടിതന്നെയും പോരാടുന്ന ദളിതർ, സംഘപരിവാറിന്റെ ഭീഷണി നേരിടുകയാണ്. ബിജെപി അധികാരത്തിൽ വന്ന ശേഷം ഗോസംരക്ഷണത്തിന്റെ പേരിൽ നടന്ന കൂട്ട ആക്രമണങ്ങളും, അധിക്ഷേപിക്കലുമുൾപ്പടെ 78 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ കേസിലുൾപ്പെട്ടിരിക്കുന്നവരിൽ ഭൂരിഭാഗവും ആർഎസ്എസുമായി ബന്ധമുള്ളവരാണ്.ഈ ആക്രമണങ്ങളിൽ 29 പേർ കൊല്ലപ്പെടുകയും 273 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും 148 പേർ അതിഗുരുതരാവസ്ഥയിൽ തുടരുകയുമാണ്. ഇരകളിൽ മൂന്നിൽ രണ്ടു ഭാഗവും മുസ്ലിങ്ങളും ബാക്കിയുള്ളവർ ദളിതരുമാണ്.

രാജ്യത്ത് ന്യൂനപക്ഷമായ ക്രിസ്ത്യാനികളും സംഘപരിവാറിൽ നിന്ന് കടുത്തഭീഷണി നേരിടുന്നു. കഴിഞ്ഞ നാലുവർഷത്തിനിടയിൽ പള്ളികൾക്കു നേരേയും വൈദീകർക്കു നേരേയും, ക്രിസ്മസ് കരോൾ സംഘങ്ങൾക്കു നേരേയും മിഷനറികൾക്കു നേരേയും നിരവധി സംഘപരിവാർ ആക്രമണങ്ങൾ നടന്നു. എഴുനൂറോളം കേസുകളാണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു

എന്തായാലും രാജ്യത്തെ ജനജീവിതം അത്യന്തം ദുസഹമായിരിക്കുന്നു. അവകാശങ്ങൾക്കായി പോരാടുന്ന തൊഴിലാളികൾ അടിച്ചമർത്തപ്പെടുന്നു. തൊഴിലാളികളുടെ ഐക്യം നഷ്ടപ്പെട്ടതോടെ തൊഴിൽദാതാക്കൾ തൃപ്തരായിരിക്കുന്നു.

**തൊഴിലാളികളുടെ ഐക്യം തകർത്ത് മതഭ്രാന്തൻമാർ**

നുണ പറഞ്ഞും പക കുത്തിനിറച്ചും മതത്തിന്റെ വിഷവിത്തുകൾ ജനങ്ങളിലേയ്ക്ക് നിറയ്ക്കുന്നു. മുസ്ലിം ക്രിസ്റ്റ്യൻ സമുദായങ്ങളെ അപകീർത്തിപ്പെടുത്താൻ സംഘപരിവാർ ക്യാമ്പുകളിൽ നിന്നു തന്നെ പ്രചാരണങ്ങൾ നടക്കുന്നു. ലൗ ജിഹാദ്, നിർബ്ബന്ധിത മതപരിവർത്തനം, ബീഫ് വിഷയം, ജനസംഖ്യാ വർദ്ധനവ്, പാക്കിസ്ഥാൻ ഭക്തൻ, അന്താരാഷ്ട്രാ ജിഹാദി തുടങ്ങീ നിരവധി പ്രശ്നങ്ങളാണ് രാജ്യത്തെ മുസ്ലിം സമുദായത്തിനെതിരെ സംഘപരിവാർ സംഘടനകൾ അഴിച്ചുവിടുന്ന ആരോപണങ്ങൾ.

ഹൈന്ദവരുടെ ആഘോഷങ്ങൾ ആയുധ ഉൽസവങ്ങളായി മാറുകയും ന്യൂനപക്ഷ സമുദായ ങ്ങളെ ലക്ഷ്യമിടുകയും ചെയ്യുന്നു. ബിജെപിയും സംഘപരിവാറും നിരന്തരമായി ന്യൂനപക്ഷങ്ങ ളെ ലക്ഷ്യമിടുകയും ഭൂരിപക്ഷ സമുദായത്തിൽ നിന്നുള്ള കുറ്റവാളികളെ സംരക്ഷിക്കുകയും ചെ യ്യുന്നു. പലകേസുകളിലും ലോക്കൽ പോലീസ് കുറ്റവാളികളെ സംരക്ഷിക്കുന്ന രീതിയിലാണ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നു. രാജ്യത്തിന്റെ പലഭാഗങ്ങളിലും വർഗീയത കടുത്തസമ്മർദ്ദവും പിരിമുറുക്കവും സൃഷ്ടിച്ചിരിക്കുന്നു; അത്തരം കലഹത്തിന്റെ ഏറ്റവും ചുരുങ്ങിയ ചരിത്രം നിലനി നിന്നിരുന്ന സ്ഥലങ്ങളിൽ പോലും.

നൂറ്റാണ്ടുകളോളം പലമതവിഭാഗക്കാരും ഒരുമിച്ചു കഴിഞ്ഞിരുന്ന രാജ്യമാണ് ഇൻഡ്യ. ചരിത്ര മനുസരിച്ച് പല കലഹങ്ങളും യുദ്ധങ്ങളും ഭരണാധികാരികളുടെ മേൽക്കോയ്മ കാണിക്കാനുള്ള സൃഷ്ടിയാണ്. അതിന് വേണ്ടി പ്രാദേശിക രാജാക്കൻമാരോ, ചക്രവർത്തിമാരോ ബ്രിട്ടീഷുകാരോ ആരുമാകട്ടെ. ജാതി പറഞ്ഞ് ഭിന്നിപ്പിച്ച് ഭരിച്ച് അധികാരം നിലനിർത്താനാണ് ഇവരെല്ലാവരും ശ്ര മിച്ചിരുന്നത്. എങ്കിലും രാജ്യത്തെ ജനങ്ങൾ ജാതി മത വേലിക്കെട്ടുകൾക്ക് പുറത്തുവന്ന് ഐക്യ ത്തോടെ ജീവിച്ചു. ദാരിദ്ര്യത്തിലും ദുരിതത്തിലും അവർ സന്തോഷവാൻമാരായിരുന്നു. പക്ഷെ ഇ പ്പോഴെല്ലാം തകിടം മറിഞ്ഞിരിക്കുന്നു. ആർഎസ്എസും ബിജെപിയും ചേർന്ന് രക്തരൂക്ഷിതമായ കലാപങ്ങൾ അഴിച്ചുവിട്ടിരിക്കുന്നു.

ആർഎസ്എസിന്റെയും ബിജെപിയുടെയും ഇത്തരം കടുത്ത നിലപാടുകൊണ്ട് മതന്യൂനപ ക്ഷങ്ങൾ അവരുടെ മതത്തിലേ തന്നെ മതമൗലീകവാദികളുടെ പിടിയിൽ പെട്ടിരിക്കുന്നു. അവരു ടെ മതവിശ്വാസങ്ങൾക്കു നേരേ നടക്കുന്ന നിരന്തര ആക്രമണങ്ങളിൽ ഇരകളാക്കപ്പെട്ടവരെ മത മൗലീകവാദികൾ സംരക്ഷിക്കുമെന്ന വിശ്വാസത്തിൽ ആകൃഷ്ടരാകുന്നു. ഒരു പരിധിവരെ മുസ്ലിം, ക്രിസ്റ്റ്യൻ മതമൗലികവാദികളെ വളർത്താൻ ഹിന്ദു മതഭ്രാന്ത് കാരണമായി എന്നു പറയാം.

**ആർഎസ്എസിന്റെ അപകടകരമായ കാഴ്ചപ്പാടിനെ ബിജെപി ഉയർത്തിപ്പിടിക്കുന്നു**

തൊഴിലാളി വർഗത്തിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടിന് ബിജെപി ആർഎസ്എസ് നില പാടുകൾ തീർത്തും ഹാനീകരമാണ്. പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന വർഗീയ കലാ പങ്ങളും ന്യൂനപക്ഷ ആക്രമണങ്ങളും തങ്ങളെ എങ്ങനെ ബാധിക്കുമെന്ന രീതിയിലാണ് പലരുടെ യും പെരുമാറ്റം. അങ്ങനെ ചിന്തിക്കുന്നത് ഗുരുതരമായ പിഴവാണ്.

ഇൻഡ്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റാനാണ് ബിജെപിയും– ആർഎസ്എസും അവരുടെ പോഷക സംഘടനയായ ബിഎംഎസും ചേർന്ന് ശ്രമിക്കുന്നത്. ഗുരുജി എന്ന് സ്വയം വിശേഷിപ്പി ക്കുന്ന ആർഎസ്എസ് പരമോന്നത നേതാവായിരുന്ന എംഎസ് ഗോൾവാർക്കറുടെ പ്രഥമ പ്രത്യ യശാസ്ത്രമാണ് ഹിന്ദുരാഷ്ട്രമെന്നത്. ഗോൾവാൾക്കർ തന്റെ പുസ്തകത്തിലൂടെ ഹിന്ദു രാഷ്ട്രമെ ന്ന പ്രത്യയശാസ്ത്രത്തെ വിശദമാക്കുന്നതിങ്ങനെയാണ്

ഈ പ്രത്യയശാസ്തമനുസരിച്ച് ഹിന്ദുക്കൾ പോലും രണ്ടുതരം പൗരൻമാരാണ്. വർണ്ണാശ്രമ ധർമ്മത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഹൈന്ദവ ജീവിതമാണ് ഹിന്ദു രാഷ്ട്രത്തിൽ ഗോൾവാൾ ക്കർ വിഭാവനം ചെയ്യുന്നത്. സമ്പന്നരെന്നും പാവപ്പെട്ടവനെന്നുമുള്ള പ്രകടമായ വ്യത്യാസം ഹി ന്ദുരാഷ്ട്രത്തിലൂടെ സൃഷ്ടിക്കപ്പെടും. ഹൈന്ദവരിലെ തന്നെ സമ്പന്നരായ വ്യാപാരികളും ഭൂപ്രഭു ക്കൻമാരും ഒരു തട്ടിലും തൊഴിലാളികളും സമ്പന്നരുടെ സേവകരായ അടിമകളും മറ്റൊരു തട്ടി ലും.ചാതുർവർണ്യത്തെ അടിസ്ഥാനമാക്കിയുള്ള രീതിയാണ് യഥാർത്ഥ ഹൈന്ദവ ജീവിതത്തി ന്റെ വഴിയെന്ന് ഗോൾവാൾക്കർ വിശദമാക്കുന്നു. അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന തൊഴി ലാളി വർഗത്തേ പരിഹാസത്തോടെയാണ് ഗോൾവാൾക്കർ കാണുന്നത്. അവരെ പരിഹസിക്കാ നും അദ്ദേഹം മുതിരുന്നു. അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തെ നിലവിളികളെന്ന് വിളി ച്ച് ആക്ഷേപിക്കുന്നു. ആ നിലിവിളി ശബ്ദമാണ് എല്ലായിടത്തും കേട്ടുകൊണ്ടിരിക്കുന്നതെന്ന് ഗോൾ വാൾക്കർ പറയുന്നു. ഉത്തരവാദിത്വ ബോധമില്ലാത്തവരാണ് തൊഴിലാളികളെന്നും നിസ്വാർത്ഥ

സേവകരാകാൻ തൊഴിലാളികൾക്ക് താൽപര്യമില്ലെന്നും ഗോൾവാൾക്കർ വിലപിക്കുന്നു

അവകാശത്തിന്റെ പേരിൽ പോരാട്ടം നടത്തുന്ന തൊഴിലാളിയും തൊഴിൽ ദാതാവായ വ്യവസായികളും തമ്മിൽ നടക്കുന്ന പോര്, നമ്മുടെ നിത്യജീവിതത്തെ താറുമാറാക്കുന്നു എന്നാണ് ഗോൾവാൾക്കറുടെ മതം. അതുകൊണ്ടാണ് ഹിന്ദു രാഷ്ട്രമെന്ന കാഴ്ചപ്പാട് എന്ന് ഗോൾവാൾക്കർ വ്യക്തമാക്കുന്നു. അവിടെ തൊഴിലാളികൾക്ക് സ്വപ്നം കാണാനോ, അവകാശങ്ങൾക്കു വേണ്ടി പോരാടാനോ അവകാശമില്ല, പകരം അവർ രാജ്യത്തിന്റെ നിസ്വാർത്ഥസേവകരായിരിക്കണമെന്ന് ഗോൾവാൾക്കർ നിഷ്ക്കർഷിക്കുന്നു.

ഗോൾവാൾക്കറുടെ ആഹ്വാനമനുസരിച്ച് തൊഴിലാളികളുടെ പ്രശ്നം പരിഹാരത്തിനായി തൊഴിൽദാതാക്കൾ അവരുടെ തോട്ടങ്ങളിലോ തൊഴിലാളികളുടെ കോളനികളിലോ ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ആഴ്ചയിലൊരിക്കൽ അവിടെ പ്രാർത്ഥനകൾ സംഘടിപ്പിക്കുകയും ആത്മീയ പ്രഭാഷണങ്ങൾ കേൾക്കാൻ അവസരമൊരുക്കുകയും വേണമെന്നാണ്. ഇതിലൂടെ ആർഎസ്എസ് എന്താണ് ഉദ്ദേശിക്കുന്നത്. ഭക്തരുടെ എണ്ണം കൂട്ടാനോ? കുറഞ്ഞ വേതനത്തിൽ തൊഴിലെടുക്കുന്ന ഇവർ മരുന്നുവാങ്ങാൻ പോലും പണമില്ലാതെ നട്ടംതിരിയുമ്പോൾ ക്ഷേത്രത്തിൽ പോയി പ്രാർത്ഥിച്ചതുകൊണ്ടെന്തു കാര്യം. അന്നത്തെ അന്നത്തിനുള്ള കൂലി പോലും കൃത്യമായി കിട്ടാത്ത ദുരിതങ്ങളിൽ നിന്നും ദുരിതങ്ങളിലേയ്ക്കു മാത്രം ജീവിതം പൊയ്ക്കൊണ്ടിരിക്കുന്ന തൊഴിലാളികളും കൂലിപ്പണിക്കാരും അവരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടരുതെന്നും ഭജനപാടി നടക്കണമെന്നും പറയുന്ന ഗോൾവാൾക്കറുടെ നിലപാട് ശുദ്ധ അസംബന്ധമാണെന്ന് പറയാതിരിക്കാനാകില്ല

ജനാധിപത്യം കൊണ്ടും ജനാധിപത്യത്തിലെ അവകാശങ്ങൾ കൊണ്ടും യാതൊരു പ്രയോജനമില്ലെന്നാണ് ഗോൾവാൾക്കറുടെ മറ്റൊരു കാഴ്ചപ്പാട്. കുറച്ചുപേരിരുന്നു രാജ്യം ഭരിക്കുന്നു. തിരഞ്ഞെടുപ്പും തൊഴിലാളി സംഘടനകളും സമരങ്ങളുമില്ലാത്ത രാജ്യമാണ് ഹിന്ദു രാഷ്ട്രമെന്നതിലൂടെ ആർഎസ്എസും ബിജെപിയും വിഭാവനം ചെയ്യുന്നത്.

ഇത്തരം പ്രത്യയശാസ്ത്രങ്ങളിലൂടെ വർഗീയത പ്രോൽസാഹിക്കപ്പെടുന്നു. ജനങ്ങളുടെ ഐക്യം തകരുന്നു. അവകാശ സമരങ്ങൾ പൊളിഞ്ഞുപോകുകയും ജനങ്ങൾക്ക് അവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള സാഹചര്യം ഇല്ലാതാകുകയും ചെയ്യുന്നു. ആർഎസ്എസിന്റെ അപകടകരമായ ദർശനങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ മേധാവിത്വവും, വൻകിടകൾക്കു വേണ്ടി പ്രവർത്തിക്കുന്ന ബിജെപിയും ചേർന്ന് രാജ്യത്തിന്റെ വളർച്ചയെ നാശോന്മുഖമാക്കിയിരിക്കുന്നു. ജനങ്ങൾ ലാഭേച്ഛ കൂടാതെ മാടുകളെ പോലെ രാവന്തിയോളം പണിയെടുക്കണമെന്നും, അവർക്ക് വിദ്യാഭ്യാസത്തിന്റെയോ ആരോഗ്യപരിപാലനത്തിന്റെയോ ആവശ്യമില്ലെന്നും, അവകാശ പോരാട്ടങ്ങൾ ആവശ്യമില്ലെന്നും ബിജെപിയും ആർഎസ്എ.സ് പറയുന്നു. ഇപ്പോൾ മനസിലായില്ലേ എന്തുകൊണ്ടാണ് അമ്പാനിയേയും, ടാറ്റയേയും ബിർലയേയും പോലുള്ളവർ ദിനം പ്രതി മോദിയെ സ്തുതിക്കുന്നതെന്ന്.

സാമ്പത്തിക അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന അതേ വീര്യത്തോടെ ആർഎസ്എസിന്റെയും ബിജെപിയുടെയും അപകടകരമായ പ്രത്യയശാസ്ത്രങ്ങളോട് ജനങ്ങൾ പോരാടേണ്ടതുണ്ട്. തീവ്രമായ വർഗീയത അടിച്ചമർത്തി ഐക്യം നിലനിർത്താൻ തൊഴിലാളികൾ അശ്രാന്തം പരിശ്രമിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഒരുമിച്ചു നിന്നാലെ അധികാരവും ശക്തിയും ലഭിക്കൂ.

രാജ്യത്തെ തൊഴിലാളികളെയും കർഷകരെയും കൃഷിക്കാരേയും തുടങ്ങീ എല്ലാ മേഖലകളിലുമുള്ള തൊഴിലാളി വർഗത്തിന്റെ ഐക്യതയും സുരക്ഷയും ശക്തിപ്പെടുത്തുന്നതിനും, കൂടാതെ തൊഴിലാളി വർഗത്തിന്റെ അഖണ്ഡതയക്കും ഐക്യത്തിനും ഭീഷണിയാകുന്നവർക്കു മുന്നിൽ കൂട്ടായ്മയും ശക്തിയും വിളിച്ചോതുന്നതിനും കൂടിയാണ് സെപ്റ്റംബർ 5ന് പാർലമെന്റിനു മുന്നിലേയ്ക്ക് ഇടതു സംഘടനകളുടെ നേതൃത്വത്തിൽ വമ്പിച്ച തൊഴിലാളി മാർച്ച് സംഘടിപ്പിക്കുന്നത്.

## Talking Point-8

## സാമൂഹ്യനീതി

രാജ്യത്തെ തൊഴിലാളികളിലെ,ആദിവാസികളും ദളിതരും അനുഭവിക്കുന്ന സാമൂഹ്യ അസമത്വവും സുരക്ഷാ ഭീഷണിയുമാണ് പ്രധാന പ്രശ്നം. മറ്റ് തൊഴിലാളികൾ അനുഭവിക്കുന്നതിലേറെ പ്രശ്നങ്ങളും ദുരിതങ്ങളും അവഗണിക്കപ്പെടുന്ന ഈ തൊഴിലാളികൾ അനുഭവിക്കുന്നു.തൊഴിലിടങ്ങളിൽ ഇവർ മറ്റുള്ളവരേക്കാൾ ചൂഷണം ചെയ്യപ്പെടുന്നു. രാജ്യത്ത് നിലനിൽക്കുന്ന ജാതിവ്യവസ്ഥിതി തന്നെയാണ് ഈ അവഗണനയുടെ പ്രധാന കാരണം.ഉയർന്ന ജാതിക്കാരും, കീഴ്ജാതിക്കാരുമെന്ന വേർതിരിവ് എല്ലാ മേഖലകളിലും പ്രകടമാണ്. പ്രത്യേകിച്ച് തൊഴിലിടങ്ങളിൽപരിഗണിക്കുന്നത്. അവരനുഭവിക്കുന്ന സാമൂഹ്യ അസമത്വത്തിന് പ്രധാനകാരണവും രാജ്യത്തു നിലനില്ക്കുന്ന ജാതിവ്യവസ്ഥ തന്നെ.

കീഴ്ജാതിക്കാരെ അടിമകളാക്കി പണിയെടുപ്പിക്കുന്ന രീതി രാജ്യത്ത് പണ്ടുകാലം മുതലു തന്നെ നിലനിന്നിരുന്നു. തോട്ടിപ്പണിക്കാരായും, അലക്കുകാരായും, വീട്ടുവേലക്കാരായും, ശ്മശാന സൂക്ഷിപ്പുകാരായും എന്നു വേണ്ട സമൂഹത്തിലെ ഉന്നതകുലജാതരെന്നും ഉയർന്ന ജാതിക്കാരെന്നും സ്വയം കരുതുന്നവർ ചെയ്യാനറയ്ക്കുന്ന എല്ലാ ജോലികളും അടിമകളായ ദളിതരാണ് ചെയ്തിരുന്നത്. ഈ അടിമപ്പണി ചെയ്യിക്കൽ ഇന്നും തുടരുന്നു. മറ്റ് തൊഴിലാളികളേക്കാൾ ദളിതരും ആദിവാസി വിഭാഗക്കാരും ചൂഷണംചെയ്യപ്പെടുന്നു

ഗ്രാമീണരായ 61 % ദളിതരും സ്വന്തമായി കിടപ്പാടമില്ലാത്തവരാണ്. അതിനർഥം അവർ ദരിദ്രരിൽ ദരിദ്രരാണെന്നു തന്നെയാണ്. അതുകൊണ്ട് തന്നെ നിലനില്പിനായുള്ള പോരാട്ടത്തിൽ എന്തു തൊഴിലും ചെയ്യാൻ അവർ നിർബന്ധിതരാകുന്നു

കണക്കനുസരിച്ച്, മറ്റ് വിഭാഗങ്ങളിൽ പെട്ട ഗ്രാമീണ തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ 61 % ത്തിൽ കുറവു വരുമാനമേ ദളിത് തൊഴിലാളികൾക്ക് ലഭ്യമാകുന്നുള്ളു. നഗരത്തിൽ ഈ അന്തരം 37 % വരും.വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ഈ വിഭാഗങ്ങളെ അവഗണന നേരിടുന്നവർ എന്നു കണക്കാക്കുന്നത്. ഇവരുടെ ജീവിത നിലവാരം ഉയർത്താൻ സർക്കാർ തലത്തിൽ നിരവധി കർമ്മ പരിപാടികൾക്ക് രൂപം നൽകിയിട്ടുങ്കിലും വരുമാനത്തിലോ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിലോ ഇവർക്ക് മുന്നേറാനായിട്ടില്ല.

### തൊഴിലും ആനുകൂല്യങ്ങളും

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുന്ന 53 % ദളിതരിലും 38 % ആദിവാസികളിലും 9 % ദളിതർക്കും 6 % ആദിവാസികൾക്കും മാത്രമേ നിശ്ചിത വരുമാനം ലഭിക്കുന്നുള്ളു. നഗരങ്ങളിൽ 21 % ദളിതരും 18 % ആദിവാസികളും നിശ്ചിത വരുമാനമുള്ള തൊഴിലിൽ ഏർപ്പെടുമ്പോൾ 27 % ദളിതരും 20 % ആദിവാസികളും സ്വയം തൊഴിൽ ചെയ്യുന്നവരാണ്.

തൊഴിൽ വകുപ്പിന്റെ കണക്കു പ്രകാരം 48 % ദളിതരും 51 % ആദിവാസികൾക്കും വർഷം മുഴുവൻ തൊഴിൽ ലഭ്യമാകുന്നില്ല.പലയിടങ്ങളിലായി ജോലി ചെയ്യേണ്ടി വരികയും അതു തന്നെ മുഴുവൻ ദിവസങ്ങളിലും ലഭിക്കാതിരിക്കുകയും ചെയ്യും.

.തൊഴിൽ കൃത്യതയില്ലാത്ത അവസ്ഥ. ചിലപ്പോൾ ഇഷ്ടികക്കളങ്ങളിൽ, ചിലപ്പോൾ ഉപ്പുക്കങ്ങളിൽ, ചിലപ്പോൾ ശുചീകരണത്തൊഴിലാളിയായി ഇവർ ജോലി ചെയ്യേണ്ടി വരും. വളരെ കുറഞ്ഞ വേതനത്തിനും സാമൂഹ്യസുരക്ഷിതത്വമില്ലാത്ത ജോലികളിലുമൊക്കെ വ്യാപൃതരാകുന്നു. അതവരെ വീണ്ടും വീണ്ടും ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നു.ഇവരുമായി താരതമ്യം ചെയ്യുമ്പോൾ മറ്റ് വിഭാഗങ്ങളിലുള്ള 69 % തൊഴിലാളികൾക്കും വർഷം മുഴുവൻ തൊഴിൽ ലഭിക്കുന്നുണ്ട്.

ദളിത്-ആദിവാസി വിഭാഗങ്ങളിൽ പെട്ടവരിൽ തൊഴിലില്ലായ്മ വളരെ കൂടുതലാണ്. ഇതിൽ അതിശയോക്തിയില്ല,കാരണം ഇവരിൽ ഭൂരിഭാഗവും കൃത്യമായി തൊഴിലില്ലാത്തവരാണ്. മാത്രമല്ല കരാർ തൊഴിലുകൾ വർദ്ധിച്ചിരിക്കുന്ന ഈസാഹചര്യത്തിൽ ദളിതരിൽ പലരും മനുഷ്യമാലിന്യങ്ങൾ ഉൾപ്പടെയുള്ള മാലിന്യപ്പുരകളിൽ ജോലി ചെയ്യേി വരുന്നു. എന്നാൽ കരാർ തൊഴിലാളികളായ ഇവർക്ക് മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല. നിശ്ചിത കാലത്തേയ്ക്കു മാത്രമേ ഇവർ നിയമിക്കപ്പെടുകയും ചെയ്യുന്നുള്ളു. കൂലിയാകട്ടെ വളരെ കുറഞ്ഞതും.

സർക്കാർ ജോലിയിലും ദളിതരും ആദിവാസികളും തഴയപ്പെടുകയാണ്. ഇവർക്ക് നിശ്ചിത സീറ്റുകൾ മാറ്റിവെച്ചിട്ടുങ്കിലും കുറഞ്ഞ വേതനമുള്ള ഗ്രൂപ്പ് സി വിഭാഗത്തിലെ ശുചീകരണ വിഭാഗങ്ങളിലും, കാവൽജോലിക്കാരായും, സുരക്ഷാ ജീവനക്കാരായുമൊക്കെയാണ് ഇവർ ഏറെയും നിയമിക്കപ്പെടുക. ഈവിഭാഗത്തിൽ 40 % ദളിതർ ജോലിചെയ്യുന്നുങ്കിൽ ഓഫീസർ തസ്തികകളിലേയ്ക്കു വരുമ്പോൾ ഇവരുടെ എണ്ണം 3 % ത്തിലേയ്ക്കു താഴുന്നു.

എസ് സി /എസ് ടി വിഭാഗങ്ങൾക്കായി നീക്കിവെച്ചിരിക്കുന്ന തസ്തികകളിൽ പലപ്പോഴും നിയമനങ്ങൾ നടക്കാറില്ല. സർക്കാരിന്റെ പത്തു പ്രധാന വകുപ്പുകൾ പുറത്തുവിട്ട കണക്കനുസരിച്ച് വിവിധ വകുപ്പുകളിലായി 8223 എസ് സി തസ്തികകളും 6955 എസ് ടി തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു. ഇതിനർത്ഥം നീക്കിവെക്കപ്പെട്ട തസ്തകകളിലെ നിയമനങ്ങൾ കൃത്യമായി നടത്തുന്നില്ലെന്നാണ്. റിസർവ്വേഷൻ പോളിസികൊണ്ടു മാത്രം ഈ വിഭാഗങ്ങളുടെ ഉന്നമനം സാധ്യമല്ല. ഇതവരുടെ വിഭാഗങ്ങളെ മുഴുവൻ സാമൂഹ്യമായി ഉയർത്താൻ പര്യാപ്തമാകുന്നില്ല. മാത്രമല്ല സർക്കാർ ജോലികൾ പരിമിതപ്പെടുത്തിയും നവലിബറൽ നയങ്ങളിലൂടെ ജോലികളുടെ എണ്ണം വെട്ടിക്കുറച്ചും ഒഴിവുകൾ നികത്താതെ മുന്നോട്ട് പോകുന്ന ബിജെപി സർക്കാർ പിന്നീട് ഇത് എടുത്തുകളയും.

**ആദിവാസികൾക്കും ദളിതർക്കുമുള്ള സർക്കാർ ധനസഹായങ്ങൾ**

സർക്കാരിന്റെ നിറം പിടിപ്പിച്ച പരസ്യങ്ങളിലൂടെ രാജ്യത്തെ ആദിവാസികൾക്കും ദളിതർക്കും നൽകുന്ന ആനുകൂല്യങ്ങൾ കാൽ പൊതുജനം അതിശയിക്കും. റിസർവ്വേഷൻ വിഭാഗങ്ങൾക്കായി സർക്കാർ ഇത്രയധികം പദ്ധതികൾ നടപ്പാക്കിയിട്ടും എന്തിന് ഇത്രയധികം മുറവിളി കൂട്ടുന്നുവെന്ന് സാധാരണ ജനം അദ്ഭുതപ്പെടും. ഇക്കാര്യത്തിൽ മുൻസർക്കാരുകളേക്കാൾ കേമനാണ് മോദി. സർക്കാർ നയമനുസരിച്ച് ആദിവാസി ദളിത് വിഭാഗത്തിന്റെ ഉന്നമനത്തിനായി, അവരുടെ ജനസംഖ്യയ്ക്ക് ആനൂപാതികമായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നാണ്. അതായത് ദളിതർക്കു വേണ്ടി 16.6% വും ആദിവാസികൾക്കു വേണ്ടി 8 % വും മാറ്റിവെക്കണമെന്നാണ് നിയമം. പക്ഷെ ഈ നയങ്ങളെല്ലാം മോദി സർക്കാർ അട്ടിമറിച്ചു. വേണ്ടതിന്റെ പകുതിയിൽ താഴെ മാത്രമേ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുള്ളു. മോദി സർക്കാരിന്റെ ആദ്യ വർഷത്തിൽ, അതായത് 2014-15 ബജറ്റിൽ 8.79 % വും, 2015-16 ൽ 6.63% വിഹിതവും, 2016-17 ൽ 7.06% ഉം, 2017-18 ൽ 8.91 % തുകയും, 2018-19 ൽ വെറും 6.55 % വിഹിതവും മാത്രമാണ് ദളിതർക്കു വേണ്ടി മാറ്റിവെച്ചത്. അതായത് 2014 നും 2018 നും ഇടയിൽ ശരാശരി 7.59 % വിഹിതം മാത്രം.16.6 % മാറ്റിവെയ്ക്കപ്പെടേണ്ട സ്ഥാനത്താണ് ഇതെന്നോർക്കണം. ആദിവാസി വിഭാഗങ്ങൾക്കാകട്ടെ മാറ്റിവെയ്ക്കപ്പെടേണ്ട 8 % ത്തിൽ നിന്നും വെറും ശരാശരി 6.77 % വിഹിതത്തിൽ താഴെ മാത്രമാണ് മോദി സർക്കാരിന്റെ നാലു വർഷക്കാലത്തിൽ മാറ്റിവെയ്ക്കപ്പെട്ടത്

മാത്രമല്ല ആദിവാസി-ദളിത് വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തേ പലപദ്ധതികളും മോദി സർക്കാർ താറുമാറാക്കി. ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കു നൽകിവരുന്ന സർക്കാർ സ്കോളർഷിപ്പുകൾക്കായി മാറ്റിവെക്കപ്പെട്ടിരുന്ന തുകയിൽ നിലവിലെ സർക്കാരിന്റെ കാലത്ത് ഗണ്യമായ കുറവുണ്ടായി. 8000 കോടി രൂപ ഈ ഇനത്തിൽ മാറ്റിവെച്ചിരുന്ന സ്ഥാനത്ത് 2017-18 ൽ 3,347.9 കോടിയും 2018-19 ൽ 3000 കോടി രൂപയും മാത്രമാണ് മാറ്റി വെക്കപ്പെട്ടത്. സാ

മൂഹ്യനീതി വകുപ്പിനെ ഉദ്ധരിച്ചു പറയുകയാണെങ്കിൽ, പല സംസ്ഥാനങ്ങളിലേയും എസ് സി വിദ്യാർത്ഥികൾക്ക് നൽകാനുള്ളതിൽ 6,824.5 കോടി രൂപയിൽ തീർപ്പായിട്ടില്ല.

25 വർഷം മുൻപു തന്നെ തോട്ടിവേല (കക്കൂസ് മാലിന്യം നീക്കം ചെയ്യൽ) നിയമം മൂലം നിർത്തലാക്കിയിരുന്നെങ്കിലും, ഇപ്പോഴും ചില ദളിത് ഉപജാതികൾ ഈ ജോലി ചെയ്യുന്നുണ്ട്. ഇൻഡ്യൻ റെയിൽവേയാണ് ഇപ്പോഴും തോട്ടിവേലക്കാരേ നിയമിക്കുന്നതിൽ മുന്നിൽ. വളരെ കുറഞ്ഞവേതനം മാത്രമല്ല ഇവരുടെ പ്രശ്നം. നേരിട്ടുള്ള തൊഴിൽ ദാതാക്കളും മുഖ്യകരാറുകാരും മുനിസിപ്പാലിറ്റിയും, കോർപറേഷനും നിയമിക്കുന്ന ഉപകരാറുകാരുമൊന്നും തോട്ടിപ്പണിക്കാരുടെ ക്ഷേമം അന്വേഷിക്കുന്നതേയില്ല. ഈ കാലയളവിനുള്ളിൽ തോട്ടിപ്പണിയ്ക്കിടയിൽ സുരക്ഷാ കവചങ്ങളില്ലാതെ വിഷവാതകം ശ്വസിച്ച് അനേകം 1500 ലധികം പേരുടെ ജീവൻ പൊലിഞ്ഞു. ജീവിതം തിരികെ നൽകാനാവില്ലെന്നറിയാം. പക്ഷെ അവരുടെ കുടുംബത്തിനു വേണ്ടി സർക്കാരിന് എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയില്ലേ, പലപ്പോഴും ശുചീകരണത്തൊഴിലാളികളും തോട്ടിപ്പണിക്കാരുമൊന്നും പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ലിസ്റ്റിൽ ഇടംപിടിക്കാറില്ല.

**അതിക്രമങ്ങൾ**

2016 ലെ ദേശീയ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കു പ്രകാരം, ഇൻഡ്യയിൽ ഓരോ മണിക്കൂറിലും അഞ്ച് ക്രൂരമായ അതിക്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നു. കൊലപാതകം, ബലാൽസംഗം, നിർബന്ധിച്ച് മൂത്രം കുടിപ്പിക്കൽ, അസഭ്യം പറയൽ, മർദ്ദനം തുടങ്ങി നിരവധി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ എസ് സി വിഭാഗങ്ങൾക്കു നേരേ മാത്രം 40,801 കേസുകളാണ് 2016 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2015 ൽ 38,670 കേസുകൾ മാത്രം രജിസ്റ്റർ ചെയ്ത സ്ഥാനത്താണ് ഇതെന്നോർക്കണം. അതായത് 5.5 % ത്തിന്റെ വർദ്ധനവ്.

റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ ഇരട്ടി അതിക്രമങ്ങളാണ് ദിവസേന ദളിത് ആദിവാസി വിഭാഗങ്ങൾക്കെതിരെ നടന്നുകൊരിക്കുന്നത്. തരംതാഴ്ത്തലുൾപ്പടെയുള്ള അതിക്രമങ്ങൾക്ക് ഇവർ ഇരകളാകുന്നു. പല സംസ്ഥാനങ്ങളും ഇപ്പോഴും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. ഇവർക്കായി വേറേ പാത്രങ്ങളും ഗ്ലാസും കിണറുകളും ഇരിപ്പിടങ്ങളും പോലുമുണ്ട്. പൊതുകിണറുകളിൽ നിന്ന് വെള്ളമെടുക്കാൻ പോലും അനുവദമില്ലാത്ത സ്ഥലങ്ങൾ ഇപ്പോഴുമുണ്ട്.

സുപ്രീം കോടതിയിൽ നിലവിലുള്ള എസ് സി /എസ് ടി അതിക്രമ നിരോധന നിയമവുമായി ബന്ധപ്പെട്ടു നടക്കുന്ന കേസ് കൃത്യമായി വാദിക്കാൻ ബിജെപി സർക്കാരിനു കഴിയാത്തത് സർക്കാരിന്റെ വൻപരാജയമാണ്. എസ് സി /എസ് ടി അതിക്രമ നിരോധ നിയമം നേർപ്പിക്കാനുള്ള സുപ്രീം കോടതിയുടെ വിധിയ്ക്കെതിരെ റിവ്യൂ ഹർജി നൽകാൻ പോലും സർക്കാരിനു കഴിഞ്ഞില്ലെന്നു പറയുമ്പോൾ സാമൂഹ്യ നീതി നടപ്പാക്കുന്നതിൽ സർക്കാർ എത്ര പരാജയമാണെന്നു മനസിലാകും. മാത്രമല്ല വിവിധ സംസ്ഥാനങ്ങളിലെ 9 കൊലക്കേസുകളിൽ ദളിതർക്കെതിരേ കേസുകൾ രജിസ്റ്റർ ചെയ്തു.

**ആദിവാസി, ദളിത് വിഭാഗങ്ങളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം**

ആദിവാസി, ദളിത് വിഭാഗങ്ങൾക്കെതിരേ നടക്കുന്ന സാമൂഹ്യ നീതിനിഷേധത്തിനെതിരെ പോരാടേണ്ടത് തൊഴിലാളികളുടെ കടമയാണ്. ജാതി വ്യവസ്ഥിതിയും ജാതി തിരിഞ്ഞുള്ള ചൂഷണവും വരേണ്യവർഗത്തിന്റെ, ഭൂപ്രഭുക്കൻമാരുടെ, വ്യവസായ പ്രമുഖൻമാരുടെ ഒരുതരം അടവാണ്. തൊഴിലാളി വർഗത്തെ ഭിന്നിപ്പിച്ചു നിർത്തി അവരെ ഞെക്കിപ്പിഴിഞ്ഞ് ലാഭമുണ്ടാക്കാനുള്ള അവരുടെ വഴിയാണ് ജാതിവ്യവസ്ഥ.ആദിവാസി, ദളിത് വിഭാഗങ്ങളിൽപെട്ട നമ്മുടെ സഹോദരങ്ങളിൽ ഒരു വലിയ വിഭാഗത്തിനെതിര മനുഷ്യത്വരഹിതമായ അവഗണനയും അടിച്ചമർത്തലുകളും തുടരുമ്പോൾ, നല്ല ജീവിതസാഹചര്യങ്ങൾക്കും തൊഴിൽസാഹചര്യങ്ങൾക്കും വേണ്ടിയുള്ള തൊ

ഴിലാളി വർഗത്തിന്റെ സമരം എങ്ങുമെത്തില്ല. അതുപോലെ തന്നെ ആദിവാസി വിഭാഗങ്ങളിൽ പെട്ട കർഷകരും അടിച്ചമർത്തപ്പെട്ട കർഷകത്തൊഴിലാളികളും അവഗണിക്കപ്പെടുമ്പോൾ കാർഷികവിളകൾക്ക് നല്ല വിലലഭിക്കാനും കടങ്ങൾ എഴുതിത്തള്ളാനും മുഖ്യധാരാ കർഷകർ നടത്തുന്ന ശ്രമങ്ങൾ പാഴാകും.

ആദിവാസി, ദളിത് വിഭാഗങ്ങൾ അനുഭവിക്കുന്ന സാമൂഹ്യ അസമത്വങ്ങളും അവഗണനകളും, അടിച്ചമർത്തലുകളും, അവരുടെ അവകാശങ്ങൾക്കെതിരെ നടത്തുന്ന പോരാട്ടങ്ങളും ഏറ്റെടുത്ത് അവരേ കൂടി മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാൻ ട്രേഡ് യൂണിയനുകൾ ശ്രമിക്കണം. ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടി മാത്രമാകരുത് പോരാട്ടങ്ങൾ. ഭരണകൂടത്തിന്റെ നവലിബറൽ നയങ്ങൾക്കെതിരെയും ഭിന്നിപ്പിച്ച് കാര്യസാധ്യം നടത്തുന്ന വർഗീയ-ജാതി വ്യവസ്ഥകൾക്കെതിരെയും തൊഴിലാളി വർഗങ്ങൾ ഉണർന്നു പ്രവർത്തിക്കണം

ആദിവാസി, ദളിത് വിഭാഗങ്ങളുടെ ഭരണഘടനാ ഉറപ്പുനൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും കൂടിയാണ് സെപ്റ്റംബർ അഞ്ചിന് പാർലമെന്റിലേക്ക് മാർച്ച് നടത്തുന്നത്.

## Talking Point-9

### എല്ലാ തൊഴിലാളികൾക്കും സാർവത്രിക സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുക

സമസ്ത തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കേത് നമ്മുടെ ആവശ്യമാണ്.

സമൂഹത്തിൽ വളരെ ചെറിയൊരു വിഭാഗം തൊഴിലാളികൾക്കു മാത്രമേ അവരുടെ തൊഴിലിലൂടെ പ്രൊവിഡന്റ്, ഇഎസ്ഐ, മെഡിക്കൽ ആനുകൂല്യങ്ങൾ, പ്രസവ ആനുകൂല്യങ്ങൾ, അപകടാനന്തര ആനുകൂല്യങ്ങൾ, ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങീ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുള്ളു.

മാത്രമല്ല, രാജ്യത്തെ ആഭ്യന്തര ഉൽപാദനത്തിലധികം സംഭാവന ചെയ്യുന്നതു മൂലം, അസംഘടിത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷിതത്വം ലഭിക്കുന്നില്ല. ചില അസംഘടിത മേഖലകളിലെ, പ്രത്യേകിച്ച ബീഡി തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, ഖനി തൊഴിലാളികൾ, സിനിമാ പ്രവർത്തകർ തുടങ്ങിയവർക്ക് ചില സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ തലങ്ങളിൽ ഈ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ ഇത്തരം തൊഴിലാളികളിൽ 30 % പ്രായോഗികമായി പരിരക്ഷിക്കപ്പെടുന്നില്ല.

നവലിബറൽ നയങ്ങളനുസരിച്ച് തൊഴിലുടമകൾക്ക് 'ബിസിനസ് ചെയ്യാൻ എളുപ്പമുള്ള' നയങ്ങൾക്ക് മുൻഗണന നൽകാൻ തുടങ്ങി. മോദി നയിക്കുന്ന ബിജെപി സർക്കാരിന്റെ നയമാണിത്. പുതിയ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നത് ഇതിന്റെ ഭാഗമാണ്. കഴിഞ്ഞ ഒന്നര പതിറ്റായി നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി സെസ്സിലൂടെ ശേഖരിച്ച ഫണ്ടിന്റെ 25 % മാത്രമാണ് ഇവരുടെ ആവശ്യങ്ങൾക്കായി ചിലവഴിച്ചത്. ബീഡി തൊഴിലാളികളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

റിക്ഷാ തൊഴിലാളികൾക്കും വീട്ടു ജോലിക്കാർക്കുമുൾപ്പടെയുള്ള അവഗണ അനുഭവിക്കുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുമെന്ന് വലിയ വലിയ പരസ്യങ്ങളിലൂടെ വിളിച്ചു പറയുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല. പ്രത്യേകമായി സാമൂഹ്യക്ഷമ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ആരാണ് യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽ ഉൾപ്പെടുന്നത്. തൊഴിലാളികൾ പദ്ധതിയിൽ ഉൾപ്പെടാൻ ആദ്യം സ്ഥാപനങ്ങൾ രജിസറ്റർ ചെയ്യണം. എത്ര തൊഴിലാളികൾ വേണമെന്ന് സർക്കാർ നിശ്ചയിക്കും. നിലവിലെ സ്ഥിതി എന്താണ്? ഫാക്ടറി നിയമപ്രകാരം ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം 40 പേരിൽ താഴെയാണെങ്കിൽ ഇവർ സാമൂഹ്യക്ഷേമ പദ്ധ

തികളുടെ പുറത്തു പോകുന്നു. അങ്ങനെയെങ്കിൽ നിലവിലുള്ള ഫാക്ടറികളിൽ 72 % ഫാക്ടറി തൊഴിലാളികളും പദ്ധതിയ്ക്കു പുറത്തു പോകുന്നു. എണ്ണം നാല്പതിനു താഴെയെങ്കിൽ അത്തരം ഫാക്ടറികളിലെ തൊഴിലാളികൾ സാമൂഹ്യസുരക്ഷിതത്വ പദ്ധതികളിൽ ഉൾപ്പെടാൻ അർഹരാണോ? അല്ലെങ്കിൽ മറ്റെന്ത് ആനുകൂല്യങ്ങളാണ് ഇവർക്ക് നല്കാൻ ഉദ്ദേശിക്കുന്നത്. സർക്കാരിന് ഉത്തരമില്ല.

നിലവിലെ സർക്കാർ തൊഴിലാളികളുടെ സാമൂഹ്യ ക്ഷേമത്തിനായി ഒരു പൈസ പോലും മാറ്റിവെക്കാൻ തയ്യാറാകുന്നില്ല. (എന്നാൽ അവരുടെ നിലനില്പിനും ഭാവിയ്ക്കുമായി ലക്ഷക്കണക്കിനു രൂപയുടെ പരസ്യങ്ങൾ കുത്തകമാധ്യമങ്ങൾക്കു നൽകുന്നു. ഇതവരുടെ ലാഭം മാത്രമായി മാറുന്നു). അസംഘടിത തൊഴിലാളികൾ അവരുടെ വരുമാനത്തിന്റെ 12.5%മാണ് സാമൂഹ്യ ക്ഷേമ പദ്ധതികൾക്കായി മാറ്റിവെക്കേണ്ടത്. എന്നാൽ തൊഴിൽദാതാക്കൾ തിരിച്ചറിയാത്തവരാണെങ്കിൽ, അവർ സ്വയംതൊഴിലാളികളായി വേർതിരിക്കുകയും അവരുടെ സാമൂഹ്യക്ഷേമത്തിനായി മാറ്റുകയും വേണം.

നിലവിലുള്ള മുഖ്യ സാമൂഹ്യസുരക്ഷിതത്വ നിയമങ്ങൾ

** എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്റ്റ്*
** എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആൻഡ് മിസലേനിയസ് പ്രൊവിഷൻ ആക്റ്റ്*
** ജീവനക്കാർക്ക് നഷ്ടപരിഹാര നിയമം*
** പ്രസവാനന്തര ആനുകൂല്യങ്ങൾ*
** ഗ്രാറ്റുവിറ്റി നിയമം*
** അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ നിയമം*
** കെട്ടിട നിർമ്മാണം, മറ്റ് നിർമ്മാണ ക്ഷേമ സെസ് ആക്റ്റ്*
** ബീഡി തൊഴിലാളി ക്ഷേമ സെസ് ആക്റ്റ്*
** ഖനി തൊഴിലാളി ക്ഷേമ സെസ് ആക്റ്റ്*
** മൈക്കാ തൊഴിലാളി ക്ഷേമ സെസ്ആക്റ്റ്*
** ചുണ്ണാമ്പുകല്ല്, ഡോളോമൈറ്റ് ഖനി തൊഴിലാളി ക്ഷേമ ഫണ്ട് ആക്റ്റ്*
** സിനിമാപ്രവർത്തക ക്ഷേമ സെസ് ആക്റ്റ്*
** സിനിമാപ്രവർത്തക ക്ഷേമ ഫണ്ട് ആക്റ്റ്*

ഇവയെല്ലാം സാമൂഹ്യക്ഷേമ പദ്ധതികളിലേയ്ക്ക് സംയോജിപ്പിച്ചിരിക്കുന്നു

ഇപിഎഫ്, ഇഎസ്ഐ, സിഎംപിഎഫ്, ബിൽഡിംഗ് മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി തുടങ്ങീ അസംഘടിത തൊഴിലാളികളിൽ നിന്നും സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും ശേഖരിക്കപ്പെടുന്ന 12 കോടിയിലധികം വരുന്ന തുക പ്രധാനമന്ത്രി അധ്യക്ഷനായ സാമൂഹ്യക്ഷേമ പദ്ധതികളുടെ ദേശീയ കൗൺസിലാണ് വിതരണം ചെയ്യുന്നത്. സാമൂഹ്യക്ഷേമ പദ്ധതികളുടെ ദേശീയ കൗൺസിലിന് ഒരു ഉപദേശക സമിതിയുണ്ട്. പക്ഷെ ഇത് തൊഴിലാളി സംഘടനകളുടെ ഘടനയെ തകർക്കും. ധനമൂലധന ലോബിയെ തൃപ്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഹരി വിപണിയിലെ ഊഹക്കച്ചവടത്തിലേക്കും സാമൂഹ്യക്ഷേമ പദ്ധതികളിലെ പണം നിക്ഷേപിച്ചേക്കാം. മാത്രമല്ല സാമൂഹ്യ സുരക്ഷാ കോഡ് അനുസരിച്ച് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിക്ഷേപിച്ചിരിക്കുന്ന ഫണ്ടുകളുടെ സംരക്ഷണം സാമൂഹ്യ സുരക്ഷാ ആനുകൂല്യത്തിൽ ഒന്നും തന്നെ വ്യക്തമാക്കിയിട്ടില്ല. ഒരിക്കൽ പാസാക്കിയ സാമൂഹ്യ സുരക്ഷാ ബിൽ നിയമത്തിലായ ശേഷം അതെങ്ങനെ ഉപയോഗിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് തീരുമാനിക്കാം. ഇപിഎഫ്, ഇഎസ്ഐ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി. ബീഡി തൊഴിലാളി ക്ഷേമനിധി പോലെ ഉറപ്പുള്ള ക്ഷേമ പദ്ധതികൾ പോലും അട്ടിമറിക്കപ്പെടും. മാത്രമല്ല സർക്കാർ നടപ്പാക്കാനുദ്ദേശിച്ചിരിക്കുന്ന സാമൂഹ്യ ക്ഷേമ നി

യമത്തിൽ നിലവിലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ തുടരുമോയെന്ന കാര്യത്തിലും സംശയ മാണ്.

**സാമൂഹ്യ സുരക്ഷിതത്വമോ, മാന്യമായ വഞ്ചനയോ?**

ഓർക്കുന്നുണ്ടോ, 2009 ൽ യുപിഎ സർക്കാർ അസംഘടിത തൊഴിലാളികൾക്കു വേണ്ടി ഏർപ്പെടുത്തുയ സാമൂഹ്യ സുരക്ഷാ നിയമം. ആ നിയമത്തിൽ അന്നത്തെ സർക്കാരോ ഇന്നത്തെ സർക്കാരോ പുതുതായി ഒന്നും ഉൾപ്പെടുത്തിയില്ല. നിലവിലുള്ള ചില സാമൂഹ്യ സുരക്ഷാ പദ്ധതികൾ മാത്രമാണ് ആ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നത്. മാത്രമല്ല ആ പദ്ധതിയിൽ പെടുത്തിയിരിക്കുന്നത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള അസംഘടിത വിഭാഗങ്ങളിലെ തൊഴിലാളികളെ മാത്രമാണ്. നിലവിലെ സർക്കാർ രൂപീകരിച്ച ദേശീയ സാമൂഹ്യക്ഷേമ ബോർഡ് നിഷ്ക്രിയമായിരിക്കുകയും ചെയ്യുന്നു.

സാമൂഹ്യ ക്ഷേമ ധനവിനിയോഗം കുറച്ചുകൊണ്ട് കുത്തക ഭീമൻമാരേ തൃപ്തിപ്പെടുത്തുകയെന്നതാണ് നവലിബറൽ നയങ്ങളുടെ മുഖമുദ്ര തന്നെ. വമ്പൻ കുത്തക മുതലാളിമാരേ പ്രീതിപ്പെടുത്താൻ ഏതറ്റം വരെയും താഴാൻ മോദി സർക്കാർ തയ്യാറാണ്. അതുകൊണ്ടു തന്നെ നടപ്പാക്കാൻ പോകുന്ന സാമൂഹ്യ ക്ഷേമ നിയമം സംശയത്തിന്റെ നിഴലിലാണ്.

**എന്താണ് യഥാർത്ഥത്തിൽ വേണ്ടത്**

യഥാർത്ഥത്തിൽ തൊഴിലാളി ക്ഷേമത്തിനുവേണ്ടിയാണ് സർക്കാർ പ്രവർത്തിക്കുന്നതെങ്കിൽ സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ എല്ലാ തൊഴിലാളികളിലേക്കും എത്തുന്നതിനായി അടിയന്തിരമായി ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്

* *നിലവിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുക; കർശനമായ നിർദ്ദേശങ്ങളിലൂടെ അവ നടപ്പാക്കുക*

* *സാമൂഹ്യസുരക്ഷാ പദ്ധതികളിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തുക; നിലവിൽ ഇപിഎഫ്, ഇഎസ്ഐ തുടങ്ങീ 13 ആനുകൂല്യങ്ങളും 50 % ത്തിലധികം വരുന്ന തൊഴിലാളികൾക്കും ലഭ്യമാകുന്നില്ല*

* *ആരോഗ്യ സംരക്ഷണം, അപകട സംരക്ഷണം, പെൻഷൻ ആനുകൂല്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി സാമൂഹ്യ തലത്തിൽ സമഗ്രമായ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയ്ക്ക് സർക്കാർ മുൻകൈ എടുക്കുക. കർഷകരും കൃഷിക്കാരുമുൾപ്പടെയുള്ള തൊഴിലാളി വർഗത്തെ മുഴുവൻ ഈ പദ്ധതിയുടെ ഭാഗമാക്കുക*

നമുക്കുള്ള മതിയായ മാർഗങ്ങൾ കൊണ്ട് ഇതൊക്കെ സാധ്യമാണ്. എന്നാൽ വമ്പൻ കുത്തകകളെ സഹായിക്കാനുള്ളതല്ല, ജനങ്ങളെ സേവിക്കാനുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്

സാമൂഹ്യസുരക്ഷാ പദ്ധതികൾ സംരക്ഷിച്ച് എല്ലാ തൊഴിലാളികളുടെയും സുരക്ഷ ഉറപ്പാക്കാൻ മോദി സർക്കാരിനെ ബോധവൽക്കരിക്കാന് കൂടിയാണ് സെപ്റ്റംബർ അഞ്ചിന് പാർലമെന്റ് മാർച്ച് സംഘടിപ്പിച്ചിരിക്കുന്നത്.

## Talking Point- 10

## എല്ലാവർക്കും ആരോഗ്യം

ആരോഗ്യം അവകാശമാണ്.എന്നാൽ രാജ്യത്ത് അതിവേഗതയിൽ സമ്പദ് വ്യവസ്ഥ വളരുന്നെന്ന അവകാശപ്പെടുന്ന നരേന്ദ്ര മോദി സർക്കാരിന്റെ ഭരണത്തിനു കീഴിൽ ആരോഗ്യം പണമുള്ളവന് മാത്രം ലഭ്യമാകുന്നു. നിലവിൽ ലോകത്തിലെ 195 രാജ്യങ്ങളുടെ പട്ടികയിൽ ആരോഗ്യ സംരക്ഷ

ണ രംഗത്ത് 154ാം സ്ഥാനമാണ് ഇൻഡ്യയ്ക്ക്. അതായത് ആരോഗ്യ സംരക്ഷണത്തിൽ ലോകനില വാരിത്തിനു തീരെ താഴെയാണ് നാം. ലോകത്താകമാനമുള്ള മാതൃമരണങ്ങളിൽ 20 % മാനവും ശിശുമരണങ്ങളിൽ 25% വും ഇൻഡ്യയിൽ നടക്കുന്നു. പകർച്ചവ്യാധി മരണങ്ങളാകട്ടെ 53 % വും.

അത്യാവശ്യമായി ചൂണ്ടിക്കാണിക്കപ്പെടേണ്ട മറ്റൊരു സംഗതി ഈ മരണങ്ങളിൽ പാവപ്പെട്ടവരുടെ എണ്ണം വളരെ കൂടുതലാണ്. ഇത് ഒഴിവാക്കാനാകില്ല. എന്തുകൊണ്ടാണ് ഇത്രയധികം പാവപ്പെട്ടവർ പലതരം രോഗങ്ങൾ കൊണ്ട് മരണപ്പെടുന്നു. പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും.വളരെ പെട്ടന്ന് സുഖപ്പെടുത്താവുന്ന റ്റ്യൂബർകുലോസിസ്, ഡയറിയ, വിളർച്ച, ഗർഭസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയവ മൂലമാണ് അധികമാളുകളും മരണപ്പെടുന്നത്. ലോകനിലവാരത്തിലുള്ള ഡോക്ടർമാരും ചികിൽസാ സൗകര്യങ്ങളുണ്ടെന്ന് വീമ്പു പറയുന്ന രാജ്യത്താണ് ഇത്രയധികം മരണങ്ങൾ നടക്കുന്നത്. ഈ രാജ്യത്ത് മെഡിക്കൽ ടൂറിസത്തിന് വൻസാധ്യതകളാണെന്നു കൂടി പ്രഖ്യാപിക്കുമ്പോൾ ചികിൽസാ പിഴവുമൂലമുള്ള ഈ മരണസംഖ്യകൂടി ഇത്രയധികം ഇവിടെ എന്തുകൊണ്ടു നടക്കുന്നു എന്ന് കണക്കാക്കേണ്ടതുണ്ട്.

ഇതൊക്കെ സം  വിക്കുന്നതെന്തുകൊണ്ടെന്നാൽ പൊതു ആരോഗ്യ രംഗം രാജ്യത്ത് താറുമാറായിരിക്കുന്നതു കൊണ്ടാണ്.ഫണ്ടുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവവും ഭരണനിർവ്വഹണത്തിലെ അപാകതയും ആരോഗ്യരംഗത്തിന്റെ ശോചനീയാവസ്ഥയ്ക്കു കാരണമാണ്. സർക്കാർ ആശുപത്രികളിൽ അഞ്ചു  ലക്ഷം ഡോക്ടർമാരുടെ കുറവുണ്ടെന്ന് 2016 ലെ പാർലമെന്റ് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നു. പ്രസവമുറികളിൽ 74 % മാത്രമാണ് വിദഗ്ധ അറ്റൻഡർമാരുള്ളത്. മിഡ് വൈഫുമാരുടെ എണ്ണത്തിൽ ആരോഗ്യ സബ്സെന്ററുകളിൽ 18000 പേരുടെ കുറവനുഭവപ്പെടുന്നു. കമ്യൂണിറ്റി ഹെൽത് സെന്ററുകളിലാകട്ടെ സർജൻമാരും, ഗൈനക്കോളജിസ്റ്റികളും, ഫിസിഷനും, പീഡിയാട്രീഷൻമാരുമുൾപ്പടെ 82 % ത്തിലേറെ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നു. പല പൊതുആരോഗ്യ കേന്ദ്രങ്ങളിലും കമ്യൂണിറ്റി ഹെൽത് സെന്ററുകളിലും ആവശ്യത്തിന് വെള്ളമോ വൈദ്യുതിയോ ഇല്ല. പലതും ശോചനീയാവസ്ഥയിലുള്ള വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല ഇവിടേയ്ക്കെത്തിപ്പെടാൻ റോഡുകൾ പോലുമില്ല.

അതുകൊണ്ടു തന്നെ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നു. ഗ്രാമീണമേഖലയിൽ 70 % പേരും നഗരങ്ങളിൽ 63 % പേരും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നു. മാത്രമല്ല അവരുടെ വരുമാനത്തിന്റെ വലിയൊരു പങ്ക് സ്വകാര്യ ആശുപത്രികളിലേയ്ക്ക് ഒഴുകുന്നു. ഉയർന്ന ചികിൽസാ ചിലവ് ജനങ്ങളുടെ പോക്കറ്റ് കാലിയാക്കുന്നു. സർക്കാരിന്റെ വികലമായ ആരോഗ്യനയമാണ് ദാരിദ്ര്യത്തിന്റെ മുഖ്യ കാരണമെന്ന് 2017 ലെ സർക്കാർ രേഖകൾ തന്നെ പറയുന്നു.പാവപ്പെട്ടവന്  ഇതിൽ നിന്നും മോചനമില്ല.

നവലിബറൽ നയങ്ങളോടുള്ള അമിതഭക്തിമൂലം ക്ഷേമപദ്ധതികൾ സർക്കാർ വെട്ടിച്ചുരുക്കി. ചിലവുകൾ വെട്ടിച്ചുരുക്കി പൊതു-സ്വകാര്യ പങ്കാളിത്തമെന്ന പേരിൽ ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരിക്കുന്നതിൽ സർക്കാർ മികവു കാട്ടുന്നു. പൊതു ആരോഗ്യ സംരക്ഷണത്തിന്റെ ഘാതകരായി സർക്കാർ മാറുന്നു. അങ്ങനെ ആരോഗ്യ സംരക്ഷണത്തിൽ പാവപ്പെട്ടവർ പരാജയമാകുന്നു.

നവലിബറൽ നയങ്ങളിൽ ആരോഗ്യ സംരക്ഷണം അവശ്യഘടകമോ അടിസ്ഥാന അവകാശമോ അല്ല.അതൊരു വ്യവസായം മാത്രമാണ്. മോദി സർക്കാരിന്റെ 2017 ലെ ആരോഗ്യ നയമനുസരിച്ച് കരുത്തുറ്റ ആരോഗ്യസംരക്ഷണ വ്യവസായം ഇരട്ടിയായി വളർന്നു, മാത്രമല്ല പൊതു ആരോഗ്യ ലക്ഷ്യങ്ങളുമായി സ്വകാര്യ ആരോഗ്യസംരക്ഷണരംഗം കൂടിച്ചേരുകയും ചെയ്തു. ഇതൊന്നുമല്ല സർക്കാർ അവരുടെ ലക്ഷ്യം മറന്നു. സ്വകാര്യ ആശുപത്രികളിലെ ചികിൽസാ ചിലവ് താങ്ങാൻ കഴിയുന്നവർ അവിടെ പോകട്ടെ, അല്ലാത്തവർ  മരണം വരിക്കട്ടെയെന്നാണ് സർക്കാർ നയം

മോദിയുടെ ആയുഷ്മാൻ ഭാരത് പദ്ധതി അഥവാ  മോഡികെയർ ആരോഗ്യരംഗത്തെ ഇൻ

ഷുറൻസ് പദ്ധതിയുമായി കൂട്ടിച്ചേർത്ത് സ്വകാര്യവൽക്കരിക്കുന്നു.

എല്ലാ പൊതുമരുന്നു നിർമ്മാണ ശാലകളും സ്വകാര്യവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചു. അവശ്യമരുന്നുകളും രോഗനിർണയ ഉപകരണങ്ങളും വാങ്ങാൻ സ്വകാര്യ കമ്പനികളുമായി സർക്കാർ 1200 കോടി രൂപയുടെ കരാറുണ്ടാക്കി.

രാജസ്ഥാനിലെ ബിജെപി സർക്കാർ 42 ഗ്രാമങ്ങളിലെ പൊതു ആരോഗ്യ കേന്ദ്രങ്ങളും 43 പട്ടണങ്ങളിലെ പൊതു ആരോഗ്യകേന്ദ്രങ്ങളും സ്വകാര്യവൽക്കരിച്ചു. അൻപതെണ്ണം കൂടി സ്വകാര്യവൽക്കരിക്കാൻ കരാർ ആയിക്കഴിഞ്ഞിരിക്കുന്നു. പൊതു-സ്വകാര്യ പങ്കാളിത്തമെന്ന് സർക്കാർ അവകാശപ്പെടുമ്പോഴും 30 ലക്ഷം രൂപ ഒരു ആരോഗ്യ കേന്ദ്രത്തിന് സർക്കാർ മുതൽമുടക്കുന്നു. ചത്തീസ്ഗഡും ഈ മാതൃക പിൻതുടർന്നു. സംസ്ഥാന തലസ്ഥാനമായ റായ്പൂരിലെ 4 കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഭിലായ് സ്റ്റീൽ പ്ലാന്റിലെ രണ്ടെണ്ണവും അടക്കം 9 കമ്യൂണിറ്റി സെന്ററുകൾ സ്വകാര്യവൽക്കരിക്കാൻ അവർ തീരുമാനിച്ചു. ഉത്തർപ്രദേശിലെ യോഗി സർക്കാർ പൊതു-സ്വകാര്യ പദ്ധതിയായ ആയുഷ്മാൻ ആരോഗ്യപദ്ധതി പ്രകാരം 1000 ആശുപത്രികളാണ് ആരംഭിക്കുന്നത്. വിദേശ കൺസൾട്ടിംഗ് ഏജൻസിയായ ഏർണസ്റ്റ് ആൻഡ് യംഗ് ഇതിനുള്ള പദ്ധതി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കമ്യൂണിറ്റി സെന്റുകൾക്കായി സർക്കാർ മൂന്നേക്കർ സ്ഥലം പതിച്ചു നൽകുകയും അവിടെ സ്വകാര്യ കമ്പനികൾക്ക് കെട്ടിടം നിർമ്മിച്ച് ആശുപത്രി തുടങ്ങാൻ അനുവാദം കൊടുക്കുകയും ചെയ്യും. ഇവിടെ ഡോക്ടർമാരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ അവരെ നിയമിക്കാം. കേന്ദ്രത്തിൽ അധികാരത്തിൽ എത്തിയ ഉടൻ സർക്കാർ രൂപീകരിച്ച നീതി  ആയോഗിന്റെ നിർദ്ദേശപ്രകാരം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ആശുപത്രികൾക്ക് ചില മാർഗ്ഗരേഖകൾ നൽകിയിട്ടുണ്ട്. അതായത് കരാർ പ്രകാരം പൊതു പങ്കാളിയായ സംസ്ഥാന സർക്കാരുകൾ സ്വകാര്യ പങ്കാളിയ്ക്ക് പണമടച്ചില്ലെങ്കിൽ വലിയതുക പിഴ ഒടുക്കേണ്ടി വരും

ദേശീയ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുമെന്ന് 2018 ലെ ബജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിരുന്നു.10.74 കോടി പാവപ്പെട്ട  കുടുംബങ്ങളിലെ 50 കോടി ജനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നായിരുന്നു സർക്കാരിന്റെ വാഗ്ദാനം.മുതിർന്ന പൗരൻമാർക്കായി നടപ്പാക്കിയ രാഷ്ട്രീയ സ്വസ്ഥ്യ ഭീമാ യോജനയിൽ നിന്നും സംസ്ഥാനങ്ങളുടെ ആരോഗ്യ സംരക്ഷണ പദ്ധതിയും കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഇൻഷുറൻസ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. എന്നാൽ ഈ പദ്ധതികളൊക്കെ തന്നെ കുത്തക ആശുപത്രികളെ സഹായിക്കുന്നവ മാത്രമായി പരിണമിക്കുന്നു. അല്ലാതെപാവപ്പെട്ടവന് ഇത് കൊണ്ടൊരു നേട്ടവുമുണ്ടാകില്ല. വിളകൾക്കു വേണ്ടി ഏർപ്പെടുത്തിയ പ്രധാനമന്ത്രി ഫസൽ ഭീമാ യോജന പോലെ തന്നെയാകും ഈ ഇൻഷുറൻസ് പദ്ധതികളും. അതായത് വിള ഇൻഷുറൻസിൽ കൂടി സ്വകാര്യ കമ്പനികൾ അമിതനേട്ടമുണ്ടാക്കി. പദ്ധതിയുടെ ഭാഗമായിരുന്ന കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു.

ആരോഗ്യ നയത്തിലൂടെ ത്രീമൂർത്തി കുത്തകകളെ സഹായിക്കാനാണ് സർക്കാരിന്റെ ശ്രമം.അതായത് ആരോഗ്യം, ഇൻഷുറൻസ്, മരുന്നു ഫാക്ടറികൾ ഇവർക്കു വേണ്ടി പ്രവർത്തിച്ച് അവർക്കു ലാഭമുണ്ടാക്കിനൽകുക.അതിനുവേണ്ടിയാണ് ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി തന്നെ. അതായത് ആഗോളകുത്തകകളെ ആരോഗ്യസംരക്ഷണ രംഗത്ത് പ്രോൽസാഹിപ്പിക്കുകയും വിദേശ നിക്ഷേപം സ്വീകരിക്കുകയും ചെയ്യുക.4.83 ബില്യൺ ഡോളറിന്റെ വിദേശ നിക്ഷേപമാണ് കോർപറേറ്റ് ആശുപത്രികളിലും രോഗനിർണയ സെന്ററുകളിലും നടന്നിരിക്കുന്നത്. 49 % നിക്ഷേപം ഇൻഷുറൻസ് സെക്ടറിലും, പുതിയ പദ്ധതികളിൽ 100 % നിക്ഷേപവും മരുന്നുനിർമ്മാണ മേഖലകളിൽ 74 % വിദേശ നിക്ഷേപത്തിനുമാണ് അനുമതിനൽകിയിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ ആരോഗ്യ സംരക്ഷണത്തിനായി ആകെ ബജറ്റ് തുകയുടെ 2.4 % നീക്കിവെച്ചിരുന്നെങ്കിൽ ഇത്തവണ 2.1 % മാത്രമാണ് ഈ വർഷം നീക്കിവെച്ചത്. അതായത്, അതായത് ആഭ്യന്തര ഉദ്പാദനത്തിൽ 1.1

% മാത്രമാണ് ഈ രംഗത്തെ വളർച്ച. അതായത് ലോകത്തിലെ അവസാന പത്തിലാകും ഇൻഡ്യയുടെ ആരോഗ്യ സംരക്ഷണത്തിന്റെ സ്ഥാനം.

ആഗോള കുത്തകകളോട് മോദി സർക്കാരിന്റെ അഭിനിവേശം തീരില്ല. അതിനുദാഹരണമാണ് ആഗോള വ്യവസായ ഭീമൻമാരായ ആമസോണിനും വാൾമാർട്ടിനും ഇൻഡ്യയിൽ യഥേഷ്ടം മരുന്നുവില്പന നടത്താൻ അനുമതി കൊടുത്തത്. കുത്തകകളുടെ കടന്നുവരവോടെ 7.5 ലക്ഷം ചെറുകിട മരുന്നുവ്യാപാരികൾ അവരുടെ വ്യാപാരം നിർത്തി.

മെഡിക്കൽ വിദ്യാഭ്യാസവും മോദി വെറുതെ വിട്ടില്ല. ദേശീയ മെഡിക്കൽ കൗൺസിലിനു പകരം ദേശീയ മെഡിക്കൽ കൗൺസിൽ രൂപീകരിച്ചു. മെഡിക്കൽ കൊളേജ് തുടങ്ങുന്നതിനുള്ള മാനണ്ഡങ്ങൾ ലഘൂകരിച്ചു. തുടർന്ന് അനുമതിയ്ക്കുള്ള വഴികൾ ഓട്ടോമാറ്റിക്ക് ആക്കി.സ്വകാര്യ മെഡിക്കൽ കോളേജുകളിലെ സ്വകാര്യ കോട്ട 15 % 60 % മാക്കി ഉയർത്തി. ഇത് എസ് സി /എസ് ടി വിഭാഗക്കാരുടെ സീറ്റുകളുടെ എണ്ണം കുറച്ചു. മരുന്നുവ്യാപാര രംഗത്ത് വിദേശ സ്വദേശ കുത്തകകളെ എത്തിച്ചു.

സ്വദേശികളും വിദേശികളുമായ വമ്പൻ മരുന്നു കമ്പനികൾക്ക് രാജ്യത്ത് വളരാൻ ബിജെപി സർക്കാർ അവസരമൊരുക്കി. എന്നാൽ അഴിമതി നടത്തുന്ന മരുന്നു കമ്പനികളെ ശിക്ഷിക്കാൻ യാതൊരു നിയമ സംവിധാനവും ഒരുക്കിയിട്ടില്ല.

1979 ൽ പാസാക്കിയ മരുന്നു വില നിയന്ത്രണ ഓർഡർ (ഡിപിസിഒ) പ്രകാരം മരുന്നു നിർമ്മാണ ചിലവന് അനുസൃതമായി വേണം മരുന്നു വില നിശ്ചയിക്കേണ്ടിയിരുന്നത്. എന്നാൽ 195 ലെ നവലിബറലിസ നയങ്ങൾ അവശ്യ മരുന്നുകളുടെ വിലനിയന്ത്രണം മാത്രം ഡിപിസിഒ യുടെ കീഴിൽ നിലനിർത്തി, ബാക്കി മരുന്നുവില നിയന്ത്രണം ആ ഓർഡറിൽ നിന്നും എടുത്തു കളഞ്ഞു. തുടർന്ന് അവശ്യമരുന്നുകളുടെ എണ്ണം 140 ൽ നിന്ന് 76 ആക്കി ചുരുക്കി. മരുന്നുവില വർദ്ധിപ്പിച്ച തോടൊപ്പം തന്നെ അവശ്യ മരുന്നുകളുടെ ഉൽപാദന ചിലവ് 100 % വർദ്ധിപ്പിച്ചു.2013 ൽ വിലനിയന്ത്രണ ഓർഡറിൽ നിന്നും മിക്കവാറുമുള്ള മരുന്നുകൾ എടുത്തു മാറ്റി. ഇതിൽ ദേശീയ ലിസ്റ്റിലുൾപ്പെട്ട അവശ്യ മരുന്നുകളായ 348 മരുന്നുകൾ മാത്രം നിലനിർത്തി. എന്നാൽ ഇത് മരുന്നുകൾ മാത്രമാണ്.അതായത് അവസാന ഉൽപന്നം.ഇത് ഒരുപാട് മരുന്നുകൾ ചേർന്നാണ് ഉൽപാദിപ്പിക്കപ്പെടുന്നത്.അതുകൊണ്ടു തന്നെ ഉൽപാദന ചിലവ് മാത്രം നോക്കിയല്ല മരുന്നു വില നിശ്ചയിക്കുന്നത്. മാർക്കറ്റ് വിലയും വിലനിർണയത്തിന് ആധാരമാണ്. അതുകൊണ്ടു തന്നെ സർക്കാരിന്റെ സമ്മതമില്ലാതെ തന്നെ മരുന്നുകമ്പനികൾ വർഷാവർഷം മരുന്നു വില ഉയർത്തുന്നു. അങ്ങനെ മരുന്നു കമ്പനികൾ ഉൽപാദന ചിലവിന്റെ 1000 മടങ്ങ് ലാഭത്തിൽ മരുന്നു വിൽക്കുന്നു.

മോദി സർക്കാരിന്റെ ചരക്കു സേവന നികുതി ഏർപ്പെടുത്തിയതോടെ മരുന്നുവില വലിയ തോതിൽ വർദ്ധിച്ചു.ജനങ്ങളെ വഞ്ചിച്ച് 376 അവശ്യ മരുന്നുകളുട അവശ്യ മരുന്നുകളുടെ വിലനിയന്ത്രണം എടുത്തു കളയുകയും 5% ചരക്കു സേവന നികുതി ഏർപ്പെടുത്തുകയും ചെയ്തു.കൂടാതെ ദേശീയ ലിസ്റ്റിലുൾപ്പെട്ട അവശ്യ മരുന്നുകൾക്കു മേൽ 12 % മുതൽ 18 % വരെ നികുതി ചുമത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യും.

ഇന്ന് നമുക്ക് ആരോഗ്യം സംരക്ഷിക്കാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്.സാങ്കേതികമായി മുന്നേറുകയും ലോകോത്തര നിലവാരമുള്ള ചികിൽസാ സൗകര്യങ്ങളും ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും നമുക്കുണ്ട്.കൂടാതെ ആരോഗ്യ രംഗത്തേയ്ക്ക് കൂടുതൽ പേരേ പരിശീലിപ്പിക്കാനുള്ള സൗകര്യങ്ങളും അതിലൂടെ രാജ്യത്തെ ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനും കഴിയും.എന്നാൽ മാറിമാറി വരുന്ന സർക്കാരുകൾ ആരോഗ്യ രംഗത്തേയ്ക്ക് കുത്തകകൾക്ക് അവസരമൊരുക്കുന്നു.10 മുതൽ 12 ലക്ഷം കോടി വരെ ഇളവുകൾ നൽകുന്നു.അതിലൂടെ അവരുടെ ലാഭം കൂട്ടാനും ആ പണം ബാങ്കുകളിൽ നിക്ഷേപിച്ച ശേഷം അതുകൊണ്ട് നാടുവിടുകയും ചെയ്യുന്നു.

എന്നാൽ രാജ്യത്ത് ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ മികച്ച ജീവിതവും ആരോഗ്യവും ജനങ്ങൾക്ക് ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കണം. അല്ലാതെ കുത്തകകളുടെ കീശവീർപ്പിക്കാനുള്ള അവസരമൊരുക്കുകയല്ല വേണ്ടത്. ഇതിനായി നിലവിലെ ആരോഗ്യ നയത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്

അതിനായി സെപ്റ്റംബർ 5 ന് പാർലമെന്റിനു മുന്നിലേയ്ക്കു നടത്തുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലി ചില നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കുന്നു,

* *എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുക*

* *ആരോഗ്യ രംഗത്തെ സ്വകാര്യവൽക്കരണം നിർത്തലാക്കുക. പകരം പൊതു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. മരുന്നുകൾക്കും പ്രസവ സംബന്ധമായ ചികിൽസയ്ക്കും സൗജന്യ നിരക്കേർപ്പെടുത്തുക.*

* *ആരോഗ്യ മേഖലയ്ക്ക് പൊതു ചിലവ് 5% മാക്കി ഉയർത്തുക*

* *പൊതുമേഖലയിലെ മരുന്നുകമ്പനികളെ പുനരുജ്ജീവിപ്പിക്കുക*

* *സ്വകാര്യമേഖലയിലെ കമ്പനികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക*

* *അവശ്യമരുന്നുകളുടെ വിലനിയന്ത്രിക്കുക.*

## Talking Point- 11

### കരാർ തൊഴിൽ: തൊഴിൽ സുഗമമാക്കാൻ തൊഴിലാളികൾക്കെതിരെ വീണ്ടും ആക്രമണം

കരാർ നിയമം അഥവാ നിശ്ചിത കാല തൊഴിൽ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കാൻ മോദി സർക്കാർ ഗസറ്റ് വിജ്ഞാപനം ചെയ്തു. കേന്ദ്ര തൊഴിൽ നിയമങ്ങൾ (സ്റ്റാൻഡിംഗ് ഓർഡർ)ഭേദഗതി വരുത്തുന്നതിനാണ് ഇങ്ങനെയൊരു നീക്കം നടത്തിയത്.

ഇതോടെ ഏതു മേഖലകളിലും കരാർ തൊഴിലാളികളെ നിയമിക്കുകയും അവരുടെ കാലാവധിയ്ക്കു ശേഷം പുറത്തുപോകാൻ നിർബ്ബന്ധിതരാകുകയും ചെയ്യും. ഇതോടെ തൊഴിലാളിക്ക് നോട്ടീസ് കാലാവധിയും നഷ്ടപരിഹാരവും നൽകേണ്ടതില്ല എന്ന നയമാണ് പ്രാബല്യത്തിൽ വരുന്നത്. തൊഴിലുടമയ്ക്ക് തൊഴിലാളിയെ നിശ്ചിതകാലത്തേയ്ക്ക് നിയമിക്കാനും കരാർ കാലാവധി കഴിഞ്ഞാലുടൻ പിരിച്ചുവിടാനുമാകും. വേണമെങ്കിൽ അതേ തൊഴിലാളിക്ക് കരാർ നീട്ടിനൽകാനാകും. ഇത്തരത്തിൽ എത്ര തവണ വേണമെങ്കിലും കരാർ പുതുക്കാൻ കഴിയുമെന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. മാത്രമല്ല തൊഴിലിൽ മികവ് പ്രകടിപ്പിച്ചില്ലെന്ന പേരിലും തട്ടിപ്പ് നടത്തി എന്ന പേരിലുമൊക്കെ യാതൊരു തെളിവുമില്ലാതെ തൊഴിലാളിയെ പിരിച്ചുവിടാനാകും. ഒരു വർഷമോ അതിൽ താഴെയോ കരാർ കാലാവധിയുള്ള തൊഴിലാളിക്ക് അവന്റെ മികവ് കൃത്യമായി പ്രകടമാക്കാനാകില്ല എന്നൊരു വസ്തുതയുമുണ്ട്. ഇതിനർത്ഥം വ്യാവസായിക വ്യവഹാര നിയമം (ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ്) ഭേദഗതി ചെയ്യാതെ തന്നെ തൊഴിലാളിയെ നിയമിക്കുകയും പിരിച്ചുവിടുകയും (ഹയർ ആൻഡ് ഫയർ)എന്നാണ്.

തൊഴിലാളികളെ നിയമിക്കുന്നതിൽ തൊഴിലുടമയ്ക്ക് ചില അയവുകൾ നൽകുന്ന വിജ്ഞാപനമായിരുന്നു അത്. രണ്ടാമതായി, തൊഴിലാളി അവരുടെ കരാർ കാലാവധി പുതുക്കുന്നതിന് തൊഴിലുടമയുടെ കരുണ കാത്ത് കഴിയേണ്ടി വരുന്നു. കൂടിച്ചേരാനോ അവകാശങ്ങൾക്കായി പൊരുതാനോ തൊഴിലാളിക്ക് കഴിയാതെ വരുന്നു. ഇതോടെ തൊഴിലാളിക്ക് അനുകൂലമായ തൊഴിൽ നിയമങ്ങളിൽ നിന്നും തൊഴിലുടമയ്ക്ക് രക്ഷ നേടാം.

കൂടാതെ കരാർ നിയമനത്തിലൂടെ തൊഴിലുടമ ആഗ്രഹിക്കുന്ന രീതിയിൽ തൊഴിലാളികളെ വശത്താക്കാനാകും. നവഉദാരവൽക്കരണ ഭരണകൂടം തൊഴിൽ നിയമങ്ങൾ പുനസംഘടിപ്പിക്കുന്നതു തന്നെ അതിനുവേണ്ടിയാണ്.

തൊഴിൽ മേഖല സുഗമമായി നടക്കുന്നതിലേക്കുള്ള ചവിട്ടുപടിയാണ് തൊഴിൽനിയമ ഭേദഗതി. മാത്രമല്ല തൊഴിലാളിയുടെ വിയർപ്പുകൊണ്ട് ആഭ്യന്തര-അന്താരാഷ്ട്രാ കുത്തകകളെ തീറ്റിപ്പോറ്റാനും ലാഭമുണ്ടാക്കി കൊടുക്കാനുമുള്ള നവലിബറൽ ഭരണകൂടത്തിന്റെ നയമാണിത്.

നവഉദാരവൽക്കരണ നയം രാജ്യത്തിന് സംഭാവന ചെയ്ത കോൺഗ്രസിനേക്കാൾ, ബിജെപി ആ നയങ്ങൾക്കു വേണ്ടി നിലകൊള്ളുന്നു. സ്ഥിരം തൊഴിലെന്ന രീതിയെ മാറ്റി നിശ്ചിതകാല തൊഴിലിനെ പ്രോൽസാഹിപ്പിക്കുന്ന കാഴ്ച വാജ്പേയി സർക്കാരിന്റെ കാലത്തേ തുടങ്ങിയതാണ്. ഒരു തൊഴിലാളി സംഘടനയുടെയും എതിർപ്പിനെ വകവെയ്ക്കാതെ കരാർ തൊഴിൽ അഥവാ നിശ്ചിത കാല തൊഴിൽ നിയമമാക്കാൻ 2003 ൽ തന്നെ ബിജെപി സർക്കാർ വിജ്ഞാപനം പുറത്തിറക്കിയിരുന്നു. തൊഴിലാളി സംഘടനകളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് യുപിഎ ഒന്നാം സർക്കാരിന്റെ കാലത്ത് ഈ വിജ്ഞാപനം റദ്ദു ചെയ്തിരുന്നു. അത് ഇടതുപാർട്ടികളുടെ പിന്തുണയോടെ ഭരണം നിലനിർത്തുന്നതിനു വേണ്ടി മാത്രമായിരുന്നു എന്നു കൂട്ടിച്ചേർക്കട്ടെ.

എന്നാൽ 2014 ൽ ഭരണത്തിലെത്തിയ ഉടനെ മോദിയുടെ സർക്കാർ തൊഴിൽ നിയമഭേദഗതിയ്ക്കുള്ള പ്രയത്നം തുടങ്ങിയിരുന്നു. തൊഴിലുടമകളുടെ ആവശ്യകത അനുസരിച്ച് തൊഴിൽ നിയമത്തെ പൊളിച്ചെഴുതാനാണ് സർക്കാർ ശ്രമിച്ചത്. 2015 ൽ വിജ്ഞാപനത്തിന്റെ കരടു പ്രമേയം അവതരിപ്പിച്ചു; 2016 ൽ കരാർ നിയമനം ആദ്യമായി വസ്ത്രവ്യാപാര രംഗത്തേയ്ക്കു വ്യാപിപ്പിച്ചു; 2017 ൽ നിർമ്മാണ രംഗത്തേയ്ക്കു വ്യാപിപ്പിച്ചു; തുടർന്ന് എല്ലാ രംഗങ്ങളിലേയ്ക്കും കരാർ നിയമന വ്യവസ്ഥ വ്യാപിപ്പിച്ചു. സിഐറ്റിയു ഉൾപ്പടെയുള്ള ഒരു തൊഴിൽ സംഘടനകളുടെയും എതിർപ്പ് സർക്കാർ വകവെച്ചില്ല. മാത്രമല്ല പുതിയ നിയമം റദ്ദാക്കാൻ ബിജെപി സർക്കാർ തയ്യാറായതുമില്ല.കുത്തകകളോടുള്ള അവരുടെ പ്രതിബദ്ധതയുടെ ഉത്തമ ഉദാഹരണമാണിത്.

വസ്ത്രവ്യാപാര രംഗം കാലികമായത് മാത്രമായതു കൊണ്ടാണ് ആ മേഖലയിൽ കരാർ തൊഴിൽ വ്യവസ്ഥ കൊണ്ടുവരുന്നതെന്ന ന്യായം പറഞ്ഞ് തങ്ങളുടെ യഥാർത്ഥ ഉദ്ദേശം മറച്ചുവെക്കാനാണ് ബിജെപി ആദ്യകാലത്ത് ശ്രമിച്ചത്. എന്നാൽ എല്ലാ തൊഴിൽ മേഖലകളിലേക്കും കരാർനിയമനം വ്യാപിപ്പിച്ചതോടെ ബിജെപി സർക്കാരിന്റെ നാണം കെട്ട വാദം പൊളിഞ്ഞു. അത്യാഗ്രഹികളായ കുത്തകകളുടെ കളിപ്പാവയായി സർക്കാർ മാറി

എന്നാൽ കരാർ തൊഴിലാളികൾക്ക് സ്ഥിരം ജോലിക്കാരുടെ അതേ അവകാശങ്ങൾ ലഭ്യമാക്കുമെന്ന് സർക്കാർ പറയുന്നു. അതായത് ജോലിസമയവും, ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും എല്ലാ ഇരുകൂട്ടർക്കും തുല്യമായിരിക്കുമെന്ന് സർക്കാർ വ്യവസ്ഥ ചെയ്യുന്നു. സ്ഥിരം തൊഴിലാളികളുടെ അതേ ആനുകൂല്യങ്ങൾ കരാർ തൊഴിലാളിക്കും ലഭ്യമാകുമെന്ന് ഉറപ്പു പറയുന്നു. എന്നാൽ ഇതു വഞ്ചനയാണ്. എന്താണ് നമുക്ക് മനസിലായത്. എന്താണ് യാഥാർത്ഥ്യം.

യഥാർത്ഥത്തിൽ സംഘടിത തൊഴിൽ മേഖലയിലാണെങ്കിൽ പോലും കരാർ തൊഴിലാളിക്ക് നിയമപരമായി ലഭ്യമാകേണ്ട പിഎഫ്, ഇഎസ്ഐ, പ്രസവാനന്തര ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. കാരണം ഇവർ തൊഴിൽസംഘടനയുടെ കീഴിൽ സംഘടിച്ചിട്ടില്ല. രാജ്യത്തെ ആകെ തൊഴിലാളികളുടെ 10 % ത്തിൽ താഴെ തൊഴിലാളികൾ മാത്രമേ സംഘടനകൾക്കു കീഴിലുള്ളു. സ്വകാര്യ മൾട്ടിനാഷണൽ കമ്പനികളിലെ സ്ഥിരം നിയമനക്കാരാണെങ്കിൽ പോലും സംഘടനയ്ക്കു കീഴിൽ അണിനിരക്കാൻ ശ്രമിച്ചാൽ അവരെ ഭീഷണിപ്പെടുത്തുകയും ഇരയാക്കുകയും ചെയ്യും

മാത്രമല്ല ഒന്നോ രണ്ടോ വർഷത്തേക്ക് കരാർ തൊഴിലെടുക്കാൻ വരുന്നവർ എന്തു തൊഴിൽ സംഘടന ഉണ്ടാക്കാനും അവകാശപ്പോരാട്ടം നടത്താനുമാണ്.

ചില കമ്പനികൾ കരാർ തൊഴിൽ നേരത്തേ തന്നെ നടപ്പാക്കിയിട്ടുണ്ട്. ഇവിടുത്തെ കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ ഒരാനുകൂല്യവും ലഭിക്കുന്നില്ല. ഉദാഹരമണായി പറഞ്ഞാൽ അലയൻസ് എയറിന്റെ എയർ ഇൻഡ്യയുമായുള്ള ലയനം. ഇവിടുത്തെ എല്ലാ തൊഴിലാളികളും കരാർ തൊഴിലാളികളാണ്. അവരുടെ കരാർകാലാകാലങ്ങളിൽ പുതുക്കി നൽകുകയാണ് പതിവ്. എന്നാൽ ഇവർക്ക് എയർ ഇൻഡ്യയുടെ സ്ഥിരം ജീവനക്കാരുടേതിനേക്കാൾ ശമ്പളവും ആനുകൂല്യവും തീരെ കുറവാണ്. ഇതിനേക്കുറിച്ച് സിഐറ്റിയു ജനറൽ സെക്രട്ടറി എയർ ഇൻഡ്യയോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നൽകാൻ തയ്യാറായില്ല.

യുവാക്കളെ ആകർഷിക്കാൻ കരാർ തൊഴിലിന്റെ മേൻമ കൊട്ടിഘോഷിച്ചു നടക്കുകയും ഇതുമൂലം സ്ത്രീകൾക്കും തൊഴിൽ ലഭിക്കുമെന്നും പറയുന്നതിലും വലിയ അസംബന്ധമെന്താണ് ബിജെപിയുടെ ഭാഗത്തു നിന്നുണ്ടാകേണ്ടത്

**എന്താണ് ആഗോളതലത്തിൽ കണ്ടത്?**

ലോകത്തിലെ നവലിബറൽ ഭരണകൂടങ്ങളെല്ലാം തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് തൊഴിലിനെ കരാർ വ്യവസ്ഥയിലേക്ക്  അഥായത് നിശ്ചിത കാലതൊഴിലിലേക്ക് കൊണ്ടുവന്നു. ഇതു യുവാക്കളുടെ ഭാവി തച്ചുടച്ചു. അവർക്ക് മികച്ച സ്ഥിരജോലിയിലേക്കെത്തുന്നതിനെ ഈ നിയമങ്ങൾ തടഞ്ഞു.

ആഗോളതലത്തിൽ നടന്ന ഒരു പഠനമനുസരിച്ച് യൂറോപ്പിൽ പ്രത്യേകിച്ച് സ്പെയിനിൽ കരാർ തൊഴിലാളികളുടെ എണ്ണം 50 ശതമാനത്തിനു മേലേ ഉയർന്നു. 94 % പുതുജോലിക്കാരും കരാറുകാരാണ്. മാത്രമല്ല പഠനമനുസരിച്ച് ദീർഘകാലത്തേക്ക് നിശ്ചിത തൊഴിലിലെത്തുന്ന കരാർ ജീവനക്കാർ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറയ്ക്കുകയും കൂലി കുറയുകയും ചെയ്യുന്നു.

അന്താരാഷ്ട്രാ തൊഴിലാളി ഓർഗനൈസേഷൻ (ഐഎൽഒ) കരാർ തൊഴിലാളികളാണ് തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ കൂടുതൽ. അവർക്കാണ് ആദ്യം തൊഴിൽ നഷ്ടമാകുക. ഏതെങ്കിലും തരത്തിൽ സാമ്പത്തിക പ്രതിസന്ധി വന്നാൽ ചിലവ് കുറയ്ക്കുന്നതിനായി സ്ഥാപനം പിരിച്ചുവിടുന്നത് ആദ്യം ഇവരെ ആയിരിക്കും. അടുത്ത കാലത്ത് വൻ സാമ്പത്തിക പ്രതിസന്ധിയിലായ രാജ്യങ്ങളും സ്ഥിരം തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് ചെറിയ പ്രതിഫലത്തിന് സ്ഥിരം നിയമിച്ചു.

തൊഴിലിന്റെ സുരക്ഷിതത്വത്തെ സമൂലം ബാധിച്ച ഒന്നാണ് കരാർ നിയമനം. തൊഴിലുടമ തൊഴിൽനിയമത്തെ ഇഷ്ടം പോലെ ഉപയോഗിക്കുന്നു. തൊഴിലാളികളെ നിയമപരമായ അവകാശങ്ങളിൽ നിന്നും പുറന്തള്ളുന്നു. വിധേയതത്വത്തിന്റെ പേരിൽ സർക്കാർ നല്കൂന്നു

സിഐഐ ദേശീയ ഐ ആർ കമ്മിറ്റിയുടെ ചെയർമാൻ പ്രദീപ് ഭാർഗവ സർക്കാരിന്റെ ഈ നയത്തെ സ്വാഗതം ചെയ്യുന്നു. ഇത് തൊഴിലിനെ ഉത്തേജിപ്പിക്കാൻ സാധിക്കുന്നു. ഇന്ന് കമ്പനികൾ എടുക്കാനും പിരിച്ചുവിടാനും (ഹയർ ആൻഡ് ഫയർ) തയ്യാറാകുന്നു. നിലവിൽ നടക്കുന്നതിനെ ഒന്നു കൂടി ഔദ്യോഗികവും നിയമപരവുമാക്കുന്നു

എന്തിനാണ് തൊഴിൽ നിയമം പൊളിച്ചെഴുതുന്നതെന്ന് മനസിലായോ? നിലവിലെ നിയമങ്ങളിൽ തൊഴിലുടമയെ പുറത്തെത്തിച്ചു അവർക്കു വേണ്ടി തൊഴിൽ സുഗമമാക്കാനുമാണ് നിയമം.

നവ ഉദാരീകരണക നയങ്ങളിൽ പൊറുതിമുട്ടിയ കർഷകർക്കും കൃഷിക്കാർക്കും തൊഴിലാളികൾക്കുംനല്ല ജീവിതവും ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുക. തൊഴിലുടമകളുടെയും ആഭ്യന്തര-അന്താരാഷ്ട്ര കുത്തകകളുടെയും നിയമപരമല്ലാത്ത നീക്കങ്ങൾ എന്നിവയ്ക്കെതിരേ പോരാടാൻ വേണ്ടിയാണ് സെപ്റ്റംബർ 5 ന് തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ മസ്ദൂർ കിസാൻ സംഘർഷ് റാലി സംഘടിപ്പിച്ചിരിയ്ക്കുന്നത്.

## Talking Point- 12

### തൊഴിലാളികൾ വഞ്ചിക്കപ്പെടുന്നു

ജീവനക്കാർക്ക് നൽകി വരുന്ന പ്രൊവിഡന്റ് (ഇപിഎഫ്) പദ്ധതി രാജ്യത്തെ ഏറ്റവും വലിയ സാമൂഹ്യസുരക്ഷാ പദ്ധതിയായി വിലയിരുത്തപ്പെടുന്നു. സ്വാതന്ത്ര്യ ലബ്ധിയുടെ ആദ്യകാലത്തു തന്നെ ഈ പദ്ധതി നടപ്പാക്കിയിരുന്നു. ഇപിഎഫിനൊപ്പം ജീവനക്കാരുടെ സുരക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന മറ്റൊരു പദ്ധതിയാണ് ഇംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം (ഇഎസ്ഐ).

സ്വാതന്ത്ര്യ സമരകാലത്ത് തൊഴിലാളികൾ നടത്തിയ സമരങ്ങളുടെ ഫലമാണ് ഇപിഎഫ് ഉൾപ്പടെയുള്ള പല സാമൂഹ്യസുരക്ഷാ പദ്ധതികളും. എന്നാൽ ക്ഷേമ രാജ്യത്തിനായി അക്കാലത്തെ സർക്കാർ നടപ്പാക്കിയതാണ് ഇത്തരം പദ്ധതികളെന്ന് അവർ അവകാശപ്പെടുന്നു

ഇപ്പോഴും നിലനില്ക്കുന്ന പെൻഷൻ പദ്ധതിയായിരുന്നു ജീവനക്കാരുടെ മറ്റൊരു പ്രധാന ആവശ്യം. ബ്രിട്ടീഷ് ഭരണകാലത്തിന്റെ തുടർച്ചയെന്നോണം കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് മാത്രമായിരുന്നു അക്കാലത്ത് പെൻഷൻ നൽകിയിരുന്നത്.

തൊഴിലാളികളുടെ പെൻഷൻ എന്ന ആവശ്യം ശക്തമായതിനെ തുടർന്ന് 1971 ൽ കുടുംബ പെൻഷൻ പദ്ധതി സർക്കാർ നടപ്പാക്കി. പ്രൊവിഡന്റ് ലഭ്യമായിക്കൊണ്ടിരുന്ന തൊഴിലാളി മരിക്കുകയാണെങ്കിൽ അവരുടെ അനന്തരാവകാശിക്ക് പെൻഷൻ നൽകാനുള്ള തീരുമാനം സർക്കാർ നടപ്പാക്കി. എന്നാൽ പദ്ധതി തികച്ചും പരാജയമായിരുന്നു. സിഐറ്റിയും അതിന്റെ ബലഹീനത പലപ്പോഴും ചൂണ്ടിക്കാട്ടിയിരുന്നു. 11000 കോടി രൂപ ഈ സഞ്ചിത നിധിയിലുണ്ടായിരുന്നെങ്കിലും തൊഴിലാളികൾക്ക് ഇതുകൊണ്ട് ഒരു നേട്ടവും ഉണ്ടായിട്ടില്ല.

പ്രൊവിഡന്റ് ഫണ്ടിനും ഗ്രാറ്റുവിറ്റിയ്ക്കും പെൻഷനെന്ന ആവശ്യം 1990 കളായപ്പോഴേയ്ക്കും ശക്തമായി. 1993 സർക്കാർ ഇപിഎഫുമായി ചേർന്ന് നടത്താവുന്ന ഒരു പെൻഷൻ പദ്ധതി നടപ്പാക്കി. എന്നാൽ  പദ്ധതി തൊഴിലാളികളെ സംബന്ധിച്ച്  പ്രത്യേക ആനുകൂല്യമൊന്നും ലഭിക്കുന്നതല്ലെന്നും മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസമുള്ളതാണെന്നും കാണിച്ച് സിഐറ്റിയു ഉൾപ്പടെയുള്ള തൊഴിലാളി സംഘടനകൾ ഈ പദ്ധതിയെ എതിർത്തു. പദ്ധതിയ്ക്കെതിരെ സിഐറ്റിയും ശക്തായ പ്രചാരണം നടത്തുകയും അവരുടെ നയം വ്യക്തമാക്കുകയും ചെയ്തുകൊണ്ട്  രാജ്യമൊട്ടാകെ ഒരു ദിവസം സമരം നടത്തി. എന്നാൽ ഒരു വിഭാഗം കേന്ദ്ര സർക്കാർ ജീവനക്കാർ പദ്ധതിയെ അനുകൂലിച്ചു. തുടർന്ന് 1995 ൽ സർക്കാർ പെൻഷൻ പദ്ധതി നടപ്പാക്കി.

സംഭവം കോടതിയിലെത്തി.ദീർഘകാലത്തെ താമസത്തിനൊടുവിൽ 2003ൽ സുപ്രീം കോടതി ഇപിഎസ് അംഗീകരിച്ചു. സർക്കാർ പദ്ധതിയിലൂടെ നിരവധി ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് സ്പ്രീംകോടതി ന്യായീകരിച്ചു. പെൻഷൻ കമ്യൂട്ടേഷൻ (10 % പെൻഷന്റെ നൂറു ശതമാനം തുക ആകെ തുകയായി നൽകുക) മൂലധനം തിരികെ നൽകു (തൊഴിലാളി മരിച്ചാൽ മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാകും) വർഷാവർഷം പെൻഷൻ പുനപരിശോധിയ്ക്കും തുടങ്ങി വാദങ്ങളാണ് പെൻഷൻപദ്ധതിയെ കുറിച്ച് കോടതി ന്യായീകരിച്ചത്.

നവഉദാരവൽക്കരണ നയങ്ങളുടെഭാഗമായി  2008 സെപ്റ്റംബർ മാസം 26 ന് പെൻഷനുമായി ബന്ധപ്പെട്ട് നടപ്പാക്കിയ മൂന്ന് പ്രധാന ആനുകൂല്യങ്ങളും നിർത്തലാക്കിക്കൊണ്ട് തൊഴിലാളികളെ സർക്കാർ വഞ്ചിച്ചു. പേരിനുപോലും ഇംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ കേന്ദ്ര ബോർഡ് ട്രസ്റ്റികളുമായി സംഭവത്തെക്കുറിച്ച് ആലോചിച്ചില്ല.

2004 ൽ  തന്നെ തൊഴിലാളികളുടെ പെൻഷൻ പദ്ധതി പങ്കാളിത്ത പെൻഷൻ പദ്ധതിയാക്കി മാറ്റി സർക്കാർ വിജ്ഞാപനം പുറത്തിറക്കിയിരുന്നു. ഇത് പിന്നീട് ദേശീയപെൻഷൻ പദ്ധതി അഥവാ എൻപിഎസ് ആയി മാറി.

തൊഴിലാളികളുടെ പെൻഷൻ പദ്ധതിയിലേയ്ക്കായി അവരുടെ കൊണ്ടുപോകുകയും, എന്നാൽ വെറും 100 രൂപ താഴെ മാത്രം പെൻഷൻ നൽകി ലക്ഷക്കണക്കിന് തൊഴിലാളികളെ പരിഹസിക്കുകയും ചെയ്തു. രണ്ടാം യുപിഎ സർക്കാർ 1000 രൂപ മിനിമം പെൻഷനായി ഉയർത്തിയെങ്കിലും പദ്ധതി പാളി. എന്നാൽ 2014 ലെ മോദി സർക്കാർ ചില നിബന്ധനകളോടെ പദ്ധതി നടപ്പാക്കി തുടങ്ങിയിരുന്നു. വലിയ വിഭാഗം തൊഴിലാളികൾക്കും 1000 രൂപയിൽ താഴെ മാത്രമാണ് മാസാമാസം പെൻഷൻ ലഭിക്കുന്നത്.

2008 നു മുൻപ് കമ്യൂട്ടേഷനായി പെൻഷൻ ലഭിച്ച ഭൂരിഭാഗം തൊഴിലാളികളും അത് തിരികെ 100 മാസത്തിനുള്ളിൽ തിരിച്ചടച്ചു കഴിഞ്ഞിട്ടും 180 മാസത്തിനു ശേഷവും തിരിച്ചുപിടിക്കുന്നത് തുടരുകയാണ്. മാത്രമല്ല റിട്ടേൺ ഓൺ ക്യാപിറ്റൽ സ്കീമിൽ നിന്നു പിൻവലിഞ്ഞു കഴിഞ്ഞാലും മൂലധന നിക്ഷേപം തിരിച്ചു പിടിയ്ക്കാൻ പത്തു ശതമാനം കിഴിവുനൽകിയാലും സാധിക്കില്ല. മാത്രമല്ല പെൻഷൻവേതനം കണക്കുകൂട്ടുന്ന രീതിയിൽ മാറ്റം വന്നു.അതായത് അവസാന 12 മാസങ്ങളുടെ ശരാശരി വേതനത്തിനനുസൃതമായായിരുന്നു നേരത്തെ പെൻഷൻ തുക കണക്കാക്കിയിരുന്നത്. എന്നാൽ പിന്നീടത് 36 മാസത്തെ ശരാശരിയായി വർദ്ധിപ്പിച്ചത്, ഇപ്പോൾ 60 മാസത്തേ ശരാശരിയായി മാറി

ഇതുകൂടാതെ പ്രൊവിഡന്റ് ഫണ്ട് ഉപഭോക്താക്കളുടെ ആവശ്യത്തെ തള്ളിക്കളഞ്ഞുകൊണ്ടും വെട്ടിക്കുറച്ചുകൊണ്ടും അവരെ പരമാവധി കഷ്ടപ്പെടുത്തുന്ന നയമാണ് സർക്കാർ തുടരുന്നത്. ഇപിഎഫ്, ഇഎസ്ഐ ആനുകൂല്യങ്ങളിൽ തൊഴിലാളികൾ ബന്ധികളാണ്. അത് നടപ്പാക്കുന്നവർക്ക് അതൊരു ബാധ്യതയായി തീരുന്നെന്നും ബിജെപി സർക്കാർ വാദിക്കുന്നു. പാർലമെന്റിലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി തന്നെ സർക്കാരിന്റെ നയത്തേക്കുറിച്ച് സ്പഷ്ടമായി പറഞ്ഞതാണ്.ഈ അടിമത്തത്തിൽ നിന്നും ബന്ദികളെ മോചിപ്പിക്കാൻ സർക്കാർ ആഗ്രഹിക്കുന്നത്രേ.

എങ്ങനെ? ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് നോക്കാം.

ഇംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിനുമേൽ നികുതി ചുമത്താൻ സർക്കാർ ശ്രമിച്ചു. എന്നാൽ വലിയ സമരങ്ങളെ തുടർന്ന് സർക്കാരിന് തീരുമാനം പിൻവലിക്കേണ്ടി വന്നു. അത് തൊഴിലാളികളുടെ പണമാണെന്നും വിരമിക്കൽ വരെ ആ പണം പിൻവലിക്കേണ്ടന്നും സർക്കാരിന് പറയേണ്ടി വന്നു. തൊഴിലാളികളുടെ ശക്തമായ എതിർപ്പും ഈ തീരുമാനം പിൻവലിക്കുന്നതിന് കാരണമായി ഈ എതിർപ്പുകൾക്കിടയിലും വാർഷിക വരുമാനത്തിന്റെ 15 % ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നു. ഈ തുക ഇനിയും വർദ്ധിപ്പിക്കുമെന്നാണ് കേൾക്കുന്നത്.

ഇംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിന്റെ പലിശ ഇനിയും കുറച്ചേക്കുമെന്നും കേൾക്കുന്നു.നിലവിൽ 8.55 % പലിശ നിരക്ക്. എല്ലാ നിക്ഷേപങ്ങളുടെയും പലിശ നിരക്ക് കുറച്ചുകൊണ്ട് ഓഹരി വിപണിയിലേയ്ക്ക് നിക്ഷേപങ്ങളെ കൂടുതൽ കൊണ്ടുവരുന്നതിനാണ് സർക്കാർ ലക്ഷ്യം.

ഒരുവശത്ത് തൊഴിലാളികളെ കൊള്ളയടിക്കുന്നു.

തൊഴിൽദാതാവിന്റെ ഇപിഎഫ് പങ്കിന്റെ ശതമാനം 12 ൽ നിന്ന് 10 % മാക്കി കുറച്ച് 100 കോടിയോളം രൂപ മിച്ചം പിടിയ്ക്കാൻ സർക്കാർ ശ്രമിച്ചിരുന്നു. തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും കടുത്ത എതിർപ്പുമൂലം ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നത് നീട്ടിവെച്ചിട്ടുണ്ട്.

ശമ്പളത്തിനു പുറമെയുള്ള എംപ്ലോയിമെന്റ് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യം ഇപിഎഫ്, ഇപിഎസ് എന്നീ രണ്ട് വിഭാഗങ്ങളുണ്ടായരുന്നു 2014 വരെ. എന്നാലിത് ഓഗസ്റ്റ് 2014 വരെ മാത്രമേ നീണ്ടുനിന്നുള്ളൂ. മുഴുവൻ വേതനത്തിനും വേണ്ടി ഇപിഎഫ് ൽ നിക്ഷേപിച്ചവർക്ക് കൂടുതലായി ഒന്നും കിട്ടിയില്ല. തുടർന്ന് സുപ്രീം കോടതി തൊഴിലാളികൾക്ക് അനുകൂലമായ ഒരു വിധി പുറ

പ്പെടുവിച്ചിരുന്നു. എന്നാൽ ഇംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് പുറത്തുപോയ തൊഴിൽസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മുഴുവൻ പെൻഷനും ലഭിക്കാൻ അർഹതയില്ലെന്ന് ഇപിഎഫ്ഒ പറയുന്നു. ഈ വിഷയം ഇന്ന് വിവിധ കോടതികളിൽ പരിഗണനയിലാണ്.

സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇല്ലാതാക്കുകയെന്നത് നവഉദാരീകരണ കാലത്തിന്റെ സമഗ്രപദ്ധതിയാണ്. ഇപിഎഫ്, ഇസ്ഐ, മറ്റ് ക്ഷേമ പദ്ധതികൾ ഉൾപ്പടെയുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളെയെല്ലാം ഒരുകുടക്കീഴിൽ അണിനിരത്തി പൂർണമായ സാമൂഹ്യസുരക്ഷാ പദ്ധതിയായ ദേശീയ സാമൂഹ്യ സുരക്ഷാ പദ്ധതിയ്ക്കു കീഴിൽ കൊണ്ടുവരാനുള്ള ബില്ലിന്റെ കരടുരൂപം തയ്യാറായതാണ് അറിയാൻ കഴിയുന്നത്. എന്നാൽ സാമൂഹ്യസുരക്ഷയിൻമേലുള്ള ഈ സമഗ്രപദ്ധതിയുടെ കരടിൽ തൊഴിലാളികൾക്ക് എന്താനുകൂല്യം ലഭിക്കുമെന്ന് വിശദീകരിക്കുന്നില്ല.

സിഐറ്റിയു ഉൾപ്പടെയുള്ള തൊഴിൽസംഘടനകൾ ഈ കരട് ബില്ലിനെ അടിമുടി എതിർക്കുന്നു.

മിനിമം പെൻഷൻ തുക ഉയർത്തുക,ജീവിതചിലവ് സൂചിക അടിസ്ഥാനപ്പെടുത്തി ലിങ്കേജ് പെൻഷൻ തുക ഉയർത്തുക, കമ്യൂട്ടേഷൻ പെൻഷനിൽ നിന്നും അധികമായി പിടിച്ചെടുത്ത പെൻഷൻ തുക തിരികെ നൽകി പെൻഷൻ പുനസ്ഥാപിക്കുക, പെൻഷൻ വർദ്ധിപ്പിക്കാനുള്ള സുപ്രീം കോടതി വിധി നടപ്പാക്കുക.ഈ അവശ്യങ്ങൾ അടിയന്തിരമായി പരിഗണിച്ച് ഇപ്പോൾ തന്നെ ദുരിതക്കയത്തിൽ വീണ ഇംപ്ലോയിമെന്റ് പ്രൊവിഡന്റ് ഫണ്ട് കോർപറേഷന് പുതുജീവൻ നൽകുക, ഇവയാണ് ഇടതു തൊഴിലാളി സംഘടനകളുടെ ആവശ്യം.

സാർവ്വത്രികമായ സാമൂഹ്യ സുരക്ഷാ പദ്ധതി നിലനിർത്തുക. ഇപിഎഫ്, ഇഎസ്ഐ ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു നൽകുക.സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലയിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കുക.തൊഴിലാളികളുടെ വിയർപ്പിന്റെ വില കുത്തകകൾക്ക് തീറെഴുതാതിരിക്കുക തുടങ്ങീ ആവശ്യങ്ങൾ ഉന്നയിച്ച് തൊഴിൽ സംഘടനകളുടെ നേതൃത്വത്തിൽ പാർലമെന്റിലേക്ക് സെപ്റ്റംബർ 5 ന് മസ്ദൂർ കിസാൻ സംഘർഷ് റാലി സംഘടിപ്പിച്ചിരിക്കുന്നു.

## Talking Point- 13

### താങ്ങാവുന്ന വിലയിൽ വൈദ്യുതി നമ്മുടെ അവകാശമാണ്

ഇന്നത്തെക്കാലത്ത് വൈദ്യുതി ഇല്ലാതെ ഒരു നിമിഷം മുന്നോട്ട് പോകുക അസാധ്യമാണ്. വായുവും വെള്ളവും പോലെ തന്നെ നിത്യജീവിത്തിലെ അടിസ്ഥാനാവകാശമാണ് വൈദ്യുതിയും. അതുകൊണ്ടു തന്നെ താങ്ങാവുന്ന വിലയിൽ വൈദ്യുതിലഭിക്കേണ്ടത് നമ്മുടെ അവകാശമാണ്. ഓരോ രാജ്യവും അവരുടെ പൗരൻമാർക്ക് വൈദ്യുതി ലഭിക്കുമെന്ന് ഉറപ്പാക്കേണ്ടതുണ്ട്

നമ്മുടെ രാജ്യം പോലെ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യത്തെ സർക്കാർ പാവപ്പെട്ടവരുൾപ്പടെയുള്ളവർക്ക് താങ്ങാവുന്ന വിലയിൽ വൈദ്യുതി എത്തിക്കേണ്ടത് അവരുടെ ഉത്തരവാദിത്തമാണ്. ഒരു കാര്യമോർക്കേണ്ടതുണ്ട്, സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ലക്ഷക്കണക്കിന് പൊതുജനങ്ങളുടെ അഭിലാഷങ്ങൾക്കനുസരിച്ച് സ്വാതന്ത്രലബ്ധിയ്ക്കുടൻ തന്നെ രൂപീകരിച്ചതാണ് വൈദ്യുതി നയം. അക്കാലത്ത് വൈദ്യുതിയുടെ പൂർണ നിയന്ത്രണം സർക്കാരിന്റെ അധീനതയിലായിരുന്നു

എന്നാൽ നവലിബറൽ നയങ്ങൾ നടപ്പാക്കപ്പെട്ടതോടെ പുനഃസംഘടിപ്പിക്കലിന്റെ പേരിൽ വൈദ്യുതി വിതരണവും വ്യവസായവൽക്കരിക്കപ്പെട്ടു. താങ്ങാവുന്ന വിലയിൽ വൈദ്യുതി ലഭിക്കാനുള്ള ജനങ്ങളുടെ അവകാശം ഇതോടെ നിരകരിക്കപ്പെട്ടു.

**നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യാനന്തര ഊർജ്ജ നയം എന്തായിരുന്നു?**

അതിവേഗത്തിൽ രാജ്യം വൈദ്യുതീകരിക്കുന്നതിന്റെ ഭാഗമായി 1948 ലെ ഇലക്ട്രിസിറ്റി ആക്റ്റ്

അനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡുകൾ രൂപീകരിച്ചു.

രാജ്യത്തെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് വൈദ്യുതി അത്യാന്താപേക്ഷിതമായതിനാൽ ഗ്രാമങ്ങളുൾപ്പടെയുള്ള രാജ്യത്തെ സകലയിടങ്ങളും അതിവേഗത്തിൽ വൈദ്യുതീകരിക്കുകയായിരുന്നു ബോർഡുകളുടെ രൂപീകരണം കൊണ്ട് ഉദ്ദ്യേശിച്ചിരിക്കുന്നത്. ക്ഷ്യോൽപാദനം വേഗത്തിലാക്കാൻ കൃഷിയിടങ്ങളിൽ അടിയന്തിരമായി വൈദ്യുതീകരിച്ചു. ഇതിനായി 2 കോടി പമ്പുസെറ്റുകളാണ് സംസ്ഥാന വൈദ്യുതി ബോർഡുകൾ വൈദ്യുതീകരിച്ചത്. കുറച്ചുകാലത്തിനുള്ളിൽ തന്നെ ഭക്ഷ്യോൽപാദനത്തിൽ രാജ്യം മുന്നോട്ടുകുതിച്ചു. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ നാലു ദശാബ്ദം കൊണ്ടു തന്നെ സംസ്ഥാന വൈദ്യുതി വകുപ്പുകൾ അഞ്ചു ലക്ഷം വില്ലേജുകൾ പൂർണമായും വൈദ്യുതീകരിച്ചു

എന്നാൽ നവലിബറൽ ഭരണകൂടത്തിന്റെ കീഴിൽ, സംസ്ഥാന വൈദ്യുതി ബോർഡുകൾ അപര്യാപ്തമാണെ സൂചിപ്പിച്ച് അവരെ കുറ്റപ്പെടുത്തൽ ആരംഭിച്ചു. രാജ്യത്തിന്റെ സാമൂഹ്യ -സാമ്പത്തിക വളർച്ചയ്ക്കു വേണ്ടി വ്യവസായത്തിനും, ഗതാഗത രംഗത്തും, ആരോഗ്യ രംഗത്തും, വിദ്യാഭ്യാസ രംഗത്തും, ശാസ്ത്ര -സാങ്കേതിക രംഗത്തും വൈദ്യുതി ബോർഡുകൾ നൽകിയ പങ്ക് നിരാകരിക്കപ്പെട്ടു.

**നയങ്ങളിലെ മാറ്റം**

നവലിബറൽ ഭരണകൂടം വൈദ്യുതി ഉൽപാദനരംഗവും കുത്തകകൾക്ക് കൈമാറി. 1991 ൽ കോൺഗ്രസ് ഭരണകാലത്താണ് ആദ്യമായി വൈദ്യുത രംഗത്തേയ്ക്ക് സ്വകാര്യ ഏജൻസികൾ ക്ഷണിക്കപ്പെട്ടത്. ലാഭം മാത്രം ലക്ഷ്യമിട്ട് എൻ റോ, എഇഎസ്, ഓഗ്ഡെൻ എന്നീ കമ്പനികൾ രാജ്യത്തെ വൈദ്യുതമേഖലയിലേയ്ക്ക് രംഗപ്രവേശം ചെയ്തു. ഇവരാരും തന്നെ മുതൽമുടക്കാനുള്ള സാമ്പത്തികവുമായല്ല രാജ്യത്തെത്തിയത്. അവർക്കു വേണ്ടി പൊതുമേഖലാ ബാങ്കുകളിൽ നിന്നും ധനകാര്യബാങ്കുകളിൽ നിന്നും സർക്കാർ തന്നെ മുൻകൈ എടുത്ത് വായ്പകൾ ശരിയാക്കി. ഇങ്ങനെ സ്വകാര്യ ലാഭത്തിനായി പൊതുസമ്പാദ്യം നിക്ഷേപിക്കാൻ തുടങ്ങി. മാത്രമല്ല ഇവർ ഉദ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങാമെന്ന് സർക്കാർ വാഗ്ദാനവും നൽകി. ഇതു മൂലം വളരെ കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ഉദ്പാദിപ്പിച്ചിരുന്ന സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പവർ പ്ലാന്റുകൾ പൂട്ടേണ്ടി വരികയും, സ്വകാര്യ പവർ പ്ലാന്റുകളിൽ നിന്ന് അമിത വിലയ്ക്കു വൈദ്യുതി വാങ്ങേണ്ട അവസ്ഥ വരികയും ചെയ്തു. ഉദാഹരണം പറഞ്ഞാൽ രാജ്യത്തു തന്നെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന മഹാരാഷ്ട്രാ വൈദ്യുതി ബോർഡ് എൻ റോണിൽ നിന്നും അവർ ആവശ്യപ്പെട്ട വിലയിൽ വൈദ്യുതി വാങ്ങേണ്ടി വന്നു. എൻ റോണിന്റെ കടന്നു വരവ് മഹാരാഷ്ട്രാ വൈദ്യുതി ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചു. മിക്കവാറുമുള്ള സംസ്ഥാന വൈദ്യുതി ബോർഡുകൾക്ക് മഹാരാഷ്ട്രയെ പിൻതുടരേണ്ടി വന്നു. അവർക്ക് സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി വാങ്ങുന്നതിനായി കരാർ നൽകേണ്ടി വന്നു. ഈ കുത്തകകമ്പനികൾക്ക് രാജ്യത്തെ ഊർജ്ജ ഉൽപാദനരംഗം കൈകാര്യം ചെയ്യാനുള്ള പരമാധികാരം സർക്കാർ കൈമാറി.

പരിഷ്ക്കാരങ്ങളുടെ പേരിൽ ഹരിയാന, ആന്ധ്രാപ്രദേശ്, ഒഡീസാ സർക്കാരുകൾ, 2003 ലെ വൈദ്യുതി നിയമം പ്രാവർത്തികമാക്കുന്നതിനു മുൻപു തന്നെ സംസ്ഥാന ഊർജ്ജപരിഷ്ക്കാര ആക്റ്റു വഴി അവരുടെ വൈദ്യുത ബോർഡുകളുടെ ശക്തി കുറച്ചു.

**2003 ലെ വൈദ്യുതി നയം**

ദേശീയ തലത്തിൽ ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ ഗവർമെന്റ്, 2000 ത്തിലെ വൈദ്യുതി ബില്ലിലിനേതിനു സമനമായ പരിഷ്ക്കാരം കൊണ്ടു വരാൻ ആഗ്രഹിച്ചു. എന്നാൽ സർക്കാരിന്റെ ഈ നിലപാട് വൈദ്യുതി വിഭാഗവുമായി നേരിട്ടോ അല്ലാതെയോ ബന്ധമുള്ള സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും കടുത്ത വിമർശനത്തിന് ഇടയാക്കി.എന്നിരുന്നാലും ആത്യന്തികമാ

യി ബിജെപി സർക്കാർ വൈദ്യുതി ബിൽ 2003 പാസാക്കി. എന്നാൽ 1948 ൽ പാസാക്കിയ വൈദ്യുതി നിയമത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പുതിയ ആക്റ്റ്. രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് അതിവേഗ വൈദ്യുതീകരണമായിരുന്നു 1948 ലെ വൈദ്യുതി നയത്തിന്റെ പ്രധാന ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ ഉൽപാദനം, പ്രസരണം എന്നിവയ്ക്കായി പ്രാഥമിക കർത്തവ്യ നിർവ്വഹണശേഷിയുള്ളതും കൂടാതെ രാജ്യത്തെ മുക്കിനും മൂലയിലും വൈദ്യുതി വിതരണത്തിന്റെ വ്യാപനത്തിനായുള്ള ബോർഡുമാണ് സ്ഥാപിച്ചത്.

എന്നാൽ ഇതിനു വിപരീതമായി, നവലിബറൽ ഭരണത്തിനു കീഴിൽ നടപ്പാക്കിയ വൈദ്യുത ആക്റ്റ്-2003 അനുസരിച്ച് വൈദ്യതി വിതരണ പ്രസരണ രംഗത്തു നിന്നും സർക്കാർ പതിയെ പിൻവാങ്ങുകയും, അവിടേയക്ക് സ്വകാര്യ കമ്പനികൾ കടന്നുവരികയും ചെയ്തു. രാജ്യത്തിന്റെ സാമൂഹ്യ- സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയിരുന്ന വൈദ്യുതി രംഗം, ഇന്ന് കുത്തകകൾക്ക് പണമുണ്ടാക്കാനുള്ള മാർഗമായി മാറിയിരിക്കുന്നു. ചെലവുകുറച്ച്, ഗുണനിലവാരത്തിലുള്ള വൈദ്യുതി ജനങ്ങളിലേയ്ക്കെത്തിക്കുയെന്നതായിരുന്ന പരിഷ്ക്കാരങ്ങളിലൂടെ സർക്കാരിന്റെ ലക്ഷ്യം. എന്നാൽ അത് ചില തെറ്റിദ്ധാരണകൾ മാത്രമായിരുന്നു

കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങൾ കൊണ്ടു 30000 കോടി രൂപയുടെ നഷ്ടം വരുത്തിയതായി സംസ്ഥാന വൈദ്യുതി ബോർഡിനെതിരെ ആരോപണമുയർന്നിരുന്നു. തുടർന്ന് വൈദ്യുതി ബിൽ 2003 ന് അനുസൃതമായി വൈദ്യുതി ബോർഡുകളുടെ ശക്തി ക്ഷയിച്ചു.

കഴിഞ്ഞ പതിനഞ്ചു വർഷംകൊണ്ട് വൈദ്യുത രംഗത്തെ സ്വകാര്യ കുത്തക കമ്പനികൾ 4.5 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടാക്കുകയും അഞ്ചു ലക്ഷം കോടി രൂപയോളം ധനകാര്യ സ്ഥാപനങ്ങളിൽ കടമുണ്ടാക്കുകയും ചെയ്തു. ഈ നഷ്ടം പരോക്ഷമായി ഉപഭോക്താക്കളെ ബാധിച്ചു. അവർ വൈദ്യുതി വിലയുടെ എട്ടിരട്ടി വില നൽകേണ്ടതായി വന്നു. 2003 ലെ വൈദ്യുതി ബില്ലിൽ മുതൽ മുടക്കില്ലാത്ത വൈദ്യുതി വ്യാപാരത്തിനും അനുമതിയായി. ഓഹരികൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന നിശ്ചിത കാല വ്യാപാരം നിലവിൽ വന്നു. വൈദ്യുതി ഉൽപാദന-പ്രസാരണ-വിതരണ ശൃംഖല തന്നെ ആവശ്യമില്ലാതെയായി.

**ക്രോസ് സബ്സിഡി**

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലെ വൈദ്യുതി നയത്തിൽ പാവപ്പെട്ടവർക്ക് വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനായി ക്രോസ് സബ്സിഡി (അതായത് കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതിയും വീടുകളിൽ സബ്ഡിസി നിരക്കിൽ വൈദ്യുതിയും നൽകി വ്യാവസായിക യൂണിറ്റുകളിലെ വൈദ്യുതിഉപയോഗത്തിന് കൂടുതൽ പണം ഈടാക്കിക്കുക) നടപ്പാക്കിയിരുന്നു.മാത്രമല്ല സർക്കാർ നിശ്ചയിച്ചിരിക്കുന്ന അളവിനേക്കാൾ വൈദ്യുതി ഉപയോഗിക്കുന്ന ഉപ ാക്താവിന് ഓരോ അധിക യൂണിറ്റിനും പണം കൂടുതൽ ഈടാക്കിക്കൊണ്ട് പാവപ്പെട്ടവർക്ക് സബ്സിഡി നിരക്കിലോ സൗജന്യമായോ വൈദ്യുതി ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായിരുന്നു വൈദ്യുതി നയത്തിലുണ്ടായിരുന്നത്.അതായത് ഏകദേശം ഒരു യൂണിറ്റിന് ഒരു രൂപയാണ് വിലയെങ്കിൽ വ്യവസായ യൂണിറ്റുകളിൽ നിന്നും 1.40 പൈസ ഈടാക്കിക്കൊണ്ട് പാവപ്പെട്ടവർക്ക് 60 പൈസയുടെ സബ്സിഡി നൽകുന്ന രീതിയുണ്ടായിരുന്നു.

2003 ലെ വൈദ്യുതി നയം മേഖലയെ കൂടുതൽ സ്വകാര്യവൽക്കരിച്ചു.കരാറുകാരും ഫ്രാഞ്ചൈസികളും പുറംതൊഴിലാളികളും എല്ലാം കൂടി പൊതുജനത്തിന് വൈദ്യുതിവില താങ്ങാൻപറ്റാതായി.

**2014ലെ വൈദ്യുതി ഭേദഗതി ബിൽ**

2014 ലെ വൈദ്യുതി ഭേദഗതി ബില്ലോടു കൂടി രാജ്യത്തെ സ്വകാര്യ കുത്തകകൾക്ക് അമിത ലാമുണ്ടാക്കി കൊടുക്കാനാണ് ബിജെപി സർക്കാർ ശ്രമിച്ചത്. രണ്ടുഘടകകങ്ങളിലേയ്ക്ക് വൈദ്യു

ത സംവിധാനം എത്തിച്ചു, അതായത്, നിയന്ത്രണവും ഉള്ളടക്കവും മാത്രം.ഏതൊരു പ്രത്യേക മേഖലയിലേയ്ക്കും എത്രയധികം കമ്പനികൾക്കു വേണമെങ്കിലും കടന്നുകയറാവുന്ന രീതിയിൽ ബില്ലിൽ ഭേദഗതി വരുത്തി. എന്നാൽ പുതുതായി എത്തുന്നവർ ഒരു പൈസ പോലും ഇതിലേയ്ക്ക് മുടക്കേണ്ടതില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലാഭം കിട്ടുന്ന മേഖലയ്ക്ക് വൈദ്യുതി നൽകുക. അതായത് പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യസ്ഥാപനങ്ങൾ, റെയിൽവേ തുടങ്ങിയവർക്ക് വൈദ്യുതി വിതരണം ചെയ്യുക. മാത്രമല്ല നഷ്ടമുണ്ടാക്കുന്ന ഗ്രാമീണവൈദ്യുത മേഖലയെയും കാർഷിക മേഖലയിലെ ഉപഭോക്താക്കളെയും മാറ്റി നിർത്താനും ഇവർക്ക് അവസരമുണ്ട്. അതായത് ലാഭം കൊയ്യുന്ന വൈദ്യുത മേഖല സ്വകാര്യ കുത്തകകൾക്ക്, നഷ്ടമുണ്ടാക്കുന്നവ പൊതുമേഖലയ്ക്കും.ഒരു കാര്യം വ്യക്തമാണ് വൈദ്യുത വിതരണ രംഗത്തെ ഒരു ലൈസൻസെങ്കിലും സർക്കാർ നിയന്ത്രിത കമ്പനികൾക്ക് ലഭിക്കും.എന്നാൽ ക്രോസ് സബ്സിഡി ഇല്ലാതായാൽ ഉപഭോക്താവ് വൈദ്യുതിയ്ക്ക് അമിത വില കൊടുക്കേണ്ടി വരും. അതായത് വൻകിട കമ്പനികൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില സ്വകാര്യ കമ്പനികളിലേയ്ക്ക് മാറിക്കഴിയുമ്പോൾ ലാഭം നേടാനാകാതെ സംസ്ഥാന വൈദ്യുത വകുപ്പുകൾ തകരും.

മാത്രമല്ല 2014 ലെ ഭേദഗതി ബില്ലനുസരിച്ച് എത്ര വിതരണ കമ്പനികൾക്കു വേണമെങ്കിലും ഒരു ശൃംഖലയിൽ പ്രവർത്തിക്കാനാകും. ഇതാണ് തുറന്ന പ്രവേശനം (ഓപ്പൺ ആക്സസ്) എന്ന് പറയപ്പെടുന്നത്. ജനങ്ങൾക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കാമെന്ന രീതിയിൽ സർക്കാർ പ്രചാരണം നടത്തുന്നു. എന്നാൽ പാവപ്പെട്ടവർക്ക് ഇതിനുള്ള സാഹചര്യമുണ്ടാകുന്നില്ല. മാത്രമല്ല കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കാൻ അവർ സർക്കാർ നിയന്ത്രിത കമ്പനികളെ മാത്രം ആശ്രയിക്കേണ്ടതായി വരുന്നു. സ്വകാര്യ കമ്പനികൾക്ക് പാവപ്പെട്ടവരോട് യാതൊരു താൽപര്യവുമില്ല. അവർ അമിതലാഭത്തിനായി ആദായ ശ്രോതസ്സുള്ള വൻകിട വ്യാവസായിക യൂണിറ്റുകൾക്കും നഗരങ്ങളിലും മാത്രം വൈദ്യുതി വിതരണത്തിൽ താൽപര്യപ്പെടുന്നു. അത് സർക്കാർ നിയന്ത്രിത വൈദ്യുത കമ്പനികളെ വെട്ടിലാക്കുന്നു. കുറഞ്ഞ വിലയ്ക്ക് പാവപ്പെട്ടവർക്ക് വൈദ്യുതി നൽകുകയും വൻകിട വ്യാവസായിക യൂണിറ്റുകളുടെ കരാർ ലഭിക്കാതെ, നഷ്ടം സഹിച്ച് ക്രോസ് സബ്സിഡി നിർത്തലാക്കുകയും ചെയ്യും.മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, പണക്കാരന് കുറഞ്ഞ ചിലവിൽ വൈദ്യുതി ലഭിക്കുകയും ചെയ്യും.

മാത്രമല്ല നിരവധി കമ്പനികൾ വൈദ്യുത വിതരണത്തിനെത്തുന്നതോടെ ഉപഭോക്താക്കൾ ബുദ്ധിമുട്ടും. വൈദ്യുതി വിതരണം തടസ്സപ്പെടുമ്പോഴും വൈദ്യുത വിതരണത്തിൽ മറ്റ് പ്രശ്നങ്ങളുണ്ടാകുമ്പോഴും വൈദ്യുതി വിതരണം സ്വാഭാവികമാക്കാൻ ആരേ സമീപിക്കണമെന്നറിയാതെ ജനം വലയും. അതുകൊണ്ട് വൈദ്യുത ഉൽപാദന-പ്രസരണ-വിതരണ രംഗത്ത് ഏതു കമ്പനിയാണ് ഓരോ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നതെന്ന് സർക്കാർ ഉപഭോക്താക്കളെ ബോധ്യപ്പെടുത്തണം

**നഷ്ടപരിഹാരത്തിനായി കൃത്യമ രേഖയുണ്ടാക്കൽ**

താരിഫ് അടിസ്ഥാനമാക്കി അന്തർദ്ദേശീയ മൽസരാധിഷ്ഠിത ലേലം വഴി വികസിപ്പിച്ച അൾട്രാ മെഗാ വൈദ്യുത പദ്ധതികൾ തട്ടിപ്പായി പൊളിഞ്ഞു. നടപ്പാക്കുന്ന 16 പദ്ധതികളിൽ 3 എണ്ണം അവരുടെ ലോബിയിംഗ് ശേഷിയെ ഉപയോഗപ്പെടുത്തി പിൻവാതിലിലൂടെ അവരുടെ നിരക്കുകൾ വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. സസാനിൽ അമ്പാനി ഗ്രൂപ്പും മുന്ദ്രയിൽ അദാനിയും അവരുടെ നിയമവിരുദ്ധ രീതികൾ നിയമവിധേയമാക്കാൻ നടത്തിയ നിയമപോരാട്ടം സുപ്രീംകോടതിയിൽ പൊളിഞ്ഞു.

അതുകൊണ്ട് സാമ്പത്തികമായി തങ്ങളെ താങ്ങി നിർത്തുന്ന വൻകിട കുത്തകകളെ താങ്ങി നിർത്താൻ മാധ്യമങ്ങളെ ഉപയോഗിച്ച് ജനങ്ങളെ മണ്ടൻമാരാക്കുകയുമാണ് സർക്കാർ. തെറ്റായ അവകാശവാദവും തെറ്റായ വിവരങ്ങളും നൽകി ജനങ്ങളെ കബളിപ്പിക്കുന്നത് മോദി സർക്കാരിന്റെ മുഖമുദ്രയാണ്.

ആഭ്യന്തര ഉൽപാദന വളർച്ചയടിസ്ഥാനമാക്കി രാജ്യത്തെ വൈദ്യുത ഉപയോഗത്തിന്റെ കാര്യത്തിൽ സർക്കാർ കള്ളം പറയുകയാണ്. എല്ലാ ഉൽപാദക സംര കരും തൊഴിൽശാലകളും വൈദ്യുതി ഉപയോഗിക്കുന്നുണ്ടെന്നത് വ്യക്തമാണ്. 2018 മെയ് 31 അടിസ്ഥാനമാക്കി സർക്കാര് കണക്കനുസരിച്ച് രാജ്യത്തെ വൈദ്യുതി ഉത്പാദനം 343898 മെഗാവാട്ടാണ്. എന്നാൽ ഉപയോഗമാക5ട്ടെ 170765 മെഗാവാട്ടും. അതായത് വൈദ്യുതി ഉൽപാദനത്തിൽ രാജ്യം വളർന്നെന്നും എന്നാൽ അത്രയ്ക്ക് നമുക്ക് ആവശ്യമില്ലെന്നും വ്യക്തമാക്കുന്നു.അതേപോലെ 2017 ഏപ്രിലിനും 2018 മെയ് മാസത്തിനുമിടയിൽ 213583 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ163795 മില്യൺ വൈദ്യുതി ഉൽപാദനം മാത്രമേ നടന്നുള്ളു. അതയാത് ഉൽപാദനം നടന്നത് ലക്ഷ്യം വെച്ചതിന്റെ 76 % മാത്രം. ആവശ്യത്തിന് വൈദ്യുതി ഉൽപാദനം നടന്നിട്ടില്ലെന്നാണ് മറ്റൊരുവാദം.സാമ്പത്തിക വളർച്ച കാണിക്കാൻ മോദി സർക്കാർ നടത്തിയ മറ്റൊരു കപടനാടകമാണിത്.

രാജ്യത്തെ 100 % വില്ലേജുകളും വൈദ്യുതീകരിച്ചിരിക്കുന്നു എന്നാണ് സർക്കാരിന്റെ അവകാശവാദം. എന്നാൽ യഥാർത്ഥത്തിൽ നടന്നതെന്താണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്നെ 97 % വില്ലേജുകളും വൈദ്യുതീകരിച്ചിരുന്നു. 18000 വില്ലേജുകൾ മാത്രമായിരുന്നു പൂർണമായി വൈദ്യുതീകരിക്കാതിരുന്നത്. വില്ലേജുകളിലെ വീടുകൾ പൂർണമായി വൈദ്യുതികരിച്ചിരിക്കാം, എന്നാൽ ഇപ്പോഴും വൈദ്യുതി ഇല്ലാത്ത വീടുകൾ ധാരാളമാണ്. ഈ സർക്കാർ ആകെ ചെയ്തത് മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ പേരുണ്ടായിരുന്ന വൈദ്യുതീകരണ പദ്ധതിയുടെ പേര് വെട്ടി ദീൻ ദയാൽ ഉപാധ്യായെ കൊണ്ടുവന്നെന്നു മാത്രം

യഥാർത്ഥത്തിൽ 2000ത്തിലെ ബിജെപി നേതൃത്വ വാജ്പേയി സർക്കാർ ഗ്രാമങ്ങളുടെ വൈദ്യുതീകരണം പാടേ മറന്നു. ഉചിതമായതും ഉൽസാഹികളായതുമായ സർക്കാരുകൾക്കു മാത്രമേ ഗ്രാമങ്ങളിലെ പൂർണ വൈദ്യുതീകരണം സാധ്യമാകൂയെന്ന് 2003 ലെ വൈദ്യുത ബില്ലിൽ പറയുന്നു.

സ്വാതന്ത്ര്യം നേടി ഏഴു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും 4.5 കോടി വീടുകളിൽ 22.24 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. അതായത് ജനസംഖ്യയുടെ 25 % ഇപ്പോഴും ഇരുട്ടിലാണ്. 2019 മാർച്ചിനു മുൻപ് രാജ്യത്തെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുമെന്ന് സർക്കാർ പറയുന്നുണ്ട്.എന്നാൽ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് മാത്രമെന്ന് പ്രത്യേകം പറയുന്നു. ഔദ്യോഗികമായി ദാരിദ്ര്യ രേഖയ്ക്കു താഴെയല്ലാത്ത ദരിദ്ര ലക്ഷങ്ങളെ വിമുഖരെന്നു കാട്ടി വൈദ്യുതി നൽകാൻ തയ്യാറാകുന്നില്ല

**വൈദ്യുത ജീവനക്കാരുടെ നിലവിലെ സ്ഥിതി**

സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി വൈദ്യുതിയ്ക്ക് വില കൂടിയപ്പോൾ വൈദ്യുത ജീവനക്കാരേ കൂടുതൽ ചൂഷണം ചെയ്തു തുടങ്ങി. സ്ഥിരം തൊഴിലാളികൾ ഇല്ലാതായി. കരാർ-താൽക്കാലിക തൊഴിലാളികളുടെയും പുറം കരാർ തൊഴിലാളികളുടെയും എണ്ണം വർദ്ധിച്ചു. അവശ്യവസ്തുക്കളുടെ വില കുതിച്ചുയർന്നിട്ടും തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായില്ല.അവിദഗ്ധ തൊഴിലാളികളുടെയും വിദഗ്ധ തൊഴിലാളികളുടെയും വേതനം ഒരു പോലെ തുടരുന്നു. ചിലപ്പോൾ അവിദഗ്ധ തൊഴിലാളികളേക്കാൾ കുറവാണു താനും. അവിദഗ്ധ തൊഴിലാളികൾ കുറഞ്ഞ കൂലിയ്ക്ക് തൊഴിലെടുക്കാൻ തയ്യാറാകുന്നു. മുഖ്യകരാറുകാരനും തൊഴിൽദാതാവും അവരുടെ ആവശ്യങ്ങൾ അവഗണിക്കുന്നു. സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ തൊഴിലെടുക്കുന്നതു മൂലം ഈ രംഗത്ത് അപകടങ്ങൾ പതിവാകുന്നു, കരാർ- താൽക്കാലിക തൊഴിലാളികളാണ് മിക്കവാറും ഇരകളാകുന്നത്. അൺചഹാർ എൻ റ്റി പി സിയിലെ അപകടം അതിനുദാഹരണമാണ്.

എൻജിനിയർമാരുൾപ്പടെയുള്ള തൊഴിലാളികൾ സർക്കാരിന്റെ ഈ നയങ്ങളെ എതിർക്കുന്നു.വൈദ്യുത ജീവനക്കാരുടെയും എൻജിനിയർമാരുടെയും ദേശീയ സംഘടന നടത്തിയ സമ്മേളനത്തിൽ ഡിസംബറിൽ രാജ്യത്താകമാനം സമരം നടത്താൻ തീരുമാനിച്ചിരിക്കുന്നു. അതിനു

മുൻപേ 2014 ലെ വൈദ്യുത ഭേദഗതി ബില്ലിനെതിരെ പാർലമെന്റിനു മുന്നിൽ മിന്നൽ സമരം നടത്താൻ അവർ തീരുമാനിച്ചിരിക്കുന്നു.

എന്നാൽ ഇലക്ട്രിസിറ്റി ജീവനക്കാരും എൻജിനിയർമാരുംമാത്രം വിചാരിച്ചാൽ നയങ്ങളിൽ മാറ്റം വരുത്താൻ പറ്റില്ല. രാജ്യത്തെ സകല തൊഴിലാളികളും അവരുടെ സംഘടനകളും അവരോടൊപ്പം സംഘടിച്ച് സമരം നടത്തണം.

സെപ്റ്റംബർ 5 ന് പാർലമെന്റിനു മുന്നിലേയ്ക്കു നടക്കുന്ന തൊഴിലാളികളുടെ സംയുക്ത സമരം എല്ലാ വൈദ്യുത ജീവനക്കാർക്കും കോടിക്കണക്കിനു വരുന്ന ഉപഭോക്താക്കൾക്കും പാവപ്പെട്ട കർഷകർക്കും വേണ്ടിയാണ്. രാജ്യത്തെയും ജനങ്ങളെയും ദ്രോഹിക്കുന്ന സർക്കാരിന്റെ ജനവിരുദ്ധ നവലിബറൽ നയങ്ങൾക്കെതിരെ ഒരുമിച്ച് പോരാടുക.ഈ മഹാഭൂരിപക്ഷത്തിന്റെ ശബ്ദം ജനവിരുദ്ധ നയങ്ങൾക്കെതിരെ ഉയരട്ടെ.

## Talking Point- 14

### ജീവനക്കാരുടെ സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം

സാമൂഹ്യ സുരക്ഷിതത്വം പൗരന്റെ അവകാശമാണ്.ആ അവകാശ സംരക്ഷണത്തിനായി ട്രേഡ് യൂണിയൻ നിലകൊള്ളുന്നു. സാർവ്വത്രിക സാമൂഹ്യ സുരക്ഷിതത്വമെന്ന ആശയമാണ് ട്രേഡ് യൂണിയൻ മുന്നോട്ടു വെയ്ക്കുന്നത്.

രാജ്യത്ത് തൊഴിലാളികൾക്കു നൽകപ്പെടുന്ന ഏറ്റവും വലിയ സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയാണ് സ്റ്റേറ്റ് ഇൻഷുഷൻസ് സ്കീം (ഇഎസ്ഐ). 1948 ലാണ് ഇഎസ്ഐ ആക്റ്റ് നിലവിൽ വരുന്നത്. ഇഎസ്ഐ കോർപറേഷൻ ഈ ആക്റ്റിനനുസൃതമായാണ് പ്രവർത്തിക്കുന്നത്. തൊഴിൽശാലകളിലെയും ഫാക്ടറികളിലെയും ജീവനക്കാർക്ക് ചികിൽസാ ആനൂകൂല്യങ്ങളും, പ്രസവാനന്തര ആനുകൂല്യങ്ങളും ലഭ്യമാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തൊഴിലാളികൾക്കും ആശ്രിതർക്കും ഈ പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭ്യമാകും.

ഇഎസ്ഐ വഴി ചികിൽസയ്ക്കും മരുന്നിനും കൂടാതെ മറ്റ് ചില ആനുകൂല്യങ്ങളും ലഭ്യമാണ്.

ഔട്പേഷ്യന്റ്, സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളുടെ സേവനം, സൗജന്യ മരുന്നുകൾ, കൃത്യമ കൈകാലുകൾ, രോഗനിർണയം, കിടത്തിചികിൽസ, പ്രതിരോധ സംരക്ഷണം, ആംബുലൻസ് സേവനം എന്നിവ എംപ്ലോയീസ് ഇൻഷുറൻസ് പദ്ധതിയിലൂടെ തൊഴിലാളികൾക്ക് ലഭിക്കും. തൊഴിലാളികൾക്ക് വരുമാനമില്ലാത്ത കാലയളവിൽ, അതായത് ജോലിയ്ക്കിടയിൽ അപകടം സംഭവിച്ചാൽ, പ്രസവ സംബന്ധമായ ആശുപത്രി വാസം തുടങ്ങീ ജീവിതം വഴിമുട്ടി നിൽക്കുന്ന അവസരങ്ങളിൽ അവർക്കും അവരുടെ ആശ്രിതർക്കും നിശ്ചിത കാലത്തേയ്ക്ക് ഇഎസ്ഐ ആനുകൂല്യം ലഭ്യമാണ്. മാത്രമല്ല നിലവിൽ ഇഎസ്ഐ രജിസ്റ്റർ ചെയ്ത തൊഴിലാളി മരണമടഞ്ഞാൽ മരണാന്തര കർമ്മങ്ങൾക്കാവശ്യമായ ധനസഹായം, തൊഴിലധിഷ്ഠിത പുനരധിവാസം, അടച്ചുപൂട്ടൽ, പിൻവലിക്കൽ എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ടാൽ ഒരുവർഷത്തേയ്ക്കുള്ള അലവൻസ് തുടങ്ങിയവ ഈ പദ്ധതി പ്രകാരം ലഭ്യമാകും.

മനസിലാക്കുക, ഇഎസ്ഐ ആനുകൂല്യങ്ങൾ സർക്കാരിന്റെയോ തൊഴിൽദാതാവിന്റെയോ ഔദാര്യമല്ല.തൊഴിലാളികളുടെ നീണ്ടകാലത്തെ സഹന സമരത്തിന്റെ അനന്തരഫലമായി സ്വാതന്ത്ര്യത്തിനു ശേഷം സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഇഎസ്ഐ. മാത്രമല്ല തൊഴിലാളികളും തൊഴിൽദാതാവും സംയുക്തിമായി സംഭാവന ചെയ്യുന്നതിലൂടെയാണ് ഇഎസ്ഐ ആനുകൂല്യം ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ പദ്ധതിയ്ക്കു വേണ്ടി ഒരൊറ്റ പൈസ മാറ്റിവെയ്ക്കുന്നില്ല.

എന്നാൽ ഈ പദ്ധതി നടപ്പാക്കാൻ നിരവധി പരിമിതികളുണ്ട്. ഇഎസ്ഐ പരിധിയിൽ വ

രുന്ന തൊഴിൽ സ്ഥാപനങ്ങളിൽ പത്തോ അതിലധികമോ തൊഴിലാളികളുണ്ടായിരിക്കണം. ദീർഘനാളത്തെ സമരങ്ങളിലൂടെയാണ് തൊഴിലാളികൾ ഈ ആനുകൂല്യം നേടിയെടുത്തത്. എന്നാൽ ഇഎസ്ഐ ലഭ്യമാക്കുന്ന തൊഴിലാളികളുടെ മാസശമ്പള പരിധി 25000 രൂപയായി ഉയർത്തിയിരുന്നു. എന്നാലതു വീണ്ടും 22000 രൂപയായി കുറച്ചു. എന്നിരുന്നാലും ഇത്തരം തൊഴിലിടങ്ങളിലെ 70 % തൊഴിലാളികളും ഇഎസ്ഐ ആനുകൂല്യങ്ങൾക്ക് അർഹരാണ്. പക്ഷെ നിലവിൽ ഈ ആനുകൂല്യങ്ങൽ ലഭ്യമാകുന്നില്ല, കുറഞ്ഞ ശമ്പളത്തിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഈ ആനുകൂല്യം അട്ടിമറിക്കപ്പെട്ടതിനൊരു കാരണമുണ്ട്. അതായത് തൊഴിൽദാതാക്കൾ നല്കേണ്ട വീതം നൽകാൻ അവർ തയ്യാറാകുന്നില്ല. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൂടി അവരുടെ ലാഭത്തിനായി ഉപയോഗിക്കുന്നു. എന്നാൽ നവലിബറൽ ഭരണത്തിനു കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ വകുപ്പ് അവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയും, തൊഴിൽദാതാക്കൾക്ക് അനുകൂലമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

താഴെപ്പറയുന്ന കാരണങ്ങളിൽ നിന്ന് ഈ അപ്രീതിയുടെ വ്യാപ്തി വ്യക്തമാണ്. അതായത് 2015 മാർച്ച് 31 ലെ കണക്കു പ്രകാരം, ഇഎസ്ഐ ആനുകൂല്യം ലഭിക്കുന്ന 2.03 കോടി തൊഴിലാളികളായിരുന്നുണ്ടായിരുന്നത്. അതേസമയം എംപപ്ലോയ്മെന്റ് പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തൊഴിലാളികളാകട്ടെ 3.71 കോടിയും (ഇപിഎഫ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് 20 തോ അതിലധികമോ ജീവനക്കാരുള്ള തൊഴിൽശലകൾക്കാണ്). അതായത് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന്റെ ഇരട്ടി തൊഴിലാളികൾക്ക് ഇഎസ്ഐ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാണ്.എന്നാൽ പ്രൊവിഡന്റ് ഫണ്ട് സംവിധാനത്തിന്റെ അതേഗതിയാണ് ഇഎസ്ഐയ്ക്കുമുണ്ടായിരിക്കുന്നത്. അതായത് 50 % ത്തോളം തൊഴിലാളികൾ ഇഎസ്ഐ പരിധിക്കുള്ളിൽ വരുന്നില്ല. തൊഴിൽദാതാവ് തങ്ങളുടെ വിഹിതം നിക്ഷേപിക്കാൻ തയ്യാറാകുന്നില്ല എന്നതാണ് അതിന്റെ കാരണം.

ഇഎസ്ഐ പദ്ധതി നിലവിൽ  വന്നിട്ട് അതായത് സ്വാതന്ത്ര്യം നേടി ഏഴു ദശാബ്ദങ്ങൾ പിന്നിട്ടിട്ടും പദ്ധതി രാജ്യം മുഴുവൻ വ്യാപിപ്പിച്ചിട്ടില്ലെന്നത് മറ്റൊരു ശ്രദ്ധേയമായ വസ്തുതയാണ്. 2016 മാർച്ചിലെ കണക്കു പ്രകാരം 393 ജില്ലകളിൽ മാത്രമാണ് പദ്ധതി നടപ്പായിരിക്കുന്നത്.2015 ൽ നടന്ന 46ാമത് തൊഴിൽ സമ്മേളനത്തിൽ ഇഎസ്ഐ ആനുകൂല്യങ്ങൾ അസംഘടിത തൊഴിൽ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. അതയാത് റോഡ് പണിക്കാർ, നിർമ്മാണ തൊഴിലാളികൾ, സ്വയംതൊഴിലാളികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, റിക്ഷാ തൊഴിലാളികൾ എന്നിവരേക്കൂടിയുൾപ്പെടുത്തി പദ്ധതി വിപുലീകരിക്കണമെന്നായിരുന്നു നിർദ്ദേശം. എന്നാൽ സമ്മേളനം കഴിഞ്ഞ് മൂന്നു വർഷം കഴിഞ്ഞിട്ടും ഇഎസ്ഐ കോർപറേഷന് ഇതിലൊരു തീരുമാനമുണ്ടാക്കാനായിട്ടില്ല.

എന്നാൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ അതേ അവസ്ഥയാണ് ബിജെപി ഭരണത്തിനു കീഴിൽ ഇഎസ്ഐയ്ക്കുമുണ്ടായിക്കൊണ്ടിരിക്കുന്നത്.പദ്ധതി നിർത്തലാക്കാനാണ് സർക്കാരിന്റെ ശ്രമം.. ഇപിഎഫ് നിർത്തലാക്കി പകരം മെഡിക്ലെയിം പോളിസികൾ നടപ്പാക്കാനാണ് സർക്കാർ തീരുമാനം. 2015 ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്. അതായത് ഇപിഎഫും ഇഎസ്ഐയും ബന്ധനങ്ങളാണ്. ഈ ബന്ധനത്തിൽ നിന്ന് മോചനമുണ്ടാകണമെന്നുമാണ് സർക്കാരിന്റെ വാദം. തൊഴിലാളികളെ സംരക്ഷിച്ചിരുന്ന ഈ സാമൂഹ്യ സുരക്ഷാ പദ്ധതിയെ ഇല്ലാതാക്കുക തന്നെയാണ് സർക്കാർ ലക്ഷ്യം. 'നായയെ ഒരു മോശം പേരു കൊടുത്തു കൊല്ലുക' എന്നൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് സർക്കാർ ചെയ്യുന്നത്. കോടിക്കണക്കിന് ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ജീവൻ കാത്ത പദ്ധതിയെയാണ് ആരോഗ്യ ഇൻഷുറൻസ് അഥവാ മെഡിക്ലെയിം എന്ന പേര് നൽകി സർക്കാർ തകർക്കുന്നത്.

**ഇഎസ്ഐയും മെഡിക്ലെയിമും തമ്മിലുള്ള വ്യത്യാസം എന്താണ്?**

ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ ആശ്രയമായിരുന്നു ഇഎസ്ഐ.കാരണം നിയമിതനായി ആദ്യനാൾ തൊട്ട് തൊഴിലാളിയും ആശ്രിതരും ഇഎസ്ഐ ആനുകൂല്യങ്ങൾക്ക് അർഹരാണ്. രോഗം മൂലമുണ്ടാകുന്ന ശ ശാരീരികാസാസ്ഥ്യങ്ങൾ, സ്ഥിരമായോ താൽക്കാലികമായോ ഉണ്ടാകുന്ന ശാരീരിക വൈകല്യങ്ങൾ, തൊഴിൽ നഷ്ടം,പ്രസവാനുകൂല്യങ്ങൾ ഇവയ്ക്കെല്ലാം ഇഎസ്ഐ ലഭ്യമായിരുന്നു. ഇഎസ്ഐ ആനുകൂല്യം ലഭിക്കുന്ന തൊഴിലാളി തൊഴിലിനിടയിൽ മരണപ്പെട്ടാൽ ആശ്രിതർക്ക് പെൻഷൻ ലഭ്യമാകും. മാത്രമല്ല ചെറിയൊരു വീതം കൊണ്ട് വലിയ ആനുകൂല്യങ്ങളായിരുന്നു ലഭ്യമായിരുന്നത്. എന്നാൽ മെഡിക്ലെയിം പദ്ധതിയുടെ കാര്യത്തിൽ സ്ഥിതി തീർത്തും വ്യത്യസ്തമാണ്. മെഡിംക്ലെയിം പോളിസിയിൽ ചികിൽസയ്ക്കായി ഒരു നിശ്ചിത തുക മാത്രമേ ലഭ്യമാകൂ. മാത്രമല്ല അപകടങ്ങൾ മൂലമുള്ള ചികിൽസകൾക്കോ ചില നിശ്ചിതരോഗങ്ങൾക്ക് കിടത്തി ചികിൽസിയ്ക്കുന്നതിനു മാത്രമേ സഹായം ലഭ്യമാകൂ.

ഇഎസ്ഐ ആനുകൂല്യങ്ങളിലേയ്ക്ക് അംഗൻവാടി ടീച്ചർമാരേയും ആയമാരേയും ആഷാ വർക്കർമാരേയും ഉൾപ്പെടുത്തിയെന്ന് സർക്കാർ വീമ്പു പറയുന്നു. എന്നാൽ ഈ ആനുകൂല്യങ്ങൽ രാജ്യത്താകമാനം 137 രൂപയിൽ കുറവ് വരുമാനമുള്ള എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കണമെന്നാണ് സിഐറ്റിയു ആവശ്യപ്പെടുന്നത്. മാത്രമല്ല ഇഎസ്ഐ മാനദണ്ഡങ്ങൾ അനുസരിച്ച് 137 രൂപയിൽ താഴെ വരുമാനമുള്ളവർ അവരുടെ വീതം പദ്ധതിയിലേയ്ക്ക് നൽകേണ്ടതില്ല എന്ന നിർദ്ദേശവും സർക്കാർ മുന്നോട്ടു വെയ്ക്കണമെന്ന് സിഐറ്റിയു ആവശ്യപ്പെടുന്നു.

എന്നാൽ സാമ്പ്രദായിക തൊഴിലാളികൾ മാസവരിയായി 150 രൂപ അടച്ചാൽ അവർക്ക് പരിമിതമായ പരിരക്ഷ ലഭിക്കുന്ന പദ്ധതി മാത്രമാണ് ബിജെപി സർക്കാർ ആകെ നിർദ്ദേശിച്ചിരിക്കുന്നത്.എന്നാൽ മുന്നോട്ട് വെച്ച നിർദ്ദേശമനുസരിച്ചുള്ള തുക കൂട്ടണമെന്ന് പാർലമെന്റി സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്കു മുന്നിൽ വീണ്ടും നിർദ്ദേശം വെച്ചിരുന്നു.എന്നാൽ അത് കമ്മിറ്റി പൂർണമായും തള്ളിക്കളഞ്ഞു.നിലവിൽ തൊഴിലാളികൾ അവരുടെ വേതനത്തിന്റെ 1.75 % ഭാഗം മാത്രം ഇഎസ്ഐയ്ക്കായി മാറ്റിവെച്ചാൽ മതിയായിരുന്നു.എന്നാൽ വളരെ ചെറിയ വരുമാനത്തിൽ തൊഴിലെടുക്കുന്ന ആയമാരും അംഗൻവാടി ടീച്ചർമാരും അവരുടെ വരുമാനത്തിന്റെ 25 % ആരോഗ്യ ഇൻഷുറൻസ് പദ്ധയിലേയ്ക്ക് അടയ്ക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുന്നു.ഇതൊരു ക്രൂരമായ തമാശയാണോ?

**ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുന്നു**

നവലിബറൽ നയങ്ങളോടുള്ള സമർപ്പണം മൂലം സാമൂഹ്യസുരക്ഷാ പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിക്കുന്നു. മോദി അധികാരത്തിലെത്തിയ ആദ്യ നാളുകളിൽ തന്നെ ഇഎസ്ഐ ആനുകൂല്യങ്ങളില്ലാതാക്കി മെഡിക്ലെയിം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. 2014 ജൂൺ മുതൽ ഇഎസ്ഐ ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കാൻ ഇഎസ്ഐ കോർപറേഷൻ തീരുമാനിച്ചിരുന്നു. ആ തീരുമാനത്തിന്റെ ഭാഗമായി ഇൻഷുറൻസ് ചെയ്യപ്പെട്ട വ്യക്തി ചില നിബന്ധനകൾക്ക് വിധേയമാകണമെന്ന് കോർപറേഷൻ നിർദ്ദേശിച്ചു. സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിൽസിയ്ക്കുന്നതിന് ചില മാർഗ നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചു. 2010 ൽ നിലവിൽ വന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ചികിൽസയിൽ നിന്ന് ഒഴിവാകും.നേരത്തേ ഉണ്ടായിരുന്ന രോഗത്തിന് ചികിൽസ ലഭ്യമാകില്ല.ദീർഘകാലത്തേയ്ക്ക് വിഹിതം നൽകിയെങ്കിലും സൂപ്പർസ്പെഷ്യാലിറ്റി ചികിൽസയിൽ നിന്ന് തൊഴിലാളി ഒഴിവാക്കപ്പെടുന്നു. വന്ധ്യത,വൃക്കസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് തൊഴിലാളിയ്ക്കോ അവരുടെ ആശ്രിതർക്കോ ചികിൽസാ സഹായം ലഭ്യമാകില്ല.നിലവിൽ ഇഎസ്ഐ ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരുന്ന പലരും ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

ഇതുകൊണ്ടൊന്നുമായില്ല, തൊഴിലാളികളെ കൊണ്ട് സ്വകാര്യ ഇൻഷുറൻസ് എടുപ്പിച്ച് കുത്തകകൾക്ക് ലാഭമുണ്ടാക്കി കൊടുക്കാനാണ് മറ്റൊരു ശ്രമം. ഇഎസ്ഐ ആനുകൂല്യങ്ങൾ വർദ്ധ

ിപ്പിക്കുകയോ സേവനങ്ങൾ പുതുക്കുകയോ ചെയ്യാതെ ആനുകൂല്യങ്ങൾ ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് ഫണ്ടുകളുടെ അഭാവം മൂലമുണ്ടായതല്ല. 2013-14 ലും 2014-15 ലും ചിലവിനേക്കാൾ വരവാണ് ഇപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കോർപറേഷന് ലഭിച്ചിരുന്നത്. അതായത് ഈ രണ്ടു വർഷങ്ങളിലും യഥാക്രമം 5420 കോടി രൂപയും 5979 കോടി രൂപയും ലഭ്യമായി. ഈ രണ്ടുവർഷത്തിലേ കരുതൽ ധനാനുപാതം യഥാക്രമം 36079 കോടി രൂപയും 42043 കോടി രൂപയുമായിരുന്നു.

തൊഴിലാളി നിയമം ഭേദഗതി ചെയ്യുന്നതിനൊപ്പം സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളുൾപ്പെടുന്ന 15 തൊഴിലാളി നിയമങ്ങൾ കൂടി ഭേദഗതി ചെയ്യാൻ ബിജെപി സർക്കാർ ആലോചിക്കുന്നുണ്ട്.ഇതിൽ ഇപിഎഫും ഇഎസ്ഐയും ഉൾപ്പെടും.12 ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള പല സാമൂഹ്യസുരക്ഷാ പദ്ധതികളെയും ഒരുമിപ്പിച്ച് പ്രധാനമന്ത്രി അധ്യക്ഷനായ ദേശീയ ഉപദേശക സമിതിയുടെ കീഴിൽ കൊണ്ടുവരികയാണ് ഉദ്ദേശം. എന്നാൽ ഇപിഎഫിനും ഇഎസ്ഐയ്ക്കും എന്തു സംഭവിക്കുന്നു എന്ന് വ്യക്തമാക്കുന്നതേയില്ല.

വമ്പൻ കുത്തകകൾക്ക് രാജ്യത്തെ വിഴുങ്ങാൻ അവസരമൊരുക്കി കൊടുക്കുന്ന സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ഒരുമിച്ചു നിൽക്കാം. തൊഴിലാളികൾ സഹനസമരത്തിലൂടെ നേടിയെടുത്ത ഇഎസ്ഐ പോലെയുള്ള ആനുകൂല്യങ്ങളും സാമൂഹ്യസുരക്ഷാ പദ്ധതികളിലൂടെ ലഭ്യമായിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും ഒഴിവാക്കുന്ന ബിജെപി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ കൂടിയാണ് ഇടതുതൊഴിലാളി സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ അഞ്ചിന് മസ്ദൂർ കിസാൻ സംഘർഷ് റാലി നടത്തുന്നത്.

## Talking Point- 15

### പെൻഷൻ:ദേശീയ പെൻഷൻ പദ്ധതിയും ,ജീവനക്കാരുടെ പെൻഷൻ പദ്ധതിയും

നൂറ്റാണ്ടുകൾക്കു മുൻപു തന്നെ പെൻഷൻ സംവിധാനം ഇൻഡ്യയിൽ നിലനിന്നിരുന്നു.ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ സർക്കാർ ജീവനക്കാർ നിയമാനുസൃത പെൻഷന് അർഹരായിരുന്നു. 1982 ൽ സുപ്രീംകോടതിയുടെ ചരിത്രപ്രധാനമായ വിധിയനുസരിച്ച് 'ഇൻഡ്യയുടെ ഭരണഘടനയ്ക്കനുസൃതമായി, വിരമിച്ചവർക്ക് പെൻഷൻ നൽകിക്കൊണ്ട് അവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണെന്നും വിരമിച്ച സർക്കാർ ജീവനക്കാരുടെ മൗലീകാവകാശമാണതെന്നും കോടതി നിഷ്ക്കർഷിക്കുന്നു... മാത്രമല്ല പെൻഷൻ തൊഴിൽദാതാവിന്റെ ഔദാര്യമോ തൊഴിലുടമ അവരെ സേവിച്ചതിനു നൽകുന്ന സമ്മാനമോ അല്ലെന്നും കോടതി വ്യക്തമാക്കുന്നു. പെൻഷൻ ഔദാര്യമായി നൽകുന്ന പ്രതിഫലമല്ല. കഴിഞ്ഞകാലത്ത് ചെയ്ത മികച്ച സേവനത്തിന്റെ അംഗീകാരമാണ്. ജീവനക്കാരവരുടെ യൗവ്വനകാലത്ത് മികച്ചരീതിയിൽ അവരുടെ തൊഴിൽദാതാവിനെ സേവിച്ചതിന്, സാമൂഹ്യക്ഷേമ പരിധിയിൽ നിന്ന് നൽകേണ്ട സ്വാഭാവിക നീതിയും അവരുടെ വാർദ്ധക്യകാലത്ത് അവർക്കൊരു ദുരവസ്ഥയുണ്ടാകാതിരിക്കാൻ സർക്കാർ നൽകേണ്ട സേവനവുമാണ് പെൻഷനെന്ന് കോടതി വ്യക്തമാക്കുന്നു'.

സുപ്രീം കോടതിയുടെ ഈ വിധി നിരന്തരമായി അവഗണിക്കുകയും വിരമിച്ചവർക്ക് ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യ-സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ വിമുഖത കാട്ടുന്നത് ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. വിരമിച്ച വലിയൊരു വിഭാഗത്തിനും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാതെ വാർദ്ധക്യകാലത്ത് കഷ്ടപ്പെടുകയാണ്

ആഗോളവൽക്കരണത്തിന്റെ ഭാഗമായി 1980 കളിൽ പെൻഷൻ നവീകരണ പദ്ധതിയ്ക്കു സർക്കാർ തുടക്കമിട്ടിരുന്നു. ഐഎംഎഫും ലോകബാങ്കും പെൻഷൻ നവീകരിക്കേണ്ടതിന്റെ ആവശ്യകത ഉറപ്പാക്കുന്നതിനായി നിരവധി റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നു. മാത്രമല്ല പെൻഷൻ നവീകരണവുമായി ബന്ധപ്പെട്ട് നിരവധി റിപ്പോർട്ടുകൾ അവർ പ്രസിദ്ധീകരിക്കുകയും ചെയ്തിരു

ന്നു.2001 ൽ ”ഇൻഡ്യയിലെ പെൻഷൻ നവീകരണ പദ്ധതി; ഐഎംഎഫ് വർക്ക്പേപ്പർ' എന്ന ഐഎംഎഫ് റിപ്പോർട്ടും, ”വാർദ്ധക്യകാല സുരക്ഷ ഉറപ്പാക്കുന്നതിൽ ഇൻഡ്യ നേരിടുന്ന വെല്ലു വിളികൾ', എന്നപേരിൽ വേൾഡു ബാങ്കും റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ നിരന്ത രമായി ധനവകുപ്പിന്റെ സമ്മർദ്ദം ചെലുത്തൽ മൂലം സർക്കാർ അവരുടെ കടമയിൽ നിന്നും വ്യതി ചലിയ്ക്കുകയും പദ്ധതി അസന്തുലിതമായി മാറുകയും ചെയ്യുന്നെന്ന് രണ്ടു റിപ്പോർട്ടുകളും വ്യ ക്തമാക്കുന്നു

എന്നാൽ 2000 ത്തിലെ വാജ്പേയി സർക്കാർ നവലിബറൽ നയങ്ങളുടെ അധീനതയിൽ അക പ്പെട്ടിരുന്നെങ്കിലും ഐഎംഎഫിന്റെയും ലോകബാങ്കിന്റെയും പ്രേരണ മൂലം പെൻഷൻ നടപ്പാ ക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. മാത്രമല്ല പെൻഷൻ നവീകരണത്തെക്കുറിച്ച് കൂടുതൽ പഠനം ന ടത്താനായി മുൻ കർണാടക ചീഫ് സെക്രട്ടറി ഭട്ടാചാർജിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പഴയ സംവിധാനത്തിൽ അവഗണിക്കപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ ഉറപ്പാക്കുന്ന പദ്ധതിയാ യിരുന്നു ഭട്ടാചാർജി കമ്മീഷൻ സമർപ്പിച്ചത്. ഭട്ടചാർജി കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാനെന്ന വ്യാജേന പുതിയ പെൻഷൻ പദ്ധതി അവതരിപ്പിക്കുകയും 2004 ഒന്നാം മാസമോ അതിനുശേഷമോ ജോലിയിൽ പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കുകയും ചെയ്തു.

തുടർന്ന് 2004 ൽ കോൺഗ്രസ് അധികാരത്തിലെത്തിയപ്പോൾ ദേശീയ പെൻഷൻ പദ്ധതി ന വീകരണ പ്രവർത്തനങ്ങൾ തുടരുകയും ദേശീയ പെൻഷൻ പദ്ധതി നിയമമാക്കുകയും ചെയ്യുമെ ന്ന് പ്രഖ്യാപിച്ചു. എന്നാൽ ഇടതുപാർട്ടികളുടെ കടുത്ത എതിർപ്പു മൂലം പാർലമെന്റിൽ ബില്ല് പാ സായില്ല. തുടർന്ന് വീണ്ടും അധികാരത്തിലെത്തിയ യുപിഎ സർക്കാർ പെൻഷൻ ഏകീകരണ വികസന നയം ബിജെപി സപ്പോർട്ടോടെ പാർലമെന്റിൽ പാസാക്കുകയും ചെയ്തു. ഇതിലൂടെ പ്രകടമാകുന്ന വസ്തുതകളെന്താണെന്നു വെച്ചാൽ സാമൂഹ്യ സുരക്ഷയ്ക്കുള്ള ധനസഹായം വെ ട്ടിക്കുറയ്ക്കുകയും ക്ഷേമ പദ്ധതികൾ ഇല്ലാതാക്കുകയും ചെയ്ത് സ്വദേശികളും വിദേശികളുമാ യ കുത്തകകൾക്ക് നാടിനെ തീറെഴുതുകയും ചെയ്യുകയാണ് കാലാകാലങ്ങളിൽ മാറിവരുന്ന സർ ക്കാരുകൾ എന്നാണ്. അതിൽ ബിജെപിയും കോൺഗ്രസും വ്യത്യസ്തരല്ല.

2004 ൽ പല സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കി. എന്നാൽ ഇടതുപക്ഷം ഭരിച്ചിരുന്ന കേരളവും, ബംഗാളും,ത്രിപുരയും ഈ പുതിയ പെൻഷൻ പദ്ധതി നട പ്പാക്കിയിരുന്നില്ല. ഈ സംസ്ഥാനങ്ങളിൽ പഴയ പെൻഷൻ സംവിധാനം തന്നെ തുടരുകയായിരു ന്നു.എന്നാൽ കേരളത്തിൽ 2011 ൽ അധികാരത്തിലെത്തിയ കോൺഗ്രസ് സർക്കാർ ദേശീയ പെൻ ഷൻ പദ്ധതിയായ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കി. എന്നാൽ 2016 ൽ വീണ്ടും അധികാര ത്തിലെത്തിയ ഇടതു സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയതിനെ കുറിച്ച് പഠിച്ചു കൊണ്ടിരിക്കുകയാണ്. വിരോധാഭാസമെന്നു പറയട്ടെ ത്രിപുരയിൽ അധികാരത്തിലെത്തിയ ബി ജെപി സർക്കാരും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുമെന്ന് അവരുടെ ആദ്യ ബജറ്റിൽ പ്ര ഖ്യാപിച്ചു. എന്നാൽ പശ്ചിമ ബംഗാളിൽ പഴയ പെൻഷൻ പദ്ധതി തുടരുന്നു. നിലവിൽ ദേശീയ പെൻഷൻ പദ്ധതിയുടെ നിബന്ധനയ്ക്ക് വിധേയമാകുന്നത്, പുതുതായി ജോലിയിൽ പ്രവേശിച്ച കേന്ദ്ര-സംസ്ഥാന ജീവനക്കാർ മാത്രമല്ല. പൊതു-സ്വയംഭരണാധികാരമുള്ള കമ്പനികളിലെ ജീവ നക്കാർക്കും ഇത് ബാധകമാണ്.

**എന്താണ് ദേശീയ പെൻഷൻ പദ്ധതി?**

അതായത് ശമ്പളത്തിനു പുറമെ ലഭിക്കുന്ന ഡിയർനെസ് അലവൻസിൽ നിന്നും 10 % തുക അവരുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കും. സർക്കാർ (തൊഴിൽദാതാവ്)അതേ തുക അ ക്കൗണ്ടിൽ നിക്ഷേപിക്കണം. മുഴുവൻ തുകയും പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡെവലപ്മെന്റ് അ തോറിറ്റി ആക്റ്റ് അനുസരിച്ച് പെൻഷൻ ഫണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. പക്ഷെ വിരമിക്കു മ്പോൾ ഈ തുക എങ്ങനെ ലഭ്യമാകുമെന്ന് ആക്റ്റിൽ വിശദീകരിക്കുന്നില്ല. പെൻഷൻ ഫണ്ടിലെ

ഈ തുക ഓഹരി വിപണിയിലേയ്ക്ക് വകമാറ്റി ചിലവഴിക്കും.എന്നാൽ ഇത്തരത്തിൽ ഓഹരി വിപണിയിൽ നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് ഉപഭോക്താവിന് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുമോ എന്ന കാര്യത്തിൽ വ്യക്തതയില്ല. പെൻഷൻ തുക കൂടുകയോ കൂടാതിരിയ്ക്കുകയോ ചെയ്യാം. അത് ഓഹരി വിപണിയിലെ കയറ്റിറക്കങ്ങളെ ആശ്രയിച്ചിരിക്കും. അറുപതു വർഷം കഴിഞ്ഞ് വിരമിക്കുമ്പോൾ നിക്ഷേപിയ്ക്കപ്പെട്ട തുകയുടെ 60 % തിരികെ ലഭിക്കും.ബാക്കി 40 % ഇൻഷുറൻസ് പദ്ധതിയിൽ കിടക്കുകയും, അതിൽ നിന്ന് മാസാമാസം പെൻഷൻ ലഭിക്കുകയും ചെയ്യും.

പെൻഷൻ ഫണ്ടിലൂടെ സമാഹരിക്കപ്പെട്ട തുകയുടെ വളർച്ച ഓഹരി വിപണിയുടെ ചാഞ്ചാട്ടത്തിനനുസരിച്ചായിരിക്കും. 2008 ൽ ഓഹരിവിപണി കൂപ്പുകുത്തിയപ്പോൾ ഇത്തരത്തിൽ നിക്ഷേപിക്കപ്പെട്ട പെൻഷൻ തുക അപ്രത്യക്ഷമായി. ഇങ്ങനെ സംഭവിച്ചു കഴിഞ്ഞാൽ പെൻഷനായി വിരമിച്ചവർക്ക് ഒരുതുക പോലും ലഭിക്കില്ല. അതുകൊണ്ടു തന്നെ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് ഓഹരിവിപണി നിയന്ത്രിക്കാനോ മുൻകൂട്ടി പ്രവചിക്കാനോ കഴിയാത്തതിനാൽ കാലങ്ങൾ കഴിയുമ്പോൾ അവരുടെ പെൻഷൻ എന്താകുമെന്ന് അറിയാൻ സാധിക്കില്ല.പെൻഷനേക്കുറിച്ചുള്ള അനിശ്ചിതത്വം അവരുടെ വാർദ്ധക്യ കാലജീവിതത്തിലേ വലിയ പ്രശ്നമായിരിക്കും. ഓഹരിവിപണി ചാഞ്ചാട്ടമില്ലാതെ തുടർന്നാൽ പോലും കിട്ടുന്ന 40 % തുകയെന്നു പറയുന്നത് പഴിയ പെൻഷൻ പദ്ധതിയുടെ മിനിമം പെൻഷനായ 50 % പോലും വരില്ല.

പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡെവലപ്മെന്റ് ആക്റ്റിലെ ക്ലോസ് 12 (5) അനുസരിച്ച് തൊഴിലാളികളോ പെൻഷൻകാരോ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരില്ല.കാരണം സർക്കാർ ഇതിനേകുറിച്ച് ഗസറ്റ് വിജ്ഞാപനം ഇറക്കിയിട്ടില്ല. അതുകൊണ്ടു തന്നെ ദേശീയ പെൻഷൻ പദ്ധതി ഡെമോക്ലസിന്റെ വാളു പോലെ തൊഴിലാളിയുടെയും പെൻഷൻകാരുടെയും തലയ്ക്കു മുകളിൽ തൂങ്ങുന്നു.

സർക്കാർ ജീവനക്കാരുടെ  പെൻഷൻ ആനുകൂല്യങ്ങൾ  മാത്രമല്ല വെട്ടിച്ചുരുക്കുന്നത്. ഇംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിനു കീഴിലുള്ള ജീവനക്കാരുടെയും പണം ഈ നവലിബറൽ ഭരണകൂടത്തിൻ കീഴിൽ അപഹരിക്കപ്പെടും. മിക്കവാറും തൊഴിലാളികൾക്ക് പെൻഷൻ തുക 100 രൂപയ്ക്കു താഴെ മാത്രമേ ലഭ്യമാകൂ. തൊഴിലാളി സംഘടനകളുടേയും പെൻഷൻകാരുടെയും നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി രണ്ടാം യുപിഎ സർക്കാർ മിനിമം പെൻഷൻ തുക 1000 രൂപയാക്കി ഉയർത്തിയിരുന്നു. എന്നാൽ സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയിൽ പെട്ട അനേകം പെൻഷൻകാർക്ക് നിലവിൽ ഇത് ലഭിക്കുന്നില്ല. അതായത് കമ്യൂട്ടേഷൻ ആനുകൂല്യമായി തന്ന തുക 100 മാസം കൊണ്ട് തിരിച്ചു പിടിക്കേണ്ടിയിരുന്ന സ്ഥാനത്ത് 180 മാസങ്ങളായിട്ടും അത് തുടരുകയാണ്. പെൻഷൻ കൊടുക്കേണ്ട തുക സർക്കാർ കണക്കാക്കുന്നത് അവസാന 60 മാസത്തേ ശമ്പളത്തിന് അനുസൃതമായാണ്.

**ആർക്കാണ് പ്രയോജനം**

ഈ പെൻഷൻ പരിഷ്ക്കരണത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ ആരാണ്.നവലിബറൽ നയങ്ങളിൽ രാജ്യത്തിനകത്തും പുറത്തുമുള്ള വൻകുത്തകകൾ മാത്രമാണ് ഇതിന്റെയെല്ലാം ആത്യന്തികമായ ഗുണഭോക്താവ്. പെൻഷൻ നൽകാൻ വേണ്ടി പിരിച്ചെടുക്കുന്ന തുക പെൻഷൻ മാനേജർമാർ ഓഹരി വിപണിയിലെത്തിക്കുന്നു. ഈ തുകകൾ മൾട്ടി നാഷണൽ കമ്പനികളിലേയ്ക്ക് പോകുകയും അവർ വളരുകയും ചെയ്യും.പുതുതായി ജോലിയ്ക്കു പ്രവേശിക്കുന്നവരുടെ പെൻഷൻ തുകയിലേയ്ക്കുള്ള ഓഹരിയും തൊഴിൽദാതാവിന്റെ ഓഹരിയും കൂടിയാകുമ്പോൾ 30,35 വർഷക്കാലം അതായത് അവർ വിരമിക്കുന്ന 60 വയസുവരെ ആ തുക ഓഹരിവിപണിയിൽ കിടക്കും.ഈ 35 കൊല്ലക്കാലം  ഈ തുക കോടിക്കണക്കിന് രൂപയായി പരിണമിക്കും. ലാഭം ഇവ കൈകാര്യം ചെയ്യുന്ന കുത്തകകളിലേയ്ക്കെത്തും. പാവപ്പെട്ട പെൻഷൻകാരൻ മാത്രം നിസഹായനായി നോക്കിനിൽക്കേണ്ടി വരും.

കോൺഫെഡറേഷൻ ഓഫ് സെന്ററൽ ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് വർക്കേഴ്സ്, ഓൾ ഇൻഡ്യാ സ്റ്റേറ്റ് എംപ്ലോയീസ് ഫെഡറേഷൻ തുടങ്ങീ സംഘടനകൾ ദേശീയ പെൻഷൻ പദ്ധതിയായ പങ്കാളിത്ത പെൻഷനെ ആദ്യം മുതലേ എതിർത്തിരുന്നു. 2007 ഒക്ടോബർ 30 ന് ഇതിനെതിരെ അവർ വമ്പിച്ച സമരപരിപാടികൾ സംഘടിപ്പിച്ചിരുന്നു. അക്കാലത്തേ സമരങ്ങളുടെയെല്ലാം പ്രധാന ആവശ്യങ്ങളിൽ ഒന്നായിരുന്നു ഇത്. ഇന്നും ഇതിനെതിരെ സമരങ്ങൾ തുടരുകയാണ്. നിലവിൽ ഏകദേശം 50 % ത്തോളം കേന്ദ്ര സംസ്ഥാന ജീവനക്കാരും പൊതുമേഖലാ തൊഴിലാളികളും സ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിലാളികളും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാണ്.അവരെല്ലാം ഇതിനെതിരെ പൂർണ്ണ സമരത്തിലാണ്. ഏഴാം ശമ്പളക്കമ്മീഷൻ ചെയർമാനും സുപ്രീം കോടതി ജഡ്ജിയുമായിരുന്ന അശോക് കുമാർ മാത്തൂർ ഈ പദ്ധതിയെ വിലയിരുത്തിയിരിക്കുന്നത് ഇങ്ങനെയാണ്, 'അതായത് 2004 ഒന്നാം മാസമോ അതിനു ശേഷമോ ജോലിയിൽ പ്രവേശിച്ചവർ ദേശീയ പെൻഷൻ പദ്ധതിയായ പങ്കാളിത്ത പെൻഷനിൽ അസംതൃപ്തരാണ്. അവരുടെ ആവശ്യങ്ങൾ സർക്കാർ കേൾക്കാനെങ്കിലും തയ്യാറാകണം', അദ്ദേഹം പറയുന്നു

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് വർക്കേഴ്സും, എഐഎസ്ജിഇഎഫും സംയുക്തമായി ദേശീയ പെൻഷൻ പദ്ധതിയ്ക്കെതിരെ 2018 നവംബർ 15 ന് രാജ്യമൊട്ടാകെ സമരങ്ങൾ സങ്കടിപ്പിക്കുന്നുണ്ട്. നിർദ്ദിഷ്ട പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കി ,പഴയ പെൻഷൻ പദ്ധതിയുടെ രീതിയിൽ പുനർനിർവ്വചിച്ച പെൻഷൻ പദ്ധതി നടപ്പാക്കുകയെന്നതാണ് സമരത്തിന്റെ പ്രധാന ആവശ്യം.

നിർദ്ദിഷ്ട പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കി ,പഴയ പെൻഷൻ പദ്ധതിയുടെ രീതിയിൽ പുനർനിർവ്വചിച്ച പെൻഷൻ പദ്ധതി നടപ്പാക്കുകയെന്നതാണ് സെപ്റ്റംബർ 5 ന് ഇടതുപാർട്ടികളുടെ നേതൃത്വത്തിൽ നടക്കുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലിയിലെയും പ്രധാന ആവശ്യം.തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷയൊരുക്കുന്ന പദ്ധതികളില്ലാതാക്കി രാജ്യത്തിനകത്തും പുറത്തുമുള്ള വൻകിട കുത്തകകളുടെ ലാഭം വർദ്ധിപ്പിക്കുന്ന സർക്കാർ നയം ഇനിയും സഹിക്കാൻ കഴിയില്ലെന്ന് തൊഴിലാളി സംഘടനകൾ നയം വ്യക്തമാക്കുന്നു.ജനങ്ങളുടെ പണവും പൊതു ധനവും കുറച്ചുപേർ മാത്രം കൈയ്യാളുന്നത് സഹിക്കാൻ കഴിയില്ലെന്ന് ഇടതു തൊഴിലാളി സംഘടനകൾ വ്യക്തമാക്കുന്നു

## Talking Point- 16

### പൊതുമേഖലാ ബാങ്കുകളെ സംരക്ഷിക്കുക; പൊതുമുതൽ സംരക്ഷിക്കുക

തൊഴിലാളികളോ,കർഷകരോ അധ്വാനിച്ച് പണമുണ്ടാക്കുന്നവരാരുമാകട്ടെ അവർക്കു വരുമാനത്തിൽ നിന്ന് കുറച്ചു പണം ഭാവിയിലേയ്ക്ക് സമ്പാദിക്കും.ഇത്തരം സമ്പാദ്യങ്ങൾ മിക്കവാറും എത്തുന്നത് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ്,അതും രാജ്യത്തെ മിക്കവാറും പേർ നിക്ഷേപിക്കുന്നത് പൊതുമേഖലാ ബാങ്കുകളിലെ അക്കൗണ്ടുകളിലാണു താനും.വിവാഹം,ഭവനനിർമ്മാണം,ചികിൽസ,വാർദ്ധക്യകാലം തുടങ്ങീ ആവശ്യങ്ങളിലേയ്ക്കായിരിക്കും മിക്കവാറും പേർ പണം നിക്ഷേപിക്കുന്നത്.ഇങ്ങനെ നിക്ഷേപങ്ങൾ നടത്തിക്കൊണ്ട് തൊഴിലാളികൾ അവരവരെ തന്നെ ആശ്രിയിക്കുന്നത് എന്തുകൊണ്ടാണ്.അതായത് സർക്കാർ നൽകിവരുന്ന സാമൂഹ്യ സുരക്ഷിതത്വ പദ്ധതികള് മുഖേനയോ ക്ഷേമ പദ്ധതികൾ മുഖാന്തിരമോ അടിസ്ഥാനാവശ്യങ്ങൾ നടത്താനാവില്ലെന്ന് അവർക്കറിയാം.2018 മാർച്ച് 31 ലെ കണക്കനുസരിച്ച് രാജ്യത്തെ പൊതുമേഖലാ ബാങ്കുകളിൽ 82.65 ലക്ഷം കോടിയിലേറെ രൂപ സാധാരണക്കാരുടെ ചെറു നിക്ഷേപമുണ്ട്.സാധാരണക്കാർ അമിതലാഭം ലക്ഷ്യമാക്കി ഓഹരി വിപണിയിൽ പണം നിക്ഷേപിക്കാറില്ല.അവർക്ക് വിശ്വാസം രാജ്യത്തേ പൊതുമേഖലാ ബാങ്കുകളേയാണ്. പണം അവിടെ സുരക്ഷിതമായിരിക്കും എന്നവർ വിശ്വസിക്കുന്നു.

**പൊതുമേഖലാ ബാങ്കുകൾ നിക്ഷേപകരുടെ സമ്പാദ്യം സംരക്ഷിക്കുന്നു**

വർഷങ്ങൾക്കൊണ്ടാണ് പൊതുമേഖലാ ബാങ്കുകൾ ഈ ആത്മവിശ്വാസം നേടിയെടുത്തത്.പൊതുമേഖലാ ബാങ്കുകളുടെ ആദ്യപാദ ദേശസാൽക്കരണമായ 1969 ജൂലൈ 19 നു ശേഷം ഇന്നേവരെ രാജ്യത്ത് ഇത്തരമൊരു ബാങ്കും തകർന്നിട്ടില്ലെന്നത് ജനങ്ങൾക്ക് ബാങ്കുകളിൻമേലുള്ള വിശ്വാസം വർദ്ധിപ്പിച്ചു.രാജ്യത്തെ 1-2 % ആളുകൾ മാത്രമാണ് ഓഹരിവിപണിയിൽ പണം നിക്ഷേപിക്കുന്നതെന്നുള്ളതും ബാങ്കിനോടുള്ള വിശ്വാസത്തിന്റെ മറ്റൊരുവശമാണ്.

നിക്ഷേപകരുടെ പണത്തിന് ബാങ്കുകൾ ഉറപ്പുനൽകുന്നു.വാസ്തവത്തിൽ,സ്വകാര്യ ബാങ്കുകളുടെ തകർച്ച മൂലമാണ് ,ബാങ്കുകളെ ദേശസാൽക്കരിക്കാൻ സർക്കാർ ശ്രമിച്ചത്.1935 മുതൽ 47 വരെയുള്ള കാലഘട്ടത്തിൽ ഏതാണ്ട് 900 സ്വകാര്യ ബാങ്കുകളാണ് തകർന്നത്.സ്വാതന്ത്ര്യത്തിനു ശേഷം ബാങ്കുകൾ ദേശസാൽക്കരിക്കുന്ന 1969 വരെ ഏതാണ്ട 665 ബാങ്കുകൾ തകർന്നു.അവിടെ നഷ്ടം സംഭവിച്ചത് അവിടെ നിക്ഷേപിച്ച പൊതുജനങ്ങൾക്കു മാത്രമാണ്.ആത്യന്തികമായി അവർ വലിയ നഷ്ടം സഹിക്കേണ്ടി വന്നു.തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു.

**സ്വകാര്യവൽക്കരണ രീതി**

നവലിബറൽ കാലഘട്ടത്തിലാണ് സ്വകാര്യവൽക്കരണവും ആരംഭിക്കുന്നത്.പൊതുമേഖലാ ബാങ്കുകളിലെ സർക്കാർ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ കേന്ദ്രത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ ധനമേഖലയിൽ ഉദാരവൽക്കരണം നടപ്പാക്കുന്നു.2017 മാർച്ചോടു കൂടി പൊതുമേഖലാ ബാങ്കുകളിലുണ്ടായിരുന്ന 100 % സർക്കാർ ഓഹരികൾ 71.29 % മായി കുറഞ്ഞു.സ്റ്റേറ്റ് ബാങ്കുകളുടെ ലയനം പൂർത്തിയായതോടെ രാജ്യത്തെ പൊതു-വാണിജ്യ ബാങ്കുളുടെ എണ്ണം 21 ആയി കുറഞ്ഞു.

രാജ്യത്തെ പൊതുമേഖലാ ബാങ്കുകളെ ഇല്ലാതാക്കാൻ മോദി സർക്കാർ ആഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.അതായത് ഇത്തരം ബാങ്കുകളിലെ നിക്ഷേപങ്ങൾ വിജയ് മല്യ,നീരവ് മോദി തുടങ്ങി വമ്പൻ സ്രാവുകളെ ഉപയോഗിച്ച് കൊള്ളയടിക്കുന്നു.മാത്രമല്ല,ബാങ്കിംഗ് സേവനങ്ങളുടെ പരിധിയിൽ നിന്ന് സാധാരണ ജനങ്ങളെ പുറന്തള്ളാനുള്ള നടപടികൾ സ്വീകരിക്കുന്നു

**പൊതുസ്വത്ത് കൊള്ളയടിക്കുന്നു**

വമ്പൻ കുത്തകകളും അഴിമതിക്കാരായ രാഷ്ട്രീയക്കാരുമായുള്ള ബാങ്ക് മേധാവികളുടെ അവിശുദ്ധ ബന്ധം ബാങ്കിംഗ് മേഖലയിൽ അലോസരം സൃഷ്ടിച്ചിരിക്കുന്നു.വമ്പൻ സ്രാവുകളുടെ കിട്ടാക്കടങ്ങൾ പെരുകി.ഇവയെല്ലാം നിഷ്ക്രിയാസ്തി എന്നറിയപ്പെടുന്നു.2018 മാർച്ച് 31 ലെ ഔദ്യോഗിക കണക്കു പ്രകാരം പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം വർദ്ധിച്ച് നിഷ്ക്രിയാസ്തി 8,95,204 കോടി രൂപയായി പെരുകി.ഇതിനകം തന്നെ 108379 കോടി രൂപയുടെ കിട്ടാക്കടം എഴുതിത്തള്ളി.പൊതുമേഖലാ ബാങ്കുകളുടെ ആസ്തി ബാധ്യതാ പട്ടിക ശുചീകരിക്കുന്നതിനായി മോദി സർക്കാർ ഇതിനോടകം തന്നെ തന്ത്രം മെനഞ്ഞുഅതായത് ഇൻസോൾവൻസി ആൻഡ് ബാങ്ക് റപ്റ്റസി കോഡ് 2016 അനുസരിച്ച് ദേശീയ കമ്പനി നിയമ ട്രൈബ്യൂണലിന്റെ മധ്യസ്ഥതയിൽ തിരിച്ചുകിട്ടാനുള്ള കിട്ടാക്കടത്തിന്റെ 75 % തുക വകതള്ളിക്കൊണ്ട് മൂന്നാമതൊരാളിൽ നിന്ന് 25 % തുക ഈടാക്കി കടബാധ്യത എഴുതിത്തള്ളുന്നു.അതായത് നിലനിൽക്കുന്ന തിരിച്ചടവിന്റെ 75 % ഉപേക്ഷിക്കുന്നു...ഇങ്ങനെയാണ് ജനങ്ങൾ കബളിപ്പിക്കപ്പെടുന്നത്.മാത്രമല്ല കുടിശ്ശിക വരുത്തുന്നവരും ബാങ്ക് ബോർഡ് മെമ്പർമാരുമായി ഒരുമിച്ച് ചേർന്ന് അവർക്ക് സുരക്ഷയൊരുക്കുകയും ചെയ്യും.എന്നാൽ ഇത്തരമൊരിളവുകളും പാവപ്പെട്ട കർഷകന് സർക്കാർ ചെയ്യുന്നില്ല.അവരുടെ ലോൺ എഴുതിത്തള്ളാനുള്ള ആവശ്യങ്ങളോട് മോദി സർക്കാർ പ്രതികരിക്കുന്നതേയില്ല.മാത്രമല്ല നവലിബറൽ ഭരണകൂടത്തിനു കീഴിൽ ജനങ്ങളുടെ പണവും അധ്വാനവും കുത്തകകൾക്ക് അടിയറവു വെയ്ക്കാൻ സർക്കാർ പ്രതിബദ്ധത കാണിയ്ക്കുന്നു

**നിക്ഷേപങ്ങളുടെ പലിശ കുറയ്ക്കുന്നത് സാധാരണ ജനങ്ങളെ ബാധിയ്ക്കും**

നിക്ഷേപങ്ങളുടെ പലിശ വെട്ടിക്കുറയ്ക്കുയും അക്കൗണ്ടുകളിൽ മതിയായ പണമില്ലാത്തവർക്കു ചരക്കു സേവന നികുതി അനുസരിച്ച് പിഴ ഈടാക്കുകയും ചെയ്യും.മോദി സർക്കാർ അധികാരത്തിലെത്തുന്നതിന് തൊട്ടുമുമ്പ് വരെ പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് 9 % പലിശ നൽകിയിരുന്നു,എന്നാൽ മോദിയുടെ ഭരണത്തിൻ കീഴിൽ പൊതുമേഖലാ ബാങ്ക് നിക്ഷേപകർക്ക് പലിശ 6 % മായി വെട്ടിച്ചുരുക്കി.നിക്ഷേപങ്ങളുടെ പലിശ കൊണ്ട് ജീവിച്ചിരുന്ന കുടുംബങ്ങൾ വെട്ടിലായി

**ചെറുനിക്ഷേപകർ ബാങ്കുകളെ കൈയ്യൊഴിയുന്നു**

ബാങ്കിംഗ് മേഖല വിപുലീകരിച്ച് വലിയൊരു വിഭാഗത്തിനെ ബാങ്കിലേയ്ക്ക് ആകർഷിക്കുന്നതിൽ പൊതുമേഖലാ ബാങ്കുകളുടെ പങ്ക് വളരെ വലുതായിരുന്നു.എന്നിരുന്നാലും,സ്വാതന്ത്രലബ്ധിയ്ക്ക് ശേഷം ഏഴ് ദശകങ്ങൾ കഴിഞ്ഞിട്ടും ഇൻഡ്യയിലെ 41.5% ആളുകൾക്ക് മാത്രമാണ് പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപമുള്ളത്.ആറര ലക്ഷം ഗ്രാമീണരിൽ 17 % മാത്രമാണ് ഇപ്പോഴും ഏതെങ്കിലും പൊതുമേഖലാ ,വാണിജ്യ ബാങ്കുകളിൽ അക്കൗണ്ടുള്ളത്.ബിജെപി കൊട്ടിഘോഷിച്ച ജൻ ധൻ യോജന അക്കൗണ്ടുകളിൽ പലതും നിർജ്ജീവമായി കിടക്കുന്നു.2018 ജൂൺ 13 വരെ 31.80 കോടി ജനങ്ങൾ ജൻധൻ യോജനാ അക്കൗണ്ടുകൾ എടുത്തിരുന്നു.

2017 ഏപ്രിൽ മുതൽ മിനിമം ബാലൻസ് ഇല്ലാത്ത സ്റ്റേറ്റഅ ബാങ്ക് ഉപഭോക്താക്കൾക്ക് ആറു വർഷങ്ങൾക്കു ശേഷം വീണ്ടും പിഴവപലിശ ഈടാക്കി തുടങ്ങി.ഇത്തരത്തിൽ 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ എസ്ബിഐയ്ക്കു ലഭിച്ച 3586 കോടി ലാഭത്തിൽ നിന്നും 1771 കോടി രൂപ പിഴപ്പണം കൊണ്ടു മാത്രം ലഭിച്ചതാണ്.പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ചാർജ്ജുകളിൽ അല്പസ്വല്പം മാറ്റം വരുത്തിയിരുന്നു.

**കാർഷിക ലോണിൽ നിന്നും കർഷകർ ഒഴിവാക്കപ്പെടുന്നു**

പൊതുമേഖലാ ബാങ്കുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മുൻഗണനാ വിഭാഗങ്ങളായ കൃഷി,ചെറുകിട-ഇടത്തര സംരഭങ്ങൾ,വിദ്യാഭ്യാസം,പാർപ്പിടം,സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനങ്ങൾ തുടങ്ങീ മേഖലകൾക്കായി 40 % ക്രെഡിറ്റുകൾ മാറ്റിവെയ്ക്കണം.ഇതിൽ നിന്നു കൃഷിയ്ക്കു മാത്രം 18 % വിഹിതമാണ് നൽകേണ്ടത്.എന്നാൽ 2018 മാർച്ച് വരെയുള്ള ദേശീയ ശരാശരിയനുസരിച്ച് നെറ്റ് ബാങ്ക ക്രെഡിറ്റിൽ നിന്നും 12 % ലോൺ മാത്രമാണ് കാർഷിക വായ്പ നൽകിയിരിക്കുന്നത്.പുതുക്കിയ മാനദണ്ഡങ്ങളനുസരിച്ച് 100 കോടി വരെ വായ്പ എടുക്കുന്ന ഭക്ഷ്യ-കാർഷിക ഉൽപന്ന വ്യവസായികളുടെ ക്രെഡിറ്റിനെ കാർഷിക വായ്പയായി കണക്കാക്കും.ഈ മാനദണ്ഡങ്ങൾ പ്രകാരം വൻകിട കുത്തകകളെ കൃഷിക്കാരായി കണക്കാക്കുകയും പാവപ്പെട്ട കർഷകന് ലോൺ നിരസിക്കുകയും ചെയ്യും.അങ്ങനെ പാവപ്പെട്ട കർഷകൻ വട്ടിപ്പലിശക്കാരേ തേടി പോകും.പഴയകാലത്തുണ്ടായിരുന്ന നേരിട്ടും അല്ലാതെയും കാർഷിക ലോണുകൾക്കുണ്ടായിരുന്ന പോരായ്മകളാണ് ഇന്ന് കാണുന്ന കഷ്ടപ്പാടുകളുടെ പ്രധാന കാരണം.ഈ പോരായ്മകൾ കൊണ്ട് ലോണുകൾ തിരിച്ചടയ്ക്കാനാകെ കടക്കെണിയിൽ വീണു പോയ മൂന്നു ലക്ഷം കർഷകരാണ് ആത്മഹത്യ ചെയ്തത്.

**പൊതുമേഖലാ ബാങ്കുകൾ കൊള്ളയടിക്കപ്പെടുന്നു**

വലിയ നഷ്ടം വരുത്തിയ പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ ശ്രമങ്ങൾ നടക്കുന്നു.ഇത് സർക്കാരിന്റെ ഗൂഡാലോചന മാത്രമല്ല.2015 ഓഗസ്റ്റ് 14 ന് മോദി സർക്കാർ പ്രസിദ്ധീകരിച്ച 'ഇന്ദ്രധനുഷ്'എന്ന ബാങ്കുകളുടെ വിശദാംശങ്ങളിൽ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.നിഷ്ക്രിയ ആസ്തി തിരിച്ചുപിടിക്കാൻ ബാങ്കുകൾ ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിക്കുമ്പോൾ ചില വ്യവസ്ഥകളുണ്ടാക്കണമെന്ന് ഇന്ദ്രധനു

ഷിൽ സർക്കാർ നിർദ്ദേശിക്കുന്നു.എന്നാൽ 2015-16 വരെ വലിയ ലാഭം നേടിയിരുന്ന ബാങ്കുകൾ ഇതോടെ നഷ്ടം കാണിക്കാൻ തുടങ്ങി.2018 മാർച്ച് 31 ന് 155586 കോടി രൂപയുടെ ലാഭം കാണിക്കുന്ന ബാങ്കുകൾ നിഷ്ക്രിയ ആസ്തി കൂടി ഉൾപ്പെടുത്തി ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിച്ചപ്പോൾ 89369 കോടി രൂപയുടെ നഷ്ടമാണ് കാണിക്കുന്നത്.അതുകൊണ്ട് ബാങ്കിന്റെ ആസ്തിയെ കൊള്ളയടിച്ച് രാജ്യം വിട്ട വൻകിട കുത്തകകുടിശികക്കാരേ ക്രിമിനൽ കുറ്റക്കാരാക്കി അവർക്കെതിരെ നടപടിയെടുക്കണമെന്ന് സർക്കാരിനോട് യൂണിയൻ ഫോറം ഓഫ് ബാങ്ക് യൂണിയനു കീഴിലുള്ള തൊഴിലാളികൾ ആവശ്യപ്പെടുന്നു.എന്നാൽ ബിജെപിയെ സഹായിക്കുന്ന കുത്തകകളെയും സേവനദാതാക്കളെയും മുറിവേൽപ്പിക്കാൻ അവരാഗ്രഹിക്കുന്നുലില്.ഇവരെ'സഹകരിക്കാത്ത കുടിശ്ശികക്കാർ' എന്ന് ഓമനപ്പേരിട്ടു വിളിക്കുക മാത്രം ചെയ്യുന്നു.ഇത് വിജയ് മല്യ,നീരവ് മോദി തുടങ്ങീ ബാങ്കിനെ പറ്റിച്ച് നാടുവിട്ട ഭീമൻകള്ളൻമാരേ സഹായിക്കുന്ന നടപടി കൂടിയാണ്.

**നോട്ടസാധുവാക്കലും ഡിജിറ്റലൈസേഷനും**

പാവപ്പെട്ട കർഷകരുടെയും സാധാരണക്കാരായ ജനത്തിന്റെയും പ്രത്യേകിച്ച അസംഘടിത തൊഴിലാളികളുടെയും വിയർപ്പിന്റെ വിലയുപയോഗിച്ച് വൻകിട കുത്തകകളെ സഹായിക്കാൻ സർക്കാർ നടത്തിയ അന്തർനാടകമാണ് നോട്ടസാധുവാക്കൽ.എന്നാൽ നോട്ടസാധുവാക്കലിലൂടെ സർക്കാർ പറഞ്ഞു നടന്ന ലക്ഷ്യങ്ങളൊന്നും ഫലം കണ്ടില്ല.കള്ളപ്പണവും കള്ളനോട്ടും ഇല്ലാതാക്കുക, ഭീകരപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് വരവ് കുറയ്ക്കുക, അഴിമതി ഇല്ലാതാക്കുക തുടങ്ങീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടില്ലെന്നുമാത്രമല്ല ലക്ഷങ്ങളോളം വരുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടമാകുകയും ലക്ഷക്കണക്കിന് കർഷകരുടെ വരുമാനം നിലയ്ക്കുകയും ചെയ്തു. വലിയ കുത്തകകൾക്കു വേണ്ടി കള്ളപ്പണം സൂക്ഷിക്കുന്നവരും വൻകിട ഭൂവുടമകളും മാത്രമാണ് നോട്ടസാധുവാക്കൽ മൂലം സംരക്ഷിക്കപ്പെട്ടത്. നോട്ടസാധുവാക്കലിന്റെ മറ്റൊരു പ്രധാന അജണ്ടയായിരുന്നു ഡിജിറ്റലൈസേഷൻ.നേരിട്ട് പണമുപയോഗിക്കുന്നതു തടഞ്ഞുകൊണ്ട് ഡിജിറ്റൽ പണംകൈമാറ്റം നടത്താൻ ജനങ്ങളെ നിർബ്ബന്ധിക്കാനും സർക്കാർ തയ്യാറായി. പണമില്ലാത്ത പണം കൈമാറ്റം അഥവാ ചെറിയ തുക കൈമാറ്റം എന്നാണ് ഇതിനെ പൊതുവായി വിളിക്കുന്നത്. പണം പിൻവലിക്കുന്നതിന് പണംകൈമാറ്റ ചാർജ്ജും സേവനങ്ങൾക്ക് ചാർജ്ജും ഏർപ്പെടുത്തിയതോടെ ജനങ്ങൾക്കിത് ഇരട്ടി ഭാരമായി. ഇതുകൊണ്ട് നേട്ടമുണ്ടാക്കിയത് സർക്കാരിന്റെ വിദേശ സഹകാരികൾ മാത്രമാണ്. അതിജീവനത്തിനായി പ്രതിദിന ഇടപാടുകൾ നടത്തുന്ന സാധാരണ ജനത്തിന്റെ കഷ്ടപ്പാടിന്റെ വില കുത്തകകളുടെ ലാഭമായി മാറുകയും അവരുടെ ബിസിനസുകൾ അഭിവൃദ്ധിപ്രാപിച്ചു വീണ്ടും വീണ്ടും ലാഭം കൊയ്യുകയും ചെയ്യുക. രാജ്യത്തെ 40% സാധാരണ ജനങ്ങൾക്കും ബാങ്കുകളിൽ അക്കൗണ്ടുകൾ ഇല്ല.ഇവരെ ഡിജിറ്റൽ പണമിടപാടിന് പ്രോൽസാഹിപ്പിച്ചാൽ ഒന്നും സംഭവിക്കില്ല. മാത്രമല്ല സാങ്കേതിക വിദ്യ എത്തിനോക്കിയിട്ടില്ലാത്ത ഭൂരിഭാഗവും ഗ്രാമീണ മേഖലയിലെ ഈ ജനങ്ങൾ സ്വാഭാവിക സാമ്പത്തിക സംവിധാനത്തിൽ നിന്നും പുറന്തള്ളപ്പെടുകയും ചെയ്യും

മാത്രമല്ല, നോട്ടസാധുവാക്കലിലൂടെ 100 ലധികം സാധാരണ മനുഷ്യർക്കും സമ്മർദ്ദം താങ്ങാനാവാതെ രാജ്യത്തെ ബാങ്കുകളിലെ 11 തൊഴിലാളികൾക്കും ജീവൻ നഷ്ടപ്പെട്ടു.

**എഫ്ആർഡിഐ ബിൽ;'ബാങ്കുകൾക്ക് ജാമ്യം:ചെറുനിക്ഷേപകരുടെ ദുരവസ്ഥ തുടരും**

ദേശസാൽക്കരണ കാലം മുതൽ പൊതുമേഖലാ ബാങ്കുകളുടെ മേൽ പൊതുജനത്തിനുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടുത്തിക്കൊണ്ട് ദ ഫൈനാൻഷ്യൽ റെസല്യൂഷൻ ആൻഡ് ഡെപ്പോസിറ്റ് ഇൻഷുറൻസ്' ബിൽ നടപ്പാക്കാൻ സർക്കാർ നടപടി തുടങ്ങിയിരിക്കുന്നു.അതായത് നിക്ഷേപകരുടെ നിക്ഷേപങ്ങൾ ഉപയോഗിച്ച് നഷ്ടത്തിലായ ബാങ്കുകളെ കരകയറ്റാനുള്ള മാർഗ്ഗങ്ങളാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ ബിൽ നിയമമായാൽ ഒരു റെസല്യൂഷൻ കോർപറേഷൻ സർക്കാർ തലത്തിൽ രൂപീകരിക്കും.എല്ലാ പൊതുമേഖലാ ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും ധനകാര്യ സ്ഥാപനങ്ങളും ഈ കോർപറേഷനു പരിധിയിൽ വരും. തുടർന്ന് ഇവയിൽ ക

ടക്കെണിയിലായ സ്ഥാപനങ്ങളുടെ നിയന്ത്രണം കോർപറേഷൻ ഏറ്റെടുക്കും.സ്ഥാപനത്തെ രക്ഷിക്കാനുള്ള നിർദേശങ്ങൾ കോർപറേഷൻ നിശ്ചയിക്കും. ആ അവസ്ഥയിൽ നിക്ഷേപകരുടെ പണം തിരിച്ചു നൽകാതിരിക്കാനോ തിരിച്ചുനൽകുന്നതിന് കാലതാമസം വരുത്താനോ കോർപറേഷൻ നിർദ്ദേശിക്കും. മാത്രമല്ല ഈ സ്ഥാപനങ്ങളിലെ ജീവനക്കാരേയും പ്രതിസന്ധി ബാധിക്കും. സ്ഥാപനത്തെ രക്ഷിക്കാൻ ജീവനക്കാരേ പിരിച്ചുവിടുകയോ അവരുടെ ശമ്പളം പൂർണമായോ ഭാഗീകമായോ തടയുകയും ചെയ്യും. നിക്ഷേപങ്ങളുടെ പലിശ കുറയ്ക്കുകയും തിരികെ നൽകാനുള്ള കാലാവധി നീട്ടുകയും ചെയ്യും. അല്ലെങ്കിൽ നിക്ഷേപങ്ങൾ ബോണ്ടുകളായോ ഷെയറുകളായോ നൽകും. ഇതോടെ സ്ഥാപനത്തിന്റെ തകർച്ചയുടെ വലിയൊരു ഭാരം നിക്ഷേപകർ ചുമക്കേണ്ടി വരും.എന്നാൽ റെസല്യൂഷൻ കോർപറേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ഇവയെ കോടതിയിൽ ചോദ്യം ചെയ്യാനും കഴിയില്ല. ഇതോടെ സാധാരണ ജനത്തിന്റെ അധ്വാനത്തിന്റെ വിലയായി സർക്കാരിനെ വിശ്വസിച്ച് ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട പണത്തിന് ഒരു വിലയുമില്ലാതാകും. ഇത് ബാങ്കുകളെ തന്നെ തിരിഞ്ഞുകുത്തും. വൻകിട കുടിശ്ശികക്കാരുടെ കിട്ടാക്കടം മൂലം നഷ്ടത്തിലായ ബാങ്കുകളുടെ വലിയൊരു ബാധ്യത പൊതുജനം ചുമക്കേണ്ടി വരും

**പൊതുമേഖലാ ബാങ്കുകളെ തകർക്കാൻ ഗൂഢശ്രമം**

നവഉദാരീകരണ ഭരണത്തിൻ കീഴിൽ മുൻഗണനാ വിഭാഗങ്ങളെ തഴഞ്ഞ് വൻകിട കുത്തകകൾക്ക് കോടിക്കണക്കിന് രൂപ വായ്പ അനുവദിക്കുന്നു.ഇതോടെ ബാങ്കിന്റെ കിട്ടാക്കടം പെരുകുകയും നിഷ്ക്രിയ ആസ്തി വർദ്ധിക്കുകയും ഇതിലൂടെ ബാങ്കിന്റെ ലാഭം കൊള്ളയടിക്കപ്പെടുകയും ചെയ്യുന്നു.ഇതോടെ ബാങ്കുകളുടെ സഹജമായ കഴിവുകേട് ചോദ്യം ചെയ്യപ്പെടുകയും സ്വകാര്യവൽക്കരണത്തിന്റെ ആവശ്യകത ഉയരുകയും ചെയ്യും.ഗ്രാമീണ മേഖലയുടെ ആശ്രയമായ ഗ്രാമീൺ ബാങ്ക് ഉൾപ്പടെയുള്ള പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ നവലിബറൽ ഭരണകൂടങ്ങൾ ശ്രമങ്ങൾ തുടങ്ങിയിട്ട് കാലങ്ങളായി.എന്നാൽ പൊതുജനങ്ങളുടെ സഹായത്തോടെ ബാങ്ക് ജീവനക്കാരുടെ നിരന്തരമായ എതിർപ്പിനെ തുടർന്ന് സ്വകാര്യവൽക്കരണ ശ്രമം നടപ്പായിട്ടില്ല.ഇതിനെതിരെ കഴിഞ്ഞ 26 വർഷത്തിനിടയിൽ 56 സമരങ്ങളാണ് ജീവനക്കാർ നടത്തിയത്.ഇതിനെ എതിർത്ത് നിരന്തരം സമരം നടന്നുകൊണ്ടിരിക്കുകയാണ്.പൊതുമേഖലാ ബാങ്കുകളുടെ സംരക്ഷണം ബാങ്ക് ജീവനക്കാരുടെ മാത്രം ആവശ്യമല്ല.ബാങ്ക് സംരക്ഷണം നിക്ഷേപകരുടെയും സാധാരണ ജനത്തിന്റെയും തൊഴിലാളികളുടെയും കൃഷിക്കാരുടെയും ആവശ്യമാണ്.

ബാങ്കുകളെ കൊള്ളയടിച്ച് അവയെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുന്ന നവലിബറൽ ഭരണകൂടത്തിന്റെ കടന്നാക്രമണത്തെ എതിർത്ത് തോൽപിക്കാൻ സെപ്റ്റംബർ 5 ന് മസ്ദൂർ കിസാൻ സംഘർഷ് റാലി പാർലമെന്റിനു മുന്നിലേയ്ക്കു നടക്കുന്നു.

## Talking Point- 17

**പൊതുഗതാഗതം സംരക്ഷിക്കുക!പൊതു ഗതാഗതസംവിധാനത്തെ സംരക്ഷിക്കുക**

കുറഞ്ഞ നിരക്കിൽ പൊതുഗതാഗതസംവിധാനം ലഭ്യമാകേണ്ടത് പൗരന്റെ അവകാശമാണ്.സ്വാതന്ത്ര്യലബ്ധിയുടെ ആദ്യകാലത്തു തന്നെ,അതായത് 1950 കളിൽ റോഡ് ഗതാഗത നിയമം പ്രാബല്യത്തിൽ വന്നു. വളരെ കുറഞ്ഞ ചിലവിൽ ജനങ്ങൾക്ക് യാത്രാ സൗകര്യമൊരുക്കുന്നതിനായി മിക്കവാറും സംസ്ഥാനങ്ങൾ സംസ്ഥാന റോഡ് ഗതാഗത കോർപറേഷനുകൾ രൂപീകരിച്ചു.

സംസ്ഥാന റോഡ് ഗതാഗതവകുപ്പ് , ഉൾഗ്രാമങ്ങളുൾപ്പടെയുള്ള ആദിവാസി ഗ്രാമങ്ങളെയും പട്ടണങ്ങളെയും കൂട്ടിയിണക്കുന്ന ഗതാഗത സൗകര്യങ്ങൾ ഒരുക്കി. എന്നാൽ ഇത്തരം സ്ഥലങ്ങളിലേയ്ക്ക് നടത്തുന്ന ബസ് സർവ്വീസുകൾ നഷ്ടത്തിലാണ് പ്രവർത്തിച്ചത്.അതൊരിക്കലും സാധ്യമല്ലാത്തതുമാണ്.എന്നാൽ സാമൂഹത്തോടുള്ള പ്രതിബദ്ധത എന്ന നിലയിൽ മാത്രമാണ് നിലവിൽ ഇത്തരം സർവ്വീസുകൾ നടത്തുന്നത്.ചില സംസ്ഥാനത്തെ ഗതാഗത വകുപ്പ് വിദ്യാർത്ഥികൾക്കും അംഗപരിമിതർക്കും, വൃദ്ധർക്കും യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്. മാത്രമല്ല ഗ്രാ

മങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്ക് സ്ഥിരം യാത്ര ചെയ്യുന്ന തൊഴിലാളികൾക്കും ദിവസവേതന ക്കാർക്കും,മത്സ്യത്തൊഴിലാളികൾക്കും എന്നുവേണ്ട സ്ഥിരം യാത്രികർക്ക് നിരക്ക് കുറച്ച് യാത്ര ചെയ്യാനുള്ള സൗകര്യവും ചില സംസ്ഥാനങ്ങൾ ഒരുക്കുന്നു.

ഒരുപാട് പ്രതിസന്ധികൾ തരണം ചെയ്താണ് പല സംസ്ഥാന ഗതാഗത വകുപ്പുകളുടെയും പ്രവർത്തനം.പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് വളരെ സുരക്ഷിതത്വം പ്രധാനം ചെയ്യുന്ന യാത്രാ മാർഗം കൂടിയാണിത്. അപകടങ്ങൾ പരമാവധി കുറച്ച് സുരക്ഷിതത്വം ഉറപ്പു നൽകുന്ന യാത്രയാണ് ട്രാൻസ്പോർട് വകുപ്പ് പ്രധാനം ചെയ്യുന്നത്. ഇന്ധനക്ഷമതയാണ് എടുത്തുപറയേണ്ട മറ്റൊരു സവിശേഷത.ഇത് ജീവനക്കാരുടെയും തൊഴിലാളുകളുടെയും ആത്മാർത്ഥതയും പ്രതിബദ്ധതയും കൊണ്ടുണ്ടായതാണ്.

എന്നാൽ 1991 ൽ നവലിബറൽ നയങ്ങളുടെ കടന്നുവരവോടെ എല്ലാം മാറ്റങ്ങൾക്കും തുടക്കമായി. ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തുമുണ്ടായ അതേ മാറ്റങ്ങൾ ഗതാഗതസംവിധാനത്തിലുമുണ്ടായി. കോൺഗ്രസ്സ് സർക്കാരിന്റെ കാലത്താണ് നവഉദാരവൽക്കരണ നയങ്ങളുടെ തുടക്കമെങ്കിലും തുടർന്നു വന്ന എൻഡിഎ സർക്കാരും ഈ നയങ്ങൾ പിൻതുടർന്നു. ജനങ്ങളുടെ സംരക്ഷണത്തേക്കാൾ മുഖ്യമായി സ്വദേശത്തും വിദേശത്തുമുള്ള  വൻകുത്തകകൾക്കു വേണ്ടിയായിരുന്നു നവഉദാരവൽക്കരണം സർക്കാരുകൾ നടപ്പാക്കിയത്. അധ്വാനിക്കുന്നവന്റെ കീശയിൽ കൈയ്യിട്ടുവാരി സ്വകാര്യകമ്പനികളെ തീറ്റിപ്പോറ്റാനാണ് ഉദാരീകരണ നയത്തിലൂടെ ശ്രമം നടന്നത്

ഇടതു സർക്കാരുകളുടെ കീഴിലുള്ള സംസ്ഥാനങ്ങളൊഴികെ മിക്കവാറും സംസ്ഥാനങ്ങൾ ഈ നവലിബറൽ നയങ്ങളെ  പിൻതുടരാൻ തുടങ്ങി. സംസ്ഥാന ഗതാഗത സംവിധാനങ്ങൾ അതോടെ താറുമാറായി. ഗതാഗത മേഖലയിലേയ്ക്ക് സ്വകാര്യകമ്പനികൾ കടന്നുവന്നു.പൊതുഗതാഗതം സാമ്പത്തികമായി തകർന്നു.

ഇന്ന് മിക്കവാറുമുള്ള സംസ്ഥാന ഗതാഗതവകുപ്പുകൾ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഡീസൽ വില വർദ്ധനവ്,വാഹന നികുതി വർദ്ധനവ്, വില്പന നികുതിയിലെ വർദ്ധനവ്, എക്സൈസ് നികുതിയിലെ വർദ്ധനവ് ഇവയെല്ലാം സാമ്പത്തിക പ്രതിസന്ധിയിൽ പെട്ട ഗതാഗതവകുപ്പുകളെ കൂടുതൽ പ്രതിസന്ധിയിലാക്കി. മാത്രമല്ല സ്വകാര്യ വ്യക്തികൾ നിയമപരമല്ലാത്ത സർവ്വീസുകൾ നടത്തി തുടങ്ങിയതും പൊതുഗതാഗത സംവിധാനങ്ങളെ ബാധിച്ചു. മിക്കവാറും സംസ്ഥാനങ്ങളിൽ ഭരിക്കുന്നവരുടേയോ പ്രതിപക്ഷത്തുള്ളവരുടേയോ  അടുത്തബന്ധുക്കളോ സുഹൃത്തുക്കളോ തന്നെയാണ് സ്വകാര്യ ഗതാഗത സംവിധാനം നിയന്ത്രിക്കുന്നത്. ചിലയിടങ്ങളിൽ മന്ത്രിമാരോ അവരുടെ ബന്ധുക്കളോ തന്നെയാകും ബസ് സർവ്വീസുകൾ നടത്തുന്നത്. ലാഭത്തിനുവേണ്ടിയാണ് ഇത്തരം സ്വകാര്യ സർവ്വീസുകൾ നടത്തപ്പെടുന്നത്. എന്നാൽ പൊതുഗതാഗതമാകട്ടെ സാമൂഹ്യ പ്രതിബദ്ധതയ്ക്കു വേണ്ടിയും.

സംസ്ഥാന ഗതാഗത വകുപ്പിലെ ജീവനക്കാരും തൊഴിലാളികളും ഈ പരീക്ഷണത്തിലെ  ബലിയാടുകളാണ്. സാമ്പത്തിക പ്രതിസന്ധി അവരെ വിഷമവൃത്തിയിലാക്കിയിരിക്കുന്നു. മാസങ്ങളായി ശമ്പളം മുടങ്ങുന്നു. വിരമിച്ചവരുടെ ആനുകൂല്യങ്ങളും പെൻഷനുകളും ദീർഘകാലത്തേയ്ക്ക് മുടങ്ങുന്നു. ഒഴിവുകൾ നികത്തുന്നില്ല.നിലവിലെ ജീവനക്കാരുടെ ജോലിഭാരം പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു. ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഈ അമിതഭാരം ജനങ്ങളെ ബാധിക്കുമെന്നത് പരിഗണിക്കപ്പെടുന്നില്ല

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുകയും യാത്രക്കാർക്ക് അമിതഭാരം നൽകുകയും ചെയ്യുന്നു.ഉൾഗ്രാമങ്ങളിലേക്കുള്ള സർവ്വീസുകൾ വെട്ടിച്ചുരുക്കുന്നു.ഇതുമൂലം പാവപ്പെട്ടവർ വലയുന്നു.യാത്രക്കാരുടെ എണ്ണം തീരെ കുറഞ്ഞതിനാൽ ഒഡീഷയിലെയും ബീഹാറിലെയും ഗതാഗത വകുപ്പ് നാമമാത്ര സർവ്വീസുകളെ നടത്തുന്നുള്ളു.മധ്യപ്രദേശി

ലും,ഝാർഘണ്ഡിലും ചത്തീസ്ഗഡിലും ഗതാഗതവകുപ്പ് താറുമാറായിരിക്കുന്നു.ആയിരക്കണക്കിന് ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു.മാത്രമല്ല,യാത്രക്കാർ സ്വകാര്യ സർവ്വീസുകളുടെ കനിവ് കാത്തുകഴിയുന്നു.

മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം നവഉദാരവൽക്കരണ നയങ്ങൾ കൂടുതൽ കരുത്തുറ്റതായിരിക്കുന്നു. സ്വകാര്യ കമ്പനികൾക്ക് അവരുടെ നടപടികൾ എളുപ്പമാകാനുള്ള എല്ലാ മുൻകരുതലുകളും സർക്കാർ തലത്തിൽ ചെയ്തിരിക്കുന്നു.നവലിബറൽ നയങ്ങളുടെ ഭാഗമായി സ്വകാര്യ കമ്പനികളുടെ നേട്ടത്തിനായി മോട്ടോർ വാഹന ബിൽ ഭേദഗതി ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.റോഡ് സുരക്ഷ,അപകടസാധ്യതകൾ കുറയ്ക്കുക തുടങ്ങിയവയ്ക്കായി ലക്ഷക്കണക്കിന് പണം മുടക്കി സർക്കാർ പരസ്യങ്ങൾ ചെയ്യുന്നു.സംസ്ഥാനഗതാഗത സംവിധാനത്തെ തകർത്ത് സ്വകാര്യ കുത്തകകൾക്ക് പൊതുഗതാഗതം കൂടി തീറെഴുതി കൊടുക്കുന്ന ബില്ലിനാണ് അനുമതിയാകേണ്ടത്

**ഭേദഗതി വരുത്തിയ സംസ്ഥാന മോട്ടോർ വാഹന ബില്ലിലെ പ്രശ്നങ്ങൾ**

1988 ലെ മോട്ടോർ വാഹന നിയമ പ്രകാരം രണ്ടു തരത്തിലുള്ള പെർമിറ്റുകളാണ് വാഹനങ്ങൾക്ക് നൽകുന്നത്.അതായത് കരാർ ക്യാരേജും ,സ്റ്റേജ് ക്യാരേജും.സ്വകാര്യ ഓപ്പറേറ്റർമാർക്ക് കരാർ ക്യാരേജ് പെർമിറ്റാണ് അനുവദിക്കുന്നത്.എന്നാൽ സർക്കാർ ഗതാഗത വകുപ്പിന്റെ മൗനാനുവാദത്തോടെ നിയമവിരുദ്ധമായി ലൈസൻസ് നിയമങ്ങൾ ലംഘിച്ചുകൊണ്ട് സ്വകാര്യവാഹനങ്ങൾ സ്റ്റേജ് ക്യാരേജ് നടത്തുന്നുണ്ട്.ഇവർ സംസ്ഥാനഗതാഗത വകുപ്പിനെ കൊള്ളയടിക്കുകയാണ്.എന്നാൽ നിർദ്ദിഷ്ട മോട്ടോർ വാഹനബില്ലിൽ സ്വകാര്യ കമ്പനികളുടെ നിയമാനുസൃതമല്ലാത്ത സർവ്വീസുകളെ നിയമവിധേയമാക്കാൻ വ്യവസ്ഥ ചെയ്യും.രണ്ടു തരത്തിലുള്ള പെർമിറ്റുകളെയും ഒന്നാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.കള്ളന്റെ കൈയ്യിൽ താക്കോൽ ഏൽപിക്കുന്നതു പോലെയാണ് കാര്യങ്ങൾ.നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ട സർക്കാർതന്നെ അവരെ വെറുതെവിടുകയും ഗതാഗത വകുപ്പ് ഇല്ലാതാക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു.

ഇതുവരെ സംസ്ഥാന ഗതാഗത വകുപ്പിന്റെ കീഴിലുള്ള വാഹനങ്ങൾ തേർഡ് പാർട്ടി ഇൻഷുറൻസിൽ നിന്നും ഒഴുവാക്കപ്പെട്ടിരുന്നു.എന്നാൽ പുതിയ ബില്ലിൽ തേർഡ് പാർട്ടി ഇൻഷുറൻസ് നിർബന്ധമാക്കിയിട്ടുണ്ട്.പ്രതിസന്ധിയിലുഴലുന്ന വകുപ്പിനെ കൂടുതൽ കുരുക്കിലാക്കുന്നു.ഈയിനത്തിൽ ഇൻഷുറൻസ് കമ്പനികൾക്ക് നൂറുകോടിയിലധികം രൂപ നൽകി അധിക ബാധ്യത വരുത്തിവെയ്ക്കും.മാത്രമല്ല,സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഇതിന്റെ ലാഭം കൊയ്യുകയും ചെയ്യും.

പുതിയ മോട്ടോർ വാഹന ഭേദഗതി ബില്ലനുസരിച്ച് അധികാരപ്പെട്ടവർക്ക് പെർമിറ്റ് വ്യവസ്ഥ എപ്പോൾ വേണമെങ്കിലും ഉപേക്ഷിക്കാൻ കഴിയും.പ്രത്യേകിച്ച് റൂട്ടിനേ സംബന്ധിച്ചോ വാഹനത്തേ സംബന്ധിച്ചോ എന്തു വ്യവസ്ഥകളും ഉപേക്ഷിക്കാൻ കഴിയും.ഏത് സർവ്വീസ് നടത്തണമെന്ന് ഉടമയ്ക്കു തീരുമാനിക്കാനുള്ള വിവേചനാധികാരം ബില്ല് നൽകുന്നു.ഇത് സ്വകാര്യ ഓപ്പറേറ്റർമാരേ സംബന്ധിച്ച് ഒരു പുതുക്കൽ മാത്രമാണ്.

ഇതെല്ലാം സൂചിപ്പിക്കുന്നത് പൊതു ഗതാഗത വകുപ്പിന്റെ ആത്യന്തികമായ അന്ത്യത്തെയാണ്.കെടുകാര്യസ്ഥിതിയും സ്വകാര്യവൽക്കരണവും വകുപ്പിനെ ഇല്ലാതാക്കും.ഇതോടെ പൊതുഗതാഗത സംവിധാനം കുത്തകകൾക്ക് തീറെഴുതും.

ലോക്സഭയിലെ ഭൂരിപക്ഷമുപയോഗിച്ച് ബില്ല് അവിടെ പാസായെങ്കിലും ,രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്തതുകൊണ്ട് അവിടെ ബില്ല് പാസാക്കാനായിട്ടില്ല.അതുകൊണ്ട് ഇതുവരെ ബില്ല് നിയമമായിട്ടില്ല.മാത്രമല്ല ട്രാൻസ്പോർട്ട് തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെ ഐക്യകണ്ഠമായ എതിർപ്പും മറ്റിടങ്ങളിലെ തൊഴിലാളികളുടെയും ,പൊതുജനങ്ങളുടെ പിന്തുണ

യുംഇടതുപാർട്ടികൾ പാർലമെന്റിൽ നടത്തിയ ശക്തമായ എതിർപ്പും മൂലം ബില്ല് രാജ്യസഭയിൽ ഇതുവരെ പാസാക്കാനായിട്ടില്ല.

**പൊതു ഗതാഗതവകുപ്പ് അടച്ചുപൂട്ടിയാൽ എന്തു സംഭവിക്കും?**

* *ആർത്തിമൂത്ത സ്വകാര്യ ഓപ്റേറ്റർമാർ തൊഴിലാളികളെ ഞെക്കിപ്പിഴിയും.നിലവിലെ ഗതാഗത വകുപ്പ് ജീവനക്കാരുടെ തൊഴിൽ നഷ്ടമാകും*

* *ഉൾഗ്രാമങ്ങളിലെ പ്രത്യേകിച്ച് ട്രൈബൽ കോളനികളിലെ ജനങ്ങൾക്ക് താങ്ങാവുന്നതും വിശ്വ സനീയമായതുമായ ഗതാഗതമാർഗം നഷ്ടമാകും*

* *വിദ്യാർത്ഥികളുടെ ചാർജ്ജ് ആനുകൂല്യം നഷ്ടപ്പെടും.പാവപ്പെട്ട വിദ്യാർത്ഥികളെ ഇത് കൂടുതൽ ബുദ്ധിമുട്ടിലാക്കും,പ്രത്യേകിച്ച് പെൺകുട്ടികളെ.നിരവധി പാവപ്പെട്ട കുട്ടികൾ സ്കൂളിൽ പോകുന്നത് നിർത്തും.*

* *എസ് സി /എസ് ടി വിഭാഗങ്ങൾക്കുള്ള സംവരണം നിർത്തലാക്കും*

* *അപകടങ്ങളുടെ എണ്ണം വർദ്ധിക്കും,ഗതാഗതം കൂടുതൽ കലുഷിതമാകും,മലിനീകരണം വർദ്ധിക്കും,സാഹചര്യം കൂടുതൽ ദുർഘടമാകും*

* *തൊഴിലാളികൾ മാത്രമല്ല സാധാരണ ജനവും കഷ്ടപ്പെടും*

അതുകൊണ്ട് സംസ്ഥാന ഗതാഗത വകുപ്പിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്നത് ഒഴിവാക്കി സംവിധാനത്തെ സംരക്ഷിക്കണം.മോട്ടോർ വാഹന ഭേദഗതി ബിൽ പാസാക്കുന്നതിനെ എതിർത്തു തോൽപിക്കണം.നവഉദാരവൽക്കരണ നയത്തിനെതിരെ നാം നടത്തുന്ന പോരാട്ടങ്ങളിൽ പ്രധാന ഭാഗമാണിത്.

ഗതാഗത തൊഴിലാളികൾ ഈ നിയമഭേദഗതിയെ ശക്തമായി എതിർക്കുന്നു.പൊതുഗതാഗത സംവിധാനത്തെ നിലനിർത്താനും പരിപോഷിപ്പിക്കുന്നതിനുമായി തൊഴിലാളികൾ നിരന്തരം സമരം നടത്തുന്നു.രാജ്യം മുഴുവൻ സർക്കാരിന്റെ ഗതാഗത നയത്തിനെതിരെ ശക്തമായ സമരങ്ങൾ നടന്നുവരുന്നു.വീണ്ടും ഒരു സമരം നടത്താനുള്ള തയ്യാറെടുപ്പിലാണ് തൊഴിലാളികൾ.

പൊതുഗതാഗത സംവിധാനത്തെ തച്ചുടയ്ക്കാനുള്ള നീക്കത്തിൽ ട്രാൻസ്പോർട് തൊഴിലാളികൾ മാത്രം പങ്കെടുത്തിട്ടു കാര്യമില്ല.അവർക്കൊപ്പം എല്ലാ തൊഴിലാളികളും പൊതു ജനവും സമരത്തിൽ പങ്കുകൊള്ളണം.അധ്വാനിക്കുന്ന തൊഴിലാളി വർഗം,കർഷകർ,തൊഴിലാളികൾ,കുടിയേറ്റ തൊഴിലാളികൾ,മുക്കുവ തൊഴിലാളികൾ എല്ലാവരും യോജിച്ച് സമരം ചെയ്യണം.കോടിക്കണക്കിനു വരുന്ന പാവപ്പെട്ട തൊഴിലാളികളുടെ ആശ്രയമായിരുന്ന സംസ്ഥാന ഗതാഗത വകുപ്പിനെ തകർക്കാൻ ശ്രമിക്കുന്നവരെ എതിർത്തു തോൽപിക്കേണ്ടത് സമൂഹത്തോട്പ്രതിബദ്ധതയുള്ള ഏത് പൗരന്റെയും കടമയാണ്.

ജനങ്ങളെ വലയ്ക്കുന്ന മോട്ടോർ വാഹന ഭേദഗതി നിയമം ഒഴിവാക്കുകയെന്ന ആവശ്യമുന്നയിച്ചാണ് പാർലമെന്റിനു മുന്നിലേയ്ക്ക് വമ്പിച്ച മാർച്ച് സംഘടിപ്പിച്ചിരിക്കുന്നത്.മാത്രമല്ല പൊതുഗതാഗത സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നീക്കങ്ങൾ ശക്തമാക്കണം.സ്വകാര്യ കുത്തകകൾക്ക് ലാഭം കൊയ്യാനുള്ള അവസരം ഇല്ലാതാക്കണം.മാത്രമല്ല പൊതുജനത്തിനെ ഞെക്കിപ്പിഴിയുന്ന നയത്തിൽ നിന്നും സർക്കാർ പിൻമാറണം.തൊഴിലാളികളെ നശിപ്പിക്കുന്ന,കർകരെഇല്ലാതാക്കുന്ന ജനങ്ങളെ ദ്രോഹിക്കുന്ന നയങ്ങൾ ഇനി സഹിക്കാൻ കഴിയില്ലെന്ന് സർക്കാരിന് അന്തിമശാസനം നൽകുകയാണ് സെപ്റ്റംബർ 5 ന് നടക്കുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലി റാലിയുടെ ലക്ഷ്യം

ഒന്നിയ്ക്കൂ പോരാടൂ

## Talking Point- 18

### 1ബിഎസ്എൻഎൽ സംരക്ഷിയ്ക്കൂ!രാഷ്ട്രത്തെ രക്ഷിയ്ക്കൂ

1991 ലെ നവലിബറലിസ നയങ്ങളുടെ ആവിർഭാവത്തോടെ രാജ്യത്തെ ടെലികോം നയത്തിലും വൻമാറ്റമാണുണ്ടായത്. അതേ വർഷം തന്നെ ടെലികോം രംഗത്ത് വൻവിപ്ലവം സൃഷ്ടിച്ച് 'ദേശീയ ടെലികോം നയം'സർക്കാർ രൂപീകരിച്ചു. അതുവരെ സർക്കാർ നിയന്ത്രിതമായിരുന്ന ടെലികോം രംഗത്തേയ്ക്ക് സ്വകാര്യ മേഖലയ്ക്കു കൂടി ആധിപത്യമുറപ്പിക്കുന്നതായിരുന്നു പുതിയ നയം. ജനങ്ങൾക്ക് ആവശ്യാനുസരണം ടെലികോം സേവനങ്ങൾ ലഭ്യമാകുമെന്നായിരുന്നു സർക്കാരിന്റെ ഈ നയത്തെക്കുറിച്ചുള്ള ന്യായം.

ഇൻഡ്യൻ ടെലികോം മേഖലയെ സ്വകാര്യവൽക്കരിക്കരിക്കുന്നതിന്റെ ഭാഗമായുള്ള ദേശീയ ടെലികോം പോളിസിയുടെ ബ്ലൂപ്രിന്റ് 1995 ൽ സ്വകാര്യ കമ്പനികൾക്ക് കൈമാറി. തുടർന്നുള്ള സംഭവവികാസങ്ങൾ വളരെ പെട്ടന്നായിരുന്നു. ലാൻഡ്‌ലൈനുകളുടെ ലൈസൻസിനൊപ്പം മൊബൈൽ രംഗത്തേയ്ക്കും സ്വകാര്യകമ്പനികൾ കടന്നുകയറുന്നതിന് അവസരമൊരുക്കി. അതോടെ ഇൻഡ്യയിൽ മൊബൈൽ വിപ്ലവത്തിന് തുടക്കമായി. എന്നാൽ സർക്കാരിന്റെ സ്വന്തം ടെലികോം സേവനദാതാക്കളായ ബിഎസ്എൻഎല്ലിന് മൊബൈൽ സേവനത്തിന് ലൈസൻസ് അനുവദിച്ചില്ല. ബിഎസ്എൻഎൽ മൊബൈൽ സേവനത്തിലേയ്ക്ക് കടന്നുവരുന്നത് 2002 ൽ മാത്രമാണ്. സ്വകാര്യ കമ്പനികളെ സഹായിക്കാനുള്ള സർക്കാരിന്റെ ബോധപൂർവ്വമായ ശ്രമമായിരുന്നു അത്.

1995 ൽ ടെലികോം മേഖല സ്വകാര്യവൽക്കരിക്കുമ്പോൾ കമ്പനികളിൽ നിന്ന് പ്രതിവർഷം 125000 രൂപ ലൈസൻസ് ഫീസായി ഈടാക്കുമെന്ന് അന്നത്തെ ടെലികോം മന്ത്രി ശ്രീസുഖ്റാം പ്രഖ്യാപിച്ചിരുന്നു.എന്നാൽ കരാർ ലംഘിക്കപ്പെട്ടു. 1995 മുതൽ 99 വരെ സ്വകാര്യ കമ്പനികൾ ലൈസൻസ് ഫീസ് അടച്ചില്ല. ഇതൊരു വലിയ തുകയാണെന്നായിരുന്നു അവരുടെ വാദം.എന്നാൽ ലൈസൻസ് അടയ്ക്കാൻ കർശനമായ പിഴ നടപടികൾക്കു പകരം അന്നത്തെ അടൽ ബിഹാരി വാജ്പേയി സർക്കാർ ലൈസൻസ് ഫീസ് അടയ്ക്കാൻ സ്വകാര്യ കമ്പനികളോട് നിർബന്ധം ചെലുത്തിയ ടെലികോം മന്ത്രിയെ തൽസ്ഥാനത്തു നിന്നു നീക്കി. തുടർന്ന് ആയിരക്കണക്കിനു കോടി രൂപയുടെ ലൈസൻസ് ഫീസ് അടയ്ക്കേണ്ടതില്ലെന്ന് അറിയിച്ചു

തുടർന്ന് നയത്തിൽ ചില വ്യത്യാസങ്ങൾ സർക്കാർ വരുത്തി.നിശ്ചിത ലൈസൻസ് ഫീസിനു പകരം വരുമാനത്തിന്റെ നിശ്ചിത ശതമാനം ലൈസൻസ് ഫീസായി അടയ്ക്കണമെന്ന് സർക്കാർ പ്രഖ്യാപിച്ചു.

വാസ്തവത്തിൽ വാജ്പേയി സർക്കാർ ടെലികോം രംഗത്ത് കൂടുതൽ നവലിബറൽ നയങ്ങൾ നടപ്പാക്കി. വിദേശ ആശയവിനിമയങ്ങൾക്കായി രൂപപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനമായ വിദേശ് സഞ്ചാർ നിഗം ലിമിറ്റഡിനെ റ്റാറ്റായ്ക്കു വിറ്റു. ഇന്ന് ആ മേഖലയിൽ സർക്കാരിന് 1 % ഓഹരി പോലുമില്ല.

അന്നത്തെ സർക്കാർ ടെലികോം മേഖലയിലേയ്ക്ക് സ്വകാര്യ കമ്പനികൾ കടന്നു വരുന്നതിന് കൂടുതൽ പ്രോൽസാഹനം നൽകി. അക്കാലത്ത് ലാൻഡ് ലൈൻ-മൊബൈൽ സേവനങ്ങൾ ലഭ്യമാകുന്നതിന് കമ്പനികൾ പ്രത്യേകം,പ്രത്യേകം ലൈസൻസ് എടുക്കേണ്ടിയിരുന്നു. അന്ന് അംബാനിയുടെ ടെലികോം കമ്പനിയായ റിലയൻസിന് ലാൻഡ്‌ലൈൻ സേവനങ്ങളുടെ ലൈസൻസ് മാത്രമേ ലഭിച്ചിരുന്നുള്ളു. എന്നാൽ സാങ്കേതിക വിദ്യയെ കൂട്ടുപിടിച്ച് റിലയൻസ് മൊബൈൽ സേവനങ്ങൾ നൽകുകയും രാജ്യത്തുടനീളം റോമിംഗ് സൗകര്യമേർപ്പെടുത്തുകയും ചെയ്തു. ലൈസൻസ് നിയമങ്ങളുടെ ഗുരുതരമായ ലംഘനമായിരുന്നു അത്. റിലയൻസിൽ നിന്നു കനത്ത പിഴ ഈടാക്കേണ്ടിയിരുന്നതിനു പകരം സർക്കാർ അവരെ സംരക്ഷിച്ചു. അന്നത്തെ ടെലികോം മന്ത്രി ലൈസൻസ് വ്യവസ്ഥയിൽ ചില മാറ്റങ്ങൾ വരുത്തി യൂണിഫൈഡ് ആക്സസ് ലൈസൻസ് നൽ

കാൻ തുടങ്ങി.അതായത് മൊബൈൽ സേവനത്തിനും ലാൻഡ്ലൈൻ സേവനത്തിനും രണ്ട് ലൈസൻസ് വേണമെന്ന നിബന്ധന എടുത്തുകളഞ്ഞു.

സ്വകാര്യ കമ്പനികൾ മൊബൈൽ സേവനരംഗത്ത് കുതിച്ചുചാട്ടം നടത്തിയെങ്കിലും, 2002 ൽ മാത്രം മൊബൈൽ സേവന ലൈസൻസ് ലഭ്യമായ ബിഎസ്എൻഎൽ 2004 ഡിസംബറോടെ സ്വകാര്യ ദാതാവായ എയർടെല്ലിനൊപ്പം അവരുടെ ഉപഭോക്തൃ അടിത്തറ പടുത്തുയർത്തി. 2004-05 കാലത്ത് ബിഎസ്എൻഎൽ ആറ്റാദായത്തിൽ 10000 കോടിയാണ് ലഭിക്കുന്നത്

എന്നാൽ ഇതോടെ ബിഎസ്എൻഎല്ലിനെ തകർക്കാൻ സ്വകാര്യ കുത്തകകൾ ഗൂഢനീക്കം തുടങ്ങി. അന്നത്തെ സർക്കാരിനെ കൈയ്യിലെടുത്ത് ബിഎസ്എൻഎല്ലിന്റെ 45 ദശലക്ഷം രൂപയുടെ ലൈനുകൾ സ്ഥാപിക്കാനുള്ള ടെൻഡറുകൾ റദ്ദാക്കി

ടെലികോം മാർക്കറ്റിനെ ഏകോപിപ്പിക്കാൻ കുത്തകകളെ സഹായിക്കുന്നതിന് ബിഎസ്എൻ എല്ലിനെ തകർക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് രാജ്യത്തിന്റെ നാശമാണ്. മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയെ സർക്കാർ വൻതോതിൽ സഹായിക്കുന്നു. ഇതൊരു വലിയ അഴിമതിയാണ്. ജിയോ കുറഞ്ഞ നിരക്കിൽ വോയ്സ് കോൾ,ഡേറ്റാ സേഅതുവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇത് മറ്റ് സ്വകാര്യ ടെലികോം സേവനദാതാക്കൾക്കും ഭീഷണിയാണ്. ടെലികോം മേഖലയുടെ പൂർണ നിയന്ത്രണത്തിനായാണ് റിലയൻസിന്റെ ശ്രമം. രാജ്യത്തെ അതിസമ്പന്നനായ മുകേഷ് അംബാനി ടെലികോം രംഗത്തെ മൽസരം അവസാനിപ്പിക്കാനുള്ള ആത്യന്തിക ശ്രമത്തിലാണ്. പല ചെറിയ ടെലികോം കമ്പനികളും അവരുടെ സേവനം അവസാനിപ്പിച്ചു. വൊഡാഫോണും ഐഡിയയും യോജിക്കാൻ ധാരണയായി കഴിഞ്ഞു.അങ്ങനെയെങ്കിൽ രാജ്യത്ത് അടുത്തകാലത്തു തന്നെ മൊബൈൽ സേവന രംഗത്ത് ഒന്നോ രണ്ടോ കമ്പനികൾ മാത്രമായി ചുരുങ്ങും.

ടെലികോം മേഖലയെ കുത്തകവൽക്കരിക്കാനുള്ള മുകേഷ് അംബാനിയുടെ ശ്രമങ്ങൾക്ക് പരസ്യപിന്തുണയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി എത്തിയിരിക്കുന്നു. ഉടൻ റിലീസിനൊരുങ്ങുന്ന ജിയോയുടെ പരസ്യത്തിൽ ജിയോയെ സഹായിക്കാൻ എല്ലാവരുടെയും പിന്തുണ തേടി മോദി എത്തുമെന്നാണ് അറിയാൻ കഴിയുന്നത്. രാജ്യത്തിന് സ്വന്തമായി ടെലികോം കമ്പനി ഉണ്ടായിട്ടും സ്വകാര്യ കുത്തകകൾക്ക് അവസരമൊരുക്കുന്ന തരത്തിൽ ജിയോയെ വാങ്ങാൻ ആഹ്വാനം നടത്തുന്ന പരസ്യമാണ് പുറത്തിറങ്ങുന്നത്. ജിയോയുടെ വിലനിർണയത്തിനെതിരെ തിരിഞ്ഞ് ടെലികോം ഡിപ്പാർട്മെന്റ് ഓഫീസ് സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നു സർക്കാർ മാറ്റിയിരുന്നു.

ബിഎസ്എൻഎല്ലിന്റെ ഉന്മൂലനാശമാണ് സർക്കാർ ആഗ്രഹിക്കുന്നത്.ഇതിന്റെ ആദ്യപടിയെന്നോണം 2017 ൽ ബിഎസ്എൻഎല്ലിന്റെ സബ്സിഡിയറി ടവർ കമ്പനി നിർമ്മിക്കാൻ തീരുമാനിച്ചു.ബിഎസ്എൻഎല്ലിന്റെ 70000 ടവറുകളും സബ്സിഡിയറിയിലേയ്ക്കു മാറ്റും. ടവറുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനെന്നാണ് സർക്കാർ വിശദീകരണം. എന്നാൽ ഈ തീരുമാനം ബിഎസ്എൻഎല്ലിനെ തകർക്കും. മൊബൈൽ ടവറുകളെ സ്വകാര്യവൽക്കരിക്കുന്നതിന്റെ ആദ്യതന്ത്രമാണിതെന്നു വ്യക്തം. എന്നാൽ സർക്കാർ സഹായമില്ലാതെ പടുത്തുയർത്തിയ ടവറുകൾ തൊഴിലാളികളുടെ വിയർപ്പിന്റെ വിലയാണ്. അതുകൊണ്ട് അവയെ തകർക്കാൻ സർക്കാരിനു അവകാശമില്ല.എന്നാൽ 70000 ടവറുകളുടെ സ്വകാര്യവൽക്കരണത്തോടെ മോദി സർക്കാരിന്റെ ആത്യന്തിക ലക്ഷ്യം ബിഎസ്എൻഎല്ലിന്റെ പരാജയമാണ്.

2006 മുതൽ 2012 വരെയുള്ള കാലത്ത് ബിഎസ്എൻഎല്ലിന് നെറ്റ് വർക്ക് വിപുലീകരണത്തിന് സർക്കാർ അനുമതി കൊടുത്തില്ല. അതായത് ആറുവർഷക്കാലം ബിഎസ്എൻഎല്ലിനു ഒരു തരത്തിലും നെറ്റ് വർക്ക് വിപുലീകരിക്കാനായില്ല. ഇത് സ്വകാര്യ ഓപ്പറേറ്റർമാർക്ക് ഗുണമായി. ബിഎസ് എൻഎല്ലിന്റെ വളർച്ച മുരടിച്ചതു മൂലം മൊബൈൽ കണക്ഷനുകൾ സ്വകാര്യ കമ്പനികളിലേക്കൊഴുകി.

നഷ്ടപ്പെട്ട ആറുവർഷങ്ങൽ ബിഎസ്എൻഎല്ലിന്റെ മൊത്തം വളർച്ചയെ ബാധിച്ചു.കമ്പനി തകരുമെന്നായപ്പോൾ തൊഴിലാളികളും ജീവനക്കാരും ഓഫീസർമാരും സംഘടിച്ച് സമരങ്ങൾ നടത്തി.ഇതിനു ഫലം കണ്ടു.2017 ൽ ഐഡിയ സെല്ലുലാർ,വൊഡാഫോൺ,എയർസെൽ എന്നീ കമ്പനികളുടേതിനാക്കാൾ കൂടുതൽ വളർച്ചാ നിരക്ക് ബിഎസ്എൻഎൽ രേഖപ്പെടുത്തി.

ബിഎസ്എൻഎല്ലിനെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. മാറി മാറി വന്ന സർക്കാരുകൾ നീണ്ട പതിറ്റെട്ടു വർഷങ്ങളായി ബിഎസ്എൻഎല്ലിനെ സ്വകാര്യവൽക്കരിക്കാൻ നടത്തിയ സകല ശ്രമങ്ങളും ജീവനക്കാരുടെ സമയോജിത പ്രക്ഷോഭങ്ങൾ പരാജയപ്പെടുത്തി. ഇന്നും ബിഎസ്എൻഎൽ 100 % സർക്കാർ കമ്പനിയായി തുടരുന്നു. ബിഎസ്എൻഎല്ലിലെ എല്ലാ യൂണിയനുകളും അസോസിയേഷനുകളും സ്വകാര്യവൽക്കരണത്തെ ശക്തമായി എതിർക്കുകയും തുടരെതുടരെ പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്യുന്നു. മാത്രമല്ല സബ്സിഡിയറി ടവർ നിർമ്മാണം നിർത്തിവെയ്ക്കാൻ നിരന്തര സമരം നടത്തിവരികയാണ്.പൊതുമേഖലാ സ്ഥാപനമായി ബിഎസ്എൻഎല്ലിനെ നിലനിർത്തുന്നതിനായി ബിഎസ്എൻഎൽ അസോസിയേഷനും യൂണിയനും ആത്യന്തികമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

നെറ്റ് വർക്ക് വിപുലീകരണത്തിനായി ബിഎസ്എൻഎൽ തൊഴിലാളികളുടെയുംഓഫീസർമാരുടെയും യൂണിയനുകളും അസോസിയേഷനുകളും സംഘടിച്ച് കൊണ്ട് സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അതിന്റെ ഫലമായി 2013 ൽ സേവന വിപുലീകരണത്തിനായി ഉപകരണങ്ങൾ വാങ്ങാൻ സാധിച്ചു. ബിഎസ്എൻഎല്ലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വീണ്ടും സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു.2011 ൽ ഉപഭോക്തൃ സേവനത്തിനായി പ്രത്യേക വിഭാഗം രൂപീകരിച്ചു. ഉപഭോക്തൃ സേവനങ്ങൾക്കായുള്ള അടിത്തറ വർദ്ധിപ്പിക്കുന്നതിനായി ഇതുപകരിച്ചു. 2016 ൽ 'പുഞ്ചിരിച്ചു കൊണ്ടു സേവനം' എന്ന പുതിയ പദ്ധതി ബിഎസ്എൻഎൽ നടപ്പാക്കി.നിരന്തരമായ ഇത്തരം ശ്രമങ്ങൽ ബിഎസ്എൻഎല്ലിനേ 2014-15 വർഷം മുതൽ ലാഭത്തിലേക്കു നയിച്ചു.

എങ്കിലും ബിഎസ്എൻഎൽ ജീവനക്കാരുടെ പിരിച്ചുവിടൽ അവരുടെ മാത്രം പ്രശ്നമല്ല.ഇത് രാജ്യത്തെ പൊതുജനങ്ങൾക്ക് അപകടകരമായ പ്രത്യാഖ്യാതങ്ങളുണ്ടാക്കും. ഇന്ന് ജനങ്ങളുടെ ആവശ്യങ്ങളിൽ ഡേറ്റയും വോയ്സ് കോളും അത്യന്താപേക്ഷികമായി തീർന്നിരിക്കുന്നു. ഈ അവശ്യസർവ്വീസുകൾ ലഭ്യമാക്കാൻ സ്വകാര്യ കമ്പനികളുടെ കരുണ കാത്തിരിക്കാൻ ജനങ്ങളെ അനുവദിക്കരുതെന്ന് ഭരണകൂടങ്ങളോട് ആവശ്യപ്പെടുന്നു. അതുകൊണ്ട് താങ്ങാവുന്ന നിരക്കിൽ ഡാറ്റയും വോയ്സ് കോളും ലഭ്യമാക്കി ജനങ്ങളുടെ അവകാശം സംരക്ഷിക്കാൻ ബിഎസ്എൻഎൽ തൊഴിലാളികൾക്കൊപ്പം നിലനില്പിന്റെ സമരത്തിൽ പൊതുജനങ്ങളും പങ്കാളികളാകൂ.

പൊതുസ്വത്ത് കൈമാറുന്ന നവലിബറൽ നയങ്ങൾക്കെതിരെയും ബിഎസ്എൻഎൽ ഉൾപ്പടെയുള്ള പൊതുകമ്പനികൾ സംരക്ഷിക്കുക എന്ന നിലപാടിലുറച്ചുകൊണ്ടുമാണ് സെപ്റ്റംബർ 5 ന് 'മസ്ദൂർ കിസാൻ സംഘർഷ് റാലി'സംഘടിപ്പിച്ചിരിക്കുന്നത്.

## Talking Point- 19

### വിദ്യാഭ്യാസമേഖലയിലെ സ്വകാര്യവൽക്കരണം

ഗാസിയാബാദിലെ ഒരു ഫാക്ടറി തൊഴിലാളിയാണ് രാം ചന്ദ് .മാസവരുമാനം 10000 രുപ.അദ്ദേഹത്തിന് രണ്ട് മക്കളാണ്. ഒൻപത് വയസ്സുള്ള അരുണും,ഏഴുവയസ്സുള്ള സവിതയും.സർക്കാർ സ്കൂളിലായിരുന്നു കുട്ടികൾ പഠിച്ചിരുന്നത്. എന്നാൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പോരായ്മയുണ്ടെന്ന് തോന്നിയ രാംചന്ദ് കുട്ടികളെ അടുത്തുള്ള സ്വകാര്യ സ്കൂളിൽ ചേർത്തു.10000 രൂപ മാസവരുമാനക്കാരനായ രാംചന്ദ് ഇപ്പോൾ മക്കളുടെ സ്കൂൾബസിനും മാസ ഫീസിനും മറ്റുമായി 4000 രൂപയാണ് മാറ്റിവെയ്ക്കേണ്ടത്. എന്നാൽ വിദ്യാഭ്യാസത്തിന് യാതൊരു ഗുണനിലവാരവും ഉറപ്പു

നൽകുന്നില്ല.അമിതമായ വിദ്യാഭ്യാസ ചിലവ് മൂലം കുടുംബത്തിന്റെ ചിലവ് കൂട്ടിമുട്ടിക്കാൻ പാവപ്പെട്ടവർക്ക് കഴിയുന്നില്ല. 'ഭക്ഷണത്തിന്റെയും വസ്ത്രങ്ങളുടെയും ചിലവുകൾ വെട്ടിച്ചുരുക്കി ഒറ്റമുറി വാടക വീട്ടിലേയ്ക്ക് താമസം മാറ്റി കൊണ്ട് ചിലവ് മിച്ചം പിടിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള വരുമാനം കണ്ടെത്തി.അവർ നന്നായി ജീവിക്കട്ടെ' രാംചന്ദ് പറയുന്നു.

രാജ്യത്താകമാനം ഇത്തരമൊരു പ്രതിഭാസമാണ്.കുറഞ്ഞ വേതനത്തിന് തൊഴിലെടുക്കുന്ന തൊഴിലാളികൾ തങ്ങളുടെ ദാരിദ്ര്യത്തിന് കാരണം വിദ്യാഭ്യാസമില്ലായ്മയാണെന്നു കരുതി അമിതപണം നൽകി കുട്ടികളെ സ്വകാര്യവിദ്യാലയങ്ങളിലേയ്ക്ക് അയക്കുന്നു. നല്ല ജീവിതം കിട്ടട്ടെയെന്നു കരുതിയാണ് അവരിതു ചെയ്യുന്നത്.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.എല്ലാവർക്കും പ്രാപ്യമായ മികച്ച നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകാത്തതെന്തു കൊണ്ട് ?ലാഭം കൊയ്യുന്നവർക്ക് സ്കൂളുകളും കോളേജുകളും പ്രവർത്തിപ്പിക്കാൻ വീണ്ടും വീണ്ടും അനുമതി കൊടുക്കുന്നത് എന്തുകൊണ്ട്?

നമ്മുടെ രാജ്യത്ത് രണ്ടുതരം വിദ്യാഭ്യാസ സമ്പ്രദായമാണുള്ളത്.പാവപ്പെട്ടവന് ഗുണനിലവാരം ഉറപ്പാക്കാത്ത സർക്കാർ സ്കൂളുകളും സമ്പന്നർക്ക് എല്ലാ ഉയർന്ന സൗകര്യങ്ങളുമുറപ്പാക്കുന്ന സ്കൂളുകളും എന്ന വേർതിരിവ് രാജ്യത്തുണ്ട്. സ്വകാര്യവിദ്യാഭ്യാസത്തിൽ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് സർക്കാരിന്റേത്. അതായത് സർക്കാർ സ്കൂളകളുടെ ഗുണംനിലവാരം ഉർത്തുകയോ ആവശ്യത്തിന് സൗകര്യങ്ങൾ വികസിപ്പിക്കുകയോ ചെയ്യാതെ സർക്കാർ വിദ്യാഭ്യാസം തകർക്കുന്നു. മാത്രമല്ല അമിത ഫീസ് നൽകേണ്ട സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തഴച്ചുവളരാൻ വേണ്ടത്ര വെള്ളവും വളവും സർക്കാർ തന്നെ നൽകുന്നു. സർക്കാരിന്റെ സർവ്വെ പ്രകാരം സ്വകാര്യ വിദ്യാലയങ്ങളിലെ പ്രൈമറി വിദ്യാഭ്യാസ ചിലവ് മറ്റ് സ്കൂളുകളിലേതിന്റെ ആറേഴ് ഇരട്ടി വരും.ഹയർസെക്കന്ററി വിദ്യാഭ്യാസ ചിലവാകട്ടെ 30000 രൂപ വരെ പ്രതിവർഷമുണ്ടാകും.

സാധാരണക്കാർക്ക് അവരുടെ മക്കൾക്ക് പന്ത്രണ്ടാം ക്ലാസിനു മുകളിൽ വിദ്യാഭ്യാസം നൽകാൻ കഴിയാതെ വരുന്നു. ഉയർന്ന വിദ്യാഭ്യാസ ചിലവ് തന്നെയാണ് അതിനു കാരണം. സർക്കാർ മെഡിക്കൽ കോളേജുകളിൽ 73000 രൂപയാണ് ഫീസെങ്കിൽ 149000 രൂപയാണ് സ്വകാര്യ മെഡിക്കൽ കോളെജുകളിലെ ഫീസ്.കമ്പ്യൂട്ടർ കോഴ്സുകൾക്ക് സർക്കാർ തലത്തിൽ 30000 രൂപയാണ് ഫീസെങ്കിൽ സ്വകാര്യ മേഖലയിൽ അതിന്റെ ഇരട്ടിയാണ് ഫീസ്.എൻജിനിയറിംഗ് കോഴ്സുകൾക്ക് സർക്കാർ ഫീസ് 43000 രൂപയാണെങ്കിൽ സ്വകാര്യ കോളെജുകളിൽ 83000 രൂപയാണ്.ഏത് ഫാക്ടറി തൊഴിലാളിക്കാണെങ്കിൽ ഇത്രയും പണം മുടക്കി മക്കൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിയുക.

സ്വകാര്യ സ്കൂളുകളും കോളെജുകളും സാധാരണ ജനത്തിന്റെ പരിധിയ്ക്കപ്പുറമാണ്. എന്നാൽ മക്കളുടെ ഭാവി സുരക്ഷിതമാക്കാൻ രക്ഷിതാക്കൾ ഭൂമിയും സ്വർണ്ണവും പണയപ്പെടുത്തി കൂടുതൽ കടക്കെണിയിലകപ്പെടുന്നു. വരുമാനം കുറഞ്ഞ തൊഴിലാളികൾ അവരുടെ മക്കളെ നിലവാരം കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങളോ വേണ്ടത്ര അധ്യാപകരോ ഇല്ലാത്ത സർക്കാർ സ്കൂളുകളിലേയ്ക്കു വിടാൻ നിർബന്ധിതരാകുന്നു. ഇത്രയധികം പൊതുജനത്തിനെ കുത്തിപ്പിഴിഞ്ഞിട്ടും സ്വകാര്യ മേഖലയ്ക്ക് വേണ്ടത്രരീതിയിൽ അവരുടെ വിദ്യാർത്ഥികളെ ഗുണനിലവാരത്തിലേക്കുയർത്താനോ തൊഴിൽ നേടിക്കൊടുക്കാനോ കഴിയുന്നില്ല.

**വിദ്യാഭ്യാസത്തിന് അപര്യാപ്തമായ ഫണ്ടുകൾ**

ഫണ്ടുകളുടെ അപര്യാപ്തതയും പൊതുവിദ്യാഭ്യാസത്തെ തകർത്തു.1968 ൽ കോത്താരി കമ്മീഷൻ നിർദ്ദേശപ്രകാരം ജിഡിപിയുടെ 6% തുക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി

നീക്കിവെക്കണമെന്ന് നിർദ്ദേശമുണ്ട്.എന്നാൽ സർക്കാരുകൾ നിർദ്ദേശം അവഗണിച്ചു.നിലവിലെ ബിജെപി സർക്കാരും ബജറ്റിൽ വിദ്യാഭ്യാസത്തിനായി നീക്കിവെക്കേണ്ട തുക വെട്ടിക്കുറച്ചു.

2013-14 ൽ ആകെ ബജറ്റ് തുകയുടെ 4.6 % മായിരുന്നു വിദ്യാഭ്യാസത്തിനായി നീക്കിയിരുപ്പെങ്കിൽ 2018-19 ൽ 3.5 % മായി കുറഞ്ഞു.

സ്കൂൾ വിദ്യാഭ്യാസത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ചാണ് ചിലവുകൾ വഹിക്കുന്നതെന്നതിനാൽ സംസ്ഥാന സർക്കാരുകൾ വിദ്യാഭ്യാസത്തിനായി മാറ്റി വെയ്ക്കുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി.2012-13 ലും 2013-14 ലും 11.6%മായിരുന്നത് 2017-18 ആയപ്പോഴേയ്ക്കും 10 % മായി കുറഞ്ഞു

മൊത്തം ആഭ്യന്തര വളർച്ചാ നിരക്കിന്റെ നിശ്ചിത ശതമാനം തുകയാണ് വിദ്യാഭ്യാസത്തിനായി മാറ്റിവെക്കുന്നത്.എന്നാൽ ആഭ്യന്തര വളർച്ചാ നിരക്ക് കൂടുകയും കേന്ദ്രസർക്കാരത് കൊട്ടിഘോഷിക്കുകയും ചെയ്യുന്നുണ്ടെങ്കിലും വിദ്യാഭ്യാസത്തിനായുള്ള നീക്കിയിരുപ്പ് കുറയുന്നു.2012-13 ൽ നിന്നും തുടർച്ചയായ വർഷങ്ങളിൽ 0.66 % നീക്കിയിരുപ്പ് വീതമാണ് സർക്കാർ കുറച്ചുകൊണ്ടുവന്നത്.അതായത് ആഭ്യന്തരവളർച്ചാനിരക്കനുസരിച്ച് നീക്കിയിരുപ്പിന്റെ കാര്യത്തിൽ കുറവു വരുത്തുന്ന മേഖലകളിൽ വിദ്യാഭ്യാസം മൂന്നാം സ്ഥാനത്തെത്തി.കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 2012-13,2013-14 വർഷത്തെ 3.1 % നീക്കിയിരുപ്പിൽ നിന്നും 2.7 %മായി കുറഞ്ഞു

### സ്വകാര്യ പരിശീലനം

ഫീസ് അടയ്ക്കാൻ കെല്പുള്ളവർക്കായി സ്വകാര്യ സ്ഥാപനങ്ങൾ പരിശീലനം നൽകുന്നു.ഇതൊരുതരം നിഴൽ സ്വകാര്യവൽക്കരണമാണ്.മികച്ച സ്ഥാപനങ്ങളിൽ മെഡിസിനോ എൻജിനിയറിംഗിനോ അഡ്മിഷൻ ലഭിക്കണമെങ്കിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പരിശീലനം അത്യാവശ്യമായി.സ്കൂൾ വിദ്യാർത്ഥികൾക്കു പോലും സ്വകാര്യ ട്യൂഷനെ ആശ്രയിക്കേണ്ടതായി വരുന്നു.സ്കൂൾ അധ്യാപകർ തന്നെ വിദ്യാർത്ഥികളെ ഇതിന് പ്രേരിപ്പിക്കുന്നു.രാജ്യത്ത് സ്വകാര്യ കോച്ചിംഗ് ഇൻഡസ്ട്രിയുടെ വലിപ്പം 2.39 കോടിയുടേതാണ്.

### സ്കൂൾ വിദ്യാഭ്യാസത്തിൽ സ്വകാര്യ മേഖല

2010-11 മുതൽ2016-17 വരെയുള്ള കാലത്ത് സ്വകാര്യ മേഖലയിലെ സ്കൂളുകളിലേയ്ക്ക് ഒന്നുമുതൽ എട്ടുക്ലാസുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 5 % വർദ്ധനവ് ഉണ്ടാകുകയും,ഇതേ കാലയളവിൽ സർക്കാർ സ്കൂളുകളിൽ ഇതേ ക്ലാസിൽ 31 % വിദ്യാർത്ഥികൾ കുറയുകയും ചെയ്തിട്ടുണ്ടെന്നാണ് കണക്ക്.2010-11 മുതൽ 2015-16 വരെയുള്ള കാലത്ത് എട്ടു മുതൽ 12 വരെയുള്ള ക്ലാസുകളിലേയ്ക്ക് സ്വകാര്യ സ്കൂളുകളിൽ 22 % വിദ്യാർത്ഥികളുടെ വർദ്ധനവുണ്ടായി,സർക്കാർ സ്കൂളുകളിലാകട്ടെ 10 % ത്തിൽ താഴെ മാത്രവും.വിദ്യാഭ്യാസത്തിലെ സ്വകാര്യവൽക്കരണത്തിന്റെ ആഴമാണ് കണക്കുകളിലൂടെ വ്യക്തമാകുന്നത്.

### ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖല

രാജ്യത്ത് 36,852 കോളെജുകളിൽ 64 % സ്വകാര്യ അൺഎയ്ഡഡ് കോളെജുകളും 14 % സ്വകാര്യ എയ്ഡഡ് കോളെജുകളും 22 % സർക്കാർ കോളെജുകളുമാണ്.ഈ സ്ഥാപനങ്ങളിലെ ആകെ കണക്കെടുക്കുകയാണെങ്കിൽ 66 % വിദ്യാർത്ഥികളും സ്വകാര്യ എയ്ഡഡ് കോളേജുകളിലും അൺ എയ്ഡഡ് കോളേജുകളിലുമാണ് പഠിക്കുന്നത്.സർക്കാർ കോളെജുകളിൽ 33 % വിദ്യാർത്ഥികൾ മാത്രമാണുള്ളത്

സ്വകാര്യ കോളെജുകൾ മാത്രമല്ല സർക്കാർ കോളെജുകളും ഫീസടയ്ക്കാൻ കഴിവുള്ള വിദ്യാർത്ഥികളെ അത്തരം കോഴ്സുകളിലേയ്ക്ക് തള്ളിവിടുന്നു.അവരുടെ വരുമാനം വർദ്ധിപ്പിച്ച് ചിലവ് കൂട്ടാനുള്ള മാർഗ്ഗമാണത്. എന്നാൽ ഇത്തരം ഭൂരിഭാഗം കോഴ്സുകൾക്കും കോളെജുകൾക്കും

ആവശ്യത്തിന് അധ്യാപകരുണ്ടാകില്ല.കൂടുതൽ വിദ്യാർത്ഥികളെ കോഴ്സുകളിൽ ചേർത്ത് അവരിൽ നിന്ന് അമിത ഫീസ് ഈടാക്കി പരീക്ഷകൾ നടത്തുകയും ഒരുപാട് അധ്യാപകർ വേണ്ട സ്ഥാനത്ത് വളരെ കുറച്ച് അധ്യാപകരെ കൊണ്ട് ഉത്തരക്കടലാസുകൾ പരിശോധിപ്പിക്കുകയും ചെയ്യുന്നു. അധ്യാപകരോ -പഠിപ്പിക്കലോ ഇല്ലാതെ വിദ്യാഭ്യാസം കച്ചവടം ചെയ്ത് ഡിഗ്രി നൽകുന്ന സമ്പ്രദായം.

**അന്താരാഷ്ട്രാ മൂലധന ശക്തികൾക്കു മുന്നിൽ അടിയറവു വെച്ചു**

വിദ്യാഭ്യാസത്തിന്റെ ഈ ബോധപൂർവ്വമായ അട്ടിമറിക്കലും സ്വകാര്യവൽക്കരണവും അന്താരാഷ്ട്രാ മൂലധന ശക്തികളെ പ്രീതിപ്പെടുത്താനാണ്.ലോകബാങ്കും വൻകിട കുത്തകകളും വിദ്യാഭ്യാസ രംഗത്ത് ലാഭം നേടുന്നതിനായി സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുന്നു.ആഭ്യന്തര-അന്താരാഷ്ട്രാ കുത്തകകൾക്ക് വാതിൽ തുറക്കാനാണ് പൊതുവിദ്യാഭ്യാസത്തിനുള്ള പിന്തുണ സർക്കാർ കാലാകാലങ്ങളായി കുറച്ചുകൊണ്ടുവരുന്നത്.അതുകൊണ്ടു തന്നെ ഇൻഡ്യയിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ വലിയൊരു ഭാഗം സ്വകാര്യ മേഖലകൾ നിയന്ത്രിക്കുന്നു.

**വിദ്യാഭ്യാസത്തിലെ കാവിവൽക്കരണം**

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്വമായ ശാസ്ത്രീയമായ രീതിയിലെ വിദ്യാഭ്യാസ രീതി അവസാനിപ്പിച്ച് അടിസ്ഥാനമില്ലാത്ത അശാസ്ത്രീയമായ വിശ്വാസങ്ങൾക്ക് ബിജെപി സർക്കാർ പ്രോൽസാഹനം നൽകുന്നു.ഹിന്ദു മതത്തിലെ വിവേചനത്തിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ വിദ്യാർത്ഥികളിൽ വിതയ്ക്കാൻ സർക്കാർ ശ്രമിക്കുന്നു.ഇത്തരത്തിൽ വിമർശനാത്മക ചിന്തയും ,യുക്തിസഹവും സംവേദനക്ഷമതയുമില്ലാത്ത കുട്ടികൾ മറ്റുള്ള കുട്ടികളുമായി മൽസരിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഇല്ലാതാകുന്നു.ഇത്തരത്തിലെ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ഭാവി തുലയ്ക്കുകയും ജനങ്ങളിൽ കലാപമനസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു.

**തൊഴിലാളികളുടെ ആവശ്യം**

ആഭ്യന്തര ഉൽപാദന വളർച്ചയുടെ 6 % മെങ്കിലും വിദ്യാഭ്യാസത്തിനായി നീക്കിവെയ്ക്കുക.സർക്കാർ സ്കൂളുകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അധ്യാപകർക്ക് മികച്ച ശമ്പളവും പരിശീലനവും ഉറപ്പാക്കുക,കൂടുതൽ പ്രൊഫഷണൽ,സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിയ്ക്കുക,സ്വകാര്യ കുത്തകകളെ വിദ്യാഭ്യാസ കച്ചവടത്തിനു പ്രോൽസാഹിപ്പിക്കാതിരിക്കുക,വർഗ്ഗീയതയുടെ വിഷം വിദ്യാർത്ഥികളിലേയ്ക്ക് ചീറ്റുന്ന കാവിവൽക്കരണത്തെ ഇല്ലാതാക്കുക തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധവേണമെന്ന് സർക്കാരിനോട് തൊഴിലാളികൾ ആവശ്യപ്പെടുന്നു.

2018 സെപ്റ്റംബർ 5 ന് നടക്കുന്ന 'മസ്ദൂർ കിസാൻ സംഘർഷ് റാലി'വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുന്ന നയങ്ങൾ പ്രഖ്യാപിക്കണണെന്ന് സർക്കാരിനോട് ആവശ്യപ്പെടും.അല്ലെങ്കിൽ ഇത്തരം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന സർക്കാരിനെ പരാജയപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്യുന്നു

## Talking Point- 20

### ഓട്ടോ ടാക്സി ഡ്രൈവർമാരുടെ ഉപജീവനമാർഗം സംരക്ഷിക്കുക; പിന്തിരിപ്പൻ നയങ്ങളെ ചെറുക്കുക

ഇന്ന് രാജ്യം മുഴുവൻ ജനങ്ങളുടെ ഒരു പൊതുവാഹമായി ഓട്ടോറിക്ഷ മാറിയിരിക്കുന്നു. നേരത്തെ അത് പട്ടണങ്ങളിലും നഗരങ്ങളിലും മാത്രമായി പരിമിതപ്പെട്ടിരുന്നുവെിൽ ഇന്നത് ഗ്രാമങ്ങളിൽ വ്യാപകമായിരിക്കുന്നു. ഗ്രാമങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്കോ സമീപ പട്ടണങ്ങളിലേക്കോ ആളുകളെ കൊണ്ടുപോകുന്നതിന് ഇന്ന് ഓട്ടോറിക്ഷ ഉപയോഗിക്കുന്നു. നാട്ടിൻപുറത്തെ ചെറു

പ്പക്കാർ ഓടിക്കുന്ന ഷെയർ ഓട്ടോകളിലാണ് ഗ്രാമങ്ങളിലെ പാവപ്പെട്ടവരുടെ യാത്ര. ഒരു യാത്രാ ഉപാധി എന്ന നിലയ്ക്ക് ചുരുങ്ങിയ ചെലവേ ഇതിനുള്ളൂ. മാത്രമല്ല എളുപ്പം ലഭ്യമാകുകയും ചെയ്യും. നഗരങ്ങളിൽ രാവും പകലും സ്ഥലങ്ങളെ ബന്ധിപ്പിക്കാൻ ഇതുപയോഗിക്കുനു. നഗരങ്ങളിലെ ലക്ഷക്കണക്കിനാളുകൾക്ക് ഇന്ന് ഓട്ടോറിക്ഷയാണ് ചെറുയാത്രകൾക്ക് ആശ്രയം.

അതുപോലെ തന്നെയാണ് ടാക്സികളുടെയും സ്ഥിതി. നഗരങ്ങളിൽ മാത്രമല്ല ചെറുപട്ടണങ്ങളിലും വലിയ ഗ്രാമങ്ങളിലും ടാകസികളുടെ എണ്ണം വർധിച്ചിരിക്കുന്നു. സ്വകാര്യ ടാക്സി കമ്പനികൾ നഗരത്തിലെ ജനങ്ങളുടെ യാത്രാആവശ്യങ്ങൾ നിർവഹിക്കുന്നു. ഒപ്പം പ്രാദേശികമായ യാത്ര സംവിധാനമെന്ന നിലയ്ക്കും വിനോദസഞ്ചാരികളെ കൊണ്ടുപോകുന്നതിനും ടാക്സികൾ പ്രധാനം. അടിയന്തര സേവനങ്ങൾക്കും അവ ഉപയോഗിക്കുന്നു.

നവലിബറൽ കാലത്ത് സ്ഥിരം തൊഴിലുകൾ ലഭിക്കാനുള്ള സാധ്യത കുറഞ്ഞു വരുമ്പോഴാണ് കൂടുതൽ കൂടുതൽ യുവാക്കൾ ഓട്ടോറിക്ഷയും ടാക്സിയും ഓടിച്ച് തങ്ങളുടെ ഉപജീവനമാർഗം തേടുന്നത്. തൊഴിലില്ലായ്മ പെരുകുമ്പോൾ ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും മാത്രമല്ല, എഞ്ചിനിയറിങ് ബിരുദധാരികൾ വരെ ധാരാളമായി ഈ മേഖലയിൽ കടന്നെത്തുന്നു. ഓട്ടോ ടാക്സി ഡ്രൈവർമാരിൽ 90 ശതമാനത്തിനും ഇത് സ്വയം തൊഴിലാണ്. മിക്കവരും സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്താണ് വണ്ടിവാങ്ങുന്നത്. സർക്കാർ ഇവർക്ക് വേണ്ട സാമ്പത്തിക പിന്തുണ നൽകാനോ വാഹനം വാങ്ങുന്നതിന് ബാങ്ക് വായ്പ തരപ്പെടുത്തിക്കൊടുക്കാനോ തയ്യാറാകുന്നില്ല.

മിക്കവാറും ഡ്രൈവർമാരുടെ ചെലവ് വർധിക്കുകയും വരുമാനം ഗണ്യമായും കുറയുകയും ചെയ്യുകയാണ്. നാലുവർഷമായി ദിനംപ്രതിയെന്നോണം ഡീസൽ വില വർധിച്ച് താങ്ങാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. ജൂണിൽ 57.28 രൂപയുണ്ടായിരുന്ന ഡീസലിന് ഇപ്പോൾ 69.20 ആയിരു. അതായത് ലിറ്ററിന് 12 രൂപയുടെ വർധന. ഒരു ഓട്ടോ അഞ്ചു ലിറ്റർ ഡീസൽ ഉപയോഗിച്ച് ശരാശരി നൂറു കിലോമീറ്റർ പ്രതിദിനം ഓടുന്നു. ഓട്ടോറിക്ഷയുടെ ഡീസലിന് മാത്രമായി ഡ്രൈവർ വർഷം 21600 രൂപ ചെലവിടണം.

അതുപോലെ തന്നെയാണ് ഇൻഷുറൻസ് പ്രിമിയത്തിന്റെയും സ്ഥിതി. എല്ലാവർഷവും പ്രീമിയം വർധിക്കുന്നു. 2014 ഏപ്രിലിൽ ഓട്ടോറിക്ഷയുടെ തേർഡ് പാർടി ഇൻഷുറൻസ് പ്രിമിയം1212 രൂപ ആയിരുന്നത് 2018 ഏപ്രിലിൽ 2595 രൂപയായി. ഒരു നീതീകരണവുമില്ലാത്ത വർധന. എത്ര തുക പ്രിമിയമായി ശേഖരിച്ചുവെന്നും എത്ര തുക വാഹനാപകടത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരമായി നൽകിയെന്നും വെളിപ്പെടുത്താൻ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി(ഐആർഡിഎ) ഇനിയും തയ്യാറായിട്ടില്ല. ആഭ്യന്തര- വിദേശ സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ ലാഭം കുത്തനെ ഉയർത്തുന്നതിന് മാത്രമാണ് പ്രിമിയത്തിലെ യുക്തിരഹിതമായ വർധന. ഓട്ടോ– ടാക്സി ഡ്രൈവർമാരുടെ ദുരിതം വർധിപ്പിച്ചുകൊണ്ട് റോഡ് ഗതാഗതമന്ത്രാലയം ലൈസൻസിനും പുതുക്കലിനും ഫിറ്റ്നസിനമുള്ള നിരക്കുകൾ ക്രമാതീതമായി വർധിപ്പിച്ചു. ഫിറ്റ്നസ് നേടുന്നത് വൈകിയാൽ 50 രൂപ പിഴയും ചുമത്തി.

ഇതുകൂടാതെയാണ് പൊലീസിന്റെ പീഡനം. തങ്ങളുടെ അധികാരം കാണിക്കാനും ദ്രോഹിക്കാനും എളുപ്പം വഴങ്ങുന്ന വിഭാഗമായാണ് പൊലീസ് ഓട്ടോ ടാക്സി ഡ്രൈവർമാരെ കാണുന്നത്. ഓട്ടോറിക്ഷ- ടാക്സി ഡ്രൈവർമാർക്കെതിരെ കേസെടുക്കുന്നതും പിഴ ശേഖരിക്കുന്നതും ഒരു വിഭാഗം പൊലീസുകാരുടെ വരുമാന സ്രോതസ്സാണ്. ഒരു ഓട്ടോറിക്ഷ ഡ്രൈവർ ഒരു മാസം ശരാശരി കുറഞ്ഞത് 600 രൂപയെങ്കിലും പൊലീസിനു നൽകുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. ചിലപ്പോൾ ഇത് ആയിരം രൂപയും അതിലധികവുമാകും. ഇതിന്റെയെല്ലാം ഫലമായി ഓട്ടോറിക്ഷ ഡ്രൈവർമാർക്കിടയിൽ മത്സരം കൂടുകയും അവരുടെ വരുമാനം കുറയുകയുംചെയ്തു. നാലുവർഷം മുമ്പ് ആയിരം രൂപയെങ്കിലും വരുമാനമുണ്ടാക്കിയ ഒരു ഓട്ടോറിക്ഷ ഡ്രൈവർക്ക് ഇന്ന് 10 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ തൊഴിലെടുത്താലും ലഭിക്കുന്നത് 600–800 രൂപ മാത്രം.

അതുമാത്രമല്ല, ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇഎസ്ഐയും ഇപിഎഫും പോലെ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളൊന്നും തന്നെയില്ല. പെൻഷൻ പോലുള്ള വാർധക്യകാല ആനുകൂല്യങ്ങളുമില്ല. ഓട്ടോറിക്ഷ ഡ്രൈവർമാർക്കും റിക്ഷ വലിക്കുന്നവർക്കും മറ്റും ഇഎസ്ഐ ആനുകൂല്യങ്ങൾ നടപ്പക്കാണമെന്ന് 2015ൽ നടന്ന 46ാം ഇന്ത്യൻ ലേബർ കോൺഫ്രൻസ് ശുപാർശചെയ്തിരുന്നു. ട്രാൻസ്പോർട് മേഖലയിലെ ഏക തൊഴിലാളി പ്രവർത്തിക്കുന്ന ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കേണ്ടതുണ്ടെന്ന് സ്വയംഭരണ സ്ഥാപനമായ വി വി ഗിരി ലേബർ ഇൻസ്റ്റിറ്റ്യൂട്ട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരുകളോ മോഡി നയിക്കുന്ന ബിജെപി സർക്കാരോ ഈ ശുപാർശകൾ നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല.

പല നഗരങ്ങളിൽ വാഹനത്തിരക്ക് പല മടങ്ങ് വർധിച്ചു. രാജ്യത്തെ മിക്കവാറും നഗരങ്ങളിൽ ട്രാഫിക് ജാം പതിവു കാഴ്ചയായി. ട്രാഫിക് സിഗ്നലുകൾ സമയം കൊല്ലുന്നു. ഡ്രൈവിങ് എന്നത് മാനസികവും ശാരീരികവുമായ ഏറ്റവും ആയാസകരമായ തൊഴിലായി മാറുന്നു. അപകടരകമായ ഡ്രൈവിങ് മൂലമുണ്ടാകുന്ന അക്രമസംഭവങ്ങൾ പല നഗരങ്ങളിലും റിപ്പോർട്ട്ചെയ്യുന്നു. മീറ്റർ നിരക്ക് നിർണയിക്കുമ്പോഴും അത് പുതുക്കുമ്പോഴും ഈ ഘടകങ്ങളൊന്നും ഡീസൽ വിലവർധനയും ബന്ധപ്പെടുത്തി കാണാൻ സർക്കാരിനാകുന്നില്ല. നിരന്തരമായ സമരങ്ങൾക്കുശേഷം മാത്രമാണ് നിരക്ക് പുതുക്കാൻ തയ്യാറാകുന്നത്. ഇത് പലപ്പോഴും ഓട്ടോറിക്ഷ ഡ്രൈവർമാർമാരും പൊതുജനങ്ങളും തമ്മിലുള്ള ശത്രുതക്ക് കാരണമാകുന്നു.

വിലക്കയറ്റം, വരുമാനക്കുറവ്, തൊഴിലില്ലായ്മയും സാമൂഹിക സുരക്ഷയുടെ അഭാവവും മൂലം വർധിക്കുന്ന മത്സരങ്ങൾ എന്നി രൂക്ഷമാകുന്ന സാഹചര്യത്തിൽ ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് എന്തെങ്കിലും ആശ്വാസമേകാൻ സർക്കാർ ഇടപെടുമെന്നാണ് ഓരോരുത്തരും പ്രതീക്ഷിക്കുന്നത്. അതിനു പകരം അപകടങ്ങൾ കുറയ്ക്കാനെന്ന പേരിൽ മോട്ടോർ വാഹന (ഭേദഗതി) ബിൽ കൊണ്ടുവരുകയാണ് ബിജെപി സർക്കാർചെയ്തത്. റോഡ് ട്രാൻസ്പോർട് തൊഴിലാളികളുടെ വിവിധ സംഘടനകളുടെയും സിപിഐ എം അടക്കമുള്ള രാഷ്ട്രീയ പാർടികളുടെയും എതിർപ്പ് വകവയ്ക്കാതെയാണ് സർക്കാർ ഈ ബിൽ ലോക്സഭയിൽ ബിജെപിക്കുള്ള ഭൂരിപക്ഷത്തിന്റെ ബലത്തിൽ സർക്കാർ പാസാക്കിയത്. എന്നാൽ ബിജെപിക്ക് ഭൂരിപക്ഷമില്ലാത്ത രാജ്യസഭയിൽ ബിൽ പാസാക്കുന്നത് തടയാൻ ഇടതുപക്ഷ പാർടികൾക്കും മറ്റു പാർടികൾക്കും സാധിച്ചു.

മോട്ടോർ വാഹന(ഭേദഗതി) ബിൽ പാർലമെന്റ് പാസാക്കുകയും അത് നിയമമാകുകയും ചെയ്താൽ ഉണ്ടാകുന്ന ആഘാതമെന്താണ്?

ഈ ഭേദഗതിയിലൂടെ ഒറ്റ വാഹനങ്ങളുടെ ഉടമകളെ ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മൊത്തം ബിസിനും യുബെർ, ഓല പോലുള്ള കോർപറേറ്റു കമ്പനികൾക്ക് കൈമാറണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. പല സംസ്ഥാനങ്ങളും ഇത്തരം അഗ്രഗേറ്റർ കമ്പനികൾ ടാക്സി മാത്രമല്ല, ഓട്ടോ റിക്ഷയും ഓടിക്കുന്നു. ഒറ്റയ്ക്ക് ഓടിക്കൊണ്ടിരുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരും ടാക്സി ഡ്രൈവർമാരും ഇതു മൂലം ആപത്കരമായ സ്ഥിതിയിലാണ്. കോർപറേറ്റ് അഗ്രഗേറ്റ് കമ്പനികൾ ഒരു വണ്ടിയുമായി ജീവിക്കുന്ന ഡ്രൈവർമാരുടെ ഉപജീവനമാണ് തകർക്കുന്നത്. ഈ ബിൽ നിയമമാകുന്നതോടെ ഒറ്റവണ്ടിക്കാർ കോർപറേറ്റുകൾക്കു മുന്നിൽ തങ്ങളുടെ ജീവിതം അടിയറ വച്ച് വേറെ തൊഴിൽ അന്വേഷിക്കേണ്ടിവരും.

ടാക്സി സർവീസിന്റെ കാര്യമെടുത്താൽ ഓലയുമായും യൂബറുമായും കണ്ണിചേർക്കപ്പെട്ട ഡ്രൈവർമാർക്ക് തങ്ങളുടെ ബാങ്ക് വായ്പ പോലും തിരിച്ചടയ്ക്കാൻ കഴിയാതെ വരികയാണ്. ചില ഡ്രൈവർമാർക്ക് ഈയിടെ ആത്മഹത്യ ചെയ്യേണ്ടിവന്നു. മോട്ടോർ വാഹന ഭേദഗതി വഴി ഓട്ടോറിക്ഷാ സേവനത്തിലും വൻകിട കോർപറേറ്റു കമ്പനികൾ വരുന്നതോടെ ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് അത് കനത്ത തിരിച്ചടിയാകും.

ഇന്ന് മിക്കവാറും ഓട്ടോറിക്ഷകൾ കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഷെയറിങ് / സർവീസ് ഓട്ടോകളായാണ് സേവനം നടത്തുന്നത്. നിർദിഷ്ട നിയമഭേദഗതിയിൽ ഇത് 5000 രൂപ വരെ പിഴയടക്കേണ്ട കുറ്റമാണ്. അതുകൂടാതെ ഓവർലോഡിന്റെ പേരിൽ ഒരു യാത്രികന് 200 രൂപ പിഴയും അടയ്ക്കേണ്ടിയും യാത്രികരെ വഴിയിൽ ഇറക്കിവിടേണ്ടിയും വരും. നഗരങ്ങളിലെ ഓട്ടോറിക്ഷ ഡ്രൈവർമാർക്കുപോലും ഈ സാഹചര്യത്തെ മറികടക്കാനാവില്ല.

ഇതു കൂടാതെ ഭാവിയിൽ എല്ലാ റിപ്പയറിങ്ങും സർവീസിങ്ങും അംഗീകൃത സർവീസ് സ്റ്റേഷനുകളിൽ മാത്രമേ ചെയ്യാൻ സാധിക്കൂ. സ്പെയർപാർട്ടുകൾ ബ്രാൻഡഡ് കമ്പനികളുടേത് മാത്രമേ ഉപയോഗിക്കാൻ സാധിക്കൂ. അംഗീകാരമുള്ള സ്വകാര്യ ഏജൻസിയിൽനിന്ന് കനത്ത ഫീസ് അടച്ചശേഷമാണ് ഫിറ്റ്നസ് സർടിഫിക്കറ്റ് കൈപ്പറ്റേണ്ടത്. പണച്ചെലവുള്ള ഇത്തരം കാര്യങ്ങൾ ബഹുഭൂരിപക്ഷം ഓട്ടോറിക്ഷ ഡ്രൈവർമാർക്കും അപ്രാപ്യമാകും.

അപകടം കുറയ്ക്കുന്നതിന്റെ പേരിൽ ഡ്രൈവർമാർക്കെതിരെയുള്ള പിഴയും ശിക്ഷയും വൻതോതിൽ വർധിച്ചിരിക്കുന്നു. അത് പണം അടയ്ക്കാനുള്ള അവരുടെ ശേഷിയിലും എത്രയോ മേലെയാണ്. അപകടങ്ങൾ വർധിക്കുന്നതിനുള്ള മുഖ്യ കാരണം രാജ്യത്തെ റോഡുകളുടെ ദയനീയാവസ്ഥയാണ്. പല സ്ഥലങ്ങളും ഒരു മഴയ്ക്കു തന്നെ റോഡുകൾ തകരും. പല ഏജൻസികൾ പൈപ്പും കേബിളും ഇടുന്നതിനായി റോഡ് കുഴിച്ചിട്ട് പൂർവസ്ഥിതിയിലാക്കാതെ സ്ഥലം വിടും. റോഡിന്റെ അവസ്ഥയടക്കമുള്ള ഇത്തരം കാര്യങ്ങളിൽ സർക്കാർ ഒരു ശ്രദ്ധയും പുലർത്തുന്നില്ല.

മോട്ടോർ വാഹന (ഭേദഗതി) ബിൽ ഒറ്റ വാഹനമുള്ളവരെയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും ടാക്സി ഡ്രൈവർമാരെയും വാഹന സേവന രംഗത്തു നിന്ന് ആട്ടിപ്പായിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. അതുവഴി യൂബെർ, ഓല പോലുള്ള കമ്പനികൾക്കും സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്കും വൻ ലാഭം ഉണ്ടാക്കിക്കൊടുക്കയും സർക്കാരിന്റെ ലക്ഷ്യമാണ്. ഇത് നവലിബറൽ നയങ്ങളുടെ ഭാഗമാണ്. ലാഭത്തിനായി അത്യാർത്തി കാട്ടുന്ന കോർപറേറ്റുകൾക്ക് തൊഴിലാളികളുടെ ചെലവിൽ സഹായം നൽകുകയാണ് കേന്ദ്രസർക്കാർ.

നവലിബറൽ നയങ്ങൾക്കെതിരെയാണ് 2018 സപ്തംബർ അഞ്ചിന്റെ മസ്ദൂർ കിസാൻ സംഘർഷ് റാലി. തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ മോട്ടോർ വാഹന(ഭേദഗതി) നിയമത്തിനെതിരെ കൂടിയാണ് ഈ സമരം. നവനലിബറൽ നയങ്ങളോട് പ്രതിബദ്ധതകാട്ടുന്ന സർക്കാരിന് തൊഴിലാളികളും കർഷകതൊഴിലാളികളും കർഷകരും നൽകുന്ന മുന്നറിയിപ്പാകുമിത്. തങ്ങളുടെ ഉപജീവനമാർഗം തകർക്കുന്ന നയങ്ങളെ ഇനിയും രാജ്യത്തെ അധ്വാനിക്കുന്ന മനുഷ്യർ വച്ചുപൊറുപ്പിക്കില്ലെന്ന് തെളിയിക്കാനാണ് ഈ സമരം.

## Talking Point- 21

### കർഷകർക്കുള്ള മിനിമം താങ്ങുവിലയിൽ വർധന? ചതിയും വഞ്ചനയും വീണ്ടും

2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർഥി നരേന്ദ്ര മോഡി പ്രധാനപ്പെട്ട ഒരു വാഗ്ദാനം നൽകി. മിനിമം താങ്ങുവില സംബന്ധിച്ച സ്വാമിനാഥൻ കമീഷൻ ശുപാർശ നടപ്പാക്കാൻ ശ്രമിക്കുമെന്ന വാഗ്ദാനം. എന്നാൽ മറ്റു പല വാഗ്ദാനവും പോലും ഇതും ഒരു തട്ടിപ്പായി മാറി.

സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരമുള്ള മിനിമം താങ്ങുവില കർഷകർക്ക് ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് 2018ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച് ധനമന്ത്രി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. എന്നാൽ താങ്ങുവില സംബന്ധിച്ച് ബിജെപി സർക്കാർ മറ്റൊരു വഞ്ചന കൂടി കാണിച്ചു. 2018 ജൂലായ് നാല് 2018-2019 വർഷത്തെ ഖാരിഫ് വിളകൾക്കുള്ള താങ്ങുവില കാർഷിക ചെലവിന്റെ അമ്പതു ശതമാനവും ചേർത്ത് നൽകിയതായി മന്ത്രി പ്രഖ്യാപിച്ചു. ഇത് ചരിത്രപരമാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഈ ദിവസം കർഷകരോടുള്ള ചരിത്രപരമായ വഞ്ചനയാ

ണെന്ന് ചൂണ്ടിക്കാട്ടി അഖിലേന്ത്യ കിസാൻ സഭ ഈ പ്രഖ്യാപനത്തെ അപലപിച്ചു. വിത്ത്, വളം, കീടനാശിനി, ജലസേചനം, തൊഴിലാളികളുടെ കൂലി, വാടകയ്ക്കെടുത്ത ഉപകരണങ്ങൾ എന്നിവയുടെയും കുടുംബത്തിലെ തൊഴിലിന്റെ ചെലവും ചേർക്കാതെയാണ് സർക്കാർ കാർഷിക ചെലവ് കണക്കാക്കിയത്. എന്നാൽ സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ചെയ്തത് മേൽപ്പറഞ്ഞ കാര്യങ്ങളുടെ സമഗ്രമായ ചെലവു കൂടി കണക്കാക്കി താങ്ങുവില നൽകണമെന്നാണ്. ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസായ ഉൽപ്പാദനത്തിന്റെ ചെലവിൽ ഭൂമിയും തൊഴിലും മൂലധനവും സംരംഭവുമെല്ലാം ഉൾപ്പെടുമെന്നതാണ് രസകരം. സർക്കാർ പ്രഖ്യാപിച്ച കുറഞ്ഞ താങ്ങുവിലയും യഥാർഥ മിനിമം താങ്ങുവിലയും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നാണ് കമീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ്(സിഎസിപി) പറയുന്നത്. സ്വാമിനാഥൻ കമ്മിറ്റി നിർദേശിച്ച താഴെ പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് സിഎസിപി ഇങ്ങനെ അഭിപ്രായപ്പെട്ടത്.

| വിള | A2+FL/ ക്വിന്റൽ | C2/ ക്വിന്റൽ | MSP Quintal 2018-19 | C2+50% | C2+50 & MSP/ Quintal CACP Costs തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|---|
| | കുറഞ്ഞ താങ്ങുവില (2018-19) | | | | |
| നെല്ല് | 1166 | 1560 | 1750 | 2340 | -590.0 |
| ജോവർ | 1619 | 2183 | 2430 | 3274.5 | -844.5 |
| ബജ്റ | 990 | 1324 | 1950 | 1986 | -33.0 |
| റാഗി | 1931 | 2370 | 2897 | 3555 | -658.0 |
| ചോളം | 1131 | 1480 | 1700 | 2220 | -520.0 |
| പരിപ്പ് | 3432 | 4981 | 5675 | 7471.5 | -1796.5 |
| ചെറുപയർ | 4650 | 6161 | 6975 | 9241.5 | -2266.5 |
| ഉഴുന്നു | 3438 | 4989 | 5600 | 7483.5 | -1883.5 |
| കടല | 3260 | 4186 | 4890 | 6279 | -1389 |
| സൂര്യകാന്തി | 3592 | 4501 | 5388 | 6751.5 | -1363.5 |
| സോയബീൻ | 2266 | 2972 | 3399 | 4458 | -1059.0 |
| എള്ള് | 4166 | 6053 | 6249 | 9079.5 | -2830.5 |
| കരിഞ്ചീരകം | 3918 | 5135 | 5877 | 7702.5 | -1825.5 |
| പരുത്തി (Med. Staple) | 3433 | 4514 | 5150 | 6771 | -1621.0 |

*(അവലംബം: അഖിലേന്ത്യ കിസാൻസഭ പ്രസ്താവന)*

സർക്കാർ പ്രഖ്യാപിച്ച പ്രകാരം കൂടിയ നിരക്കിൽ മിനിമം താങ്ങുവില നിൽക്കുണ്ടെങ്കിൽപോലും ഖരിഫ് വിളവെടുത്ത കർഷകർക്ക് ക്വിന്റലിന് ശരാശരി 590 രൂപ മുതൽ 1825.5 രൂപവരെ നഷ്ടമാണ്. അതിനർഥം കർഷകർക്ക് വലിയ ആനുകൂല്യങ്ങൾ നൽകിയെന്ന ബിജെപി സർക്കാരിന്റെ പ്രഖ്യാപനം വൻ വഞ്ചനയും തട്ടിപ്പാണെന്നുമാണ്.

കേന്ദ്ര ഏജൻസികളുടെയും സംസ്ഥാനസർക്കാരുകൾക്കു കീഴിലെ കാർഷിക വകുപ്പുകളിലെ കണക്കുകൂട്ടലിലും കാര്യമായ പിശകുണ്ട്. കേന്ദ്രം തയ്യാറാക്കിയ കണക്ക് തുലോംകുറവാണ്. ഇതിലും എത്രയോ മുകളിലാണ് ചെലവുകണക്കുകളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾ ശുപാർശ ചെയ്യുന്ന കുറഞ്ഞ താങ്ങുവില.

വാഗ്ദാനം ചെയ്തിട്ടും സംഭരണം ഉറപ്പാക്കാൻ സർക്കാർ ഒരു നടപടിയും കൈക്കൊള്ളാത്തത് ദുരിതം വർധിപ്പിക്കുന്നു. സംഭരണം ഉറപ്പാക്കാതെയുള്ള ഏതു താങ്ങുവില പ്രഖ്യാപനവും വാചകമടി മാത്രമാണ്. പൊതുസംഭരണം അരി, ഗോതമ്പ് എന്നിങ്ങനെ ചില വിളകൾക്ക് മാത്രമേ ഉള്ളൂ. അതു തന്നെ മൊത്തം ഉൽപ്പാദനത്തിന്റെ 20 ശതമാനം മാത്രവും. ഭൂരിഭാഗം മറ്റ് വിളകൾക്കൊന്നും മിക്കവാറും സംസ്ഥാനങ്ങളിൽ സംഭരണ സൗകര്യമില്ല.

നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ഖാരിഫ് വിളകളുടെ മിനിമം താങ്ങുവില വർധിപ്പിച്ച് കർഷകർക്ക് ആനുകൂല്യം നൽകിയെന്ന അവകാശവാദം ജനങ്ങളോടുള്ള വഞ്ചനയല്ലാതെ മറ്റൊന്നുമല്ല. ഈ തട്ടിപ്പ് വെളിച്ചത്തുകൊണ്ടുവരണം. സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ഫലപ്രദമായി നടപ്പാക്കണമെന്നാവശ്യപ്പെട്ടാണ് രാജ്യമെമ്പാടുമുള്ള കർഷകർ പൊരുതുന്നത്.

തൊഴിലാളികളെപ്പോലെ തന്നെ കർഷകരുടെയും, പ്രത്യേകിച്ച് ദരിദ്ര- ഇടത്തരം കർഷകരുടെ ജീവിത സാഹചര്യങ്ങൾ നവലിബറൽ സംവിധാനത്തിൽ അവരുടെ ദുരിതപൂർണമാകുകയാണ്. കോൺഗ്രസ് സർക്കാർ നവലിബറൽ സാമ്പത്തിക നയങ്ങൾ നടപ്പാക്കിയശേഷം രണ്ടു ദശകങ്ങൾക്കുള്ളിൽ മൂന്നു ലക്ഷം കർഷകരാണ് ജീവനൊടുക്കിയത്. അധ്വാനിക്കുന്ന ജനങ്ങൾക്കു മേൽ ലാഭക്കൊതിയന്മാരായ ആഭ്യന്തര- വിദേശ കോർപറേറ്റുകൾ അമിത ഭാരം അടിച്ചേൽപ്പിക്കുമ്പോൾ ഈ നയങ്ങൾക്കെതിരെ തൊഴിലാളികളും കർഷകരും ഒരുമിച്ച് പോരാടാനുള്ള സമയം വന്നെത്തിയിരിക്കുന്നു.

ഈ നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ടാണ് 2018 സപ്തംബർ അഞ്ചിന് നടത്തുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലി. അധ്വാനിക്കുന്ന ജനങ്ങൾ ചതിയുംവഞ്ചനയും ഇനിയും സഹിക്കില്ലെന്ന് സർക്കാരിന് താക്കീത് നൽകാനാണ് ഈ മാർച്ച്.

## Talking Point- 22

### ഐസിഡിഎസിനെ സംരക്ഷിക്കുക, ഐസിഡിഎസിനെ ശക്തിപ്പെടുത്തുക. അംഗനവാടികളിലെ പ്രത്യക്ഷ ധനവിനിമയത്തെ എതിർക്കുക.

അംഗനവാടികളിലെ ഉച്ചഭക്ഷണ വിതരണം നിർത്തലാക്കാനുള്ള നീക്കം ചെറുക്കുക

അംഗനവാടികൾക്കു പകരം നഴ്സറികൾ തുടങ്ങുന്ന നീക്കം ചെറുക്കുക

ഐസിഡിഎസ് ബജറ്റിലെ കേന്ദ്രവിഹിതം 60 ശതമാനത്തിൽനിന്ന് 25 ശതമാനമാക്കി വെട്ടിക്കുറയ്ക്കാനുള്ള നീക്കം തടയുക

രാജ്യത്തുടനീളുമുള്ള ലക്ഷക്കണക്കിന് അംഗൻവാടി പ്രവർത്തകരുടെയും പാചക തൊഴിലാളികളുടെയും ആവശ്യങ്ങളാണ് മേൽപ്പറഞ്ഞത്. ഐസിഡിഎസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ദുർബലപ്പെടുത്താനും അട്ടിമറിക്കാനും നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ശ്രമിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അവ സംരക്ഷിക്കേണ്ടതിന്റെയും ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യത ഇന്ന് സംജാതമായിരിക്കയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ അനുവദിച്ചു കൊടുത്താൽ വൻ ദുരന്തമായിരിക്കും സംഭവിക്കാൻ പോകുന്നത്. ആറു വയസ്സിന് താഴെയുള്ള ഏകദേശം എട്ടു കോടി കുട്ടികൾക്കും രണ്ടു കോടി സ്ത്രീകൾക്കും ഐസിഡിഎസ് വിഭാ

വനം ചെയ്യുന്ന അടിസ്ഥാന പ്രവർത്തനങ്ങളായ സമാന്തര പോഷകാഹാരം, ആരോഗ്യ പ്രവർത്തനങ്ങൾ, അംഗൻവാടി വിദ്യാഭ്യാസം എന്നിവ നഷ്ടപ്പെടും. മാത്രമല്ല; ഏകദേശം 27 ലക്ഷത്തോളം അംഗൻവാടി പ്രവർത്തകരുടെയും ആയമാരുടെയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും.

സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ രൂക്ഷമാകുന്ന പോഷകാഹാരക്കുറവ്, വിളർച്ച, നിരക്ഷരത, വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് എന്നിവ ശിശുമരണ നിരക്ക്, ഗർഭസ്ഥ ശിശുമരണ നിരക്കും കുത്തനെ ഉയർത്താൻ കാരണമായി. ഈ വെല്ലുവിളികളെ നേരിടുന്നതിനാണ് ഐസിഡിഎസ് എന്ന സമഗ്രപദ്ധതി ആവിഷ്കരിക്കുന്നത്.

രാജ്യത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ പോഷകാഹാരക്കുറവും വിളർച്ചയും കണ്ടെത്തിയിരിക്കുന്നു. അതിന്റെ ഭാഗമായി ഉയർന്ന ശിശുമരണ നിരക്ക്, നിരക്ഷരത, സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവ രാജ്യത്ത് വ്യാപിച്ചിരിക്കുന്നു. ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന് ഒരു സമഗ്രപദ്ധതി എന്ന നിലയിലാണ് ഐസിഡിഎസ് നിലവിൽവന്നത്. തദ്ഫലമായി ശിശുമരണ നിരക്ക് കുറയ്ക്കുവാനും വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുവാനും സാധിച്ചു. അന്തർദേശീയ സ്ഥാപനങ്ങളിൽനിന്നുപോലും ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയുംചെയ്തു. ഭൂരിഭാഗം അംഗൻവാടി അധ്യാപകരും ആയമാരും സമൂഹത്തിന്റെ താഴെ തട്ടിൽനിന്നുള്ളവരായതുകൊണ്ട് ഈ പദ്ധതി പെട്ടെന്ന് ലക്ഷ്യം കണ്ടു. പദ്ധതിയുടെ ഈ സംഭാവനയുടെ മികവുകൊണ്ട് ഇത് രാജ്യത്താകമാനം വ്യാപിപ്പിക്കാൻ സുപ്രിംകോടതി പോലും അന്നത്തെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

എങ്കിലും ഐസിഡിഎസ് പദ്ധതി ആവിഷ്കരിക്കുന്നതിലെ വൈമനസ്യവും പ്രവർത്തന ഫണ്ട് അനുവദിക്കുന്നതിലെ അപര്യാപ്തതയും കാരണം രാജ്യത്തെ പകുതിയോളം കുട്ടികളും പോഷകാഹാരകുറവു മൂലം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ 79 ശതമാനം സ്ത്രീകളും കുട്ടികളും ഇക്കാരണത്താൽ വിളർച്ച നേരിടുന്നുണ്ട്. വനിത ശിശു ക്ഷേമമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് പ്രതിവർഷം ജനിക്കുന്ന 1.75 കോടി കുട്ടികളിൽ 75 ലക്ഷം കുട്ടികളും ഒരു വയസ്സിനു മുമ്പേ മരണപ്പെടുന്നു. ലോകത്തിനു മുന്നിൽ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന രാജ്യമായി വീമ്പടിക്കുന്ന ഇന്ത്യയിൽ ഈ കണക്കുകൾ ഒരു വിരോധാഭാസം തന്നെയാണ്.

പൗരന്മാരുടെ ക്ഷേമത്തിൽ പ്രതിബദ്ധതയുള്ള ഏതു സർക്കാരും രാജ്യത്തിന്റെ ഭാവി വാഗ്ദാനമായ കുട്ടികളുടെയും അവരുടെ അമ്മമാരുടെയും കാര്യത്തിൽ ഏറെ ശ്രദ്ധ ചെലുത്താറുണ്ട്. എന്നാൽ 1991ൽ രാജ്യത്ത് നടപ്പായ നവലിബറൽ നയങ്ങളുടെ സമ്മർദ്ദത്താൽ ഇത്തരം നടപടികൾ പിന്തള്ളപ്പെട്ടു. മാറിമാറി അധികാരത്തിലേറുന്ന കേന്ദ്രസർക്കാരുകൾ എല്ലാം തന്നെ ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുള്ള ധനവിഹിതം വെട്ടിക്കുറയ്ക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സാമൂഹിക പങ്കാളിത്തത്തിന്റെ മറപിടിച്ചു കൊണ്ട് ഐസിഡിഎസ് പോലെയുള്ള പദ്ധതികളുടെ ഉത്തരവാദിത്തം സാമൂഹിക പങ്കാളിത്തത്തിന്റെ മറപിടിച്ച് സർക്കാരിതരസംഘടനകൾക്കും മാതൃസംഘങ്ങൾക്കും പഞ്ചായത്തുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും നൽകി പിന്മാറാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്.

അംഗൻവാടി വർക്കാർമാരും ഹെൽപ്പർമാരും അവരുടെ സംഘടനകളുടെ നേതൃത്വത്തിൽ ശക്തമായ ചെറുത്തുനിൽപ്പാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല; ഐസിഡിഎസ് പദ്ധതികളുടെ ഗുണഭോക്താക്കളും സാധാരണക്കാരും മറ്റു സംഘടനകളും ഈ പ്രതിഷേധങ്ങൾ ഐക്യദാർഢ്യമേകുന്നുണ്ട്. പ്രതിഷേധം കണക്കിലെടുത്ത് ദേശീയ - സംസ്ഥാന തലങ്ങളിൽ ഇത്തരം നീക്കത്തിൽനിന്ന് പിന്മാറാൻ സർക്കാർ നിർബന്ധിതമായിരിക്കയാണ്. എങ്കിലും മറ്റു മാർഗങ്ങളിലൂടെ സർക്കാർ ഈ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. നവലിബറൽ നയങ്ങൾ പിൻവലിക്കാതെ ഐസിഡിഎസ് പദ്ധതിയുടെ അട്ടിമറിക്കുന്നതും പാവപ്പെട്ട സ്ത്രീകൾക്കും കു

ട്ടികൾക്കുമുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കാനുള്ളം നീക്കം തടയലും അസാധ്യമായിരിക്കുന്നു.

ലോകബാങ്കിന്റെ നിർദേശ പ്രകാരം രണ്ടാം യുപിഎ സർക്കാരാണ് ഐസിഡിഎസ് പദ്ധതി അട്ടിമറിക്കാനുള്ള പദ്ധതി ആദ്യമായി തുടങ്ങുന്നത്. ഇന്നിപ്പോൾ നവലിബറൽ നയങ്ങൾ മുറുകെ പിടിക്കുന്ന ബിജെപി സർക്കാരാകട്ടെ ആ മാർഗത്തിൽ ബഹുദൂരം സഞ്ചരിക്കുകയും ചെയ്തിരിക്കുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള വൻകിട കോർപറേറ്റ് സ്ഥാപനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള നയങ്ങൾ മാത്രം രൂപീകരിക്കുന്ന ബിജെപി സർക്കാർ മാനവവികസന സൂചികകളെ തെല്ലും പരിഗണിക്കുന്നില്ല എന്ന വ്യക്തവും സ്പഷ്ടവുമാണ്.

**പദ്ധതികൾ അട്ടിമറിക്കാനുള്ള നീക്കങ്ങൾ**

ഐസിഡിഎസിനെ പ്രവർത്തന സജ്ജമാക്കുകയും ഫണ്ട് നീക്കിവയ്ക്കുകയുംചെയ്യുന്ന ആസൂത്രണകമീഷൻ പിരിച്ചുവിടുകയാണ് അധികാരത്തിലേറിയ ഉടൻ തന്നെ ബിജെപി സർക്കാർ ചെയ്തത്. അതിനു പകരമായി സ്ഥാപിക്കപ്പെട്ട നിതി ആയോഗ് ആകട്ടെ, നവലിബറൽ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന കേന്ദ്രസർക്കാർ നടപടികൾ മാത്രം നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. കേന്ദ്രാവിഷ്കൃതപദ്ധതികൾ അവസാനിപ്പിക്കാൻ നിതി ആയോഗ് ശുപാർശ ചെയ്തു. കോർ പദ്ധതികളുടെ കൂട്ടത്തിലാണ് ഐസിഡിഎസിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് പ്രാവർത്തികമാക്കാനുള്ളതല്ല എന്നർഥം. പകരം നിർബന്ധമായും നടപ്പാക്കേണ്ട കോർ ഓഫ് കോർ പദ്ധതികൾ മാത്രമാണ് പ്രാവർത്തികമാക്കുക. തുടക്കത്തിൽ പൂർണമായും കേന്ദ്രസർക്കാർ സഹായത്തിൽ മാത്രം പ്രവർത്തിച്ചവയാണ് ഐസിഡിഎസ് പദ്ധതികൾ. എന്നാൽ യുപിഎ സർക്കാരിന്റെ വരവോടെ ഐസിഡിഎസ് പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം പടിപടിയായി വെട്ടിക്കുറയ്ക്കാനാരംഭിച്ചു. നിലവിലെ ബിജെപി സർക്കാർ ആകട്ടെ വടക്കുകഴിക്കൻ സംസ്ഥാനങ്ങളും മൂന്നു ഹിമാലയൻ സംസ്ഥാനങ്ങളും ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ഐസിഡിഎസ് ഉൾപ്പെടുന്ന കോർ പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിൽ ആക്കുകയുംചെയ്തു. ഇന്നിപ്പോൾ ഐസിഡിഎസ് സ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടങ്ങൾ പണിയാനും വാഹനങ്ങൾ വാങ്ങാനും മാത്രമാണ് കേന്ദ്രത്തിൽനിന്ന് ഫണ്ട് അനുവദിക്കുന്നത്. ദൈനംദനപ്രവർത്തനങ്ങളായ പോഷകാഹാര വിതരണത്തിനും അംഗൻവാടി പ്രവർത്തകർക്കുള്ള വേതനത്തിനുള്ള പണം സംസ്ഥാന സർക്കാർ കണ്ടെത്തേണ്ട സ്ഥിതിയാണ് സംജാതമായിരിക്കുന്നത്.

ഐസിഡിഎസ് പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം 60 ശതമാനത്തിൽനിന്ന് 25 ശതമാനമായി ഈ വർഷം വെട്ടിക്കുറച്ചിരിക്കയാണ്. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങൾക്കുമേൽ ഇതൊരു വലിയ ബാധ്യതയാണ് വരുത്തിവച്ചിരിക്കുന്നത്. അംഗൻവാടി അധ്യാപകർക്ക് കേന്ദ്രം അനുവദിക്കുന്ന വേതനം പ്രതിമാസം 750 രൂപയാണ്. ആയമാർക്ക് 375 രൂപയും. പതിനഞ്ചു വർഷം മുമ്പ് ഇവർ പ്രതിമാസം വാങ്ങിയതിലും കുറഞ്ഞ വേതനമാണ് ഇവർക്ക് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രസർകാകർ നൽകുന്നത്. തെരഞ്ഞെടുപ്പിന് മുന്നോടിയായി ബിജെപി മുന്നോട്ടുവച്ച പ്രധാന വാഗ്ദാനമായിരുന്നു, അംഗൻവാടി അധ്യാപകരുടെയും ആയമാരുടെയും നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുമെന്ന്. എന്നാൽ ബിജെപി അധ്യക്ഷൻ തുറന്നു പറഞ്ഞതുപോലെ ഇതും ഒരു തട്ടിപ്പു വാഗ്ദാനമായി അവശേഷിക്കുകയാണ്. സംസ്ഥാന സർക്കാരുകൾക്കുമേൽ അധികഭാരം ചുമത്തുക വഴി ഐസിഡിഎസ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ സംസ്ഥാനങ്ങൾക്ക് താൽപര്യക്കുറവുണ്ടാകുകയും അതുവഴി ഐസിഡിഎസ് പദ്ധതി അട്ടിമറിക്കാനുമാണ് ബിജെപി സർക്കാർ ശ്രമിക്കുന്നത്.

**കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കൽ ആത്മഹത്യാപരം**

കേന്ദ്രത്തിന്റെ ആദ്യ ബജറ്റിൽ തന്നെ ഐസിഡിഎസിനുള്ള നീക്കിയിരിപ്പ് 18,108 കോടിയിൽ 8425 കോടിയിലേക്ക് വെട്ടിക്കുറച്ചിരുക്കുന്നു. മറ്റു പല ക്ഷേമപദ്ധതികൾക്കും ഇതേദുർവിധിയുണ്ടായി. അംഗൻവാടി പ്രവർത്തകരുടെ ശക്തമായ പ്രതിഷേധംകൊണ്ടു മാത്രമാണ് അടുത്ത ബജറ്റിൽ

കേന്ദ്ര ബജറ്റിൽ 15000 കോടി രൂപയാക്കാൻ സർക്കാർ നിർബന്ധിതമായത്. എന്നാൽ മറ്റു പല പദ്ധതികളുടെയും കാര്യത്തിൽ പഴയ സ്ഥിതി തുടരുകയായിരുന്നു എന്ന് പിന്നീട് അവതരിപ്പിച്ച ബജറ്റുകൾ സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്ര നീക്കിയിരിപ്പ് വെട്ടിക്കുറച്ചതു വഴി അടിസ്ഥാന സൗകര്യങ്ങളിലും പോഷകാഹാര വിതരണത്തിലും നിലവാരത്തകർച്ച രൂക്ഷമായി. മിക്ക സംസ്ഥാനങ്ങളിലും അംഗൻവാടികൾ വഴി നൽകിയിരുന്ന സമാന്തര പോഷകാഹാര വിതരണം നാലു മുതൽ ആറു മാസം വരെ നിശ്ചലമായി. ഭൂരിഭാഗം സംസ്ഥാനങ്ങളിലും അംഗൻവാടി പ്രവർത്തകരുടെ വേതനം മാസങ്ങളോളം കുടിശ്ശികയായി കിടന്നു.

സ്ത്രീശാക്തീകരണത്തിനുവേണ്ടിയും പോഷകാഹാരക്കുറവിനെതിരെയുമുള്ളമുള്ള ബിജെപിയുടെ പോരാട്ടം ഈവിധമാണോ?

**പ്രത്യക്ഷ ഗുണഭോക്തൃവിനിമയം/ പൂരകപോഷണത്തിനുള്ള പ്രത്യക്ഷ ധനവിനിമയം**

കേന്ദ്രം വിഭാവനം ചെയ്യുന്ന പദ്ധതികൾക്കായുള്ള ധനം ഗുണഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കണമെന്ന് മുമ്പ് ലോകബാങ്കും നിലവിൽ നിതി ആയോഗും ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൈകളിലെത്താതെ ഇവ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ ബിഹാർ പോലുള്ള സംസ്ഥാനങ്ങളിൽ ഇവ പ്രാവർത്തികമാക്കിയിട്ടുണ്ട്. മറ്റു ചില സംസ്ഥാനങ്ങൾ കൂടി ഇതു കൊണ്ടുവരാനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ഈ ധനവിനിമയത്തിന്റെ പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. പ്രതിമാസം 180 രൂപ എല്ലാ ഗുണഭോക്താക്കളുടെയും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതുപയോഗിച്ച് പോഷകാഹാരങ്ങൾ വാങ്ങുവാനും സാധിക്കും. ഇതുമൂലം പോഷകാഹാരക്കുറവ് പരിഹരിക്കാമെന്നാണ് ഈ പദ്ധതിയുടെ വക്താക്കൾ പറയുന്നത്. എന്നാൽ ഇതൊരു ക്രൂരമായ തമാശയായി കാണാനേ തരമുള്ളൂ. ഭക്ഷണ സാധനങ്ങളുടെ വില അനുദിനം വർധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത് പട്ടിണി മരണത്തിലേക്കായിരിക്കും വഴി തുറക്കുക എന്ന് വ്യക്തമാണ്. ആദിവാസികളും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുമാണ് ഇതിന്റെ ദുരിതമനുഭവിക്കാൻ പോകുന്നത്. മാത്രമല്ല. ഇത്തരത്തിൽ ധനം നിക്ഷേപിക്കാനുള്ള അക്കൗണ്ടുകളാകട്ടെ, 'ജൻധൻ' അക്കൗണ്ടുമായി ബന്ധിപ്പിച്ചിരിക്കണം. ജൻധൻ അക്കൗണ്ടുകളിൽ മിനിമം അമ്പതിനായിരം രൂപയുണ്ടെങ്കിൽ മാത്രമേ അതിലേക്ക് ഒരു ചില്ലിക്കാശെങ്കിലും നിക്ഷേപിക്കാൻ സാധിക്കൂ. വരുമാനത്തിൽനിന്നും കുട്ടികളുടെ പഠനത്തിനും ചികിത്സാ ആവശ്യങ്ങൾക്കും എങ്ങനെയെങ്കിലും പണം കണ്ടെത്തി സൂക്ഷിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് ഒരു തരത്തിലുള്ള നടപടിയും സ്വീകരിക്കപ്പെടുന്നില്ല. അപ്പോഴാണ് 165 രൂപ എന്നു പറഞ്ഞ് കബളിപ്പിക്കുന്നത്.

**ചൂടുള്ള ഉച്ചഭക്ഷണത്തിനു പകരം പാക്കുചെയ്ത ഭക്ഷണം**

പ്രാദേശികമായി ലഭിക്കുന്ന ഭക്ഷണ സാധനങ്ങൾ വൃത്തിയോടെ പാകം ചെയ്ത് അംഗൻവാടികളിലൂടെ കുട്ടികൾക്ക് വിതരണം ചെയ്യണമെന്നാണ് ലോകാരോഗ്യ സംഘടനയും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ കമീഷനുകളും ശുപാർശചെയ്യുന്നത്. എന്നാൽ ഇതിനു പകരമായി പോഷകാഹാരങ്ങൾ പായ്ക്കുചെയ്ത് റേഷൻ അടിസ്ഥാനത്തിൽ വീടുകളിലേക്ക് കൊടുത്തു വിടുന്ന പരിപാടിയാണ് കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്നത്. ഇത് ഗുണഭോക്താക്കളായ ഗർഭിണികളിലേക്കോ പോഷകാഹാരക്കുറവ് നേരിടുന്ന അമ്മമാരിലേക്കോ കുട്ടികളിലേക്കോ എത്തുമെന്നതിന് യാതൊരു ഉറപ്പുമില്ല.

സമൂഹത്തിൽനിലനിൽക്കുന്ന ദാരിദ്ര്യം, അനാചാരങ്ങൾ, ലിംഗവിവേചനം എന്നിവ ഈ ഭക്ഷണ വിതരണ പ്രക്രിയയെ പ്രതികൂലമായി ബാധിക്കുകയും ഫലത്തിൽ ഐസിഡിഎസിന്റെ ലക്ഷ്യങ്ങളെ തകർക്കുകയും ചെയ്യും.

അംഗൻവാടികളിൽ വിതരണംചെയ്യുന്ന പാകംചെയ്ത ഭക്ഷണത്തിന് പകരം പായ്ക്ക് ചെയ്ത ഭക്ഷണ സാമഗ്രികൾ തപാൽ വഴി ഗുണഭോക്താക്കളിൽ എത്തിക്കാനുള്ള പദ്ധതികൾ വനിതാ ശിശുക്ഷേമമന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു കഴിഞ്ഞു! കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രി മേനകാ ഗാന്ധിയുടെ പ്രസ്താവന അനുസരിച്ച് ഇരുപത് വർഷം മുമ്പ് അംഗൻവാടികൾ സമൂഹത്തിൽ വഹിച്ചിരുന്ന പങ്ക് ഇന്നില്ല എന്നതിൽനിന്നും ഐസിഡിഎസ് പദ്ധതികൾ അട്ടിമറിക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാർ തുറന്നു കാട്ടപ്പെടുന്നത്.

എന്നാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡവലപ്മെന്റ്, സെന്റർ ഫോർ വിമൻ ഡവലപ്മെന്റ് സ്റ്റഡീസ് എന്നിവയുടെ റിപ്പോർട് പ്രകാരം കുട്ടികളുടെയും സ്ത്രീകളുടെയും പോഷകാഹാരക്കുറവിനെ ഉന്മൂലനംചെയ്യുന്നതിൽ ഐസിഡിഎസ് വഹിക്കുന്ന പങ്ക് വ്യക്തമായ പ്രതിപാദിക്കുന്നുണ്ട്. മാത്രമല്ല, ദേശീയ സാംപിൾ സർവെ ഓർഗനൈസേഷന്റെ ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കു പ്രകാരം കുട്ടികൾക്കിടയിലെ പോഷകനിലവാരം കൂടിയതായി കണ്ടെത്തിയിട്ടുണ്ട്. അതാവട്ടെ ഐസിഡിഎസ് നിലവിൽ വന്നതിനുശേഷമാണ് താനും.

സാധാരണക്കാരുശട ചെലവിൽ വൻകിട കുത്തകകൾക്ക് ലാഭം നേടിക്കൊടുക്കുന്നതിനു വേണ്ടിയാണ് പായ്ക്കറ്റ് ഭക്ഷണ വിതരണമെന്ന പദ്ധതിയുമായി കേന്ദ്രം രംഗത്തെത്തിയിരിക്കുന്നു. നവലിബറൽ നയങ്ങൾ പിന്തുടരുന്ന ഈ സർക്കാർ രാജ്യത്തിന്റെ സകല മേഖലകളിലേക്കും കോർപറേറ്റുകൾക്ക് കടന്നു കയറുന്നതിനുള്ള നീക്കമാണ് നടത്തുന്നത്. ഇത് അവയിലൊന്നു മാത്രം. കേന്ദ്ര വാണിജ്യമന്ത്രിയാകട്ടെ പായ്ക്ക് ചെയ്ത ഭക്ഷണ വിതരണത്തിനായി പെപ്സി കമ്പനിയെയും പോഷകാഹാരക്കുറവ് നിയന്ത്രിക്കാൻ ഹോർലിക്സിനെയും സമീപിച്ചിരിക്കയാണ്.

**പ്രീ സ്കൂൾ വിദ്യാഭ്യാസം**

ശിശുക്ഷേമത്തിനുള്ള സമഗ്ര സമീപനമെന്ന നിലയിലാണ് ഐസിഡിഎസ് സ്ഥാപനങ്ങളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് ഈ പദ്ധതി അംഗൻവാടികളിൽനിന്നും എടുത്തു കളയാനുള്ള നീക്കമാണ് അണിയറയിൽ ഒരുങ്ങുന്നത്. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും അംഗൻവാടികൾക്ക് അടുത്തായി തന്നെ നഴ്സറി സ്കൂൾ തുടങ്ങാനുള്ള അനുമതി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർബന്ധമായും നൽകുകയാണ്. അശാസ്ത്രീയ അധ്യാപന രീതികളാണ് ഇത്തരം സ്കൂളുകളിൽ അവലംബിക്കുന്നത്. ഇത് കുട്ടികളുടെ ആകമാനമുള്ള വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്ത മൂലം ഇത്തരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതാപിതാക്കളെ അവരുടെ കുട്ടികളെ അവിടെ ചേർക്കുവാൻ പ്രേരിപ്പിക്കുന്നു. കുട്ടികളുടെ കുറവു മൂലം അടച്ചുപൂട്ടൽ ഭീഷണിയിലുള്ള അംഗൻവാടികൾ പല സംസ്ഥാനങ്ങളിലുമുണ്ട്.

ഐസിഡിഎസ് സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുക, പൊതുസ്വകാര്യപങ്കാളിത്ത (പിപിപി) മാതൃക അവലംബിക്കുക, വിദ്യാർഥികളിൽനിന്ന് ഫീസ് ഈടാക്കുക, പോഷകാഹാര വിതരണരംഗത്ത് ബഹുരാഷ്ട്ര കുത്തകകളെ അനുവദിക്കുക, പ്രീ സ്കൂൾ സംവിധാനം സ്വകാര്യവൽക്കരിക്കുക എന്നിവയാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന മാർഗനിർദേശങ്ങൾ. ഇന്ത്യയിലെ ഐസിഡിഎസ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപര്യം പ്രകടിപ്പിച്ച കുത്തകകമ്പനിയാണ് വേദാന്ത!! വേദാന്തയുടെ തൂത്തുക്കുടിയിലെ ഫാക്ടറിയിലേക്ക് സമരം ചെയ്ത 13 നിരപരാധികളെ നിഷ്കരുണം വെടിവച്ചു കൊന്നിരുന്നു. ഇങ്ങനെയൊരു ചരിത്രമുള്ള കമ്പനിക്കാണ് സർക്കാർ ഒത്താശചെയ്യുന്നത്. ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾക്കും അംഗൻവാടി ജീവനക്കാർക്കും തൊഴിൽ പരിശീലനം നൽകുമെന്നും ഇവർ വാഗ്ദാനംചെയ്യുന്നു.

**സമരം ശക്തമാക്കുക**

അംഗൻവാടി ജീവനക്കാരുടെ സംഘടനയായ ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് അംഗൻവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സിന്റെ നേതൃത്വത്തിൽ നിരന്തര പോരാട്ടങ്ങളുടെ ഭാഗമായ ിചില ആവശ്യങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അവയൊക്കെ തകിടം മറിച്ച് ഐസി ഡിഎസിനെ അട്ടിമറിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അംഗൻവാടി ജീവനക്കാരെയും ആയമാരെയും തൊഴിലാളികളായി അംഗീകരിക്കാനും മിനിമം വേതനം ഉറപ്പാക്കാനും സാമുഹിക സുരക്ഷ ഉറപ്പുവരുത്താനും 45ാം ഇന്ത്യൻ ലേബർ കോൺഫ്രൻസ് ശുപാർശചെയ്തിരുന്നു. എന്നാൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരും മോഡി നയിക്കുന്ന ബിജെപി സർക്കാരും ഇക്കാര്യം പരിഗണിച്ചില്ല.

ഐസിഡിഎസ് പദ്ധതികൾ അട്ടിമറിക്കാനുള്ള പ്രവർത്തനങ്ങൾ നവലിബറൽ നയങ്ങൾ തുടരുന്ന കാലത്തോളം തലയ്ക്കുമീതെ തൂങ്ങുന്ന ഡെമോക്ലസിന്റെ വാളാണ്. കേന്ദ്രത്തിൽ കോൺഗ്രസ് ആയാലും ബിജെപി ആയാലും മറ്റു മുന്നണിയായാലും പിന്തുടരുന്ന നയങ്ങൾ ഒന്നു തന്നെയാണ്. മാത്രമല്ല, ഇടതുപക്ഷ പാർടികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ മാത്രമാണ് ഐസിഡിഎസിനുള്ള നീക്കിയിരുപ്പ് വെട്ടിക്കുറച്ചതിനെ എതിർത്തത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരള സർക്കാരാണ് ഇതിനായി ആദ്യം ശബ്ദമുയർത്തിയത്.

കേന്ദ്ര പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യാൻ വിളിച്ചു ചേർത്ത മുഖ്യമന്ത്രിമാരുടെ യോഗത്തിൽ ബിജെപി മുഖ്യമന്ത്രിമാരും തെലുഗുദേശം പാർടിയുടെ മുഖ്യമന്ത്രിയും ഐസിഡിഎസ് സ്വകാര്യവൽക്കരണത്തെ അനുകൂലിച്ചു എന്നു മാത്രമല്ല, അംഗൻവാടി ജീവനക്കാരുടെ വേതനം വർധിപ്പിക്കേണ്ടതില്ലെന്നും ആവശ്യപ്പെട്ടു. ഇത്തരത്തിൽ തുടർന്നുപോകാൻ അംഗൻവാടി ജീവനക്കാർക്ക് സാധ്യമല്ലെന്ന് വ്യക്തമാണ്.

ഐസിഡിഎസിനെ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള സമരം അംഗൻവാഡി ജീവനക്കാർക്കും ആയമാർക്കും വേണ്ടി മാത്രമുള്ളതല്ല. അതിന്റെ ഗുണഭോക്താക്കൾ കൂടി ആവശ്യമായ സമരമാണിത്. സമൂഹത്തിന്റെ താഴെ കിടയിലുള്ള സ്ത്രീകളും കുട്ടികളുമാണല്ലോ അംഗൻവാടി കേന്ദ്രങ്ങളുടെ ഗുണഭോക്താക്കൾ. അതുകൊണ്ടു തന്നെ ഈ സമരം ഇവർക്കുകൂടി വേണ്ടിയുള്ളതാണ്. ഐസിഡിഎസിന്റെ ഭാഗമായി എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് രാജ്യത്തിന്റെ ഭാവിവാഗ്ദാനമായ കുട്ടികൾക്ക് നല്ല ആരോഗ്യവും നല്ല വിദ്യാഭ്യാസവും ഉറപ്പുവരുത്താൻ ഈ സമരം വലിയ മുന്നേറ്റമായി മാറ്റേണ്ടതുണ്ട്. ഐസിഡിഎസിനെ സംരക്ഷിക്കുക, ഐസിഡിഎസിനെ ശക്തിപ്പെടുത്തുക എന്നീ മുദ്രവാക്യങ്ങൾകൂടി ഉന്നയിച്ചാണ് സപ്തംബർ 5ന് 'മസദൂർ കിസാൻ റാലി സംഘടിപ്പിക്കുന്നത്.

ഐസിഡിഎസിനെ സംരക്ഷിക്കുക, ഐസിഡിഎസിന്റെ കേന്ദ്രവിഹിതം വർധിപ്പിക്കുക, അംഗൻവാടി അധ്യാപകരെയും ആയമാരെയും ജീവനക്കാരായി അംഗീകരിക്കുക, വേതനം വർധിപ്പിക്കുക, വേതനം വർധിപ്പിക്കുക, തൊഴിൽസാഹചര്യം മെച്ചപ്പെടുത്തുക, അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറ്റമറ്റതാക്കു എന്നീ ആവശ്യങ്ങൾ ഈ സമരം മുന്നോട്ടുവയ്ക്കുന്നു.

## Talking Point- 23

### സിമന്റ് വ്യവസായം സമൃദ്ധിയിൽ! തൊഴിലാളികൾക്ക് ദുരിതം

ശക്തവും ആരോഗ്യ പൂർണവുമായ പശ്ചാത്തല സൗകര്യങ്ങളുടെ അടിസ്ഥാന ഘടനകമാണ് സിമന്റ്. ചെറുവീടാണെങ്കിലും ബൃഹത്തായ മൾട്ടിപർപ്പസ് നിർമാണങ്ങളാണെങ്കിലും സിമന്റ് അത്യന്താപേക്ഷിതം. രാജ്യത്ത് 130 വർഷം മുമ്പ് 1889ലാണ് സിമന്റ് നിർമാണം തുടങ്ങിയത്.

**പൊതുമേഖലാ സിമന്റ് വ്യവസായം ആക്രമിക്കപ്പെടുന്നു**

നേരത്തെ നിയന്ത്രണമുള്ള ഉൽപ്പന്നമായിരുന്നു. സിമന്റ് നിർമാണത്തിൽ ആധിപത്യം പൊതുമേഖലയിലെ സിമന്റ് കോർപറേഷൻ ഓഫ് ഇന്ത്യ(സസിഐ)ക്കായിരുന്നു. സിമന്റിന്റെ നിയന്ത്രണം എടുത്തുമാറ്റാനുള്ള പ്രക്രിയക്ക് ആരംഭം കുറിച്ചത് 1982ലായിരുന്നു. 1991ൽ നിയന്ത്രണം പൂർണമായും ഇല്ലാതാക്കി. നവലിബറൽ നയങ്ങൾ ഔദ്യോഗികമായി നടപ്പാക്കാൻ തുടങ്ങിയതോടെ സർക്കാർ സിമന്റ് ബിസിനസിൽനിന്ന് പിന്മാറാൻ തുടങ്ങി. ഐസിസിയുടെ പത്തിൽ ആറു യൂണിറ്റുകൾ(മൻധർ, കുർകുൻത, നയാഗാവ്, അകൽതാര, ചർഖി ദാദ്രി എന്നിവയും ഭട്ടിൻഡയിലെ ഗ്രൈൻഡിങ് യൂണിറ്റും) 2008ൽ കോൺഗ്രസ് നേതൃത്വത്തിലുള്ള രണ്ടാം യുപിഎ സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടി. മോഡിയുടെ നേതൃത്വത്തിൽ ബിജെപി സർക്കാർ അധികാരമേറിയ ശേഷം 2017ൽ അദിലാബാദിലെ പ്ലാന്റും അടച്ചുപൂട്ടി. ഇന്ന് മൂന്നു പ്ലാന്റുകൾ മാത്രമാണ് നിലവിലുള്ളത്. സസിഐ 2016-17ൽ 42.33 കോടി രൂപയാണ് അറ്റാദായം ഉണ്ടാക്കിയത്. തൊട്ടുമുമ്പത്തെ വർഷത്തിൽ 53.51 കോടിയായിരുന്നു അറ്റാദായം. എന്നിട്ടും ഏഴിൽ അഞ്ച് സ്ഥാപനങ്ങളുടെയും ഓഹരിവിൽക്കാനാണ് നിതി ആയോഗ് നിർദേശിച്ചത്.

ലഭ്യമായ കണക്കുകൾ പ്രകാരം രാജ്യത്ത് 230 വൻകിട സിമന്റ് ഫാക്ടറികളുണ്ട്. ഇവയുടെ സ്ഥാപിത ശേഷി 97 ശതമാനമാണ്. ഈ സിമന്റ് പ്ലാന്റുകളിൽ 100 വൻകിട പദ്ധതികൾ സിമന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ല് ധാരാളം ലഭ്യമായ ആന്ധ്രപ്രദേശ്, രാജസ്ഥാൻ, തമിഴ്നാട്, മധ്യപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലാണ്. ഈ സംസ്ഥാനങ്ങളിൽനിന്ന് സിമന്റ് മറ്റ് സംസ്ഥാനങ്ങളിലേക്ക് എത്തിക്കാൻ വൻതോതിൽ ചരക്കകൂലി ആവശ്യമാണ്. ഈ ചരക്കുകൂലി കുറയ്ക്കുന്നതിന് മറ്റ് അസംസ്കൃത വസ്തുവായ ഫ്ളൈ ആഷ് അല്ലെങ്കിൽ ബ്ലാസ്റ്റ് ഫർണസ് എന്നിവ ലഭ്യമാകുന്ന താപനിലയങ്ങൾക്കടുത്തോ ഉരുക്കു പ്ലാന്റുകൾക്കടുത്തോ ഗ്രൈന്റിങ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മെഗാപ്ലാന്റുകളിലെ ഉപോൽപ്പന്നമായ ക്ലിങ്കർ ഈ ഗ്രൈന്റിങ് യൂണിറ്റുകളിലെത്തിക്കും. അങ്ങനെ നോക്കുമ്പോൾ സിമന്റ് ഉൽപ്പാദിപ്പിക്കാത്തതായി ഒരു സംസ്ഥാനവും ഇന്ത്യയിലില്ല.

പശ്ചാത്തല സൗകര്യങ്ങൾ വികസിച്ചതോടെ സിമന്റിന്റെ ആവശ്യം വർധിച്ചു. അതോടെ സിമന്റുൽപ്പാദനവും കൂടി. 2017 മാർച്ചോടെ ഇന്ത്യയുടെ ഉൽപ്പാദന ശേഷി 420 ദശലക്ഷം ടൺ സിമന്റായിരുന്നു. ലോകത്തെ രണ്ടാമത്തെ സിമന്റ് ഉൽപ്പാദക രാജ്യമാണ് ഇന്ത്യ. ലോകത്തെ മൊത്തം സിമന്റുൽപ്പാദനത്തിന്റെ 6.8 ശതമാനം ഇന്ത്യയിൽനിന്നാണ്. ഗൃഹനിർമാണമാണ് സിമന്റ് ഉപഭോഗം വർധിക്കുന്നതിനുള്ള കാരണം. രാജ്യത്തെ മൊത്തം സിമന്റ് ഉപഭോഗത്തിന്റെ 67 ശതമാനം ഈ മേഖലയ്ക്കുവേണ്ടിയാണ്. പശ്ചാത്തല സൗകര്യവികസനമേഖല(11ശതമാനം)യും ശതമാനവും വ്യവസായ നിർമാണ(9ശതമാനം)വുമാണ് തൊട്ടുപിന്നിൽ. സിമന്റ് ഉൽപ്പാദന വ്യവസായം എട്ടു ശതമാനമെന്ന മെച്ചപ്പെട്ട വളർച്ച രേഖപ്പെടുത്തുന്നു.

**സ്വകാര്യമേഖലയുടെ കുത്തക**

നിലവിൽ ഇന്ത്യയിലെ സിമന്റ് വ്യവസായം ചില സ്വകാര്യ കുത്തക കമ്പനികളുടെ ആധിപത്യത്തത്തിൻ കീഴിലാണ്. സിമന്റ് വ്യവസായത്തിൽ ഇത്തരം സിമന്റ് ഉൽപ്പാദന കുത്തകൾക്ക് ആധിപത്യം ചെലുത്താൻ വഴിയൊരുക്കിയത് നവലിബറൽ നയങ്ങളാണ്. ഇന്ന് സ്വകാര്യ ഉൽപ്പാദകരുടെ ആജ്ഞാനുസൃതമായാണ് സർക്കാർ ഈ മേഖലയിൽ നയങ്ങൾ രൂപീകരിക്കുന്നത്. അവർ അതുവഴി വൻ ലാഭമുണ്ടാക്കുന്നു. അൾട്രാ ടെക് സിമന്റ്(ആദിത്യ ബിർല ഗ്രൂപ്പ്), ശ്രീ സിമന്റ്(ബൻഗൂർ ഗ്രൂപ്പ്), അംബുജ സിമന്റ്( ഹോൽസിം, സ്വിറ്റ്സർലൻഡ്), എസിസി(ഇന്ന് ഹോൽസിമിന്റെ ഭാഗം), രാംകോ സിമന്റ്(രാംകോ ഗ്രൂപ്പ്), പ്രിസം സിമന്റ്സ്(രാജൻ രഹേജ ഗ്രൂപ്പ്), ഡാൽമിയ സിമന്റ്സ്(ഡാൽമിയ ഗ്രൂപ്പ്), ജെകെ ലക്ഷ്മി സിമന്റ്(ജെകെ ഓർഗനൈസേഷൻ), ഓറിയന്റ് സിമന്റ്(സികെ ബിർല ഗ്രൂപ്പ്), ബിർല കോർപറേഷൻ(എംപി ബിർല ഗ്രൂപ്പ്) എന്നീ പത്തു കമ്പനി

കളാണ് ഈ മേഖലയിലെ പ്രധാന കമ്പനികൾ.

സിമന്റിനു ആവശ്യമേറിയതോടെ ജിപ്സം, സിമന്റ് ഉൽപ്പാദ മേഖല വിദേശനിക്ഷേപം കൂടുതലായി ആകർഷിക്കുന്നു. 2000 ഏപ്രിലിലും 2016 സപ്തംബറിനുമിടയ്ക്ക് 300 കോടി അമേരിക്കൻ ഡോളറിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപമാണ് ഈ മേഖലയിലെത്തിയത്.

**മിനി സിമന്റ് പ്ലാന്റുകളും തൊഴിലാളികളുടെ ദുരിതവും**

വൻ പ്ലാന്റുകൾ കൂടാതെ നൂറുകണക്കിന് മിനി സിമന്റ് പ്ലാന്റുകളും രാജ്യത്തെമ്പാടുമുണ്ട്. 1982ലെ ആർബിട്രേഷൻ അവാർഡുകളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം 66000 ടൺ സിമന്റ് ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റുകളെയാണ് മിനി സിമന്റ് പ്ലാന്റുകളായി നിർവചിച്ചിട്ടുള്ളത്. വലിയ സിമന്റ് പ്ലാന്റുകളിൽനിന്ന് ലഭിക്കുന്ന ക്ലിങ്കർ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഗ്രൈന്റിങ് യൂണിറ്റുകളാണ് അടിസ്ഥാനപരമായി മിനി സിമന്റ് പ്ലാന്റുകഹ. ഇന്ന് 365 മിനി സിമന്റ് പ്ലാന്റുകളാണ് ഉള്ളത്. അതിൽ ഓരോന്നിലും 30–35 തൊഴിലാളികൾ പ്രവർത്തിക്കുന്നു.

**ഈ വ്യവസായത്തിലെ തൊഴിൽ**

സിമന്റ് വ്യവസായത്തിൽ തൊഴിലാളികളെ ധാരാളമായി ആവശ്യമുണ്ട്. സിമന്റ് ഫാക്ടറികളിലും ചുണ്ണാമ്പുകല്ലുമടകളിലും ചുണ്ണാമ്പുകല്ല് ക്വാറികളിൽനിന്ന് ഫാക്ടറികളിലേക്കു കൊണ്ടുപോകുന്ന വാഹനങ്ങളിലും നിരവധി പേർ തൊഴിലെടുക്കുന്നു. മണൽ, ചിപ്പി എന്നിവ ശേഖരിക്കുന്നതിനും താപനിലയങ്ങളിൽനിന്ന് ഫ്ളൈ ആഷും ഉരുക്കു പ്ലാന്റുകളിൽനിന്ന് ഫർണസ് സ്ലാഗും ശേഖരിക്കുന്നതിനും കളിമണ്ണ് ഖനനം ചെയ്യുന്നതിനും ഇത്തരം അസംസ്കൃത വസ്തുക്കൾ ഫാക്ടറികളിലെത്തിക്കുന്നതിനും ധാരാളം തൊഴിലാളികൾ വേണം. ആയിരക്കണക്കിന് തൊഴിലാളികൾ നേരിട്ടും അല്ലാതെയും കരാറുകാർ മുഖേനയും ഈ സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനുമായി പ്രവർത്തിക്കുന്നു. അന്തിമ ഉൽപ്പന്നമായ സിമന്റ് ഉപയോഗ കേന്ദ്രങ്ങളിലെത്തിക്കുന്നതിനു നിരവധി മനുഷ്യാധ്വാനം ആവശ്യമാണ്. പത്തു ലക്ഷം തൊഴിലാളികൾ നേരിട്ടും അല്ലാതെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എന്നാണ് കണക്കുകൂട്ടൽ.

ഈ മേഖല വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ഇവിടെ തൊഴിലെടുക്കുന്നവരുടെ അവസ്ഥയെന്താണ്.

**തൊഴിലിന്റെ ക്രൂരമുഖം**

രാജ്യത്ത് മുമ്പത്തെ അവസ്ഥയിൽ, കരാറുകാരുടെ കീഴിൽ വൻതോതിൽ തൊഴിലാളികൾ ജോലിചെയ്യുന്നതിന് എതിരായ തീരുമാനമാണ് ഈ വ്യവസായ മേഖല കൈക്കൊണ്ടത്. വാസ്തവത്തിൽ കരാർ തൊഴിൽ ഇല്ലാതാക്കുന്ന നയം രാജ്യത്ത് ആദ്യം കൈക്കൊണ്ടത് സിമന്റ് വ്യവസായമായിരുന്നു. 1960കളിൽ സിമന്റ് കയറ്റിറക്കിനും കൽക്കരി ഇറക്കലിനും മാത്രമായി കരാർ തൊഴിലാളികളെ പ്രവർത്തിക്കാൻ അനുവദിച്ച് ആദ്യ വേജ് ബോഡ് ഏകകണ്ഠമായി പ്രമേയം പാസാക്കി. കരാർ തൊഴിൽ(നിരോധനവും നിയന്ത്രണവും) നിയമം 1971 പാസാക്കുന്നതിന് ഏറെ മുമ്പായിരുന്നു ഇത്. ഏതെങ്കിലും തൊഴിൽ ചെയ്യുന്ന കരാർ തൊഴിലാളിയെ അതത് തൊഴിലുടമ സ്ഥിരപ്പെടുത്തുകയും സ്ഥിരം തൊഴിലിന് തുല്യമായ വേതനവും ഡിഎയും ബോണസും മറ്റ് അലവൻസുകളും നൽകുകയും വേണം.

കയറ്റിറക്ക്, പാക്കിങ് തുടങ്ങിയ അനുവദനീയമായ എല്ലാ തൊഴിലുകളിലും എർപ്പെടുന്ന എല്ലാ കരാർ തൊഴിലാളികൾക്കും സ്ഥിരം തൊഴിലാളികളുടേതിന് തുല്യമായ വേതനവും ഡിഎയും ബോണസും മറ്റ് അലവൻസുകളും കമ്പനി നൽകണം.

സിമന്റ് കമ്പനികൾ ഈ ഉടമ്പടി പാലിക്കാൻ ബാധ്യസ്ഥരാണെങ്കിലും പലപ്പോഴും ഇത് കൃത്യമായി പാലിച്ചില്ല. നവലിബറൽ നയങ്ങൾ നിലവിൽ വന്നതോടെ സിമന്റ് പ്ലാന്റുകളിലെ കരാർ

തൊഴിലാളികളുടെ അവസ്ഥ കൂടുതൽ മോശമായി. ഇന്ന് മൊത്തം തൊഴിലാളികളിൽ 25ശതമാനം മുതൽ 30 വരെ മാത്രമാണ് സ്ഥിരം തൊഴിലാളികൾ. മറ്റുള്ളവർ കരാർ തൊഴിലാളികൾ. പ്ലാന്റിന്റെ മൊത്തം പ്രവർത്തനവും പുറംതൊഴിൽ കരാർ നൽകുന്ന രീതിയും പലയിടങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

മിനി സിമന്റ് പ്ലാന്റുകളിലെ തൊഴിലാളികളുടെ അവസ്ഥ പരമ ദയനീയമാണ്. മനുഷ്യത്വഹീനമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന അവർക്ക് തുച്ഛവേതനമാണ് ലഭിക്കുന്നത്. പിഎഫ്, ഇഎസ്ഐ, ഗ്രാറ്റ്വിറ്റി തുടങ്ങിയ നിയമപരമായ ആനകൂല്യങ്ങൾ അവർക്ക് നിഷേധിക്കുന്നു. മിനിമം വേതനത്തിനുള്ള വിജ്ഞാപം നൽകിയിട്ടില്ല. സർക്കാരിന്റെ മിനിമം വേജസ് ഉപദേക ബോർഡിൽ സിഐടിയു പ്രതിനിധികൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടിട്ടും തൊഴിലാളികളുടെ പട്ടികയിൽ കരാർ തൊഴിലാളകിളെ ഉൾപ്പെടുത്തണമെന്ന ആവശ്യവും ഉടമകൾ ഗൗനിച്ചില്ല. മിനി സിമന്റ് പ്ലാന്റുകളിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും ഈ മേഖലയിൽ തൊഴിലാളി സംഘടനാ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനും ഇനിയും അതിശക്തമായ ഇടപെടലുകളും സമ്മർദ്ദങ്ങളും അനിവാര്യമായിരിക്കുന്നു.

**സിമന്റ് വ്യവസായത്തിലെ ദേശീയ ത്രികക്ഷി വേതന ഉടമ്പടി**

ദേശീയ തലത്തിൽ തന്നെ തർക്കം പരിഹരിക്കുന്ന കാര്യത്തിൽ ഈ വ്യവസായത്തിന് ആറു പതിറ്റാണ്ടു നീണ്ട ചരിത്രമുണ്ട്. തുടക്കത്തിൽ തന്നെ വേജ് ബോഡ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ദേശീയ ആർബിട്രേഷൻ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. 1989ൽ മൂന്നാം ആർബിട്രേഷൻ പരാജയപ്പെട്ടതോടെ സിമന്റ് മാന്യുഫാക്ചേഴ്സ് അസോസിയേഷനും തൊഴിലാളി യൂണിയനുകൾക്കുമിടിയിൽ ദേശീയ തലത്തിൽ ത്രികകക്ഷി ഉടമ്പടി സംവിധാനം നിലവിൽവന്നു. ഈ സംവിധാനം ഇപ്പോഴും തുടരുന്നു. എന്നാൽ ഈ ഉടമ്പടികൾ സ്ഥിരം തൊഴിലാളികൾക്കു മാത്രമാണ് ബാധകം. കരാർ തൊഴിലാളികളുടെ എണ്ണം ഭീമമായി വർധിക്കുകയും പല പ്ലാന്റുകളിലും എല്ലാ പ്രവർത്തനവും ഔട്ട് സോഴ്സ് ചെയ്യുകയും ചെയ്തതതോടെ ദേശീയ വേതന ഉടമ്പടി എന്ന സംവിധാനം പ്രഹസനമായി.

കരാർ തൊഴിലാളികളുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ വ്യവസായത്തിലെ എല്ലാ വേതന ചർച്ചകളിലും സിഐടിയു അടക്കമുള്ള ട്രേഡ് യൂണിയനുകൾ ശക്തമായി ഉന്നയിക്കാറുള്ള തുല്യ ജോലിക്ക് തുല്യവേതനം എന്ന ആവശ്യം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സ്ഥിരം തൊഴിലാളികളുടേതിന് തുല്യമായ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ വേതനത്തിന് തുല്യമായ വേതനം നൽകണമെന്ന ഉന്നിപ്പറഞ്ഞ സുപ്രിംകോടതിയുടെ 2016 ഒക്ടോബറിലെ വിധി നടപ്പാക്കണമെന്നാണ് സിഐടിയുവും മറ്റ് സംഘടനകളും നിരന്തരമായി ആവശ്യപ്പെടുന്നത്. കരാർ തൊഴിൽ(നിരോധനവും നിയന്ത്രണവും) നിയമം 1971 പ്രകാരം തൊഴിലാളികൾക്ക് അവകാശപ്പെട്ട മിനിമം കൂലി നടപ്പാക്കണമെന്ന് ട്രേഡ് യൂണിയനുകൾ നിരന്തരമായി ആവശ്യപ്പെടുകയാണ്.

സിമന്റ് തൊഴിലാളികളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് സമ്മർദ്ദം ചെലുത്താൻ സംഘടന ശക്തിപ്പെടുത്തേണ്ടതുണ്ട്. കോൺഗ്രസ് ആയാലും ബിജെപി ആയാലും  ഇടതുപക്ഷ ഇതര പാർടികളുടെ സഖ്യമായാലും ഭരണവർഗം പിന്തുടരുന്ന നവലിബറൽ നയങ്ങളുടെ പ്രധാനഘടകമായ കരാർവൽക്കരണവും ഔട്ട്സോഴ്സിങ്ങും ശക്തമായ സാചര്യമാണിതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള സമരങ്ങൾ തീർച്ചയായും നവലിബറൽ നയങ്ങളെ ലക്ഷ്യം വച്ചുള്ളവ കൂടിയായി മാറുകയാണ്.

സപ്തംബർ അഞ്ചിന് പാർലമെന്റിനു മുന്നിൽ നടക്കുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലി തുല്യകൂലിക്ക് തുല്യ വേതനം എന്ന മുദ്രാവാക്യം ഉയർത്തും. കരാർവൽക്കരണവും തൊഴിലാളികളുടെ ചൂഷണവും ശക്തമാക്കുന്ന നവലിബറൽ നയങ്ങൾ തിരുത്തണമെന്ന് റാലി ആവശ്യപ്പെടും. സിമന്റ് തൊഴിലാളികളുടെ പ്രശ്നങ്ങൾ കൂടിയാണത്.

## Talking Point- 24

### മിഡ് ഡേ മീൽ പ്രോഗ്രാം ശക്തിപ്പെടുത്തുക

മിഡ് ഡേ മീൽ തൊഴിലാളികളെ തൊഴിലാളികളായി അംഗീകരിക്കുക

മിനിമം വേതനം

സാമൂഹിക ക്ഷേമ ആനുകൂല്യങ്ങൾ

സ്വകാര്യവൽക്കരണം അരുത്

വിദ്യാഭ്യാസത്തിനുള്ള സർകാർ വിഹിതം വർധിപ്പികുക

1995 ആഗസ്ത് 15നാണ് കേന്ദ്രസർക്കാർ മിഡ് ഡേ മീൽ പരിപാടി ആരംഭിക്കുന്നത്. രാജ്യത്തെ 2408ബ്ലോക്കുകളിലാണ് പ്രാരംഭ ഘട്ടത്തിൽ മിഡ് ഡേ മീൽ പ്രോഗ്രാം തുടങ്ങിയത്. തുടർന്ന് 1997–98 വർഷത്തഇൽ എല്ലാ ബ്ലോക്കുകളിലേക്കും വ്യാപിപ്പിച്ചു. സർക്കാർ എയ്ഡഡ് സ്കൂളിലെ വലിയൊരു വിഭാഗം കുട്ടികളിലേക്കും മിഡ് ഡേ മീൽ പ്രോഗ്രാം വ്യാപിപ്പിച്ചു. സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നത് വർധിപ്പിക്കുക, ഹാജർ മെച്ചപ്പെടുത്തുക, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാരക്കുറവ് ഇല്ലാതാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മിഡ് ഡേ മീൽ പ്രോഗ്രാം ആരംഭിച്ചത്.

ഇന്ന് രാജ്യത്തെ 1143000 സ്കൂളുകളിലെ പത്തു കോടിയോളം വിദ്യാർഥികൾ മിഡ് ഡേ മീൽ പ്രോഗ്രാമിലുണ്ട്. 2525000 തൊഴിലാളികൾ പാചകക്കാരായും ഹെൽപ്പർമാരായും കുട്ടികൾക്ക് സ്കൂളിൽ ഭക്ഷണമുണ്ടാക്കാനായി പ്രവർത്തിക്കുന്നു. സ്കൂളുകളിൽനിന്ന് കുട്ടികളുടെ, പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും ദരിദ്ര കുടുംബങ്ങളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് മിഡ് ഡേ മീൽ പ്രോഗ്രാം വലിയ സംഭാവനയാണ് നൽകുന്നത്.മിഡ് ഡേ മീൽ പ്രോഗ്രാമിന്റെ പ്രാധാന്യം കണക്കിലെടുത്ത്, പ്രാഥമിക വിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും പാകം ചെയ്ത ഭക്ഷണം തന്നെ നിർബന്ധമായി നൽകണമെന്ന് 2001ൽ സുപ്രിംകോടതി ഉത്തവിട്ടു. ഇതോടെ ഈ പദ്ധതി കുട്ടികളെ സംബന്ധിച്ചിടത്തോളം നിയമപരമായ അവകാശമായി.

എന്നാൽ രാജ്യത്ത് നവലിബറൽ നയങ്ങൾ നടപ്പാക്കിയതോടെ സാമൂഹിക ക്ഷേമപദ്ധതികൾക്ക് ചെലവിടുന്ന തുക സർക്കാർ  ഗണ്യമായി കുറച്ചു. ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സേവനങ്ങൾ നൽകുന്ന ഉത്തരവാദിത്വത്തിൽനിന്ന് സർക്കാർ പിന്മാറുകയാണ്. ഈ സേവനങ്ങൾ പ്രദാനംചെയ്യുന്നതിന് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും സർക്കാർ സ്കൂളുകളെ അവഗണിക്കുകയുമാണ് സർക്കാർ. ഇന്ന് പല സ്കൂളുകൾക്കും ഉറച്ച കെട്ടിടങ്ങളും വെള്ളവും ടോയ്‌ലറ്റും ഉറപ്പുള്ള കെട്ടിടങ്ങളുമടക്കം ഉചിതമായ പശ്ചാത്തല സൗകര്യങ്ങളില്ല. സർക്കാർ സ്കൂളുകളിൽ ലക്ഷക്കണക്കിന് തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഇതിന്റെ ഫലമായി സർക്കാർ സ്കൂളുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായി കുറവുന്നത്. 2009–2010ൽ 14.69 കോടി കുട്ടികൾ സർക്കാർ സ്കൂളുകളിൽ ചേർന്നുവെങ്കിൽ 2013–2014ൽ എണ്ണം 13.87 കോടിയായി കുറഞ്ഞു. അതേസമയം ഈ കാലയളവിൽ സ്വകാര്യ സ്കൂളുകളിൽ ചേർന്ന കുട്ടികളുടെ എണ്ണത്തിൽ 38ശതമാനത്തിന്റെ വർധനവുണ്ടായി. ചേരുന്ന കുട്ടികളുടെ എണ്ണം കുറുയുന്നതിന്റെ പേരിൽ സർക്കാർ സ്കൂളുകൾ അടച്ചു പൂട്ടുകയാണ് സർക്കാർ. കഴിഞ്ഞ വർഷം 2.6 ലക്ഷം സ്കൂളുകൾ കുട്ടികൾ കുറവായതിന്റെ പേരിൽ ലാഭകരമല്ലെന്ന് മുദ്രകുത്തി സ്ഥലംമാറ്റാനോ മറ്റുസ്കൂളുകളുമായി കൂട്ടിച്ചേർക്കാനോ നിർദേശിച്ച് മനുഷ്യവിഭവശേഷി മന്ത്രാലയം സർക്കുലർ അയച്ചു. ഈ സ്കൂളുകളിൽ പലതും വിദൂര പ്രദേശങ്ങളിലെ ആദിവാസികളും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും പഠിക്കുന്നവയാണ്. ഇവിടങ്ങളിലെ വിദ്യാർഥികളുടെ

ദരിദ്രരായ രക്ഷിതാക്കളാകട്ടെ തങ്ങളുടെ മക്കളെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി സ്വകാര്യ സ്കൂളുകളിൽ ചേർക്കാൻ നിർബന്ധിതരാകുന്നു. ഈ നയങ്ങൾ മിഡ് ഡേ മീൽ പ്രോഗ്രാമിനും ആഘാതമായി. മിഡ് ഡേ മീൽ പ്രോഗ്രാമിന്റെ ഫണ്ടിന്റെ ചുമതല കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പങ്കുവയ്ക്കുന്ന ഘടനയും മാറ്റി. യുപിഎ സർക്കാരിന്റെ കാലത്ത് 75:35 ആയിരുന്നു അനുപാതം. ഇപ്പോൾ മോഡി സർക്കാർ ഇതിൽ കേന്ദ്രത്തിന്റെ വിഹിതം 60 ആക്കി കുറയ്ക്കുകയും സംസ്ഥാനത്തിന്റേത് 40 ആക്കി വർധിപ്പിക്കുകയും ചെയ്തു. മിഡ് ഡേ മീൽ പ്രോഗ്രാമിനുള്ള കേന്ദ്ര വിഹിതം 2015–16ലെ ബജറ്റുമുതൽ തുടർച്ചയായി കുറയ്ക്കുകയാണ്.

ഇതിനൊപ്പം നവലിബറൽ നയങ്ങൾ വാശിയോടെ നടപ്പാക്കുന്ന കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും മാറിമാറി വന്ന സർക്കാരുകൾ മിഡ് ഡേ മീൽ പ്രോഗ്രാമിന്റെ നടത്തിപ്പ് അക്ഷയപാത്ര, ഇസ്കോൺ, നന്ദി ഫൗണ്ടേഷൻ തുടങ്ങിയ ഭീമൻ കോർപറേറ്റ് സന്നദ്ധ സംഘടനകൾക്ക് കൈമാറാനുള്ള ഒരുക്കത്തിലാണ്. കോർപറേറ്റുകളുടെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയുടെ ഭാഗമായി മിഡ് ഡേ മീൽ നൽകണമെന്നാണ് അവരോട് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. അതോടുകൂടി ദരിദ്രരായ കുട്ടികളുടെ വിദ്യാഭ്യാസവും പോഷകാഹാരവും സ്വകാര്യവ്യക്തികളുടെ താൽപര്യങ്ങൾക്കനുസൃതമാകും.

25 ലക്ഷത്തോളം മിഡ് ഡേ മീൽ വർക്കർമാരുടെ ഉപജീവനത്തിനും ഈ നയങ്ങൾ ഭീഷണി സൃഷ്ടിക്കുന്നു. ഈ തൊഴിലാളികളിൽ ബഹു ഭൂരിപക്ഷവും സാമൂഹികമായി അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളിൽനിന്നുള്ള സ്ത്രീകളാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സമഗ്ര ശിശുവികസന സേവന(ഐസിഡിഎസ്) പദ്ധതിക്കു കീഴിൽ ലക്ഷക്കണക്കിന് അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സുമാണുള്ളത്. അതുപോലെ തന്നെ മറ്റൊരു കേന്ദ്രവിഷ്കൃത പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ ആഷ എന്ന പേരിൽ പ്രവർത്തിക്കുന്ന അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്സുകളും ലക്ഷക്കണകിനാണ് . ഇവരെ പോലെ മിഡ് ഡേ മീൽ പ്രോഗ്രാമിലെ തൊഴിലാളികളും പതിറ്റാണ്ടുകളായിട്ടും തൊഴിലാളികൾ എന്ന നിലയ്ക്ക് അംഗീകരിക്കപ്പെട്ടിട്ടില്ല. വർഷത്തിൽ പത്തു മാസം മാത്രം ലഭിക്കുന്ന ആയിരം രൂപ ഓണറേറിയമാണ് ഇവരുടെ പ്രതിഫലം. മറ്റൊരു സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല.പ്രസവാവധിയോ, ആരോഗ്യ ആനുകൂല്യങ്ങളോ, അപകട ആശ്വാസമോ പെൻഷനോ ഇവർക്കന്യം. തുച്ഛമായ ഓണറേറിയം തുകപോലും പലപ്പോഴും മുടങ്ങും. ഏഴും എട്ടും മാസം കുടിശ്ശികയാകുന്നത് പതിവായിരിക്കുന്നു.

ചില സംസ്ഥാനങ്ങളിൽ പാചകത്തിന്റെ ചുമതല സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്കാണ് നൽകിയിരിക്കുന്നത്. സംഘത്തിലെ അംഗങ്ങളാണ് ഭക്ഷണം കുട്ടികൾക്ക് എത്തിക്കുന്നത്. അവരും സമാനമായ സ്ഥിതിവിശേഷം നേരിടുന്നു.  ഭക്ഷണ സാധനങ്ങളും പച്ചക്കറിയും മറ്റും അവർ തന്നെ സ്വന്തം പോക്കറ്റിലെ പണമുപയോഗിച്ച് വാങ്ങുന്നു. ഈ ബില്ലുകൾ കൊടുത്താൽ പണം ലഭിക്കാൻ മാസങ്ങളെടുക്കും. ആന്ധ്രപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ കുട്ടികൾക്ക് ആഴ്ചയിൽ മൂന്നു തവണ മുട്ട നിർബന്ധമായി വിതരണം ചെയ്യണം. ഇതിനുള്ള പണം സ്വയം കണ്ടെത്തണം. മാസങ്ങൾ കഴിഞ്ഞാണ് പണം തിരിച്ചുകിട്ടുക. പണം നൽകാതിരുന്നാൽ നാട്ടിലെ കടയുടമകൾ മുട്ട കടം നൽകില്ല. എന്നാലും മുട്ടനൽകാത്തതിന്റെ പേരിൽ അധികാരികളുടെ ശാസനയ്ക്ക് ഒരു കുറവും ഉണ്ടാകില്ല.

മിഡ് ഡേ മീൽ പ്രോഗ്രാം തൊഴിലാളികളും സംസ്ഥാന തലത്തിലുള്ള അവരുടെ യൂണിയനുകളും ദേശീയ തലത്തിൽ  മിഡ് ഡേ മീൽ വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയും മിഡ് ഡേ മീൽ പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കണമെന്നും തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് നിരന്തര സമരത്തിലാണ്. കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളെന്നപോലെ  മിഡ് ഡേ മീൽ പ്രോഗ്രാം തൊഴിലാളികളുടെ ആവശ്യങ്ങൾ സിഐടിയുവും മറ്റ് ട്രേഡ് യൂണിയനുകളും വിവിധ വേദികളിൽ ഉന്നയി

ക്കുന്നുണ്ട്. രാജ്യത്തെ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളും തൊഴിലുടമകളുടെ പ്രതിനിധികളും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളും ഉൾപ്പെടുന്ന ത്രികക്ഷി സംവിധാനമായ ഇന്ത്യൻ ലേബർ കോൺഫ്രൻസിന്റെ 45ാം സമ്മേളനം ഇതിന്റെ ഫലമായി മിഡ് ഡേൽ മീൽ പ്രോഗ്രാമിലേതുൾപ്പെടെയുള്ള സ്കീം വർക്കേഴ്സിനെ സംബന്ധിച്ച സുപ്രധാനമായ നിർദേശം മുന്നോട്ടുവച്ചു. അവ താഴെ പറയുന്നു:

- സ്കീം വർക്കേഴസിനെ തൊഴിലാളികളായി അംഗീകരിക്കണം.
- അവർക്ക് മിനിമം വേതനം നൽകണം.
- അവർക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ അനുവദിക്കണം.
- ഈ സ്കീമുകൾ സ്വകാര്യവൽക്കരിക്കരുത്.

എന്നാൽ ഈ നിർദേശങ്ങളൊന്നും നടപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനും വിദ്യാഭ്യാസത്തോടൊപ്പം സ്കൂൾ വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നൽകാനും സർക്കാരിന്റെ കൈയ്യിൽ പണമില്ലാഞ്ഞിട്ടല്ല. താഴെ പറയുന്നു കണക്കുകൾ നോക്കൂ:

കേന്ദ്ര ബജറ്റ് രേഖകൾ പ്രകാരം കഴിഞ്ഞ പതിറ്റാണ്ടു മുതൽ ഓരോ വർഷവും കേന്ദ്രസർക്കാർ വൻകിട കോർപറേറ്റുകൾക്ക് അഞ്ചു ലക്ഷം കോടി രൂപയുടെ നികുതി ഇളവുകളാണ് നൽകിയത്.

ഇതുകൂടാതെ വൻകിട കോർപറേറ്റുകൾ വെട്ടിച്ച നികുതിയുടെ മൂല്യം 7 ലക്ഷം കോടി രൂപയുടേതാണെന്ന് കഴിഞ്ഞ വർഷത്തെ ബജറ്റ് രേഖകൾ വ്യക്തമാക്കുന്നു.

റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014–2015 സാമ്പത്തിക വർഷത്തിനും 2017 സപ്തംബറിനും ഇടയ്ക്ക് കോർപറേറ്റുകൾ കൈപ്പറ്റിയ 2.42 ലക്ഷം കോടി രൂപയുടെ വായ്പ പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിക്കഴിഞ്ഞു.

ഇത് പൂർണമായും ജനങ്ങളുടെ പണമാണ്. ഒരു വർഷത്തെ പ്രത്യക്ഷനികുതി ഇളവുകളും വെട്ടിച്ച നികുതിയും അടക്കം 12 ലക്ഷം കോടി രൂപയും കോർപറേറ്റുകൾ വായ്പയെടുത്ത് മുങ്ങിയപ്പോൾ നഷ്ടപ്പെട്ട ജനങ്ങളുടെ ബാങ്ക് നിക്ഷേപമായ ഒമ്പതു ലക്ഷം കോടി രൂപയും ചേരുമ്പോൾ മൊത്തം 21 ലക്ഷം കോടി രൂപ. സാർവത്രിക ഭക്ഷ്യ സുരക്ഷയും എല്ലാവർക്കും വിദ്യാഭ്യാസവും ആരോഗ്യ രക്ഷയും പ്രദാനം ചെയ്യുന്നതിനും മിഡ് ഡേ മീൽ തൊഴിലാളികൾ അടക്കമുള്ള സ്കീം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഈ തുക ധാരാളം.

മിഡ്ഡേ മീൽ പ്രോഗ്രാമിലേതുൾപ്പെടെയുള്ള സ്കീം വർക്കേഴ്സിന്റെ യഥാർഥ അവകാശങ്ങൾ ഇല്ലാതാക്കുന്ന നവലിബറൽ നയങ്ങൾക്കെതിരെയാണ് പാർലമെന്റിലേക്ക് സപ്തംബർ അഞ്ചിന് നടത്തുന്ന മസ്ദുർ കിസാൻ സംഘർഷ് റാലി. എല്ലാ സ്കീം തൊഴിലാളികളെയും തൊഴിലാളികളായി അംഗീകരിക്കണമെന്നും അവർക്ക് മിനിമം വേതനം ഉറപ്പാക്കണമെന്നും റാലി ആവശ്യപ്പെടും. വിദ്യാഭ്യാസവും ആരോഗ്യവും ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കണമെന്നും റാലി ആവശ്യപ്പെടും.

ഒന്നിക്കൂ! പോരാടൂ!

0.1ശതമാനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരുകൾക്കുകൾക്കെതിരെ

99.9 ശതമാനത്തിനു ഗുണകരമായ നയങ്ങൾക്കുവേണ്ടി